പ്രബന്ധസങ്ഗ്രഹം

10597

ഗ്രന്ഥകർത്താ:
ഏ. ആർ. രാജരാജവർമ്മ
M. A., M. R. A. S.
കോയിത്തമ്പുരാൻ

9752

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKA VEEDU
MALAYINKIL

പ്രസാധകൻ:
പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി

പ്രകാശിക:
മിസ്സിസ് പി. എൻ. നായർ
കമലാലയാബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

(പകർപ്പവകാശം)

൧-ാം പതിപ്പു കാപ്പി ൧൦൦൦

[വില ൧ ക.

ശ്രീഃ

ഭാഷാഭിവർദ്ധിനിപുസ്തകശാല, കമലാലയാമുദ്രാലയം, സമദർശിപത്രം മുതലായവയെ സ്ഥാപിച്ച്, ഭാഷാപോഷണവും രാഷ്ട്രസേവനവും സമുചിതമായി സാധിച്ച്, ശ്രീമദ്രാജരാജരാജർഷിയുടെ അന്തേവാസിയും ആശ്രിതനും സുഹൃത്തും ആയി പ്രശോഭിച്ച്, പരിശ്രമശീലത്തിനും പ്രസാധകസംഘത്തിനും മാതൃകാപുരുഷനായി വർത്തിച്ചിരുന്ന

രാജശ്രീ **കെ. എസ്. രാമൻമേനോൻ**

അവർകളുടെ പാവനസ്മരണയ്ക്കും അനുഗ്രഹലാഭത്തിനുമായി 'തദീയകാരുണ്യവശംവദ'യും പ്രകാശികയുമായ ഭാഗിനേയിയുടെ

വിനീതസമർപ്പണം.

കേരളപാണിനി.

A. R. Rajaraja Varma Koil Thampuran,

M. A., M. R. A. S.

10597

പ്രസ്താവന

10597

'കേരളപാണിനി'യെന്നും 'പ്രൊഫ്സർ തമ്പുരാൻ' എന്നും പ്രഖ്യാതനായ രാജരാജരാജർഷിയുടെ ഏതാനും പ്രശസ്തപ്രബന്ധങ്ങളടങ്ങിയിരിയ്ക്കുന്ന ഈ പുസ്തകസമ്പുടം, സകലകേരളഭാഷാപ്രണയികളുടേയും സാദരസ്വീകാരത്തിനു് അത്യുത്തമപാത്രമാണെന്നുള്ളതു വിശേഷിച്ചു പറഞ്ഞേ കഴിയൂ എന്നില്ല; പറഞ്ഞുകൂടായ്കയും ഇല്ല. ഓരോ മാസികപുസ്തകാദികളിലായി ചിന്നിച്ചിതറി നാശോന്മുഖമായി നിലകൊണ്ടിരുന്ന പതിനാറു പ്രബന്ധങ്ങളാണു് ഇതിലന്തർഭവിച്ചിരിക്കുന്നതു്. പ്രബന്ധങ്ങളിൽ പ്രകൃതവശാൽ ഉദ്ധരിച്ചിട്ടുള്ള സംസ്കൃതസൂക്തികൾക്കും മററും, യഥോചിതം, പരിഭാഷകൾ മുതലായവ, അവിടവിടെ ചുവടേ ചേർത്തിട്ടുണ്ടു്. അക്കൂട്ടത്തിൽ, ചിലേടത്തു ബലവത്തരങ്ങളായ മതാന്തരങ്ങളേയും ദിങ്മാത്രം പ്രദർശനം ചെയ്യാതിരുന്നിട്ടില്ല. അപ്രൌഢരായ വായനക്കാരേ ഉദ്ദേശിച്ചു്, സുസ്പഷ്ടതയ്ക്കും സന്ദേഹനിവാരണത്തിനും ഉതകുന്ന ചില കുറിപ്പുകളും ഇല്ലെന്നു പറഞ്ഞുകൂടാ. എന്നാൽ, ഒന്നിലും അനൌചിത്യം വരാതെ നിഷ്കർഷിയ്ക്കയും ചെയ്തിട്ടുണ്ടു്. പാകം ഒക്കെയ്ക്കും പ്രധാനമാണല്ലോ!

"ലേഖകൻെറ നിലയിൽ ഇത്ര വളരെ ശോഭിച്ചിട്ടുള്ള ആൾ മലയാളസാഹിത്യത്തിൽ വേറേയുണ്ടോ എന്നു സംശയമാണു്" എന്നു മിസ്റ്റർ പി. അനന്തൻപിള്ള എം. ഏ., അദ്ദേഹത്തിൻെറ 'കേരളപാണിനി' (പുറം ൨൱൭) യിൽ പ്രസ്താവിച്ചിട്ടുള്ളതു് ഏററവും പരമാർത്ഥമാണെന്നു് ഈ പുസ്തകം തെളിയിയ്ക്കുന്നതാകുന്നു.

കേരളപാണിനിതിരുമനസ്സിലേ ലേഖനങ്ങൾ നിശ്ശേഷം ഇതിൽ ചേൎപ്പാൻ കഴിഞ്ഞിട്ടില്ല. സുഗൃഹീതനാമാവായ ശേഷഗിരിപ്രഭുവിൻെറ 'കേരളപാണിനീയ'നിരൂപണത്തിനുള്ള മറുവടി, താലികെട്ടുകല്യാണം, മി: അനന്തൻപിള്ള 'കേരളപാണിനി'യിൽ നാമഗ്രഹണം ചെയ്തിരിയ്ക്കുന്നതായ 'ഭാഷയുടെ ഉത്കർഷം', 'നമ്പൂരിമാരും ഭാഷാകവിതയും',—എന്നിങ്ങനെയുള്ളവ ഇതിൽ ചേൎക്കപ്പെട്ടിട്ടില്ലാത്തവതന്നെ. തിരുമനസ്സിലേ പ്രധാനപ്പെട്ട പതിനാറുപന്യാസങ്ങളാണ് ഇതിൽ എന്നു മാത്രം വെച്ചാൽ മതി. അമൃതമെന്തിനധികം സേവിയ്ക്കുന്നു! അഥവാ, അധികമായാൽ അമൃതും അന്യഥാ ഭവിയ്ക്കുമെന്നില്ലേ?

കൊല്ലം ൧൦൩൮-ാമത്തു കുംഭം ൯-ാംനു- ചങ്ങനാശേരിയിൽവെച്ചു ജനിച്ച്, ൧൦൯൪ മിഥുനം ൪-ാംനു- മാവേലിക്കരെവെച്ചു ദിവംഗതനായ 'കേരളപാണിനി' ഒന്നു വത്സരം തികച്ചു ജീവിച്ചിരുന്നില്ലല്ലോ. എന്നിട്ടും, സ്ഥിരപ്രതിഷ്ഠവും ചിരസ്ഥായിയും ആയ കേരളപാണിനിബിരുദം നേടുന്നതിന് അവിടുന്ന് ആളായിത്തീൎന്നു. പാണിനിമഹർഷി ചിരകാലം തപസ്സുചെയ്തു ശിവപ്രസാദം ലഭിച്ച്, സൎവ്വജ്ഞനായ മഹേശ്വരങ്കൽനിന്ന് ഉപദേശവും വാങ്ങി, അങ്ങനെയാണു "വൈയാകരണാധിരാജ്യപദവീസിംഹാസനാധിഷ്ഠിതൻ" ആയിബ്ഭവിച്ചത് എന്നു കഥയുണ്ട്. കേരളപാണിനിയും അനുഗ്രഹം സിദ്ധിച്ച മഹാനായിരുന്നു. ബാല്യത്തിൽ അഞ്ചാറു വയസ്സാകുന്നതുവരെ അവിടുന്നു കേവലം മൂകനായിരുന്നുവത്രേ. ചില്ലറ പ്രതിവിധികൾ പലതും ഫലിച്ചുകാണായ്കയാൽ, പിതാവായ കിടങ്ങൂർ പാററിയാലമനയ്ക്കൽ

9752

വാസുദേവൻനമ്പൂതിരി, കേരളത്തിലേ അഥവാ കേരളീയരുടെ 'മൂകാംബിക'യായ 'പനച്ചിക്കാട്ടു'ഭഗവതിയുടെ സന്നിധിയിൽ പുത്രനേ ക്രട്ടിക്കൊണ്ടുപോയി 'ഭജന'മിരുത്തി. ക്ഷേത്രത്തിൽ ദേവിയേ ദര്ശിച്ചു വന്ദിയ്ക്കുമ്പോഴെല്ലാം, പിതാവു് 'അംബ! പ്രസീദ' എന്നു ചൊല്ലുവാൻ പുത്രനു് ഉപദേശിയ്ക്കാറുണ്ടായിരുന്നു. ഭജനാവസാനദിവസം നട തുറന്നു ദീപാരാധന നടക്കുമ്പോൾ, പതിവുപോലെ പുത്രനേ തൊഴുവിച്ചു 'പാററിയാല' മന്ത്രം ചൊല്ലിക്കൊടുത്തു. ദേവിയുടെ പൂർണ്ണപ്രസാദപാത്രമായ പുത്രൻ, അതേപടി 'അംബ! പ്രസീദ' എന്നു് ഉറക്കെപ്പറഞ്ഞു! കേരളപാണിനി ആദ്യമായുച്ചരിച്ച വാക്കുകൾ ഇവയാണത്രേ! മൂകത്വം തീരെ മാറി, മുറയ്ക്കു പറയാറുമായി! ആ സരസ്വതീപ്രസാദംതന്നെയല്ലയോ, ഒടുവിൽ അവിടുത്തേ, 'മൂക'നേയും അതിശയിച്ചിരിയ്ക്കുന്ന 'പാണിനി'യുടെ പ്രഥയ്ക്കു പാത്രമാക്കിയതു്? മഹാകവി കോട്ടയത്തുതമ്പുരാൻ, കുട്ടിക്കാലത്തു 'കുമാരധാര'യിൽ കിടന്നിട്ടുണ്ടെന്നു് ഒരു കഥ നാം കേട്ടിട്ടുണ്ടല്ലോ. കുട്ടിക്കാലത്തു കുളത്തിൽ വള്ളംകളിച്ചു മുങ്ങിത്താണുപോയ കോയിത്തമ്പുരാനേ വലയിട്ടരിച്ചെടുത്തു കരകേററിയ കഥ മുൻപറഞ്ഞ കഥയേ ഓർമ്മിപ്പിയ്ക്കുന്നതാകുന്നു. അതേ, മഹാന്മാർ മഹത്തരകൃത്യങ്ങൾക്കായി ഏതാപത്തിനേയും അതിക്രമിച്ചു ജീവിതോന്നതി നേടി ലോകോത്കര്ഷം പുലര്ത്തും! ശ്രീശങ്കരഭഗവത്പാദരുടെ പൌഗണ്ഡപ്രായത്തിൽ ആ പാദത്തിലൊരു നക്രത്തിൻെറ ആക്രമണം നടന്നതായി നമ്മുടെ കേട്ടുകേളിയിലുണ്ടല്ലോ. ശ്രീരാജരാജപാദാങ്ഗുലിയിൽ കുട്ടിക്കാലത്തു് ഒരു സര്പ്പദംശനം സംഭവിച്ചതു മുൻപറഞ്ഞതിനു സമാനമാണു്. അതേ, അതിമാനുഷന്മാരുടെ അവതാരങ്ങൾ അര്ത്ഥമില്ലാത്ത

ആഗന്തുകകാൎയ്യങ്ങളല്ല; ലോകത്തിനതിൽനിന്ന വളരെ ഉപകാരങ്ങൾ സിദ്ധിയ്ക്കുവാനുണ്ട്; അതു ചെയ്തേ അവിടെ സമാധിയടയുകയുള്ളു.

സരസ്വതീദേവിയുടെ വരത്തിന് ഒരു വളമായിട്ടാണ്, ആ ദേവിയുടെ പുരുഷാവതാരമെന്ന സർവ്വസമ്മതനായ കേരളവൎമ്മദേവന്റെ വിനയനം രാജരാജരാജകുമാരനിൽ ഫലിച്ചത്. വാസ്തവത്തിലവിടുന്ന വിദ്വത്പ്രമുഖനും വീൎയ്യവത്തരനുമാവുക ഇത്രയുംകൊണ്ടു തന്നെ കഴിഞ്ഞു. പിന്നീടുള്ള അഭ്യാസാഭിനയങ്ങളൊക്കെ പ്രശസ്തിപരങ്ങളെന്നു പറഞ്ഞു തള്ളാനേ ഉള്ളു. എങ്കിലും നമുക്കതിനേ മാനിയ്ക്കണം. സ്വസമുദായത്തിൽ ഒന്നാമത്തേ ബി. ഏ. ബിരുദധാരി എന്ന പ്രശസ്തിയ്ക്കും, എം. ഏ. പരീക്ഷയുടെ അന്യാദൃശമായ ഉത്തരപത്രത്തിന്നും മററും ഉദ്ഭവസ്ഥാനം അതാണല്ലോ. ആ ഘട്ടത്തിലും കേരളവൎമ്മദേവന്റെ മേൽനോട്ടവും, സാഹചൎയ്യവും, സാഹായ്യവും സിദ്ധിച്ചിരുന്നതു സൎവ്വഥാ സ്മൎത്തവ്യമത്രേ!

അവിടുത്തേ യോഗ്യതയേ അളന്നുനോക്കുന്നതിനോ, കീൎത്തിയ്ക്കുവാൻപോലുമോ നമുക്കധികാരമില്ലെന്നാണു ഞാൻ പറയുന്നത്. അവിടുത്തേപ്പോലുള്ളവരാണ് അതിന്റെ പരമാൎത്ഥാധികാരികൾ. അവരതു വേണ്ടുംവിധം നിർവ്വഹിച്ചിട്ടുമുണ്ട്. പ്രധാനമായ ഒരുദാഹരണം മാത്രം ഇവിടെ എടുത്തു പറയാം:—നക്ഷത്രസദൃക്ഷമായി മിന്നിത്തിളങ്ങുന്ന ഒരുജോടി വൈരക്കടുക്കൻ, "പാൎശ്വത്തിൽ തദ്വക്ത്രചന്ദ്രനേ ശ്രീവിശാഖോഡുക്കളെന്നപോലെ" സേവിയ്ക്കുന്നതു വായനക്കാരിൽ പലരും കണ്ടിരിയ്ക്കുമല്ലോ. അതിന്നു പുളകപ്രദായിയായ ഒരു

പ്രശസ്തചരിത്രമുണ്ട്. വാസ്തവത്തിൽ അതു്, "ശ്രീവിശാഖോദ്ധക്കരം"തന്നെ ആയിരുന്നു. എന്നുവെച്ചാൽ ശ്രീവിശാഖംതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു തൃക്കൈകൊണ്ടണിയിച്ച നക്ഷത്രരത്നഖചിതങ്ങളായിരുന്നു എന്നത്ഥം. എങ്ങനെയെന്നാൽ—൧൦൫൬-ൽ വിശാഖംതിരുനാൾ സേതുസ്നാനം നടത്തി തിരിച്ചെഴുന്നള്ളിയതിനുശേഷം, വളരെനാൾ കഴിയുംമുൻപേ, തുലാപുരുഷദാനം അഥവാ തുലാഭാരം നടത്തുകയുണ്ടായി. കേരളവൎമ്മ വലിയകോയിത്തമ്പുരാൻ, ഗണപതിശാസ്ത്രികൾ, രാമസ്വാമിശാസ്ത്രികൾ, പദ്മനാഭശാസ്ത്രികൾ മുതലായി അക്കാലത്തു തിരുവനന്തപുരത്തു സ്ഥിരവാസം ചെയ്തിരുന്ന പണ്ഡിതകവീന്ദ്രന്മാർ മിയ്ക്കവരും, ആ തുലാഭാരമഹോത്സവത്തെ വൎണ്ണിച്ചും, മഹാരാജാവുതിരുമനസ്സിലേയ്ക്കു നിശ്രേയസം പ്രാത്ഥിച്ചും പലതരം കൃതിരത്നങ്ങളെഴുതി തിരുമുൻപിൽ സമപ്പിച്ചിരുന്നു. രാജരാജവൎമ്മകോയിത്തമ്പുരാൻ അദ്ധ്യയനം ചെയ്തുകൊണ്ടു (വിദ്യാത്ഥിയായിട്ടു്) തിരുവനന്തപുരത്തു താമസിയ്ക്കുകയായിരുന്ന അക്കാലത്തു്. കേരളവൎമ്മദേവൻ അരിപ്പാട്ടു താമസിച്ചു തന്നേപ്പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ, തന്റെ ചില വിനോദക്കുറിപ്പടികളായ പദ്യകൃതികൾ ഗുരുപാദർമുഖേന വിശാഖംതിരുനാൾ തൃക്കൺപാക്കാനും, തന്നേ അഭിനന്ദിച്ചു പ്രോത്സാഹിപ്പിയ്ക്കുവാനും ഇടയായിട്ടുള്ള നിലയ്ക്കു്, ഈയവസരത്തിൽ താനും എന്തെങ്കിലും ഒന്നെഴുതി അടിയറവെയ്ക്കാഞ്ഞാലോ—എന്നു രാജരാജരാജകുമാരനു തോന്നി. അമ്മാമൻ എഴുതുന്നതു ചമ്പൂപ്രബന്ധമാണെന്നറിഞ്ഞു്, മരുമകനും ചമ്പൂപ്രബന്ധംതന്നെ എഴുതി അടിയറവയ്ക്കാനുറച്ചു. പഠിപ്പിന്റെ ഇടയ്ക്കു് ഒന്നെഴുതി തൃപ്പാ

ദാപ്പ്ണവും നടത്തി. പണ്ഡിതസാവ്വ്ഭൗമനും പണ്ഡിത പക്ഷപാതിയും ആയിരുന്ന വിശാഖംതിരുനാൾ മഹാരാജാവ് എല്ലാകൃതികളും നിഷ്കര്ഷിച്ചു വായിച്ചുനോക്കിയതിനമേൽ, കേരളവമ്മവലിയകോയിത്തമ്പുരാനുംപ്പെടെ എല്ലാക്കവികളേയും തിരുമുൻപാകെ വരുത്തി യഥായോഗ്യം അവരവൎക്ക സമ്മാനദാനം ചെയ്തു. രാജരാജവമ്മകോയിത്തമ്പുരാനേ മാത്രം അപ്പോൾ ക്ഷണിച്ചതുമില്ല, അവിടുത്തേയ്ക്കു മാത്രം തുക്കൈക്കൊണ്ടൊരു മുണ്ടുപോലും സമ്മാനിച്ചതുമില്ല. അനതീതബാല്യപ്രായനും, പോരെങ്കിൽ ഒരിങ്ക്ളീഷുവിദ്യാൎത്ഥിയും ആയിക്കഴിഞ്ഞിരുന്ന കവിയ്ക്ക് ഇതിനേപ്പററി ഒരു ചിന്തയും ഉണ്ടായില്ല. താൻ 'ലൌകികം'കരുതി ഒരു 'ചടങ്ങ്'നടത്തി എന്നു മാത്രമായിരുന്നിരിയ്ക്കാം അവിടുത്തേ ഭാവം! എന്നാൽ, വലിയകോയിത്തമ്പുരാനു വലിയ വേദനയും വിഷാദവും 'പരിഭ്രമ'വുമായി. തന്റെ പ്രിയഭാഗിനേയൻ വിശാഖംതിരുമനസ്സിലേ അപ്രീതിയ്ക്കു പാത്രമായിപ്പോയോ എന്നായിരുന്നു അമ്മാമന്റെ ആശങ്ക. അതിസ്നേഹം അനിഷ്ടശങ്കിയാണല്ലോ! "എന്തൊന്നെല്ലാമാണു തിരുമുൻപിൽ എഴുതിവച്ചതു്? ഞാനും അത്ര ശ്രദ്ധിച്ചുനോക്കുകയുണ്ടായില്ല. ആകപ്പാടെ ഇതിനു കൊച്ചപ്പൻ പുറപ്പെടേണ്ടായിരുന്നു. തിരുമനസ്സിലേ അപ്രീതിയ്ക്കു പാത്രമായാൽ പിന്നത്തേ കഥ എന്താ! കഷ്ടം കഷ്ടം!"—എന്നിങ്ങനെ അമ്മാമൻ മരുമകനേ ശാസിയ്ക്കുകയും, ഇനിയെന്തുവേണമെന്നറിയാതെ കുഴങ്ങുകയും ചെയ്തു. തന്റെ മരുമകനു—പ്രിയശിഷ്യനു്—സമ്മാനമൊന്നും കൊടുക്കാഞ്ഞതെന്താണെന്നു് അന്വേഷിപ്പാനോ, മഹാരാജാവിനോടു ചോദിപ്പാനോ പാടുണ്ടോ! തന്റെ നേരേക്കൂടി തിരുവുള്ളക്കേടു തോന്നിപ്പോ

യാലോ! വലിയകോയിത്തമ്പുരാൻ ഒന്നിനും പുറപ്പെടാതെ 'ഗൌരവ'ത്തിൽത്തന്നെ ഇരുന്നു. ഇങ്ങനെ ഏതാണ്ടൊരു മാസം കഴിയവേ, കൊച്ചപ്പൻ കോയിത്തമ്പുരാൻ (A. R.) 'അനന്തവിലാസം' (വലിയ)കൊട്ടാരത്തിലേയ്ക്കു ചെല്ലുവാൻ കല്പനയായി. അപ്പോഴും വലിയകോയിത്തമ്പുരാനു ഭയമായിരുന്നു. എന്താണു സങ്ഗതി എന്നറികവയ്യല്ലോ. രാജകല്പനയല്ലേ, രാജസന്നിധിയല്ലേ! പോരെങ്കിൽ, വിശാഖംതിരുനാൾ! ഹാ! അവിഭാവനീയം! ക്ലേശലൊന്നും കൂടാതെ കൊച്ചപ്പൻകോയിത്തമ്പുരാൻ വലിയകൊട്ടാരത്തിലെത്തി, തിരുമുൻപാകെയായി. പിന്നെ എന്താണുണ്ടായതു്? അകന്നൊതുങ്ങി 'ഓച്ഛാനി'ച്ചു നിന്നിരുന്ന രാജരാജകവിയുടെ അടുത്തുചെന്നു കൈയ്ക്കു പിടിച്ചു തന്റെ ഇരിപ്പിടത്തിന്റെ അടുക്കലേയ്ക്കു കൂട്ടിക്കൊണ്ടുപോയി; മേശ തുറന്നു് ഒരു കടലാസുപൊതി കൈയിലെടുത്തു്, മഹാരാജാവു മുഖത്തുനോക്കി അരുളിച്ചെയ്യാൻ തുടങ്ങി—"പരിഭ്രമിയ്ക്കേണ്ട; കൊച്ചപ്പന്റെ കവിത ഞാൻ നോക്കി; നിഷ്കർഷിച്ചു വായിച്ചുനോക്കി. കൊച്ചപ്പനു കവിതയുണ്ടെന്നും നന്നായിട്ടെഴുതാമെന്നും എനിയ്ക്കു മുൻപുതന്നെ അറിയാമായിരുന്നു. തുലാഭാരം സംബന്ധിച്ചു് കൊച്ചപ്പനും വല്ലതുമെഴുതിക്കൊണ്ടുവരും, നല്ലൊരു സമ്മാനം തരണം എന്നും വിചാരിച്ചിരുന്നു. വിചാരിച്ചപോലെ എഴുതിക്കൊണ്ടുവന്നുവല്ലോ. പിന്നെ, സമ്മാനം തരുകയാണു വേണ്ടതു്. കവിത വായിച്ചുകഴിഞ്ഞപ്പോൾ, മുൻപു തയാറാക്കിയ പദാൎത്ഥം പോരാ സമ്മാനത്തിനു് എന്നു തോന്നി. തത്കാലം എന്റെ കൈവശവും, ഇവിടുത്തേ കമ്പോളത്തിലും അതില്ലാതിരുന്നു. കൊച്ചപ്പൻ കവിതകൊണ്ടു് എന്നേ രസിപ്പിച്ചതിന്റെ ഒരു

ശതാംശമെങ്കിലും, ഞാൻ സമ്മാനംകൊണ്ടു കൊച്ചപ്പനേ രസിപ്പിയ്ക്കണമല്ലോ. അതിനു 'മദിരാശി'യ്ക്കു് എഴുതിയയയ്ക്കേണ്ടി വന്നു. അതാണ് ഒരു മാസത്തോളം താമസം പററിയതു്. ഈ തരുന്നതും ആ കവിതയുടെ മേന്മയ്ക്കു മതിയായതാണെന്നു് എനിയ്ക്കു ഭാവമില്ല. തത്കാലം ഇതിൻെറ ദാനോപാദാനംകൊണ്ടു നമുക്കു സന്തോഷിയ്ക്കുക. ഉത്തരോത്തരം ഉയൻ്നവരുക!"— ഇങ്ങനെ കല്പിച്ചുകൊണ്ടു മഹാരാജാവു തൃക്കൈകൊണ്ടുതന്നെ രാജരാജകവിയുടെ കാതിലണിയിച്ചതാണത്രേ ആ കടുക്കൻ—'ശ്രീവിശാഖോദ്ധക്കം.' ആ പ്രായത്തിലേ അർഹത്തമന്മാരിൽനിന്നു് അത്തരം പാരിതോഷികവും, അത്രയും പ്രശംസയും നേടിയ പണ്ഡിതകവീന്ദ്രനേക്കുറിച്ചു്, നല്ലതായിട്ടെങ്കിലും വല്ലതും പറവാൻ നമുക്കുണ്ടോ കെല്പും കോപ്പും! പിന്നെ, പറഞ്ഞുപോകുന്നതൊക്കെ ഭക്തിലഹരീപാരമ്പരീപരിണാമഭേദപ്രഭേദങ്ങൾ എന്നു സമാധാനിയ്ക്കുകതന്നെ.

൧൦൫൩-ാമാണ്ടു നാടുനീങ്ങിയ ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവിൻെറ തൃക്കയ്യിൽനിന്നു്, കേരളപാണിനിയുടെ അമ്മാമനും, കേരളകാളിദാസൻെറ ജ്യേഷ്ഠനും, അഭിനവവാഹടനെന്നു പ്രസിദ്ധനും ആയ രാജരാജവർമ്മകോയിത്തമ്പുരാൻ, ഇതിലും കുറേക്കൂടി ചെറുപ്പത്തിൽ (പഠിച്ചുകൊണ്ടിരിയ്ക്കുമ്പോൾതന്നെ), ഇതുപോലെതന്നെ തുലാഭാരമഹോത്സവകൃതി എഴുതി വൈരക്കടുക്കൻതന്നെ സമ്മാനം വാങ്ങിയിട്ടുള്ള വസ്തുത ഇവിടെ സ്മരണീയമായിത്തീരുന്നു. കേരളവർമ്മദേവൻെറ കഥകളൊന്നും ഇവിടെ പറയേണ്ടതുമില്ല. അല്പഗ്രന്ഥസമ്പത്തികൊണ്ടു് അനല്പഖ്യാതി സമ്പാദിച്ച പുണ്യ

വാസനാകവികുലാഗ്രഗണ്യനായ ചങ്ങനാശേരി രവിവമ്മ കോയിത്തമ്പുരാൻ, അഥവാ—

"ലക്ഷ്മീപുരത്തു രവിവമ്മനൃപൻ കവീന്ദ്ര-

ലക്ഷ്മീപുരത്തിലമരുന്ന മണിപ്രകാണ്ഡം."

കേരളപാണിനിയുടെ ഒരമ്മാമനും ആയിരുന്നുവല്ലോ. അത്രേ, അവിടുത്തെ പാണ്ഡിത്യകവിതാദികളെല്ലാം പാരമ്പര്യപദ്ധതിയ്ക്കു സിദ്ധിച്ചിട്ടുള്ളവക്കൂടിയാണ്. ഇതിൽപരമൊരു നിറവും തിറവും എവിടെ? കോയിത്തമ്പുരാൻ വിശാഖംതിരുമനസ്സിലേയ്ക്കു് ഒരു കൃതിക്കൂടി കാഴ്ചവച്ചിട്ടുണ്ടു്. അതായതു "ചിത്രനക്ഷത്രമാലിക." അവിടുന്നു പില്ക്കാലത്തു ചിത്രകാവ്യങ്ങളേ കക്കശമായിട്ടധിക്ഷേപിച്ചിട്ടുള്ളതു്, ഒരുയന്ന സാഹിത്യവിമർശകന്റെ നിലയിൽനിന്നുകൊണ്ടാണെന്നുള്ളതു ഗ്രഹിയ്ക്കാതെ, അവിടുത്തെ വാസനാശൂന്യതയോ, വൈഭവവൈകല്യമോ നിമിത്തമാണെന്നു ജല്പിക്കുന്ന അല്പന്മാർ ഇതു പ്രത്യേകം ഓമ്മിയ്ക്കുവാനുള്ളതാകുന്നു. പ്രസ്തുത കൃതികൾ രണ്ടും അച്ചടിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. വലിയകൊട്ടാരം വക ഗ്രന്ഥപ്പുരയിൽ പകപ്പുകളുണ്ടായിരുന്നതായിട്ടറിയാം.

കേരളപാണിനിയുടെ 'ഔദ്യോഗിക'ജീവിതം ഏത്രയും വിദ്യോതമാനമായിരുന്നു എന്നു പറയുവാനില്ല. ൧൦൫൫-ൽ സംസ്കൃതപാഠശാലയുടെ പരിശോധനാധികാരിയായി ജോലിയിൽ പ്രവേശിച്ചു്, അവിടുത്തെ അഗ്രിമാധ്യാപകനുംകൂടിയായിട്ടു ശോഭിച്ചു്, ൧൦൬൭-ൽ 'മഹാരാജാസ്കോളേജി'ലേ ദേശഭാഷാധീശനായി ഉയന്നു്, ഒടുവിൽ സംസ്കൃത'ദ്രാവിഡഭാഷാപ്രൊഫ്സരും (പ്രവക്താവും), കുറച്ചുകാലം ആക്റ്റിങ്ങ് (തത്കാല)

പ്രിൻസിപ്പാളും'ആയി അത്യധികം ഉത്തേജിച്ചുകൊണ്ടു്, പ്രതാപവും പ്രൗഢിയും പരിപൂർണ്ണമായിത്തന്നെ നേടി—അങ്ങനെയെല്ലാമാണു് അവിടുന്നു് 'ഉദ്യോഗ'കേന്ദ്രത്തിൽ വാണരുളിയിരുന്നതു്. അവിടുന്നു് ആദ്യമായി അങ്ങനെയൊരു നിരതിശയമായ നിലയിൽ വാണരുളി. അവിടുത്തെ കാലം കഴിഞ്ഞിട്ടു് ഇരുപതുവൎഷമാകാറായെങ്കിലും, ഇപ്പോഴും അതാ ആ സ്ഥാനം അതേപടി ഒഴിഞ്ഞു കിടക്കുന്നു. എന്തുചെയ്യാം! ആ സ്ഥാനത്തേയ്ക്കു തക്കതായി തത്താദൃശനായ ഒരാൾ ഇനിയുമായില്ലത്രേ! ആ സ്ഥാനത്തിന്റെ രിക്തത തന്നെയോ അവിടുത്തെ കീൎത്തിയുടെ പൂൎണ്ണത!

ഇനി നമുക്കു് അവിടുത്തെ ബഹുമുഖവും ബൃഹത്തരവുമായ സാഹിതീപരിഷ്കാരകൎമ്മത്തേപ്പററി അല്പമൊന്നാലോചിച്ചുനോക്കാം. സംസ്കൃതത്തിലും ഭാഷയിലും തുല്യമായി ഉല്ലസിച്ചിരുന്ന അവിടുത്തെ വൈജ്ഞാനിക വ്യവസായം എന്നു് എടുത്തു പറയാനില്ലല്ലോ. തത്ഫലമായി സിദ്ധിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ശാസ്ത്രശാഖയിലും കാവ്യശാഖയിലും ഒട്ടുവളരെയുണ്ടു്. സംസ്കൃതത്തിൽ—൧. ലഘുപാണിനീയം (Part I), ൨. ലഘുപാണിനീയം (Part II), ൩. കരണപരിഷ്കരണവും പഞ്ചാങ്ഗശുദ്ധിപദ്ധതിയും,—എന്നു മൂന്നു ശാസ്ത്രഗ്രന്ഥങ്ങൾ; ൪. ആങ്ഗലസാമ്രാജ്യം മഹാകാവ്യം, ൫. വിടവിഭാവരി, ൬. സാഹിത്യകുതൂഹലം, ൭. ശ്രീവിശാഖതുലാഭാരപ്രബന്ധം, ൮. ചിത്രനക്ഷത്രമാലിക എന്നു് അഞ്ചു വിശിഷ്ടകാവ്യഗ്രന്ഥങ്ങൾ: ഇങ്ങനെ എട്ടെണ്ണം നിശ്ചയമായും പറയാനുണ്ടു്. ഭാഷയിൽ—൧. സൂത്രവൃത്തിഭാഷ്യാത്മകവും ആങ്ഗ്ലഹികപ്രസ്ഥാനത്തിലുള്ളതുമായ ആദ്യത്തേ കേരള

പാണിനീയം, ൨. കാരികാവൃത്ത്യാദ്യാത്മകവും, ആഗമിക പ്രസ്ഥാനത്തിലുള്ളതും, പരിഷ്കരിച്ചതുമായ കേരളപാണിനീയം, ൩. സംസ്കൃതവ്യാകരണവിഷയകവും, കാരികാവൃത്ത്യാത്മകവുമായ മണിദീപിക, ൪. ശബ്ദശോധിനി, ൫. മധ്യമവ്യാകരണം, ൬. പ്രഥമവ്യാകരണം, ൭. ഭാഷാഭൂഷണം, ൮. വൃത്തമഞ്ജരി, ൯. സാഹിത്യസാഹ്യം—എന്ന് ഒൻപതു ശാസ്ത്രഗ്രന്ഥങ്ങൾ; ൧൦. കുമാരസംഭവം, ൧൧. മേഘദൂത് എന്നു രണ്ടു ശ്രവ്യകാവ്യതർജ്ജമകൾ; ൧൨. മലയവിലാസം, ൧൩. കുയിൽ, ൧൪. പശു, ൧൫. കുരുവി, ൧൬. പ്രസാദമാല എന്ന് അഞ്ചു സ്വതന്ത്രകവിതകൾ; ൧൭. സ്വപ്നവാസവദത്തം, ൧൮. ചാരുദത്തൻ, ൧൯. മലയാളശാകുന്തളം, ൨൦. മാളവികാഗ്നിമിത്രം എന്നു നാലു ദൃശ്യകാവ്യപരിഭാഷകൾ; ൨൧. നമ്മുടെ മഹാന്മാർ ഒന്നാംപുസ്തകം (കേരളവർമ്മദേവൻ), ൨൨. പ്രബന്ധസംഗ്രഹം (ഈ പുസ്തകം തന്നെ)—എന്നു രണ്ടു ഗദ്യകൃതികൾ; ൨൩. മയൂരസന്ദേശത്തിന്റെ മർമ്മപ്രകാശമെന്ന വ്യാഖ്യാനം, ൨൪. നളചരിതം കഥകളിയുടെ കാന്താരതാരകം വ്യാഖ്യാനം, ൨൫. പ്രസാദമാലയുടെ വ്യാഖ്യാനം, ൨൬. 'ദൈവയോഗ'ത്തിന്റെ വ്യാഖ്യാനം—എന്നു നാലു വ്യാഖ്യാനങ്ങൾ. [അംബരീഷചരിതം കഥകളിക്കു പ്രൊഫസർ തമ്പുരാൻ വ്യാഖ്യാനമെഴുതിയിട്ടുണ്ടെന്നു മുൻപറഞ്ഞതായ 'കേരളപാണിനി' എന്ന പുസ്തകത്തിൽ ൨൨-ാംവശത്തു പറഞ്ഞുകാണുന്നുണ്ട്. എന്നാൽ, വ്യാഖ്യാതൃനാമം ചേർക്കാതെ, സവ്യാഖ്യാനമായ ഒരു 'പതിപ്പ്' അംബരീഷചരിതത്തിന് ൧൦൮൧-ൽ ഉണ്ടായതു്, പ്രൊഫസർ തമ്പുരാൻ പരിശോധിച്ചതു് എന്നു മാത്രമാണു്,

അവിടുന്നു നിർമ്മിച്ചതു് എന്നല്ല ആ പുസ്തകംകൊണ്ടു വെളിപ്പെടുന്നതു്. വ്യാഖ്യാനം വായിച്ചുനോക്കിയിട്ടും അതു് 'പ്രൊഫ്സറു'ടെ ആണെന്നു തോന്നിയിട്ടില്ല. അവിടുന്നു നേരേ പരിശോധിച്ചതാണെന്നു വിശ്വസിയ്ക്കുവാൻതന്നെ ഞെരുക്കമുണ്ടു്. അതു കൂടാതെ, പ്രൊഫ്സർ അംബരീഷചരിതത്തിന്നു വ്യാഖ്യാനമെഴുതിയിട്ടുണ്ടോ ആവോ. ഏതായാലും, സന്ദേഹാസ്പദമായ സംഗതിയാണെന്നുവെച്ചു് അതിവിടെ ഗണിച്ചിട്ടില്ല] എന്നിത്രയുമാണു്, അവതാരികാദികൾ കൂടാതെ അവിടുത്തേ വകയായിപ്പറയാൻ തോന്നുന്നതു്. അവിടുത്തേ അവതാരികകൾക്കുള്ള പ്രാധാന്യവും പ്രാശസ്ത്യവും പറഞ്ഞാലൊടുങ്ങുന്നതല്ല. യഥാർത്ഥനിരൂപണരീതികളുടെ നിദ്ദേഷനിദർശനങ്ങളായി അവ എന്നെന്നും നിലനിന്നുമിന്നും. സ്വന്താ കൃതികൾക്കു് എഴുതിയിട്ടുള്ളതിന്നു പുറമേ, പാണ്ഡവോദയം, രാമചന്ദ്രവിലാസം, ഭാസ്കരമേനോൻ, പരിഷ്കരിച്ച കേരളീയഭാഷാശാകുന്തളം, നളചരിതം കഥകളി, മയൂരസന്ദേശം, ദൈവയോഗം, നളിനി ഇത്യാദി വിശിഷ്ടഗ്രന്ഥങ്ങൾക്കെഴുതിയിട്ടുള്ള ഉത്കൃഷ്ടാവതാരികകളും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തുവാനുണ്ടു്.

ഇത്രയുംകൊണ്ടു് അവിടുന്നു വിശിഷ്യ സാധിച്ചതെന്താണു്? ഗദ്യശാഖയിലും പദ്യശാഖയിലും പ്രവത്തിയ്ക്കുന്നവക്കു് ആവശ്യമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ സമ്പ്രാപ്തമാക്കുക; രണ്ടു ശാഖകൾക്കും ഉത്കർഷാധായകങ്ങളായ പരിഷ്കാരപരമ്പര ഏർപ്പെടുത്തുക; കവിതാപ്രസ്ഥാനത്തിന്നു പൊതുവേതന്നെ,

"അന്യൂനാനതിരിക്തമായ് വിലസണം
ശബ്ദങ്ങളർത്ഥങ്ങളും;
പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനാ-
യർത്ഥം കളഞ്ഞീടൊലാ;
ദോഷം നീക്കി, വളച്ചുകെട്ടുകളൊഴി,-
ച്ചൗചിത്യമോ,ർത്തോർത്തണം
സത്കാവ്യോചിതമായ വസ്തു, വിവിധം
വ്യംഗ്യം വിളങ്ങും വിധം."

10597

എന്നുള്ള സ്വകീയസിദ്ധാന്തമനുസരിച്ചു് ഒരു പരിവർത്തനം വരുത്തുക; വ്യാഖ്യാനശൈലിയെ വിശദവും വിലോഭനീയവുമാക്കിത്തീർക്കുക; പാശ്ചാത്യമതപ്രകാശവും, പൌരസ്ത്യഗതിപ്രകാരവും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥനിരൂപണസരണിയെ സംസ്ഥാപിയ്ക്കുക; ശാസ്ത്രസിദ്ധാന്തങ്ങളേ ലളിതമായും ഫലിതമായും പ്രതിപാദിച്ചു പരക്കെ പ്രചാരത്തിൽ വരുത്താമെന്നു വെളിപ്പെടുത്തുക; ഒററ വാചകത്തിൽ ചുരുക്കിപ്പറഞ്ഞാൽ, മലയാളഭാഷയ്ക്കു് എല്ലാവിധത്തിലും ഉയർച്ചകിട്ടുന്നതെങ്ങനെയൊക്കെയായാലാണു് എന്നു നോട്ടക്കാർക്കാക്കും അങ്ങു കാട്ടിക്കൊടുക്കുകതന്നെയാണു് അവിടുന്നു സാധിച്ചതു്. ഒരു ജീവദ്ഭാഷയെസ്സംബന്ധിച്ചു് അതിലധികം ആർക്കെന്തു ചെയ്യാം?

തിരുമനസ്സിലേ കൃതികൾ അപൂർവ്വത്വംകൊണ്ടു മാത്രം അങ്ഗീകരിക്കപ്പെട്ടുപോയവയല്ല; നേരേ മറിച്ചു ഗുണസമൃദ്ധികൊണ്ടും ഉപയോഗയോഗ്യതകൊണ്ടുംതന്നെ തനിയേ പ്രചുരപ്രചാരങ്ങളായി വന്നതാണു്. നോക്കുക:—കേരളപാണിനീയത്തിന്റെ ആവിർഭാവത്തിനുമുൻപു്,

ഗുണ്ഡർട്ട്, ഗാർത്തുവേററ്, പീററ്, പാച്ചുമൂത്തത്, കോവുണ്ണിനെടുങ്ങാടി മുതലായ മഹാന്മാരുടെ വകയായി ആറു വ്യാകരണങ്ങൾ അച്ചടിയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു. അതവതരിച്ചതിനുശേഷം, കെ. രാമകൃഷ്ണപിള്ള, ശേഷഗിരിപ്രഭു മുതലായവരുടെ ചില വ്യാകരണങ്ങളും പുറപ്പെട്ടു. ഈ രണ്ടു മൂന്നു കൊല്ലങ്ങൾക്കു മുൻപും ചിലതു പൊന്തിയല്ലോ. കേരളപാണിനീയത്തിനും തദനുഗാമികൾക്കും മാത്രം ജീവിയ്ക്കാൻ കഴിയുന്നു. മററുള്ളവയെല്ലാം കഥയായി. ഇപ്പോൾ അച്ചടിയ്ക്കപ്പെട്ടിരിയ്ക്കുന്ന ചില പുതിയ വ്യാകരണങ്ങൾ കേരളപാണിനീയത്തിന്റെ ഉപജീവനഫലങ്ങളാണെന്നുള്ളതു പറയാനുമില്ലല്ലോ.

ഭാഷാഭൂഷണം ഉദിയ്ക്കുംമുൻപും പല അലങ്കാരഗ്രന്ഥങ്ങൾ അച്ചടിയ്ക്കപ്പെട്ടിരുന്നു. ൧൮൮൧-ൽ, നാലു കാണ്ഡവിഭാഗങ്ങളും, അനുബന്ധങ്ങളും എല്ലാംകൂടി ൩൫൦-പുറത്തോളം ഉള്ള ഒരു പുസ്തകം, 'അലങ്കാരശാസ്ത്രം' എന്ന പേരിൽ 'വിദ്യാർത്ഥികളുടെ പ്രയോജനത്തിനായി' 'സീറൃൻകത്തോലിയ്ക്ക സന്യാസഗുരുക്കളിൽ ഒരുവരാൽ ഉണ്ടാക്കപ്പെട്ടു' വരാപ്പുഴെ അച്ചുക്കൂടത്തിൽ അച്ചടിയ്ക്കപ്പെടുകയും, പ്രചരിയ്ക്കുകയും ചെയ്തിട്ടുണ്ട്. സാഹിത്യവിദ്യാർത്ഥികളേ അല്ല, കൃസ്തുമതപ്രചാരകജനങ്ങളേ ആണ് അതു് അധികം അധികരിയ്ക്കുന്നതെന്നേ ഉള്ളു. ആ 'അലങ്കാരശാസ്ത്ര'ത്തിന്റെ സ്ഥിതിയും ഗതിയും വളരെ വിജാതീയമാണെന്നു മാത്രമല്ലാതെ ഈ പ്രകൃതത്തിൽ പറവാനില്ല. എണ്ണയ്ക്കാട്ടുതമ്പുരാന്റെ 'അലങ്കാരദീപിക', പുള്ളിവിളാകത്തു കെ. ഗോവിന്ദപ്പിള്ളയുടെ 'അർത്ഥാലങ്കാരസംഗ്രഹം' (പ്രാഥമികപരീക്ഷയ്ക്കുള്ളതു്), കുവലയാനന്ദത്തിന്റെ ഭാഷാവ്യാഖ്യാന

രീതിയിൽ ഒന്നു്, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ 'അലങ്കാരമാല', കേ. സി. നാരായണൻനമ്പ്യാരുടെ 'ഉദയാലങ്കാരം', കൊച്ചുണ്ണിത്തമ്പുരാന്റെ 'ശബ്ദഭങ്ഗി'— ഇത്യാദിയെല്ലാം ഭാഷാഭൂഷണത്തിനു മുൻപുണ്ടായവയാണല്ലോ. കുഞ്ഞിക്കുട്ടൻതമ്പുരാൻെറ 'ശബ്ദാലങ്കാരം', പന്തളത്തു കേരളവൎമ്മതമ്പുരാൻെറ 'ശ്രീമൂലപ്രകാശിക', ആറന്മുരിൻെറ 'ഭാഷാദൎപ്പണം', പോത്തുക്കുട കൊച്ചപ്പന്റെ 'ബാലാലങ്കാരം', വടക്കുംകൂറിന്റെ 'സാഹിതീസർവ്വസ്വം' മുതലായി പിന്നീടും പലതുണ്ടായല്ലോ. പോരാ, 'സാഹിത്യഭൂഷണം' (കുട്ടിക്കൃഷ്ണമാരാർ) ഭാഷാഭൂഷണത്തേ ചിത്രവധം ചെയ്തുകൊണ്ടു പുറപ്പെട്ടു. അതു സാഹിത്യഭൂഷണമല്ല, 'ഭാഷാഭൂഷണ'ദൂഷണമാണു് എന്നും ചിലരഭിപ്രായപ്പെട്ടു. എന്തൊക്കെയായിട്ടും, 'ഭാഷാഭൂഷണ'ത്തിൻെറ പ്രതിഷ്ഠയ്ക്കു് ഒരിളക്കവും തട്ടിയിട്ടില്ലല്ലോ! ഗുണോത്തരമേതും സുസ്ഥിരമായിരിയ്ക്കും!

കൊച്ചുണ്ണിത്തമ്പുരാൻെറ 'കാന്തവൃത്തം', കടത്തനാട്ടുദയവൎമ്മതമ്പുരാന്റെ 'സദ്വൃത്തമാലിക'—മുതലായി 'വൃത്തമഞ്ജരി'യ്ക്കു മുൻപുതന്നെ ചില വൃത്തശാസ്ത്രങ്ങൾ ഭാഷയിലുളവാകാതിരുന്നില്ല. അവ നല്ല കൃതികളെല്ലന്നുമില്ല. പക്ഷേ, 'വൃത്തമഞ്ജരി'യുടെ മെച്ചം വേറേ; അതു മററൊന്നിനും കൈവന്നു കാണുന്നില്ല. വരുവാനും വിഷമം.

കടത്തനാട്ടുദയവൎമ്മതമ്പുരാൻെറ 'കവിതാഭരണം' ഒരു കൊച്ചു സാഹിത്യസാഹ്യമാണെന്നു പറയാം. ഗദ്യരചനാസഹായികളായി വേറേ ന്യൂറു (വളരെ) ഗ്രന്ഥങ്ങളും ഉളവായി. ഇപ്പോഴും 'സാഹിത്യസാഹ്യ'മല്ലാതെ,

ആ സ്ഥാനത്തു് ഒരൊത്ത കൃതി ഇല്ലല്ലോ. അതേ, ഗുണോത്തരം സുസ്ഥിരം! അതിവിസ്തരമയുക്തമെന്നുവെച്ചു ഞാൻ ഇവിടം ചുരുക്കുന്നു.

വിശേഷിച്ചിനിയൊന്നു പറവാനുള്ളതു്, സ്വന്തം ഗ്രന്ഥങ്ങളേസ്സംബന്ധിച്ചുള്ള ഗുണദോഷവിമർശങ്ങളേ സശ്രദ്ധം ശ്രവിയ്ക്കുയും, ദോഷങ്ങളേ കഴിയുന്നത്ര ഒഴിയ്ക്കാൻ ശ്രമിയ്ക്കുയും ആയിരുന്നു കേരളപാണിനിതിരുമനസ്സിലെ സ്വഭാവമെന്നുള്ളതാണ്. സ്വകൃതികളിലേ വല്ല ദോഷങ്ങളും തോദനംചെയ്തു കാണിയ്ക്കുന്നവൻെറ സമൂലനാശത്തിനു കോപ്പുകൂട്ടുകയും കാപ്പുകെട്ടുകയും ചെയ്യുന്ന ഇന്നത്തേ ചില മഹാന്മാരുടെ സ്വഭാവം അവിടയ്ക്കില്ലായിരുന്നു. ശ്രീശേഷഗിരിപ്രഭു 'അടിച്ചുതകത്തു്' കൊണ്ടാണു 'കേരളപാണിനീയ'ത്തിനു നിരൂപണമെഴുതിയിരുന്നതു്. തിരുമേനിയോ, അതിനേ വളരെ അഭിനന്ദിച്ചു; സ്വീകാര്യങ്ങളേയെല്ലാം സ്വീകരിച്ചു; മററുള്ളവയ്ക്കു തക്ക മറുവടിയും പറഞ്ഞു. ഭാഷാഭൂഷണം, വൃത്തമഞ്ജരി ഇവയിൽ ചില ചില ദോഷങ്ങളേ 'രസികരഞ്ജിനി'മാസിക ചൂണ്ടിക്കാണിച്ചിരുന്നു. അവയിൽ സാരമായിട്ടുള്ളവയേയെല്ലാം അവിടുന്നു സ്വീകരിയ്ക്കുതന്നെ ചെയ്തു. 'മണിദീപിക'യ്ക്കും 'ലഘുപാണിനീയ'ത്തിനും ചില കുററങ്ങളുള്ളതായി 'മങ്ഗളോദയം' മാസിക വെളിപ്പെടുത്തി. അതൊന്നും കുറ്റങ്ങളല്ലെന്നു പറഞ്ഞു്, മണിദീപികാനിരൂപണത്തിനേ ആക്ഷേപിപ്പാനും ആ ക്ഷിപ്തഭാഗങ്ങൾക്കു സമാധാനം പറവാനും, ആ വഴിയ്ക്കു പ്രൊഫസ്സരുടെ സേവ പിടിയ്ക്കാനും ഒരു വിദ്വാൻ ഇടയ്ക്കു ചാടിപ്പുറപ്പെടാതിരുന്നില്ല. നിരൂപകൻ ആ വിദ്വാനു നല്ല 'സമ്മാന'വും കൊടുത്തു. എന്നാൽ,

'പ്രൊഫ്സർ' ചെയ്തുതു നിരൂപകനേ നല്ലവണ്ണം അഭിനന്ദിയ്ക്കുകയും, പരിഹരണീയങ്ങളായ ദോഷങ്ങളേ അടുത്ത 'പതിപ്പി'ൽത്തന്നെ തീൎക്കുകയും ആണു്. നോക്കുക മഹാമനസ്കത!

ഈയിടെപ്പുറപ്പെട്ട 'രണ്ടു സാഹിത്യനായകന്മാർ' എന്ന പുസ്തകത്തിൽ പ്രൊഫ്സർതമ്പുരാന്റെ കവിതത്തിൽ കളങ്കാങ്കുരണം ചെയ്യുന്ന ചില പ്രസ്താവനകൾ കാണുകയുണ്ടായി. പ്രൊഫ്സർ വാസനയില്ലാത്ത കവിയാണെന്നു് അതിൽ ധ്വനിപ്പിച്ചിരിയ്ക്കുന്നു. വാസന എന്നാൽ ജന്മാന്തരസംസ്കാരമാണല്ലോ. പ്രൊഫ്സരേപ്പോലെയുള്ള ഒരു മഹാകവിയ്ക്കു് എങ്ങനെ വാസനയില്ലെന്നു പറയാമെന്നു ഞാൻ ആശ്ചര്യപ്പെടുന്നു. കേരളപാണിനിയുടെ പ്രാസശ്രമം 'സാൎവ്വത്രികമായി ഫലിക്കാത്തതു്' 'അശക്തികൊണ്ടാണെ'ന്നും ആ ഗ്രന്ഥകാരൻ പറയുന്നുണ്ടു്. ചില കൃതികളിലേ പ്രാസത്തിനു ശ്രമം ചെയ്തിട്ടുള്ളു എങ്കിൽ, അതു സാൎവ്വത്രികമായി ഫലിയ്ക്കുന്നതെങ്ങനെയാണു്, ഫലിപ്പിയ്ക്കേണ്ടതെങ്ങനെയാണു്? ഫലിപ്പിയ്ക്കാത്തതു് അശക്തിയാലാകുമോ? പ്രാസത്തിനു സാൎവ്വത്രികമായി ശ്രമിയ്ക്കുന്നതും, അതു സാൎവ്വത്രികമായി ഫലിയ്ക്കുന്നതും, രണ്ടും—വേണ്ടാത്തതാണു്, അരുതാത്തതുമാണു്. പ്രാസം ഒരു ശബ്ദാലങ്കാരം; പല സ്ഥലത്തും രസവിഘാതം ചെയ്വാൻ അതിനു സാമൎത്ഥ്യമുണ്ടു്. അതു പറ്റാതിരിപ്പാൻ എത്രയും ശ്രദ്ധിയ്ക്കേണ്ടതുമാണു്. എന്നിരിയ്ക്കേ, എല്ലാ സ്ഥലത്തും അവിടുന്നു് പ്രാസം പ്രയോഗിയ്ക്കാത്തതു് അശക്തിയാലാവുമെന്നുള്ള കല്പന പ്രായശ്ചിത്താൎഹമോ, പരിഹാസാസ്പദമോ എന്നു ചിന്തിയ്ക്കേണ്ടുകയോ?

മഹാകവി വള്ളത്തോൾ ഈയിടെ പുറപ്പെടുവിച്ച ശാകുന്തളപരിഭാഷയുടെ 'അവതാരിക'യിൽ, കേരളകാളിദാസൻ, കേരളപാണിനി, ആറ്റൂർ എന്നിവരുടെ ശാകുന്തളപരിഭാഷകൾക്കു ചില ന്യൂനതകൾ ഉണ്ടെന്നു വരുത്തുവാൻ തൽകർത്താവു യത്നിച്ചുകാണുന്നുണ്ടു്. വള്ളത്തോളിനെ വലുതാക്കിക്കാണിപ്പാനുള്ള ഒരു പ്രണയചാപല്യവിജൃംഭിതമെന്നുള്ളതിലധികം അതിന്നർത്ഥം കല്പിയ്ക്കാതിരിയ്ക്കുന്നതാണല്ലോ നല്ലതു്. അല്ലാതെ, പ്രസിദ്ധലേഖകനായ തൽകർത്താവു്, ഇതരാപേക്ഷയാ വള്ളത്തോൾതർജ്ജമയ്ക്കുള്ള ദോഷാധിക്യത്തെ കാണാതെ പോയതാണെന്നു കരുതാമോ? അവതാരികാകാരൻ ആദ്യമായിക്കീർത്തിയ്ക്കുവാനെടുത്ത 'മതിയാവോളം' ഇത്യാദി തർജ്ജമയിൽ "അംഗൈഃ" എന്ന മൂലത്തിന്നു്, 'ഗാത്രത്താൽ' എന്നു തെററിത്തർജ്ജമ ചെയ്തതും, "വീശേണമോ ക്ലമമററും" ഇത്യാദി തർജ്ജമയാൽ, മൂലത്തിലേ 'ക്ലമം' 'ദളം' 'കരഭോരു' ഈ പദങ്ങൾ അതേപടി ഇട്ടിരിയ്ക്കുന്നതും, 'നളിനീദള'ത്തെ 'നാളീകശീതളദള'മാക്കിപ്പരത്തിയിരിയ്ക്കുന്നതും, 'യഥാസുഖ'ത്തെ 'മന്ദ'മാക്കിത്തള്ളിയതും, വൃത്താർത്ഥമായി 'അഥ' ചേർത്തു വിട്ടതും, "കാന്താങ്ഗി നാലടി"—ഇത്യാദി തർജ്ജമയിൽ ഒരു നകാരാവൃത്തിയ്ക്കായി മാത്രം 'നാൽ' കടന്നുകൂടിയതും, അനാവശ്യമായി 'അഥ' ചേർത്തതും, 'അകാണ്ഡേ'യെ അങ്ങനെതന്നെ പകർത്തിയതും, കുശക്കിളിരെന്നു ഭാഷപ്പെട്ടത്താമായിരുന്നിട്ടും 'ദർഭാങ്കുര'ത്തെ 'കുശാങ്കുര'മാക്കിത്തൃപ്തിപ്പെട്ടതും, 'ശാഖാസു' 'വിടപത്തിൽ' ആക്കിക്കളഞ്ഞതും മററും സ്തോത്രസംരംഭത്തിൽ അദ്ദേഹം മറന്നുപോയാലും, സാമാന്യവായനക്കാൎക്കു സുസ്പഷ്ടമായി കാണാവുന്നതാണല്ലോ. ഇതും വിസ്തരിയ്ക്കുന്നില്ല.

തിരുമനസ്സിലെ പാണ്ഡിത്യാദികളേപ്പററി ഒന്നും വിശിഷ്യ പറയേണ്ടതില്ല. വ്യാകരണത്തിലുള്ള സാമത്ഥ്യം സവിശേഷം പ്രശംസനീയം എന്നു പറയണം. കാലടി പ്രതിഷ്ഠയ്ക്കു ജഗദ്ഗുരു ശങ്കരാചാര്യർ വന്നിരുന്നപ്പോൾ, ആ മഹാത്മാവിൽ നിന്നു കേരളപാണിനി ബ്രഹ്മവിദ്യോപദേശം ലഭിച്ചതും മററും പ്രസിദ്ധകഥകളാണു്. അതുകൊണ്ടു് ഇനിയും നീണ്ടുനീണ്ടുപോകാതെ ഇവിടെ നിർത്തുന്നതുതന്നെ കൊള്ളാം.

ബ്രഹ്മവിലാസം മഠം
തിരുവനന്തപുരം.
12—4—1112.

എന്നു്
പ്രസാധകൻ—പണ്ഡിതർ,
ഈ. വി. രാമൻനമ്പൂതിരി.

“നമിപ്പൂതാക!”

10597

രാജരാജകീൎത്തനം കുറച്ചൊന്നു് ഇവിടെയിപ്പോൾ ചെയ്യേണ്ടതിലേയ്ക്കു് പ്രബന്ധസംഗ്രഹത്തിന്റെ പ്രസാധകപ്രകാശകന്മാർ എന്നേ സൌഹാൎദ്ദത്തോടെ ഉന്തുന്നു. പണ്ഡിതാഗ്രണിയായ ആ കേരളപാണിനിയേ ഭക്തിപൂൎവ്വകം പുകഴ്ത്തുന്നതു് എനിക്കെപ്പോഴും ആഹ്ലാദകം തന്നെ. എന്നാൽ, അദ്ദേഹത്തിന്റെ ചില ഉപന്യാസങ്ങളേ പലതിൽനിന്നുമായി വെളിയ്യെടുത്തു് പുസ്തകപ്പെടുത്തുന്നതായ ഈ സന്ദൎഭത്തിൽ ഇങ്ങിനെയൊരു കീൎത്തനം ഉചിതമാണോ എന്നു് ആരെങ്കിലും ശങ്കിക്കുന്നുണ്ടെങ്കിൽ ആവോ എന്നു് എനിക്കു് കൈമലൎത്തുവാനേയുള്ളു.

ഭാഷാവിഷയത്തിൽ മാത്രമല്ലാ, നാട്ടുകാൎയ്യത്തിലും ഇന്നു് മുന്നണിയേറി വിളികൊള്ളുന്നവരിൽ, പ്രത്യക്ഷമായോ, പരോക്ഷമായോ, പ്രഫ്സ്സർതമ്പുരാനാൽ ശിക്ഷിതരല്ലാത്തവരേ ഉത്തരോത്തരം നോക്കി നോക്കിച്ചെന്നാലും എണ്ണിക്കൂട്ടുവാൻ കിട്ടുകയില്ലാ. യശശ്ശരീരത്താൽ ഈ ഭാഷാലോകത്തിൽ ചിരഞ്ജീവിയായി എഴുന്നരുളുന്ന അദ്ദേഹം സൎവ്വജനത്തിന്നും വന്ദ്യൻതന്നേ. അദ്ദേഹത്തിന്റെ ഭൌതികജീവിതം നമ്മുടെയിടയിൽനിന്നു മറഞ്ഞുപോയിട്ടു് അധികമൊന്നും കാലമായിട്ടില്ലായ്കയാൽ ആ പുണ്യഗാത്രത്തേ മനസ്സുകൊണ്ടു കാണുന്നവർ ഇപ്പൊഴും വളരെപ്പേരുണ്ടല്ലോ. അദ്ദേഹത്തെക്കുറിച്ചുള്ള പാവനസ്മരണ അസംഖ്യം ഹൃദയക്ഷേത്രങ്ങളിൽ കളിക്കേ തഴയ്ക്കുകയെന്നതു് കൂടിക്കൂടിവരികയാണിപ്പോൾ. അദ്ദേഹത്തിന്റെ ഉദാരകൎമ്മങ്ങളെക്കുറിച്ചുള്ള

പുണ്യസല്ലാപം ഭാഷാസന്നിധിയിലെല്ലാം നാ൦തോറും കേ൦ക്കുന്നതാണ്. ഇങ്ങിനെയിരിക്കേ, അദ്ദേഹത്തെക്കുറിച്ച് വല്ലതുമല്പം ഞാനിപ്പോ൦ കീൎത്തിക്കുന്നതായാൽ അതിന്ന് ഇത്തിരിപോലും പുതുമ തോന്നുന്നതല്ലാ.

വെറും കീൎത്തനമല്ലാതെ മറ്റെന്തൊന്നാണ് അദ്ദേഹത്തെക്കുറിച്ച് എനിക്കു ചെയ്യുവാൻ കഴിയുക! യശസ്സുകൊണ്ട് ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന വിശിഷ്ടകൎമ്മങ്ങളല്ലാതേ, അദ്ദേഹത്തിൽ വേറേ വല്ലതും നമുക്കുണ്ടോ കാണുവാൻ! കേരളഭാഷയ്ക്കു വേണ്ടിയാണ് ആ മതിമാൻ ജനിച്ചതു്. കേരളഭാഷയിൽത്തന്നെയാണ് അദ്ദേഹത്തിൻേറ ജീവിതപ്രവൎത്തനമെല്ലാം. എക്കാലത്തും എല്ലാവൎക്കും വെളിച്ചം കാണിക്കുന്ന തേജോമൂൎത്തിയായി അദ്ദേഹം ഭാഷാമണ്ഡലത്തിൽ ഉജ്ജ്വലിക്കുന്നു. ആ മഹാനുഭാവനെ ഈ ഭാഷാഭക്തന്മാൎക്ക് കൂപ്പുകൈയോടേ കുമ്പിടുകയേ എപ്പോഴും ചെയ്യാവതുള്ളു.

ആധുനികരൂപത്തിലുള്ള ഗദ്യപ്രസ്ഥാനത്തിന്ന് സാക്ഷാൽ കേരളകാളിദാസനാണല്ലോ ആദികൎത്താവ്. അക്കാൎയ്യത്തിൽ അദ്ദേഹത്തിൻേറ മുമ്പിലും പിമ്പിലുമായി വേറേ ചിലർ നിന്നിരുന്നുവെന്നതു് ശരിതന്നേ. വിദേശങ്ങളിൽനിന്ന് അടിച്ചുകേറിവരുന്ന പുത്തൻ പരിഷ്കൃതികളെയെല്ലാം വേണ്ടുംപോലേ താങ്ങുവാൻ തക്കവണ്ണം ഭാഷാഗദ്യത്തേ ഇമ്മട്ടിലാക്കിച്ചമയ്ക്കുവാൻ അക്കാലത്ത് 'ഉൽപതിഷ്ണു'പ്രവരന്മാരായി പ്രവൎത്തിച്ചിരുന്നവരിൽ വലിയകോയിത്തമ്പുരാൻതന്നെയാണ് നേതാവ്. വിശേഷിച്ച്, അന്ന് അദ്ദേഹം കേരളഭാഷാചക്രവൎത്തിയായി അഭിഷിക്തനായിട്ടുണ്ടല്ലോ. അതുകൊണ്ട് നവീന ഗദ്യരീതിയുടേ വിധാതൃത്വം കേരളവൎമ്മ വലിയ

കോയിത്തമ്പുരാനിൽ തികവോടെയും മികവോടെയും നിലകൊള്ളുന്നു. അദ്ദേഹത്താൽ സമാരബ്ധമായ നവ്യ ഗദ്യപ്രസ്ഥാനത്തേ, അദ്ദേഹത്തിൻേറ കാലത്തുതന്നേ, അദ്ദേഹത്തിൻെറ സ്വന്തം ഭാഗിനേയൻ ഏററവും ഉൽകൃഷ്ടമായ സൽപഥത്തിലേക്കു് ഉയൎത്തിവെച്ചുവെന്നതു് ലോകത്തിലേ ഭാഷാചരിത്രങ്ങളിൽ മറെറങ്ങും സംഭവിച്ചിട്ടില്ലാത്തതാണു്. അതുകൊണ്ടു് എ. ആർ. രാജരാജവൎമ്മ കേരളഭാഷയിൽ അത്യത്ഭുതമായ വിക്രമത്തോടെയാണു വിജയിച്ചുപോരുന്നതു്.

നമ്മുടേ രാജരാജവൎമ്മ കോയിത്തമ്പുരാൻ ഭാഷാലോകത്തിൽ എത്രയെല്ലാം വിഭവങ്ങളാണു് നേടിവെച്ചിരിക്കുന്നതെന്നു് ഞാനിപ്പോൾ ആരെയും എണ്ണിയെണ്ണി കേൾപ്പിക്കേണ്ടതില്ലല്ലോ. അതൊക്കെയും ഭാഷയുമായി ഇടപാടുള്ള ഏതൊരുവനും നാൾതോറും അനുഭവിച്ചുവരുന്നവയാകയാൽ അവയെക്കുറിച്ചൊന്നും ഇവിടെയേതും വൎണ്ണിക്കേണ്ടതുമില്ലാ. അദ്ദേഹത്തിൻേറ ഏതാനും ചില ഗദ്യപ്രബന്ധങ്ങളുടേ സങ്കലനമായ ഈ പുസ്തകത്തിന്മേൽ ഞാനൊരിലയുണ്ടാക്കി അച്ചിക്കുന്നതു് അതിനേ ഒട്ടും വികൃതമാക്കുന്നതല്ലാതാവണമല്ലോ.

ഒന്നു മാത്രമേ എനിക്കിവിടേ ചൊല്ലുവാനുള്ളു. കേരളപാണിനിയെന്നു വിശ്രുതനായ എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാനവർകൾ ഭാഷാഗദ്യത്തിൻേറ അഭിനവരൂപത്തേ സുന്ദരവും സുഘടിതവുമാക്കിയതു് എത്രത്തോളമോ അതിൽനിന്നു് എത്രയോ ഇപ്പുറമാണു് ഇപ്പൊഴത്തേ ഗദ്യസാഹിത്യകാരന്മാരുടേ കൃതികളെല്ലാം. അദ്ദേഹത്തിൻേറ ഗദ്യം നമ്മളിൽ നിന്നു് എത്ര ഉയരെയായി, എത്ര അൎത്ഥസംപുഷ്ടമായി, എത്ര ഹൃദയംഗമ

മായി പ്രശോഭിക്കുന്നുവെന്ന് ഇതാ, നമുക്ക് നോക്കാമല്ലോ. ജനപദം മുതൽ നഗരംവരേയ്ക്കുമുള്ള എല്ലാ ജനത്തിന്നും സുതരാം ഹൃദ്യമാകുമാറ് എത്ര ആകർഷകമായ കാന്തിയോടെയാണ് അദ്ദേഹത്തിൻേറ മട്ടമൊഴികൾ ഉല്ലസിക്കുന്നത് എന്ന് നാം സർവ്വദാ കാണുന്നതുതന്നെയാണല്ലോ. വിഷയം സാങ്കേതികമോ അസാമാന്യമോ ആയാൽപ്പോലും ആബാലവൃദ്ധം സർവ്വജനത്തിന്നും രസാവഹമാംവണ്ണം ചേലോടേ ചമയ്ക്കുന്നതിന്നുള്ള ആ വാണീപ്രഭാവം രാജരാജഗദ്യത്തിൽ എത്ര സമൃദ്ധമായിട്ടാണു തിങ്ങിയിരിക്കുന്നതെന്നു നാം അത്ഭുതത്തോടേ നോക്കുകയായിരിക്കുന്നു. അതിൻേറ ആ ആഭിജാത്യം—അതിൻേറ ആ ഗാംഭീര്യം—അതിൻേറ ആ സർവ്വാംഗപുഷ്ടി—ആ ഹൃദയമോഹനത്വം—ആ അർത്ഥസംപൂർത്തി—ആ അലങ്കാരവിലാസം—എന്നിതെല്ലാം എത്ര വിശിഷ്ടതയിലാണിതാ, ഉയർന്നു തിളങ്ങുന്നത്! ഇതൊന്നു മതിയല്ലോ ലോകത്തിൽ സുപ്രതിഷ്ഠയ്ക്ക് ആളാകുവാൻ!

മഹാനുഭാവനായ രാജരാജവർമ്മയേ നാമേവരും നാൾതോറും കുമ്പിടേണ്ടതാണ്. അദ്ദേഹത്താലാണ് നമ്മൾക്കൊക്കെയും ഇമ്മട്ടിലോരോന്ന് എഴുതാമെന്നായത്. പാശ്ചാത്യമോ പൌരസ്ത്യമോ ആയാലും, പ്രാചീനമോ നവീനമോ ആയാലും നമ്മുടേ ഭാഷയിൽ ഏതു വിഷയത്തെയും എല്ലാവർക്കും രഞ്ജകമാകുമാറ് ഉൾച്ചെലുത്താമെന്നു നമുക്കിത്രയും കാണിച്ചുതന്നത് അദ്ദേഹമാണ്. അതുകൊണ്ട് ആ മഹായശസ്വിയേ നമ്മൾ ഭക്തിവൈവശ്യത്തോടേ നമിപ്പൂതാക!

തിരുവനന്തപുരം,
൧൧൧൨ വൃശ്ചികം ൨. } കണ്ണൻ ജനാർദ്ദനൻ.

വിഷയസോപാനം

		വശം.
൧.	ആധുനിക മലയാളഭാഷ	൧
൨.	നിരൂപണത്തിൻെറ മാതൃക	൧൯
൩.	നമ്പൂതിരിമാരും സാഹിത്യവും	൩൦
൪.	നാട്ടുഭാഷാവിദ്യാഭ്യാസം	൫൧
൫.	മലയാളഭാഷാപോഷണം	൬൧
൬.	ദ്വിതീയാക്ഷരപ്രാസവാദം	൬൪
൭.	സഭോദ്ദേശ്യസിദ്ധി	൭൨
൮.	ഉച്ചാരണം	൮൦
൯.	അരയുകാരം	൮൮
൧൦.	ഭാഷാപരിഷ്കാരം	൧൦൧
൧൧	ശ്രീമഹാഭാരതതർജ്ജമ	൧൨൦
൧൨.	ഒരു നിരൂപണം	൧൨൭
൧൩.	കാലഗണന	൧൩൨
൧൪.	കേരളത്തിലെ ജ്യൗതിഷം	൧൫൨
൧൫.	ഒരു ചിലന്തിയുടെ ചരിതം	൧൭൨
൧൬.	ജീവിതസ്നേഹം	൧൭൮

പ്രബന്ധസങ്ഗ്രഹം

I

ആധുനികമലയാളഭാഷ

ഒരു ഭാഷയുടെ ഉത്കര്ഷവും അപകര്ഷവും, അതു സംസാരിയ്ക്കുന്ന ജനസാമാന്യത്തിനു സിദ്ധിച്ചിട്ടുള്ള ബുദ്ധിസംസ്കാരത്തിന്റെ മാത്രയേ ആശ്രയിച്ചാണിരിയ്ക്കുക. ഉദ്ബുദ്ധമായ ഒരു ജനസമുദായം ഉപയോഗിയ്ക്കുന്ന ഭാഷ ഉന്നതപദവിയേ പ്രാപിച്ചിരിയ്ക്കും; പാമരജനങ്ങളുടെ മാതൃഭാഷ പ്രാകൃതസ്ഥിതിയിലുമിരിയ്ക്കും. ഒരുവന്റെ ഉള്ളിൽ വ്യാപരിയ്ക്കുന്ന ആശയങ്ങളേ വെളിപ്പെടുത്തുന്നതിനുള്ള ഉപായമാണു ഭാഷ എങ്കിൽ, ഓരോ നാട്ടുകാരുടേയും പരിഷ്കാരനില അവരുടെ നാട്ടുഭാഷയിൽ പ്രതിഫലിച്ചുകാണാതിരിയ്ക്കയില്ല. ജനസമുദായങ്ങൾക്കും അവരുടെ ഭാഷകൾക്കും ഈ വിധം ഒരു ബന്ധമുള്ളതിനാൽ, ഒന്നിന്റെ നില അറിഞ്ഞാൽ, മററതിന്റെ നില ഊഹിയ്ക്കാൻ കഴിയുന്നതാണ്. ഇന്ത്യയുടെ പൂർവ്വചരിത്രം മിയ്ക്കതും, സംസ്കൃതഗ്രന്ഥങ്ങളിൽനിന്ന് ഈവിധം ഊഹിച്ചു തിട്ടപ്പെടുത്തീട്ടുള്ളതാകുന്നു. നമ്മുടെ പൂർവ്വികന്മാർ അന്നന്നു നടക്കുന്ന സംഭവങ്ങളേ രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നതിൽ വിമുഖരായിരുന്നതിനാൽ, ഭാരതീയരുടെ പൂർവ്വചരിത്രം നിർണ്ണയിയ്ക്കുന്നതിന്, ശ്രുതിസ്മൃതീതിഹാസപുരാണാദിഗ്രന്ഥങ്ങളും ശിലാലേഖനങ്ങളുമല്ലാതെ മററെന്താണ് ആധാരം?

അതിനാൽ, ഭാഷയ്ക്കും അതു സംസാരിയ്ക്കുന്ന ജനങ്ങൾക്കുമുള്ള ഈ പരസ്പരബന്ധമനുസരിച്ചു നോക്കുന്നതായാൽ, മലയാളഭാഷയ്ക്കു സാമാന്യം ഉത്തമമായൊരു നിലയ്ക്കുതന്നെ അവകാശമുള്ളതായിട്ടാണ് ഇപ്പോൾ ഇരിയ്ക്കുന്നതു്. 'കോരപ്പുഴ'കടന്നാൽ കുലം കെട്ടം എന്നു കരുതി ഒതുങ്ങിയിരുന്നവർ, ഇക്കാലത്തു്, പുഴകളല്ല അനേകം വൻകടലുകൾതന്നെ കടന്നു്, പരിഷ്കൃതമായ പല ദ്വീപാന്തരങ്ങളിലും പ്രവേശിച്ചു താമസിച്ചും സഞ്ചരിച്ചും, ഓരോ സങ്കേതികളിലും പ്രത്യേകനിപുണതയും ലോകപരിചയവും സമ്പാദിച്ചും വന്നു്, പൊതുജനങ്ങളുടെ ഉത്കർഷത്തിനായി പ്രയത്നം ചെയ്തു വരുന്നു. ഇഹലോകവാസത്തിൽ വെറുപ്പുതോന്നുമ്പോൾ മാത്രം, സഹ്യാദ്രിയുടെ മറുവശത്തേയ്ക്കു പോയിരുന്നതു നിമിത്തം, 'ദേശാന്തരം പോയി' എന്നു പറഞ്ഞു്, ഇഹലോകവ്യാപാരം വെറുത്തു എന്നർത്ഥം മനസ്സിലാക്കിക്കൊണ്ടിരുന്ന മലയാളികൾ, ഇപ്പോൾ ഭൂഖണ്ഡത്തിന്റെ സകലഭാഗങ്ങളിലും ചെന്നുകൂടി, ഇഹലോകവ്യാപാരത്തിന്നുപയുക്തങ്ങളായ നല്ലനല്ല ഉപകരണങ്ങൾ തിരഞ്ഞെടുത്തു ശേഖരിച്ചുകൊണ്ടാണിരിയ്ക്കുന്നതു്. ഇങ്ങനെ സ്വന്തം നാട്ടുകാർ വഴിയ്ക്കും, ഉത്കൃഷ്ടരാജ്യക്കാരായ മറുനാട്ടുകാരുമായി പല വിധത്തിലും വന്നുചേർന്നിട്ടുള്ള ഇടപാടുകൾ വഴിയ്ക്കും പൊതുജനങ്ങളുടെ സ്ഥിതിയിലും സാമാന്യമായ ഒരുത്കർഷം ഉണ്ടായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. ഉത്പതിഷ്ണുക്കളായ മേല്പറഞ്ഞ ജനങ്ങളുടെ ആവക പ്രയത്നങ്ങൾ നിമിത്തം, മലയാളഭാഷയുടെ പ്രസിദ്ധിയും മറു രാജ്യങ്ങളിൽ ധാരാളം എത്തിയിരിയ്ക്കുന്നു. എന്നു മാത്രമല്ല, കല്ക്കത്ത മുതലായ പ്രദേശങ്ങളിലെ സർവ്വകലാശാലകളിൽ മലയാളം ഉപഭാഷ

കളിൽ ഒന്നായി നിശ്ചയിയ്ക്കേണ്ട സങ്ഗതിയും അധികൃതന്മാരുടെ ആലോചനയ്ക്കു വിഷയമായിത്തീൎന്നിട്ടുണ്ടെന്നാണറിയുന്നതു്. ചുരുക്കിപ്പറയുന്നതായാൽ, മലയാളഭാഷ സംസാരിയ്ക്കുന്ന ജനങ്ങൾ ഇപ്പോൾ സാമാന്യം നല്ലൊരു നിലയിലെത്തീട്ടുണ്ടെന്നു പറയാവുന്നതാണു്. ആ സ്ഥിതിയ്ക്കു് ആ ഭാഷയും, ഏകദേശമെങ്കിലും അതിന്നു തക്ക ഒരു നിലയിൽ, എത്തിയിരിയ്ക്കേണ്ടതാണല്ലോ. എന്നാൽ പ്രസ്തുതഭാഷയുടെ കാൎയ്യത്തിൽ, ഈ സങ്ഗതി വളരെ വ്യത്യാസപ്പെട്ടു കാണുന്നു. ഇപ്പോഴത്തെ ഭാഷാസ്ഥിതിയിൽനിന്നു്, മലയാളികളുടെ സ്ഥിതി ഊഹിയ്ക്കുന്നതായാൽ, വാസ്തവത്തിലുള്ളതിൽനിന്നു് എത്രയോ താണ ഒരു നിലയിൽ നാം ഇരിയ്ക്കേണ്ടതായിത്തീരും!

പരസ്പരബന്ധമുള്ള രണ്ടു വസ്തുക്കൾ സ്വഭാവവിരുദ്ധമായി ഇങ്ങനെ പരസ്പരം ഭേദപ്പെട്ടിരിയ്ക്കേണമെങ്കിൽ, അതിന്നു ചില പ്രത്യേകകാരണങ്ങളും ഉണ്ടായിരിയ്ക്കണമല്ലോ. മലയാളഭാഷയുടെ അഭിവൃദ്ധിയേ തടയുന്നതിന്നുള്ള കാരണങ്ങളിൽ പ്രധാനമായിട്ടുള്ളതു്, അഭിവൃദ്ധി വരുത്തുവാൻ അവകാശപ്പെട്ടവരുടെ ഇക്കാൎയ്യത്തിലുള്ള സ്വാൎത്ഥപരത, അല്ലെങ്കിൽ ഉദാസീനത ഈ രണ്ടിലൊന്നോ, രണ്ടും കൂടിയോ തന്നെയാണു്. വിദ്യകൊണ്ടും ലോകപരിചയംകൊണ്ടും മററും, ജനസാമാന്യത്തിന്നുത്കൎഷമുണ്ടാക്കിത്തീൎക്കുന്ന മാന്യന്മാരേയാണു്, ഏതുകാലത്തും പൊതുജനങ്ങൾ അനുസരിയ്ക്കുകയും അനുകരിയ്ക്കുകയും ചെയ്യുന്നതു്. അതിനാൽ ഭാഷയുടെ ഓരോ തരത്തിലുള്ള ഗതിയ്ക്കും പ്രധാനഹേതുഭൂതന്മാർ അവർതന്നെ ആയിട്ടേ ഇരിയ്ക്കയുള്ളു. അതു നല്ലമട്ടിലാക്കേണ്ട ചുമതല അവരിൽനിന്നൊഴി

ച്ചാലൊഴിയുന്നതുമല്ല. അവർതന്നെ അതാതു ഭാഷയുടെ കുലവും സ്വഭാവവും നോക്കാതെ പെരുമാറിയാൽ, അതു ദോഷപ്പെട്ടുപോകാനേ നിവൃത്തിയുള്ളൂ എന്നു വേറേ പറയേണ്ടതില്ലല്ലോ. അങ്ങനെ ഭാഷയ്ക്കുണ്ടാകുന്ന കേടുകൾ, വാസ്തവത്തിൽ അവർ മനഃപൂർവ്വമായി വരുത്തിക്കൂട്ടുന്നതല്ലെങ്കിലും, മനസ്സിരുത്താഞ്ഞിട്ടു വന്നുകൂടുന്നതാണെന്നുള്ള സങ്ഗതി അല്പം ആലോചിച്ചാൽ അറിയാം.

ഉള്ളിൽ വ്യാപരിയ്ക്കുന്ന ആശയം പുറത്താക്കുന്ന കാര്യത്തിൽ അവനവന്റെ തത്കാലസൗകര്യം മാത്രം നോക്കി, സാധാരണ സംഭാഷണങ്ങളിലും, പ്രായേണ എഴുത്തുകളിലും മലയാളഭാഷയ്ക്കു യോജിയ്ക്കാത്തവിധം ഇങ്ക്ലീഷുവാക്കുകളും, ചിലപ്പോൾ ഇങ്ക്ലീഷുവാചകങ്ങൾ തന്നെയും കൂട്ടിക്കലർത്തി, ഒടുവിൽ ഒരു ഭാഷാപദമോ, പ്രത്യയമോ ചേർത്തു ഭാഷ ചെയ്യുന്ന സമ്പ്രദായം തുടങ്ങിവെച്ചതു മുതല്ക്കാണ്, മലയാളത്തിന്റെ ഗതിയും "ഭാഷ"യൊന്നു മാറിയ മട്ടിലായിത്തുടങ്ങിയതു്! ആദ്യത്തിൽ ഈ മാതിരി ദുർഘടപ്രയോഗങ്ങൾ, ചില പ്രത്യേക വിഷയങ്ങളേക്കുറിച്ചു സംസാരിയ്ക്കുമ്പോൾ മാത്രമായിരുന്നുവെങ്കിലും, ക്രമത്തിലതു വർദ്ധിച്ചു വർദ്ധിച്ചു് ആശയം വെളിപ്പെടുത്തുന്ന കാര്യത്തിൽ സൗകര്യത്തിനു ലേശം പോലും വ്യത്യാസമില്ലാത്ത സങ്ഗതികളേക്കൂടി കൈയേറി ബാധിച്ചുതുടങ്ങി. ആകപ്പാടെ മലയാളം സംസാരിയ്ക്കുമ്പോൾ, ഒരു വാക്യത്തിൽ ഒരിങ്ക്ലീഷുവാചകമോ, ചുരുങ്ങിയതു് ഒന്നുരണ്ടിങ്ക്ലീഷുവാക്കെങ്കിലുമോ, തന്നെത്താനറിയാതെ വന്നുകൂടുമെന്ന വിധത്തിലായിത്തീർന്നിട്ടാണ് ഇപ്പോൾ കണ്ടുവരുന്നതു്. ഇങ്ങനെ ഭാഷയ്ക്കു വല്ലാത്ത പുഴക്കുത്തു പിടിപ്പിച്ചു കേടുവരുത്തുന്ന സങ്ഗതി

യിൽ വല്ല അൎത്ഥവുമുണ്ടോ എന്നുള്ളതും നോക്കേണ്ടതാണ്. ഇങ്ക്ളീഷുഭാഷ അറിയുന്നവരോടാണു സംസാരിയ്ക്കുന്നതെങ്കിൽ, ഈവിധം രണ്ടുംകെട്ട മാതിരിയിൽ അലങ്കോലപ്പെടുത്തിപ്പറയുന്നതുകൊണ്ടു വിശേഷിച്ചൊരു ഫലവും കിട്ടാനില്ല. അതറിയാത്തവരോടു സംസാരിയ്ക്കുമ്പോൾ, ഇതും അറിയാത്തതുതന്നെയുമാണ്. കോളേജിൽ ചേൎന്നു പഠിച്ചു പരീക്ഷയിൽ ജയിയ്ക്കുന്നതിന്നേക്കാൾ, "കോളീജിയേററു സ്റ്റഡിയ്ക്കു പോയി എക്സാമിനേഷൻ പാസ്സാകാതിരിയ്ക്കു"ന്നതു് ആൎക്കും നല്ലതാവാൻ തരമില്ല. സാധാരണ മലയാളികൾക്കു്, "ന്യൂ ഹൌസ്സെടുത്തു ഫിററപ്പു ചെയ്തു താമസിയ്ക്കു"മ്പോഴും, പുതിയൊരു ഗൃഹം വാങ്ങി ഒരുക്കക്കൂട്ടിപ്പാൎക്കുമ്പോഴും ഒപ്പംതന്നെയാണോ ഭാരം തോന്നുന്നതെന്നും വിചാരിയ്ക്കേണ്ടതുണ്ടു്. കേൾക്കുന്നവരുടെ നിലഭേദം നോക്കാതെയുള്ള ഈമാതിരി സംസാരംകൊണ്ടു്, താൻ പറയേണ്ടതു പറയുക എന്ന ഒന്നു മാത്രമേ പ്രധാനമായി നിൎവ്വഹിയ്ക്കുന്നുള്ളു എന്നുള്ളതു സ്പഷ്ടമാണല്ലോ. അതാണ്, പ്രധാനകാരണങ്ങളിലൊന്നു സ്വാതന്ത്ര്യപരതയാണെന്നു മുൻപിൽ പ്രസ്താവിച്ചതു്.

ഇനി, ചില പ്രത്യേകവിഷയങ്ങളേപ്പററിപ്പറയേണ്ടിവരുമ്പോൾ, മലയാളഭാഷയിൽ അതാതിന്നു തക്ക വാക്കുകളില്ലാത്തതുകൊണ്ടു് ഇങ്ക്ളീഷുവാക്കുകൾ തന്നെ ഇടകലൎത്തേണ്ടിവരുന്നതാണെങ്കിൽ, അതിന്നേപ്പററിയും അല്പം പറയേണ്ടതുണ്ടു്. ആ മാതിരി സംസാരംകൊണ്ടു വേണ്ടിടത്തോളം ഫലം സിദ്ധിയ്ക്കുകയില്ലെന്നുള്ള സങ്ഗതി ഇരിയ്ക്കട്ടെ; അതിന്നു പുറമേ, ലോകസ്വഭാവത്തിന്നും ഇതൊട്ടും യോജിയ്ക്കുന്നതല്ല. ഏതു

കാലത്തും പുതിയ പുതിയ സംഭവങ്ങളും വസ്തുക്കളും ആശയങ്ങളും ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നതാണല്ലോ ലോകഗതിയുടെ സ്വഭാവം. അതുതന്നെ, സമാധാനകാലങ്ങളിലും, മനസ്സംസ്കരണം, പരിശ്രമശീലം മുതലായ ഗുണങ്ങൾ അധികമുള്ള ജനസാമാന്യത്തിന്റെ ഇടയിലും വിശേഷിച്ചും ക്ഷണംപ്രതി വൎദ്ധിച്ചുവരുകയും ചെയ്യും. ആ വക സംഭവങ്ങളേപ്പററിയും മററും പറയുന്നതിന്നു വേണ്ട പ്രത്യേകപദങ്ങൾ അതാതുകാലങ്ങളിൽത്തന്നെ മറെറല്ലാബ്ഭാഷകളിലും ഉണ്ടായെന്നു വരുന്നതല്ല. അപ്രകാരം തന്നെ, മതം സമുദായസ്ഥിതി മുതലായതിന്റെ രീതിഭേദം നിമിത്തവും, ഓരോരോ ഭാഷകളിലുള്ള വാക്കുകൾക്കു തക്കതായ ഒററ വാക്കുകൾ മററു ഭാഷകളിൽ ഇല്ലാതെ വന്നേയ്ക്കാം. ചോറം, ബലിക്കല്ലുര, തിയ്യാട്ട്, താലപ്പൊലി മുതലായതോ, കാളൻ, കാളിപ്പഴം, കവണി, കണ്ടശരം മുതലായതോ, ഇങ്ക്ളീഷിലേ ഒററപ്പദംകൊണ്ടു പറഞ്ഞു മനസ്സിലാക്കാൻ സാധിയ്ക്കുന്നതല്ലല്ലോ. അതുപോലെ തന്നെ, ഇങ്ക്ളീഷിലേ ഒരു വാക്കിന്നു മലയാളത്തിൽ ഒരു വാചകമോ * വാക്യം തന്നെയോ വേണ്ടിവന്നേയ്ക്കാം. അതിനാൽ, പുതിയ സംഭവങ്ങളേപ്പററിയും മററും പറയുന്നതിന്നുള്ള പ്രത്യേകപദങ്ങൾ ഓരോ ഭാഷയിലും ഉണ്ടായി നട

---

* അന്യോന്യം അന്വയമുള്ളതും; എന്നാൽ ഒരു ക്രിയാപദത്തിൽ ചേൎന്ന് അൎത്ഥപൂൎത്തി വരാത്തതുമായ പദസമൂഹം വാചകം.

ആഖ്യയോടും ആഖ്യാതത്തോടുംകൂടി, ഒരു പരിപൂൎണ്ണമായ അൎത്ഥത്തേ പ്രതിപാദിയ്ക്കുന്ന പദസമൂഹം വാക്യം. (പ്രസാധകൻ)

പ്പാകുന്നതുവരെ, ആ വക സംഭവങ്ങളേയും ഏൎപ്പാടു കളേയും എല്ലാം, വാചകങ്ങൾകൊണ്ടോ, വാക്യങ്ങൾ കൊണ്ടോ വിവരിച്ചു മനസ്സിലാക്കുന്നതേ ലോകസ്വഭാവത്തിന്നും ജനങ്ങൾക്കും ചേൎന്നതായിത്തീരുകയുള്ളു. ഇങ്ക്ളീഷുകാരുടെ "മോണക്കി" മലയാളത്തിലെത്തുമ്പോൾ "സ്വായത്തസിദ്ധി" എന്ന പഴയ സംസ്കൃത വേഷത്തിൽ വരുന്നതു പുതിയ മോടിയ്ക്കു പിടിയ്ക്കുന്നില്ലെങ്കിൽ, സ്വതന്ത്രരാജ്യഭരണമോ, രാജാവിന്റെ സ്വതന്ത്രഭരണമോ ആയി വന്നു കുറേക്കാലം പെരുമാറേണ്ടതാണു്. "ലാങ്ങ്കോട്ടു്" നെടുംകുപ്പായമായാലും അധികം നീളുന്നതല്ലല്ലോ. "കാളർ" കഴുത്തുപട്ടയും, "സ്റ്റോക്കിങ്ങ്സ്" അടിയുറയും ആയാലാണു മലയാളികൾക്കധികം യോജിയ്ക്കുന്നതെന്നു തോന്നുന്നു. ഈ മാതിരിയിൽ അസംഖ്യംജാതിപദങ്ങൾ അൎത്ഥം മാത്രമനുസരിച്ചു്, വേഷം തീരെ മാററിത്തന്നെ, ഭാഷയിൽ കൂട്ടിയിണക്കേണ്ടതായി വരും. സംജ്ഞാനാമങ്ങൾ അല്ലെങ്കിൽ യദൃച്ഛാശബ്ദങ്ങൾ എന്ന വൎഗ്ഗത്തിൽ പെട്ട പദങ്ങളേപ്പററിയേടത്തോളം ഈ മാൎഗ്ഗം അത്ര ശരിയായി വരുന്നതല്ലെങ്കിലും, ആ വക ശബ്ദങ്ങളിലും ഓരോരോ ഭാഷകളുടെ വൎഗ്ഗഭേദമനുസരിച്ചു ചില വിശേഷമോടി വരുത്തേണ്ടതുണ്ടെന്നുള്ള സങ്ഗതി, പരിഷ്കൃതഭാഷകൾ പരിശോധിച്ചാൽ ധാരാളം അറിയാവുന്നതാണു്.

തിരുവനന്തപുരം, കൊല്ലം, ചിറമണ്ണൂർ, കോഴിക്കോടു മുതലായ വാക്കുകൾ ഇങ്ക്ളീഷിനോടുകൂടി ഇടപെടുമ്പോൾ, ട്രിവൻഡ്രം, കൊയ്ലൂൺ, ഷോണ്ണൂർ, കാലിക്കററു് എന്നെല്ലാമായി വരുന്നതു്, ഉച്ചാരണ

ത്തിൽ എത്രയും വൈഷമ്യമുള്ള അനേകം പദങ്ങൾ നിഷ്പ്രയാസം ഉച്ചരിച്ചുവരുന്ന ഇങ്ക്ളീഷുകാക്ക്. തിരുവനന്തപുരം എന്നുച്ചരിപ്പാൻ സാധിയ്ക്കാഞ്ഞിട്ടല്ല; വർഗ്ഗപ്പിഴ തീൎത്തു ഭാഷയുടെ തന്മയത്വം വരുത്താൻ വേണ്ടിയാണു്. ഗോപാലൻ ഗോപ്പാൽ ആകുന്നതും, പിള്ള പിള്ളെ ആകുന്നതും എല്ലാം ഈ വഴിയ്ക്കു തന്നെ. വിദേശവാക്കുകളെ മലയാളത്തിൽ ചേൎത്തു ജാതിഭേദം വരുത്തുമ്പോഴും, ഈമാതിരി അല്പം ചില കൎമ്മങ്ങൾ കഴിച്ചു്, ആകപ്പാടേ മോടിയ്ക്കൊരു മാററം ഉണ്ടാക്കിയാലേ, കൂട്ടത്തിൽ പെരുമാറിയാൽ തിരിച്ചറിയാത്തവിധം ഇണക്കം തോന്നുകയുള്ളൂ. ഇപ്രകാരം, ഒന്നിനേ മറെറാരു വർഗ്ഗത്തിൽ ചേൎക്കുന്ന അവസരങ്ങളിലും, വേഷത്തിലെന്നപോലെ ഭാഷയിലും ചിലതിന്നു മാത്രമേ ആകൃതിവ്യത്യാസം വരുത്തേണ്ട ആവശ്യം നേരിടുകയുള്ളൂ എന്നുള്ളതും, അതാതു പദങ്ങളുടെ സ്വരൂപം കണ്ടാൽ ക്ഷണത്തിൽ അറിയാവുന്നതാണു്. ജൎമ്മനി, ഇററലി, അമേരിയ്ക്ക മുതലായതു് അതേ രൂപത്തിൽത്തന്നെ മലയാളത്തിലും ഇണങ്ങിക്കൊള്ളും. ഈജിപ്ററ്, തെംസ്, ഓസ്റ്റ്റ്യാ ഇവ, ഈജിപ്തും തിംസയും ആസ്ത്രിയയുമായാൽ മതിയാകുമെന്നു തോന്നുന്നു. ഇത്രയും കാണുമ്പോൾ, പക്ഷേ, വായനക്കാരിൽ ചിലർ നെററി ചുളിച്ചേയ്ക്കാം. മററു ചിലർ ഈ ലേഖകന്റെ അഭിപ്രായത്തിൽ, പാരീസ് പരാശയോ, പരേശിയോ എന്താകണമെന്നാണു് എന്നു പരിഹാസചോദ്യവും തുടങ്ങിയേയ്ക്കാം. എന്നാൽ, ഭാഷാതത്ത്വജ്ഞന്മാൎക്കും ഭാഷാഭിമാനികൾക്കും, പ്രസ്തുതസങ്ഗതിയോൎക്കുമ്പോൾ വലിയ കുണ്ഠിതത്തിന്നാണിടയുള്ളതു്. മലയാളരാജ്യത്തിൻെറ ഒരു ഭൂമിശാസ്ത്രമെങ്കിലും നമ്മുടെ സ്വന്തം ഭാഷയിൽ

ശരിയായെഴുതണമെങ്കിൽ, ഓരോ ദേശങ്ങളിലുംപോയി പഴമക്കാരേക്കണ്ടു്, അതാതു ദേശത്തിൻെറ മലയാള പ്പേർ മനസ്സിലാക്കിയതിന്നു ശേഷം മാത്രമേ ആ കാര്യം സാധിക്കയുള്ളൂ എന്ന നിലയിലാണു് ഇപ്പോഴത്തേ ഭാഷാസ്ഥിതി വന്നുകൂടിയിരിയ്ക്കുന്നതെന്നു് അവരെങ്കിലും ഓക്കുമെന്നാണെൻെറ വിശ്വാസം. മലയാള ഭാഷ സംസാരിയ്ക്കുമ്പോൾത്തന്നെ, തിരുവനന്തപുരവും കോഴിക്കോട്ടും ട്രിവൻഡ്രവും കാലിക്കററും മററുമാക്കി ത്തീക്കുന്നതിൻേറയും, മലയാളത്തിന്നിടയിൽ ഇങ്ക്ളീഷുവാക്കുകളും വാചകങ്ങളും ഇങ്ക്ളീഷിലും, ഒടുവിൽ "ആൽ" "ൻെറ" മുതലായ പ്രത്യയങ്ങൾ മാത്രം മലയാളത്തിലും എഴുതിവരുന്നതിൻേറയും അനൗചിത്യത്തേപ്പററിപ്പറയുന്നതിനേക്കാൾ, ആ വക ഭ്രമത്തിന്റെ ശക്തി ഊഹിച്ചറിയുന്നതാണു നല്ലതു്. ആകപ്പാടെ അല്പം പ്രയത്നം ചെയ്യുന്ന കാര്യത്തിൽ ഈവിധം ഉദാസീനത കാണിയ്ക്കുന്നതു നിമിത്തം, ഭാഷയ്ക്കു വന്നിട്ടുള്ള ദോഷം എത്രയോ വലുതായിത്തന്നെ തീന്നിരിയ്ക്കുന്നുവെന്നു പറയാം.

മേൽ പ്രസ്താവിച്ച കാരണങ്ങൾക്കു പുറമേ, ചില നവീനഗ്രന്ഥകാരന്മാർവഴിയ്ക്കും ഓരോ ജാതി തരക്കേടുകൾ ഭാഷയ്ക്കു വന്നുകൂടുന്നുണ്ടു്. ആ വക ദോഷങ്ങൾ പലതാണെങ്കിലും, മിയ്ക്കതും ഭാഷയുടെ ശൈലിയേസ്സംബന്ധിച്ചുള്ളവയായിട്ടാണു കണ്ടുവരുന്നതു്. ഓരോ ഭാഷകളിലും വാക്കുകൾക്കെന്നപോലെ വാചകങ്ങൾക്കും വാക്യങ്ങൾക്കും ഓരോരോ പ്രത്യേകസ്വഭാവമുണ്ടായിരിയ്ക്കും. പ്രായേണ, വാക്കുകളുടെ ബന്ധക്രമമാണു് ആ സ്വഭാവത്തിന്നടിസ്ഥാനം. അതു നല്ലവണ്ണം പ്രകാശി

ച്ചാൽ മാത്രമേ വാചകത്തിന്നൊരു ജീവനുണ്ടാകയുള്ളൂ. വാചകത്തിൻെറ ജീവനാണല്ലോ വാചകപുഷ്ടിയ്ക്കുള്ള പ്രധാനാസ്പദം. ആ വക സങ്ഗതികളിലൊന്നും ശ്രദ്ധ വെയ്ക്കാതെ, ആങ്ഗ്ഗളഭാഷയുടെ ശൈലി മാത്രം നോക്കി, വാചകം നിമ്മിച്ചു മലയാളത്തിൻെറ ജീവൻ കെടുക്കുന്നതു് ഒട്ടും ആഗ്രഹിയ്ക്കത്തക്കതല്ല. നാം ഭാഷ പഠിയ്ക്കേണ്ടതിന്നു പകരം, ഭാഷ നിമ്മിയ്ക്കാൻ തുടങ്ങിയാൽ, അതു നല്ല ഭാഷയായി വരുകയില്ല. നേർവഴി മലയാളത്തിൽത്തന്നെ ആശയം വെളിപ്പെടുത്താൻ നോക്കാതെ, ഇങ്ക്ലീഷിൽ വാക്യം നിമ്മിച്ചു്, അതിനെ മലയാളവേഷം കെട്ടിപ്പാൻ പുറപ്പെടുന്നതുകൊണ്ടാണു് ഈ വിധം ഭാഷാശൈലി വിടേണ്ടിവരുന്നതു്. ഓരോ ഇങ്ക്ലീഷുപദത്തിൻേറയും സ്ഥാനത്തു് ഓരോ മലയാളപദം വെച്ചു കൂട്ടിക്കെട്ടി വാക്യമുണ്ടാക്കേണ്ടിവരുന്നതും, പദത്തിന്നു പദം കിട്ടാതെ കുഴങ്ങി ഭാഷയിൽ വാക്കില്ലെന്നു് ആവലാതി പറയേണ്ടിവരുന്നതും, അധികവും ഈ വളഞ്ഞ വഴിയ്ക്കു പുറപ്പെട്ടിട്ടുണ്ടാക്കിത്തീക്കുന്ന അനത്ഥങ്ങളാണു്. ഭാഷയിൽ നേരേതന്നെ പറയുന്നതായാൽ മിയ്ക്ക സങ്ഗതികളിലും യാതൊരു കുഴപ്പത്തിന്നും സങ്ഗതിവരില്ലെന്നു മാത്രമല്ല, ഇങ്ക്ലീഷിലും മററും പദാത്ഥമാകാവുന്നതു മലയാളത്തിൽ വാക്യാത്ഥമായി വരേണ്ടതു് അങ്ങനേയും നേരേ മറിച്ചു വേണ്ട ദിക്കിൽ അങ്ങനെയും, തന്നെത്താനറിയാത്തവിധം എളുപ്പത്തിൽ ശരിയാക്കാവുന്നതുമാണു്. ആ സ്ഥിതിയ്ക്കു്, നഷ്ടം വരാത്ത ഉപകാരം ചെയ്യാൻ മടിച്ചു ബുദ്ധിമുട്ടുവാൻ ഒരുങ്ങുന്ന സമ്പ്രദായം സ്വീകരിച്ചിട്ടാണു്, ഈ വിധത്തിൽ ഭാഷയുടെ ജീവൻ കുറഞ്ഞുപോകുന്നതെന്നുതന്നെ പറയേണ്ടതായിക്കാണുന്നു.

വേറൊരുവിധത്തിൽ ഭാഷാശൈലിയ്ക്കു കേടു തട്ടിയ്ക്കുന്ന ദോഷം, പുതിയ ഗ്രന്ഥങ്ങളിലും മററും അധികഭാഗവും സ്ഥലംപിടിച്ചുകൂടീട്ടുള്ള കർമ്മണിപ്രയോഗമാണ്. ഭാഷയിൽ അതു കൃത്രിമമാണെന്നും, അഭംഗിയാണെന്നും ഈ ലേഖകൻതന്നെ പല തവണയും പ്രസ്താവിച്ചിട്ടുണ്ട്. എങ്കിലും മുൻപറഞ്ഞ ദോഷത്തേക്കാൾ എത്രയോ മാററധികം ഭാഷാശൈലിയേ ദൂഷിപ്പിയ്ക്കുന്ന ഇതിനേപ്പററി ഇവിടെയും രണ്ടു വാക്കു പറഞ്ഞേയ്ക്കാം. സംസ്കൃതം, ഇംഗ്ലീഷു മുതലായ ഭാഷകളിൽ "കൃദന്തം" അല്ലെങ്കിൽ "പേരെച്ചം" എന്ന ഇനത്തിൽപെട്ട പദങ്ങൾ അതാതു ക്രിയകളുടെ കർത്തൃകർമ്മങ്ങളേ മാത്രമേ പ്രധാനമായിക്കുറിയ്ക്കുന്നുള്ളു. സംസ്കൃതത്തിൽ മററു ചില കാരകങ്ങളേയും ദുർല്ലഭം കുറിയ്ക്കുമെങ്കിലും, ആ വക ശബ്ദങ്ങൾ മിയ്ക്കതും, പേരെച്ചം എന്ന അംശംവിട്ടു നാമങ്ങളേപ്പോലെയായിത്തീൎന്നിട്ടുള്ളതാണ്. ഈ സങ്ഗതിയനുസരിച്ച്, കർത്തൃകർമ്മപ്രയോഗങ്ങളടങ്ങിയ കൃദന്തശബ്ദങ്ങൾ ചേൎന്നുണ്ടായ വാക്യങ്ങളേപ്പോലെ കേവലം കർത്തൃകർമ്മപ്രയോഗങ്ങളും ആ വക ഭാഷകളുടെ ശൈലിയ്ക്കു യോജിച്ചുവരുന്നു. മലയാളഭാഷയിൽ പേരെച്ചങ്ങൾ എല്ലാക്കാരകങ്ങളേയും ഒരുപോലെ പ്രധാനമായിത്തന്നെ കുറിയ്ക്കും. അതുകൊണ്ടു പേരെച്ചങ്ങൾ ചേൎന്നുണ്ടായ വാക്യങ്ങളിൽ, കരണപ്രയോഗവും, അധികരണപ്രയോഗവും എല്ലാം അടങ്ങിക്കൊണ്ടുവരുന്നതാണ്. അവയെല്ലാം ശബ്ദരൂപം ഒന്നുതന്നെയുമാണ്. ആ സ്ഥിതിയ്ക്കു കർമ്മത്തേ മാത്രം കൂട്ടത്തിൽനിന്നു പിരിച്ച് ഒററയ്ക്കു പെടുത്തുന്നത് അനാവശ്യകവും, കൃത്രിമപ്രയോഗവും ആവാനേ വഴിയുള്ളു. ഇതിന്നും പുറമേ, "പെടുക"

എന്നതു വാസ്തവത്തിൽ നാമങ്ങളിൽനിന്ന ക്രിയകളുണ്ടാക്കുവാൻ മാത്രം ഉപയോഗപ്പെട്ടത്തേണ്ട ശബ്ദവുമാണ്. ഇത്രയും പറഞ്ഞതുകൊണ്ടുതന്നെ, പ്രയോഗവിശേഷങ്ങളേപ്പററിയേടത്തോളവും, മററു ഭാഷകളുടെ ശൈലിയ്ക്കും മലയാളത്തിൻെറ ശൈലിയ്ക്കും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നുള്ളതു സ്പഷ്ടമായല്ലോ. സൂക്ഷ്മം നോക്കിയാൽ, ഭാഷയിൽ കമ്മണിപ്രയോഗമെന്ന പറഞ്ഞുവരുന്നമാതിരിയിലുള്ള വാക്യങ്ങൾതന്നെ അസംബന്ധമാണെന്നും, ആ അസംബന്ധം പരിഹരിയ്ക്കണമെങ്കിൽ ചില പ്രത്യേകനിയമങ്ങൾ ഏപ്പെട്ടത്തേണ്ടിവരുമെന്നും ഉള്ള സങ്ഗതിയും ഭാഷാതത്ത്വജ്ഞന്മാൎക്ക് അനുഭവപ്പെട്ടുന്നതാണ്. ഏതായാലും, ഇതും വേണ്ടാതെ വരുത്തിക്കൂട്ടുന്ന ഒരു ശൈലീഭങ്ഗമാണെന്നു തീച്ചതന്നെ.

ഇനി, "വാളെടുത്തവരൊക്കെ വെളിച്ചപ്പാട്" എന്ന ന്യായമനുസരിച്ച്, ഗ്രന്ഥകത്താക്കന്മാരായിത്തീന്നിട്ടുള്ളവരേപ്പററിയാണ് അല്പം പറവാനുള്ളത്. ഇവർ വഴിയ്ക്കു ഭാഷയ്ക്കു വന്നുചേന്നിട്ടുള്ള ന്യൂനതകൾ, ഇന്നിന്നതെല്ലാമാണെന്നോ, ഇന്നിന്നതരത്തിൽ പെട്ടതാണെന്നോ പറയത്തക്ക സ്ഥിതിയിലുള്ളതല്ല. സംസ്കൃതപദങ്ങളിൽ ഭാഷയ്ക്കു യോജിയ്ക്കുന്നതും യോജിയ്ക്കാത്തതും ഏതേതെല്ലാമെന്നൊന്നും നോക്കാതെ, ഒരു ഇങ്ക്ളീഷുസംസ്കൃതനിഘണ്ടുവിൻെറ സഹായത്തോടുകൂടി, ഇങ്ക്ളീഷിൽ വാക്യം രചിച്ച്, സംസ്കൃതത്തിൽ മലയാളീകരിച്ചാൽ ഏതെല്ലാം ദോഷങ്ങൾ വരാമോ അതെല്ലാം ഭാഷയ്ക്കു കിട്ടീട്ടുണ്ടെന്നു ചുരുക്കത്തിൽ പറയാം.

ദോഷങ്ങളേക്കുറിച്ച് ഇത്രത്തോളം വിസ്തരിച്ചു പറഞ്ഞതുകൊണ്ട്, മലയാളഭാഷയിൽ മുൻപില്ലാത്ത

അനവധി ദോഷങ്ങൾ കടന്നുകൂടി അതു സാമാന്യത്തിലധികം ദൂഷിയ്ക്കുക മാത്രം ചെയ്തിട്ടുണ്ടെന്നും, അതിനാൽ ആധുനികമലയാളഭാഷ പുരാതനഭാഷയേക്കാൾ വളരെ ത്താണനിലയിലാണു് ഇരിയ്ക്കുന്നതെന്നും ധരിയ്ക്കരുതു്. ഏകദേശം മുപ്പതുകൊല്ലത്തിനിപ്പുറമുള്ള കാലംകൊണ്ടു്, നമ്മുടെ ഭാഷയ്ക്കു് ആശാസ്യമായ അഭിവൃദ്ധിയും ഉണ്ടായിട്ടുണ്ടു്. ഒന്നാമതായി, ഗദ്യപുസ്തകങ്ങളുടെ കാര്യം തന്നെ നോക്കാം. ദുർല്ലഭം ചില വ്യാഖ്യാനങ്ങളും, ഒന്നോ രണ്ടോ സ്വതന്ത്രഗ്രന്ഥങ്ങളും മാത്രമേ അക്കാലത്തു ഭാഷയിൽ ഉണ്ടായിരുന്നുള്ളു. അതിനാൽ ഗദ്യഗ്രന്ഥങ്ങൾ തീരെ ഇല്ലെന്നുതന്നെ പറയത്തക്ക നിലയിൽ ഇരുന്നിരുന്ന മലയാളത്തിൽ, ഇപ്പോൾ വിവിധവിഷയങ്ങളിലും ആ വക ഗ്രന്ഥങ്ങൾ പലതുമുണ്ടെന്നു പറയാറായിരിയ്ക്കുന്നു. അതിലും വിശേഷിച്ചു്, ഭാഷാശൈലിയ്ക്കു നല്ലവണ്ണം പിടിച്ച വാചകങ്ങളാണെങ്കിലും, വാക്യങ്ങൾ വേണ്ടാതെ വലിച്ചുനീട്ടി വളച്ചുകെട്ടീട്ടുള്ള പഴയ സമ്പ്രദായത്തിൽനിന്നു്, നല്ല ഭാഗങ്ങൾ മാത്രം സ്വീകരിച്ചും, വേറൊരാത്തു പുതുതായി സൃഷ്ടിച്ചും, ഭാഷയിൽ നല്ലൊരു ഗദ്യരീതി നിലനിൎത്തുന്നതിന്നുതകത്തക്കവണ്ണം, നിൎമ്മിച്ചിട്ടുള്ള ചില ഗ്രന്ഥങ്ങളും ഇപ്പോൾ നമുക്കു സിദ്ധിച്ചിട്ടുണ്ടു്. മാസികകൾ, വൎത്തമാനപത്രങ്ങൾ മുതലായവവഴിയ്ക്കും ഭാഷയ്ക്കു ഗണനീയമായ അഭിവൃദ്ധി ഇക്കാലത്തിന്നിടയിൽ ഉണ്ടായിരിയ്ക്കുന്നു. പദ്യഗ്രന്ഥങ്ങളുടെ സങ്ഗതി നോക്കിയാലും, അതുപ്രകാരംതന്നെ അസാധാരണമായൊരു വൎദ്ധനയാണു് ഈ അല്പകാലത്തിന്നുള്ളിലുണ്ടായിട്ടുള്ളതു്. സംസ്കൃതവിഭക്തിപ്രയോഗങ്ങൾ "കണക്കും കൈയുമില്ലാ"തെ എല്ലാംകൂടി ഒരു

"ബഹള"മായിരുന്ന സമ്പ്രദായം വിട്ടു്, സുകുമാരമായ നല്ലൊരു മലയാളപദ്യരീതി നിലനില്ക്കുമെന്നു വിശ്വസിയ്ക്കാറായിട്ടുള്ളതും ഈ അടുത്ത കാലത്തിന്നിടയിലാണു്. പക്ഷേ, ആ വക ഗ്രന്ഥങ്ങളുടെ കൂട്ടത്തിലും മേൽ പ്രസ്താവിച്ച ദോഷങ്ങൾ ധാരാളമുള്ളതും, പദ്യത്തിന്നു വേണ്ട പ്രത്യേകഗുണങ്ങളില്ലാത്തതും ആയി പലതും ഉണ്ടായിരിയ്ക്കാം. വാസ്തവത്തിൽ കവിതയെന്നു പറയാവുന്നതു വളരെ ദുർല്ലഭമായിരിയ്ക്കാം. എന്നാൽ, ഏതു ഭാഷയിൽ നോക്കിയാലും അനവധി ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഒന്നോ രണ്ടോ മാത്രമേ ഗുണം തികഞ്ഞ കവിതയെന്നു ഗണിയ്ക്കത്തക്കതായി കാണുകയുള്ളു. അതു വിശിഷ്ടവസ്തുക്കളുടെ സ്വഭാവമാണു്. കൌമുദിയുടെ സ്ഥിതിതന്നെ നോക്കുക; സാധാരണ കൌമുദി മിയ്ക്ക ദിവസങ്ങളിലും ഉണ്ടാകുന്നുവെങ്കിലും, മാസത്തിലൊരിയ്ക്കൽ മാത്രമേ ഗുണങ്ങളെല്ലാം തികഞ്ഞുകാണുന്നുള്ളു. അതുതന്നെ ചിലപ്പോൾ പല ദോഷങ്ങളും വന്നുകൂടി മങ്ങിപ്പോയെന്നും വരും. * മാസികാകൌമുദിയും മാസത്തിലൊരിയ്ക്കൽ ഉണ്ടാകുമെങ്കിലും, എല്ലാ അവസരങ്ങളിലും വേണ്ടിടത്തോളം നന്മകൾ തികഞ്ഞുതന്നെ പുറപ്പെട്ടു എന്നു വരുന്നതല്ലല്ലോ. വാസ്തവത്തിൽ, മലയാളഭാഷയ്ക്കു് ഇക്കാലത്തിന്നുള്ളിൽ പല ദോഷങ്ങൾ വന്നുകൂടീട്ടുള്ളതിന്റേയും തത്വം, ഇപ്രകാരമുള്ള ഒരു സ്വഭാവവിശേഷം തന്നെയാണെന്നു പറയേണ്ടിയിരിയ്ക്കുന്നു. ഗുണങ്ങൾ സാധാരണയിൽ കവിഞ്ഞ വേഗത്തിൽ കൂട്ടംകൂട്ടമായി വന്നുചേരുമ്പോൾ മാത്രമാണു്,

---

* നിന്നുപോയ "കവനകൌമുദി" മാസിക.

(പ്രസാധകൻ)

അതിന്റെ കൂട്ടത്തിൽ ചില ദോഷങ്ങൾക്കും കടന്നുകൂടുവാൻ തരംവരുന്നതു്. സാവധാനത്തിൽ തിരഞ്ഞെടുത്തു ചേർത്തുവെയ്ക്കുന്നതിലോ, പ്രത്യേകം പരിശോധിച്ചു ശേഖരിയ്ക്കുന്നതിലോ കേടും പതിരും ഉണ്ടാകുന്നതല്ലല്ലോ. ഒന്നായിക്കൂട്ടുമ്പോൾ ഉൾപ്പെട്ടിട്ടുള്ള ദോഷങ്ങളേ പിന്നീടു പരിഹരിച്ചു നേരെയാക്കുക എന്നുള്ളതു്, അതാതിന്നു ചുമതലപ്പെട്ടവരുടെ കർത്തവ്യകർമ്മമായിട്ടാണു വിചാരിയ്ക്കേണ്ടതും.

ഭാഷകൊണ്ടു കൈകാര്യം ചെയ്യാൻ മലയാളികൾക്കെല്ലാം ഒരുപോലെ അവകാശമുള്ളതുകൊണ്ടു്, അതിന്റെ കേടുതീർത്തു നന്നാക്കുന്നതിനുള്ള ചുമതലയും അവർക്കെല്ലാം പ്രത്യേകംതന്നെയുണ്ടെങ്കിലും, ഒത്തൊരുമിച്ചു പലരുംകൂടി പണിയെടുത്താലല്ലാതെ, ഒന്നോ രണ്ടോ ആൾ മാത്രം ശ്രമിച്ചതുകൊണ്ടു കാര്യം സാധിപ്പാൻ കഴിയുന്നതല്ല. മലയാളത്തിലെ ജനങ്ങളെല്ലാം കൂടി ഈ ജോലിയ്ക്കു തുനിഞ്ഞിറങ്ങുക എന്നുള്ളതു സംഭവിയ്ക്കാവുന്നതുമല്ല. ആ നിലയ്ക്കു് ഒരു പ്രത്യേക സങ്ഘം വഴിയായിട്ടേ പ്രസ്തുതകാര്യം വേണ്ടതുപോലെ നിറവേററുവാൻ നിവൃത്തികാണുന്നുള്ളു. എന്നു മാത്രമല്ല, ആ വഴിയ്ക്കു ശ്രമിയ്ക്കുന്നതാണു് ഉത്തമമെന്നുള്ളതിന്നു ചില ദൃഷ്ടാന്തങ്ങളും ഇപ്പോൾ നമുക്കു സിദ്ധിച്ചിട്ടുണ്ടു്. വിദേശഭാഷകളുടെ കൈയേററം നിമിത്തം, തമിൾ, തിലുങ്കു മുതലായ സഹോദരഭാഷകളും മലയാളംപോലെയോ, അതിലധികമായോ ദൂഷിച്ചുകൊണ്ടാണു് ഇപ്പോളിരിയ്ക്കുന്നതു്. ആ വക ദോഷങ്ങളേ പരിഹരിയ്ക്കുന്നതിന്നും, ഭാഷാപോഷണത്തിന്നും ആയി, ഓരോ സങ്ഘം ഏർപ്പെടുത്തി ആ വഴിയ്ക്കാണു തമിഴ്

ഭാഷക്കാരും, തിലുങ്കുഭാഷക്കാരും ഇപ്പോൾ ശ്രമിച്ചുവരുന്നതും. എന്നാൽ, പ്രകൃതാനുപ്രകൃതമായിട്ടാണെങ്കിലും, ഒരു സമയം പ്രസ്തുതത്തിലും ഉപയോഗപ്പെട്ടാവുന്ന ഒരു സങ്ഗതി ഇവിടെ പറയേണ്ടതുണ്ട്. മേല്ക്കാണിച്ച സഹോദരഭാഷാസങ്ഘങ്ങളിൽ തിലുങ്കുസങ്ഘത്തിൽ പെട്ടവർ, ആലോചനതുടങ്ങിയപ്പോൾ, രണ്ടു പക്ഷക്കാരായി പിരിഞ്ഞുകാണുന്നു. അതിൽ ഒരു കൂട്ടരുടെ പക്ഷം, ഇപ്പോഴത്തെ ഭാഷയിൽ, വാക്കിലുംവാചകങ്ങളിലും ഭാഷാസ്ഥിതിയ്ക്കു യോജിയ്ക്കാത്ത വിധത്തിൽ വിദേശഭാഷാസംസൎഗ്ഗംകൊണ്ടു ഉണ്ടായ ദോഷങ്ങൾ മാത്രം തള്ളിക്കളഞ്ഞുപരിഷ്കരിയ്ക്കുകയാണു വേണ്ടതെന്നാണ്. ഇപ്പോൾ തിലുങ്കുഭാഷയിൽ സംസ്കൃതപ്രകൃതികളായ വാക്കുകൾ വളരെ അധികമാണെന്നും, അതുകൊണ്ടു അതെല്ലാം കളഞ്ഞും, ഭാഷാപ്രകൃതികളായ ശബ്ദങ്ങളേ തേടിപ്പിടിച്ചും ആകപ്പാടെ ഒന്നുടച്ചുവാക്കണം, എന്നാണു മറ്റൊരുപക്ഷമുള്ളതു്. ഇതിൽ രണ്ടാമതു പറഞ്ഞവരുടെ പുറപ്പാടു് ഒട്ടും അഭിഗ്രഹിയ്ക്കത്തക്കതാണെന്നു തോന്നുന്നില്ല. ഗ്രന്ഥഭാഷയും സംസാരിയ്ക്കുന്ന ഭാഷയും, കഴിയുന്നേടത്തോളം അടുത്തിരിയ്ക്കുന്നതാണ് ഏതു ഭാഷയുടേയും അഭിവൃദ്ധിയ്ക്കു മുഖ്യകാരണം. ആ സ്ഥിതിയ്ക്ക്, ഇപ്പോഴത്തെ സംസാരഭാഷയിൽ സംസ്കൃതപ്രകൃതികളാണധികമെങ്കിൽ, ഗ്രന്ഥഭാഷയിലും അങ്ങനെതന്നെയാണു വരേണ്ടതു്. പിന്നെ, ഭാഷാപ്രകൃതികളെന്നു വിചാരിയ്ക്കുന്ന ശബ്ദങ്ങൾ, ഉയൎന്ന നിലയിലുള്ളവരുടെ സംസാരഭാഷയിൽ ചുരുക്കമായിട്ടുള്ളതുകൊണ്ടു്, താണവൎഗ്ഗക്കാരുടെ ഇടയിൽ ചെന്നു പെരുമാറിയിട്ടാണ്, തേടിപ്പിടിയ്ക്കേണ്ടിയിരിയ്ക്കുന്നതു്. അവരുടെ സംസാരത്തിലുള്ള ശബ്ദങ്ങളും, വാസ്തവത്തിൽ ഭാഷയുടെ ഒരുതരം വികൃതി എന്ന

ല്ലാതെ, ശുദ്ധഭാഷാപ്രകൃതിയാവാൻ നിവൃത്തിയുള്ളത ല്ലെന്നു്, അധികം ആലോചന കൂടാതെതന്നെ ആൎക്കും അറിയാവുന്നതുമാണു്. എല്ലാംകൂടി നോക്കിയാൽ, ഈ മാതിരി ശ്രമം, "ഈറ്റെടുക്കാൻ പോയവൾ ഇരട്ട പെറ്റ" തായിക്കലാശിപ്പാനാണു് എളുപ്പം. ഇങ്ങനെയുള്ള പല വൈഷമ്യങ്ങളും അറിഞ്ഞു പ്രവൎത്തിപ്പാൻ ശക്തിയുള്ള ഒരു സങ്ഘമായാലേ, നമ്മുടെ ഭാഷയ്ക്കും നന്മ വരു വാൻ വഴിയുണ്ടാവുകയുള്ളു എന്നു് ഇനി വേറേ പറയേ ണ്ടതില്ലല്ലോ.

ഭാഷാസംസ്കരണത്തിന്നായി ഏൎപ്പെടുത്തുന്ന ആ മാതിരി സങ്ഘത്തിൽ, അഭിജ്ഞന്മാരേപ്പോലെതന്നെ, ഉത്സാഹഗുണം തികഞ്ഞിട്ടുള്ള ചിലരും, പ്രധാനാങ്ഗ ങ്ങളായിട്ടുണ്ടായിരിയ്ക്കണം. എന്നാൽ മാത്രമേ, ആ സങ്ഘം നിലനിന്നു വേണ്ട കാൎയ്യം വേണ്ടതുപോലെ നടത്തുവാൻ മതിയാകയുള്ളു എന്നുള്ളതു്, "മനോരമാ" പത്രാധിപർ ആയിരുന്ന വൎഗ്ഗീസ്സമാപ്പിള അവർകളുടെ ഉത്സാഹത്താൽ, പ്രകൃതസങ്ഗതിയേക്കുറിച്ചുതന്നെ ഏൎപ്പെടുത്തിയിരുന്നതും, കുറച്ചുകാലം ശരിയായി നടന്നു് ആ ഗുണസമ്പന്നൻെറ അവസാനത്തോടുകൂടി ജീവൻ പോയതും ആയ "ഭാഷാപോഷിണി"സഭതന്നെ ധാരാളം തെളിയിച്ചിട്ടുണ്ടു്. ആകപ്പാടെ ആലോചിച്ചുനോക്കിയ തിൽ, "കൊച്ചി ൧൦൭൫-ാംകൂറു രാമവൎമ്മഅപ്പൻതമ്പുരാൻ" തിരുമനസ്സിലേ ആധിപത്യത്തിൽ ഈയിടെ ഏൎപ്പെടു ത്തീട്ടുള്ള "സാഹിത്യസമാജം"* വഴിയ്ക്കുതന്നെ പ്രസ്തുത

* പ്രസ്തുതസാഹിത്യസമാജം, അചിരേണ പ്രവൃ ത്തിരങ്ഗത്തിൽ നിന്നും നിഷ്ക്രമിച്ചു നിൎവ്വാണമണയു വാനാണു സങ്ഗതിയായതു്. (പ്രസാധകൻ)

കാര്യം നിർവ്വഹിയ്ക്കുന്നതു് എല്ലാവിധത്തിലും നന്നായിരിയ്ക്കുമെന്നാണു തോന്നുന്നതു്. മലയാളികൾക്കെല്ലാം പൊതുവായി ഉപയോഗപ്പെടുന്ന ഈ ഭാഷാരാജ്യകാര്യം നിർവ്വഹിയ്ക്കുന്നതിന്നു മധ്യമലയാളമായ കൊച്ചിതന്നെ തലസ്ഥാനമാകുന്നതാണല്ലോ യുക്തം. മററു ഭാഷകളുടെ സംസർഗ്ഗംകൊണ്ടുള്ള ദൂഷ്യം കുറയുന്നതു നിമിത്തം, ഭാഷാശുദ്ധി പരീക്ഷിയ്ക്കുന്നതിനുള്ള സൗകര്യവും മധ്യമലയാളികൾക്കാണല്ലോ അധികം ഉണ്ടാകാവുന്നതു്. തെക്കും വടക്കുമുള്ള മലയാളികളോടുകൂടി ആലോചിച്ചു്, ഭാഷയേപ്പററിയേടത്തോളം തള്ളേണ്ടതും കൊള്ളേണ്ടതും നോക്കി, മധ്യസ്ഥനിലയിൽ മധ്യമലയാളികൾ തീർച്ചപ്പെടുത്തുന്നതു മററുള്ളവർ കൈക്കൊള്ളുന്നതായിരിയ്ക്കുമല്ലോ നല്ലതും.

ഭാഷയ്ക്കു വന്നുകൂടീട്ടുള്ള ദോഷങ്ങൾ ഇങ്ങനെയൊരു സംഘംവഴിയ്ക്കു പരിഹരിയ്ക്കാവുന്നതാണെങ്കിലും, ഒരു സംഗതിയിൽ മലയാളികളെല്ലാം പ്രത്യേകം തന്നെ മനസ്സുവെയ്ക്കേണ്ടതുണ്ടു്. സാധാരണയായി മലയാളഭാഷയിൽ പ്രസംഗിയ്ക്കുന്നതും, ചിലപ്പോൾ സംസാരിയ്ക്കുന്നതുതന്നെയും വലിയ കുറവാണെന്നു്, പല മാന്യന്മാരും ധരിച്ചിട്ടുള്ളതുപോലെ തോന്നുന്നു. "ഇങ്ക്ളീഷിലാണെങ്കിൽ പ്രസംഗിയ്ക്കാം; മലയാളത്തിൽത്തന്നെ വേണമെങ്കിൽ എനിയ്ക്കു കഴികയില്ല" എന്നും മററും തുറന്നു പറയുവാൻ പോലും ചിലർ മടിയ്ക്കുന്നില്ല. ഇങ്ങനെയൊരു ധാരണ നിമിത്തം, നമ്മുടെ ഭാഷയ്ക്കു സിദ്ധിയ്ക്കാവുന്ന അനേകം ഗുണങ്ങൾ തീരെ ഇല്ലാതായിത്തീരുന്നു. ഭാഷയുടെ അഭിവൃദ്ധിമാർഗ്ഗങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ളതാണു്, സഭകളിലും മററുമുള്ള പ്രസംഗങ്ങൾ

എന്നു പറയേണ്ടതില്ലല്ലോ. തമിഴരാജ്യത്തിലും മററും, പലവിധത്തിലുള്ള യോഗ്യതകളും തികഞ്ഞ മഹാന്മാർ സ്വദേശഭാഷയിൽ പ്രസംഗിയ്ക്കുന്നതു്, തങ്ങളുടെ കർത്തവ്യകർമ്മവും അഭിമാനഹേതുവും ആയിട്ടാണു് ഇക്കാലത്തു കരുതിവരുന്നതു്. ഏതായാലും, സ്വഭാഷയിൽ സ്നേഹമുള്ള മലയാളികൾ, മേലിലെങ്കിലും ആവക തെറ്റിദ്ധാരണ വേണ്ടെന്നുവെച്ചു ശ്രമിയ്ക്കുന്നതായാൽ, നമ്മുടെ ഭാഷയേപ്പറ്റിയേടത്തോളവും, ഉത്കൃഷ്ടമായ ഒരു നില തന്നെ നമുക്കു സിദ്ധിയ്ക്കുന്നതാണെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

II

നിരൂപണത്തിന്റെ മാതൃക

അഥവാ

ഗുണദോഷനിരൂപണം

മലയാളത്തിൽ ഇക്കാലത്തു വിദ്യാവിഷയമായ ഒരു അഭ്യുത്ഥാനം (പ്രസരിപ്പു്, ഇളക്കം) ഉണ്ടായിക്കാണുന്നതു് ഒരു ശുഭലക്ഷണം തന്നെ. എത്ര താണ നിലയിലിരിയ്ക്കുന്നവരിലും അനക്ഷരജ്ഞന്മാർ വളരെ ചുരുങ്ങും. വർത്തമാനപത്രങ്ങളും, വായനശാലകളും, സഭകളും നാടോടെ പരന്നു. ഏതു കുഗ്രാമത്തിൽ പ്രവേശിച്ചു നോക്കിയാലും, ഒന്നു രണ്ടു കവികൾ ആ നാട്ടുകാരായി

കാണാതിരിയ്ക്കയില്ല. ഓരോ വിഷയത്തിന്റേയും, ഓരോ സങ്ഘത്തിന്റേയും യോഗക്ഷേമങ്ങൾ അന്വേഷിച്ച് അഭിവൃദ്ധി നേടുന്നതിലേയ്ക്കു മാസികകൾ ഏർപ്പെട്ടിട്ടുണ്ട്. മാസികകളിൽ ഒന്നിന്റെ പേർ മറ്റൊന്നിന് ഉപയോഗിച്ചുകൂടാ എന്ന് ഒരു നിയമം ഉള്ളതുപോലെ, ഒന്നു പുറപ്പെടുന്നതിനു വച്ചിട്ടുള്ള ദിവസം അതിൻെറ സ്വന്തമാകയാൽ, അന്നു മറെറാന്നുകൂടി പുറപ്പെട്ടുകൂടാത്തതാകുന്നു, എന്ന് ഒരു ചട്ടം ഏർപ്പെടുന്നതായാൽ, ഇപ്പോഴത്തേ സ്ഥിതിയ്ക്ക്, മാസത്തിനു തീയതി പോരാ, എന്ന് ആവലാതിയ്ക്ക് ഇടവരാൻ എളുപ്പമുണ്ട്. ഈ അവസ്ഥ വളരെ അഭിനന്ദനീയംതന്നെ! ഇനി ഇതിന്റെ മറുപുറം നോക്കുക. എല്ലാ വസ്തുക്കൾക്കും അകവും പുറവും ഉണ്ടല്ലോ. "സർവ്വമനോഹരൻ" എന്നു കവികൾ ഉദ്ഘോഷിയ്ക്കുന്ന ചന്ദ്രന്റേയും, സൂര്യാഭിമുഖമായ ഭാഗമേ, ചന്ദ്രികാസുന്ദരമായി ശോഭിയ്ക്കുന്നുള്ളു; ആ വശം തരുണിയായ രമണീമണിയുടെ മന്ദഹാസമൃദുലമായ മുഖംപോലെ മഞ്ജുളമാണെങ്കിൽ, മറുവശം അവളുടെ മുഖത്തിൻെറ തന്നെ കുന്തളശ്യാമളമായ പിൻഭാഗത്തിനു തുല്യം ഇരുട്ടടഞ്ഞതാകുന്നു. കേരളത്തിലെ നവീനവിദ്യാഭിവൃദ്ധിയുടേയും അവസ്ഥ ഈ ദൃഷ്ടാന്തത്തിനു ചേൎന്നാണിരിയ്ക്കുന്നത് എന്നു സമ്മതിയ്ക്കേണ്ടിവരുന്നതിൽ ശോചിയ്ക്കുന്നു.

കൃതികളുടേയും കൃതിനിരൂപണങ്ങളുടേയും എണ്ണത്തിനും വണ്ണത്തിനും ചേൎന്ന് അന്തസ്സും അന്തസ്സാരവും കാണുന്നില്ല. "വാളെടുത്തവൻ ഒക്കെ വെളിച്ചപ്പാട്" എന്നുള്ള പഴമൊഴിപോലെ, നാലക്ഷരം കൂട്ടിയെഴുതാവുന്നവൻ എല്ലാം "കവി" എന്നു വന്നിരിയ്ക്കുന്നു. കവി

കൃതിയായിരിയ്ക്കട്ടെ, അല്ലെങ്കിൽ കകാരം വിട്ടിട്ടുള്ളതായിരിയ്ക്കട്ടെ, ഒരു കൃതി കണ്ടാൽ അതിൻെറ ഗുണദോഷനിരൂപണത്തിനു മാസികകൾക്കും ഒരുക്കമുണ്ട്. പുസ്തകപരിശോധനയത്രേ മാസികകളുടെ മുഖ്യകൃത്യം. അതിനാൽ, ആ വിഷയത്തേപ്പററി അല്പം ഇവിടെ പ്രസ്താവിയ്ക്കാം. അതിൽനിന്ന്, പരിശോധകകൃത്യവും വെളിപ്പെട്ടുമല്ലോ.

൧. "തൻെറ അഭിപ്രായം വിട്ടുപറയുന്നതിനു പരിശോധകൻ മടിയ്ക്കരുത്. "മൂഢഃ പരപ്രത്യയനേയബുദ്ധിഃ" * എന്നല്ലേ അഭിയുക്തവചനം? തനിയ്ക്കു സ്വന്തമായി ഒരഭിപ്രായം ഇല്ലാത്ത പുരുഷൻ തൻേറടമില്ലാത്തവൻ ആകുന്നു. തനിയ്ക്കുള്ള അഭിപ്രായം വെളിപ്പെടുത്തുവാൻ മടിച്ചാൽ, അതു ധൈര്യക്കുറവായി. സന്ദിഗ്ധപദപ്രയോഗംകൊണ്ടോ, വക്രോക്തികൊണ്ടോ പൊതിഞ്ഞുപറയുന്നതിൽ ആത്മവഞ്ചനം സ്പഷ്ടമാണ്. അതുകൊണ്ട്, സ്വാഭിപ്രായം പറയുന്നപക്ഷം, അതു സ്പഷ്ടവും നിഷ്കളങ്കവും ആയിരിയ്ക്കണം. സ്വാഭിപ്രായപ്രകടനം എവിടെ ആപത്കരം എന്നു തോന്നുന്നുവോ, അങ്ങനെയുള്ള വിഷയത്തേപ്പറ്റി വിമര്ശനമേ ആരംഭിയ്ക്കരുത്."

൨. "താൻ സ്വമതം ഇളക്കാൻ പാടില്ലാത്ത വിധം സ്ഥാപിച്ചുകളഞ്ഞു; അതിൽ എല്ലാവരും യോജിച്ചുകൊള്ളണം—എന്നും മററും ഉള്ള ഭാവന വന്നുപോ

---

* "അജ്ഞന്നു വല്ലവരുമോതുവതാം പ്രമാണം"
(മാളവിക. A. R.)

കാതെ സൂക്ഷിയ്ക്കണം. സ്വപ്രത്യയസ്ഥൈര്യംകൊണ്ടു് ഉണ്ടാകുന്ന ദോഷങ്ങളേ പരിഹരിയ്ക്കാനാണു് ഇതു്. സ്വാഭിപ്രായം, ഉള്ളതുപോലെ പറയണം. എന്നാൽ, ഇങ്ങനെ തുറന്നു പറയുന്നതിൽ വിനയപ്രദർശനം ഒരിയ്ക്കലും വിസ്മരിച്ചുപോകരുതു്. 'പ്രതിപക്ഷികളുടെ ആക്ഷേപം തെറിച്ചു', "ഇതു മറുപക്ഷത്തിനു കണ്ഠേകുഠാരമാണു്"—എന്നും മററും വീരവാദം കൂടാതെ തന്നെ, "പ്രതിപക്ഷികളുടെ ആക്ഷേപത്തിനു് ഇതു സമാധാനമാകുമെന്നു വിശ്വസിയ്ക്കുന്നു", "ഇതു പ്രതിപക്ഷവാദത്തേ ദുർബലപ്പെടുത്തുന്നു" എന്നോ മറേറാ പറഞ്ഞാലും ധാരാളം കാര്യം വരും. സംസ്കൃതഗ്രന്ഥകാരന്മാരിൽ പ്രാചീനർ, "ഇദം ചിന്ത്യം" (ഇതു കുറേ ആലോചിപ്പാനുള്ളതാണു്) എന്നും മററും വണക്കത്തോടുകൂടിയ വാക്കുകളേ ഉപയോഗിച്ചു കണ്ടിട്ടുള്ളു. നവീനന്മാരാണു "കണ്ഠേകുഠാര"വും മററും പ്രയോഗിച്ചു്, ലഹള കൂട്ടുന്നതു്."

ന. "ഔദ്ധത്യമില്ലാതിരുന്നാൽ മാത്രം പോരാ; പ്രതിപക്ഷിയുടെ അഭിപ്രായത്തേ ബഹുമാനപുരസ്സരം അനുവദിയ്ക്കുകയും വേണം. പ്രതിപക്ഷി നിസ്സാരനാണെങ്കിൽ, അവനോടു് എതിർക്കുന്നതും തനിയ്ക്കു ഗൌരവക്കുറവല്ലയോ? സമന്മാരോടു വേണം സങ്ഘർഷം. സിംഹത്തിനു പ്രതിദ്വന്ദ്വി ആനയാണു്; മാനല്ല.

"ജേതാരം ലോകപാലാനാം,
സ്വമുഖൈരർച്ചിതേശ്വരമ്;

രാമസ്ഖലിതകൈലാസ-
മരാതിം ബഹ്വമന്യത." *

എന്നു മഹാകവി, ശ്രീരാമനേപ്പറ്റിപ്പറഞ്ഞതു നോക്കുക. ശത്രുവിനേ ബഹുമാനിയ്ക്കുന്നിടത്തോളം, ജയപക്ഷത്തിൽ തനിയ്ക്കാണു ബഹുമാനം അധികം ഫലിയ്ക്കുന്നതു്."

൪. "സ്വപക്ഷസ്ഥാപനവ്യസനംകൊണ്ടു മതിമറന്നുപോകരുതു്. സ്വപക്ഷം ജയിച്ചാലും ശരി, തോററാലും ശരി; കാര്യം കാര്യംപോലെ ഇരിയ്ക്കും. തത്കാലത്തേ ആവേശംകൊണ്ടു്, സ്വപക്ഷവും താനും ഒന്നുതന്നെ എന്നു വിചാരിച്ചുപോകരുതു്. തക്കതായ യുക്തികൾ കാണിയ്ക്കുന്നിടത്തോളമേ തനിയ്ക്കു ഭാരമുള്ളു, അതുകളേ സ്വീകരിയ്ക്കുയോ നിരാകരിയ്ക്കുയോ ചെയ്യുന്നതു വായനക്കാരുടെ ചുമതലയാണു്."

൫. "പ്രതിപക്ഷിയുടെ പക്ഷത്തോടു് അല്ലാതെ, പ്രതിപക്ഷിയായ പുരുഷനോടു് (ആളോടു്) ദ്വേഷം വന്നുപോകരുതു്. സംരംഭം വരുമ്പോൾ ഉണ്ടാകുന്ന ദോഷമാണു് ഇതു്. സംരംഭം വൎജ്ജിച്ചാൽ ഇതും വൎജ്ജിതമാകും."

൬. "അതുമിതും പിടിച്ചു് അറുതി വരാത്ത വിധത്തിൽ വാദം നീട്ടുന്നതിനു "വിതണ്ഡാവാദം"

---

* "വെന്നു ദിക്പതികളെ, സ്വമുഖത്താ-
ലിന്ദുശേഖരപദാൎച്ചന ചെയ്തു,
ചെന്നു വെള്ളിമല പൊക്കി—യിതോൎത്ത-
ന്നാൻ രാമനരിയിൽ ബഹുമാനം."

(രഘുവംശം—മഹാകവി കുണ്ടൂർ)

എന്നു പേർ. അതിൽ പ്രവേശിക്കാതെ സൂക്ഷിക്കണം. കക്ഷിപ്പിണക്കം മൂക്കുമ്പോഴാണ് ഇതിനു പ്രസക്തി. വിതണ്ഡയ്ക്കു പുറപ്പെടുന്നവൻ ആത്മാഭിമാനം ഇല്ലാത്തവൻ ആണെന്നു ജനങ്ങൾ വിചാരിയ്ക്കാൻ ഇടയുണ്ട്. ഇങ്ങോട്ട് ഒന്നു ചെകിട്ടത്തടിച്ചെങ്കിൽ, അങ്ങോട്ടൊന്നു ചവുട്ടിയല്ലോ എന്നുള്ള സമാധാനം വീരോചിതമല്ല. "തർക്കോപ്രതിഷ്ഠഃ"—യുക്തി ഒരു നിലയില്ലാത്തതാണ്. താൻ ഒരു വഴിയേ ആക്രമിച്ചാൽ, മറുകക്ഷി മറെറാരു വഴിയേ നമ്മേ ആക്രമിയ്ക്കും; യുദ്ധം അവസാനിയ്ക്കയുമില്ല. നേരിട്ടു പോർക്കളത്തിൽ ഇറങ്ങി, ശത്രുവിൻെറ ആയുധംകൊണ്ടു മരിച്ചാലും മാനംതന്നെ. വല്ല മൂലയിലും കിടക്കുന്ന പ്രമാണവചനത്തേയും ശരണം പ്രാപിച്ചു രക്ഷപ്പെടാൻ തുനിഞ്ഞിട്ടും ആവശ്യമില്ല."

ഇപ്പറഞ്ഞ എല്ലാസ്സംഗതികളും വിമർശകന്മാർ പ്രത്യേകം അറിഞ്ഞിരിയ്ക്കണം.

കൃതികൾ ഗുണൈകസമ്പൂർണ്ണങ്ങളോ ദോഷൈകഭൂഷണങ്ങളോ ആയി വരുകയില്ല. സാമാന്യേന ഗുണദോഷസമ്മിശ്രങ്ങളായിട്ടേ ഇരിയ്ക്കയുള്ളു. അതിൽ പ്രാധാന്യം ഏതിനോ, അതിനേയാണു നിരൂപകന്മാർ വിസ്തരിച്ചു പറയേണ്ടത്. അങ്ങനെ സ്വാഭിപ്രായം നിഷ്പക്ഷപാതമായി തുറന്നു പറയുന്ന വിമർശകന്മാർ നമ്മുടെ ഇടയിൽ വളരെ ചുരുങ്ങും. ഇക്കാലത്തുള്ള നിരൂപകന്മാർ, ഗുണഗ്രാഹികൾ, ദോഷഗ്രാഹികൾ എന്നു രണ്ടുതരക്കാരാകുന്നു. ഇവരിൽ ഗുണഗ്രാഹികൾ, ദോഷജ്ഞരാണെങ്കിലും, ഗുണങ്ങൾ മാത്രമേ എടുത്തു പറയാറുള്ളു. ഈ നയം ഭാഷയുടെ ഇപ്പോഴത്തേ അവസ്ഥയ്ക്കു യോജിയ്ക്കുന്നതാണോ എന്നു സംശയിയ്ക്കേണ്ടി

യിരിയ്ക്കുന്നു. ദോഷങ്ങളല്ലാതെ മററൊന്നും പ്രസ്താവിയ്ക്കയില്ലെന്നു ശപഥംചെയ്ത ക്രൂരരാണു ദോഷഗ്രാഹികൾ. ഇവരുടെ സാഹസം ഒരുവിധത്തിലും ക്ഷന്തവ്യമല്ല. അവരുടെ മട്ട്, താഴെ ഉദാഹരിച്ചു കാണിയ്ക്കുന്നു:—

ലോകത്തിലുള്ള സകലഗ്രന്ഥങ്ങളിലും വെച്ച് ഉത്തമമെന്നും മററും പറഞ്ഞു "ശാകുന്തള"ത്തേ എല്ലാവരും ഐകകണ്ഠ്യേന പ്രശംസിച്ചു കാണുന്നു. എന്നാൽ ഈ വിഷയത്തിൽ എനിയ്ക്കു സ്വല്പം വിപ്രതിപത്തിയുണ്ട്. പക്ഷേ അതെന്റെ മൌഢ്യമായിരിയ്ക്കാം; എങ്കിലും സ്വാഭിപ്രായം തുറന്നു പറവാൻ മടിയ്ക്കുന്നതു ഭീരുത്വമാണെന്നും, കൃതി ആരുടേതായാലും സർവ്വഥാ ദോഷഹീനമാകുന്നതു് അസംഭവമാണെന്നും ഉള്ള അഭിപ്രായം പ്രബലപ്പെട്ടിരിയ്ക്കുന്ന ഇക്കാലത്ത്, എനിയ്ക്ക് ആ ഗ്രന്ഥത്തിൽ തോന്നീട്ടുള്ള ചില ആക്ഷേപങ്ങളേ പറയാതിരിയ്ക്കാൻ നിർവ്വാഹമില്ല—എന്നു മുഖവുര.

൧. ശാകുന്തളത്തിന്റെ തിരപ്പുറപ്പാടുതന്നെ ഒട്ടും നന്നായില്ല. രാജാവു രഥത്തിൽ കയറിയാണു വേട്ടയ്ക്കു പുറപ്പെടുന്നതു്. നാട്ടിൽത്തന്നെ രാജപാതകൾ വളരെ ചുരുങ്ങിയിരുന്ന പൂർവ്വകാലങ്ങളിൽ, കാട്ടിൽ വണ്ടി പോയിട്ടു രഥം പോകത്തക്ക വെട്ടുവഴികൾ ഉണ്ടായിരുന്നു എന്നു കല്പിയ്ക്കുന്നതെങ്ങനെ? ധാരാളം റോട്ടുകളുള്ള വനഭാഗങ്ങളിൽ ജനസഞ്ചാരമുണ്ടാകാൻ ഇടയുണ്ടായിരിയ്ക്കേ, മൃഗങ്ങൾക്കു സ്വൈരമായി വസിയ്ക്കാൻ മാർഗ്ഗമെവിടെ? മൃഗവാസമുണ്ടായിരുന്നാലും, ദുഷ്ഷന്തൻ വേട്ടയാടിയ ആ കൃഷ്ണസാരം കാട്ടിൽ കയറി ഓടാതെ, ആ മഹാരാജാവിന്റെ തിരുവുള്ളത്തിനു വേണ്ടി റോട്ടിൽക്കൂടിത്തന്നെ ഓടിയോ? ഇതെന്തു നേരംപോക്ക്!

൨. കാട്ടാന ആശ്രമത്തിൽ കയറിച്ചെന്നു് ആശ്രമവാസികളേ ഭയപ്പെടുത്തിയതു് ആശ്രമമാഹാത്മ്യത്തിന്നു ന്യൂനതയാണു്.

* "വിശ്വാസോപഗമാദഭിന്നഗതയശ്ശബ്ദം
സഹന്തേ മൃഗാഃ"

എന്നല്ലേ ആശ്രമലക്ഷണം പറയുന്നതു്? ഇതിൽ സ്വോക്തിവിരോധം എത്രമാത്രമുണ്ടെന്നു പ്രത്യേകം പറയണമെന്നില്ലല്ലോ.

൩. സേനാപതിയേക്കൊണ്ടു മൃഗയാവൈമുഖ്യം ഭാവിപ്പിച്ചതും, സേവൻെറ സേവപിടിച്ചു വേട്ട കൂടാതിരിപ്പാൻ ശ്രമിപ്പിച്ചതും ഒട്ടും ഉചിതമായില്ല. ഈ വിഷയത്തിൽ കവി പാത്രനിരൂപണനിഷ്കർഷ തീരെ ചെയ്തിട്ടില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിയ്ക്കുന്നു.

൪. രാജാവിന്നു ശകുന്തളയിൽ ധർമ്മ്യമായ അനുരാഗം ജനിച്ച സ്ഥിതിയ്ക്കു്, വിദൂഷകൻ അന്തഃപുരത്തിൽ ചെന്നു വിടുവാ പറഞ്ഞെങ്കിലോ എന്നു പേടിച്ചിട്ടെന്താണാവശ്യം? "അസംശയം ക്ഷത്രപരിഗ്രഹക്ഷമാ" ‖ എന്നും മററുമല്ലേ ധർമ്മരഹസ്യം ഘോഷിച്ചിരിയ്ക്കുന്നതു്? അതെല്ലാം ഇപ്പോൾ എവിടെപ്പോയി?

൫. പച്ചപ്പകൽ, നികുഞ്ജത്തിൽവെച്ചു്, ഗാന്ധർവ്വവിവാഹം ഫലിപ്പിയ്ക്കാൻ പുറപ്പെട്ടതു്, കേവലം

---

* "ഓടീടാതെ മൃഗങ്ങൾ തേരൊലി പൊറു-
ത്തീടുന്നു നിശ്ശങ്കമായ്"
(മലയാളശാകുന്തളം. A. R.)

‖ "രാജന്യയർഹയിവൾ നിശ്ചയം." (മ. ശാ)

വിടൻെറ മട്ടിലായിപ്പോയി; യാഗരക്ഷയ്ക്കു മഹർഷിമാർ ക്ഷണിച്ചുവരുത്തി ആശ്രമത്തിൽപാൎപ്പിച്ച രാജാവു്, അവസരം കിട്ടിയപ്പോഴൊക്കെ, കന്യകയോടു ചേൎന്നു രമിച്ചതു ഭംഗിയായോ? ഈ രാജാവു നല്ല അതിഥി തന്നെ, സംശയമില്ല! ഗൌതമിയും മുനികുമാരന്മാരും— എന്നുവേണ്ട, ആരുംതന്നെ, ഇതൊന്നും അറിയാതിരുന്നതു സംഭാവ്യമോ? അറിഞ്ഞെങ്കിൽ സമ്മതിച്ചതു് ഒട്ടും നന്നായില്ല. പകലെല്ലാം യാഗശാല; രാത്രിയിൽ ഭോഗശാല—രാജാവിനു നല്ല തരംതന്നെ! ഇതാണു ഗാന്ധൎവ്വവിവാഹമെങ്കിൽ, പിന്നെ ഒളിബാന്ധവമേതോ?

ന്യ. ദുൎവ്വാസാവിൻെറ ശാപം നല്ല നേരമ്പോക്കു തന്നെ. മനോരാജ്യത്തിൽ മുഴുകിയ ആൾ, അതിഥി വന്നതു കണ്ടില്ലെന്നു വരാവുന്നതത്രേ. എന്നാൽ, അതിഥി കോപിച്ചു്, 'എടീ അതിഥിധിക്കാരിണീ'— എന്നും മററും വിളിച്ചു്, "വിചിന്തയന്തീയമനന്യമാനസാ" * എന്ന ശ്ലോകംചൊല്ലി ശപിച്ചതെങ്കിലും ശകുന്തള കേട്ടില്ലെങ്കിൽ, അവൾക്കു സ്വല്പം ബാധിൎയ്യം തന്നെ ഉണ്ടായിരുന്നിരിയ്ക്കണം. സഖിമാർ ഈ സംഗതി പ്രസ്ഥാനസമയത്തു് ¶ പ്രസംഗം വന്നപ്പോൾക്കൂടിയും പറയാതിരുന്നതു കവിയുടെ ആവശ്യത്തിനു മാത്രം വേണ്ടി, എന്നേ വരുകയുള്ളു. § "മാ ഭൈഷീ ഹി സ്നേഹഃ

---

* "ധ്യാനിച്ചുംകൊണ്ടവനെയറിയാതൊന്നുമേ സന്തതം നീ" (മ: ശാ)

¶ പ്രസംഗം=അവസരം.

§ "ഭയപ്പെടേണ്ട, അതിസ്നേഹം അനിഷ്ടശങ്കയ്ക്കു് ഇടം കൊടുക്കുന്നതാണു്," (മ; ശാ)

പാപശങ്കീ"—എന്ന് അവർ ശകുന്തളയോടു പറഞ്ഞതു വെറും പച്ചക്കള്ളമല്ലയോ?

൭. ശകുന്തളയേ നിരാകരിയ്ക്കുമ്പോൾ മാഢവ്യൻ കൂടെയില്ലായിരുന്നുവെങ്കിലും, ആ സംഗതി അയാൾ പിന്നീടെങ്കിലും അറിയാഞ്ഞതു കുറേ കഷ്ടമായിപ്പോയി. "കാമം പ്രത്യാദിഷ്ടാം" *f* എന്നു രാജാവിനുതന്നെ ഉള്ളിൽ സന്ദേഹമിരുന്ന സ്ഥിതിയ്ക്ക്, മനസ്സമാധാനത്തിന്ന് ആ സംഗതി വിദൂഷകനോടു പറയാതിരുന്നതു് എന്തുകൊണ്ടു്? ആ രാജാവ് ഒരു ഋഷികന്യകയേ നിരസിച്ചു എന്നും, അവളേ ഒരു തേജസ്സു വന്നു് ആകാശത്തേയ്ക്കു കൊണ്ടുപോയി എന്നും മററുമുള്ള അരമനവൎത്തമാനം, പാവപ്പെട്ട ഉദ്യാനപാലികമാർപോലും അറിഞ്ഞ അവസ്ഥയ്ക്കു്, മാഢവ്യൻ മാത്രം കേട്ടില്ലെന്നു വരുമോ? കേട്ടാൽ, കാട്ടിൽ നടന്ന ശകുന്തളാപ്രണയം അയാൾ ഓക്കാതിരിയ്ക്കുമോ? ഓത്താൽ പിന്നെ പറയാതിരിയ്ക്കുമോ?

൮. ശകുന്തളാതിരസ്കരണം ശാൎങ്ഗരവപ്രഭൃതികൾ മുഖേന, അല്ലെങ്കിൽ ദിവ്യചക്ഷുസ്സമൂലം എങ്കിലും, കണ്വൻ അറിയാതിരിയ്ക്കുമോ? അറിഞ്ഞിരുന്നുവെങ്കിൽ പിന്നെ മൌനം ദീക്ഷിച്ചതു്, അദ്ദേഹത്തിൻെറ സ്ഥിതിയ്ക്കു് ഒട്ടും നന്നായില്ല.

൯. സാനുമതി ദിവ്യചക്ഷുസ്സിലധികം മാംസചക്ഷുസ്സിന്നു പ്രാധാന്യം കല്പിച്ചു് ഒളിച്ചുനിന്നു ചാര

---

f "നിനവില്ല നിരാകൃതയാം
മുനികന്യയെ വേട്ടതായെനിയ്ക്കൊട്ടും." (മ: ശാ)
ഇത്യാദി തൎജ്ജമയുടെ മൂലശ്ലോകാംശം.

പ്രവൃത്തി ചെയ്യുന്നതെന്തിന്? ഇതുകൊണ്ടു്, കഥയ്ക്കു വലിയ ഉപയോഗമൊന്നും കാണുന്നില്ല. മേനകയ്ക്കു തന്നെ ദിവ്യചക്ഷുസ്സില്ലയോ? പിന്നെ എന്തിനു സാനുമതിയേ അയച്ചു വൎത്തമാനം ഗ്രഹിയ്ക്കുന്നു?

൧൦. ഇന്ദ്രൻ വിളിച്ചാലും, ഉദ്യാനത്തിലിരുന്നു രാജാവു പരിചാരികമുഖേന മന്ത്രിയേ രാജ്യഭാരമേല്പിച്ചു സ്വൎഗ്ഗത്തേയ്ക്കു സവാരിപോകുന്നതു കുറേ സാഹസം തന്നെ. അന്ത്യംനില്പിനേപ്പററി വിളംബരം ചെയ്യുന്നതും, അതറിഞ്ഞു പൌരന്മാർ സന്തോഷിയ്ക്കുന്നതും ഋഷിഗൎഭംപോലെ എളുപ്പത്തിൽ കഴിയുന്നു!

ശ്ലോകങ്ങൾക്കു് ഓജസ്സും ശബ്ദഭംഗിയും തീരെക്കുറവാണു്. ശബ്ദാൎത്ഥരൂപമല്ലേ കാവ്യം? അതിൽ അൎത്ഥം മാത്രം സൎവ്വപ്രധാനമായി ഗണിച്ചതു മിസ്റ്റർ കാളിദാസരുടെ ശക്തിക്കുറവുകൊണ്ടല്ലയോ?

10597

ഇങ്ങനെ ഇനിയും പല ദോഷങ്ങളും പറവാനുണ്ടു്. വിസ്തരഭയത്താൽ തത്കാലം നിറുത്തുന്നു.

ഈ മാതിരിയിലാണു ദോഷഗ്രാഹികളുടെ നിരൂപണം. ഇതുകൊണ്ടു ഭാഷയ്ക്കു് അധഃപതനമല്ലാതെ, ഒരു കാലത്തും ഉയൎച്ച ഉണ്ടാകുന്നതല്ല. സത്കൃതികളുടെ എണ്ണത്തിനും വണ്ണത്തിനും കുറവുണ്ടാകുന്നതിനും, ഉള്ളവയുടെ പ്രചാരത്തേ കുറയ്ക്കുന്നതിനും ഇതിന്നു് ഇക്കാലത്തില്ലെങ്കിൽ മറെറാരു കാലത്തിലെങ്കിലും ശക്തിയുണ്ടായെന്നു വരാം. അതുകൊണ്ടു ഭാഷാപോഷണവിചക്ഷണന്മാരായ വിമൎശകന്മാർ ഗുണദോഷനിരൂപണവിഷയത്തിൽ പ്രത്യേകം ശ്രദ്ധവച്ചാൽ കൊള്ളാം.

III

നമ്പൂതിരിമാരും സാഹിത്യവും

ഈ വിഷയത്തേപ്പററി വിശദമായും വിസ്താരമായും ഒരു ഉപന്യാസം എഴുതുന്നതിന് എനിയ്ക്കു കൌതുകവും ഉത്സാഹവും ഉണ്ട്; എന്നാൽ ജോലിത്തിരക്കു കൊണ്ട് എൻെറ അഭിലാഷം പൂർണ്ണമായി ഫലിയ്ക്കുന്നതിന്ന സൌകര്യം കിട്ടിയില്ല. എങ്കിലും വായനശാലാപ്രവർത്തകന്മാരുടെ അപേക്ഷ കൈയേററുപോയതിനാൽ, എന്തെങ്കിലും ഒന്ന 'കാട്ടിക്കൂട്ടോ'തിരിപ്പാൻ നിർവ്വാഹമില്ലാതെ വന്നതുകൊണ്ട്, വല്ലതും ആയതാകട്ടെ എന്നുവെച്ച് എഴുതീട്ടുള്ളതാണിതു്. അതിനാൽ, ശ്രോതാക്കൾക്ക് ഇച്ഛാഭംഗത്തിന്നിടയാകരുതെന്ന് ആദ്യമേ മുഖവുരയായി പ്രസ്താവിച്ചുകൊള്ളുന്നു.

സാഹിത്യവിഷയത്തിൽ നമ്പൂതിരിമാർക്കുള്ള ഉണർച്ചയേയോ ഉയർച്ചയേയോ പററിയുള്ള പ്രസംഗത്തിൽ, അവരുടെ പൂർവ്വചരിത്രം വിസ്മരിയ്ക്കാവുന്നതല്ലല്ലോ. ശ്രീപരശുരാമൻ വീരഹത്യാപാപനിവൃത്തിയ്ക്കായി കേരളഭൂമിയേ സൃഷ്ടിച്ചു പരദേശത്തുനിന്നും ബ്രാഹ്മണരേ കൊണ്ടുവന്ന് അവർക്കായി ആ ഭൂമി മുഴുവൻ ദാനം ചെയ്തു എന്നും, ദിക്കു പിടിയ്ക്കാതേയും മററു സൗകര്യക്കുറവുകളാലും തിരിച്ചുപോയിത്തുടങ്ങിയ അവരേ പിന്നെയും കൂട്ടിക്കൊണ്ടു വന്ന്, വീണ്ടും അവർ തിരിച്ചു പോകാതിരിപ്പാനായി അവർക്കു ചില ആചാരവിശേഷങ്ങൾ കല്പിച്ച്, അവരുടെ ശിഖ, വസ്ത്രധാരണരീതി മുതലായവയിൽ ഗണ്യമായ ഭേദംചെയ്ത്, അവരുടെ രക്ഷയ്ക്കു

വേണ്ട നിയമങ്ങളും ഏൎപ്പെടുത്തി എന്നും മററും കേരള മാഹാത്മ്യം മുതലായി പല ഗ്രന്ഥങ്ങളും ഘോഷിയ്ക്കുന്നുണ്ട്. എന്നാൽ ഈവിധമാണ കേരളത്തിൽ ബ്രാഹ്മണപ്രതിഷ്ഠ ഉണ്ടായത് എന്നുള്ളതിലേയ്ക്കു സൎവ്വസമ്മതമായ ഒരു തീരുമാനം ഉണ്ടായിട്ടില്ല. എന്നുതന്നെയല്ല; പരശുരാമന്റെ അതിമാനുഷങ്ങളായ അപദാനങ്ങൾ, നമുക്കു വിശ്വാസയോഗ്യങ്ങളായി വരാം എങ്കിലും, മതാന്തരസ്ഥന്മാർ ഇതിൽ വിസംവദിയ്ക്കാതിരിയ്ക്കയുമില്ല. അതിനാൽ മതസംബന്ധവും, ദിവ്യശക്തികളുടെ സഹായവും കൂടാതെ ചരിത്രദൃഷ്ട്യാ സമ്മതിയ്ക്കാവുന്നതായ ഒരാഗമം തേടേണ്ടതു നമ്മുടേയും ചുമതലയാകുന്നു.

ഇപ്പോൾ 'കേരളം' 'മലയാളം' എന്നു വ്യവഹരിയ്ക്കുന്ന ഈ നാട്ടിൽ അടുത്തു മുൻപായി നടന്ന അവാന്തരപ്രളയംകൊണ്ടോ, മറെറന്തെങ്കിലും കാരണത്താലോ കടൽ കയറി ആക്രമിച്ചതായി തെളിയുന്നുണ്ട്. പിന്നീട് ക്രമേണ കര തെളിഞ്ഞതിനേത്തന്നെ ആയിരിയ്ക്കാം, പരശുരാമൻ സമുദ്രത്തിൽ നിന്നും ഭൂമിയേ വീണ്ടെടുത്തു എന്നും മററും പുരാണങ്ങൾ ഘോഷിയ്ക്കുന്നത്. 'ദ്രമിള' രാജ്യത്തിന്റെ പടിഞ്ഞാറേ കടലരികാണ കേരളം; വൎണ്ണാശ്രമധൎമ്മങ്ങളേ പ്രത്യുജ്ജീവിപ്പിയ്ക്കാനായി ഉണ്ടായിട്ടുള്ള മഹാവിഷ്ണുവിന്റെ മത്സ്യാവതാരകഥയും ഏറെക്കുറേ ഈയവസരത്തിൽ പൌരാണികന്മാൎക്കു കേരളപ്രതിഷ്ഠയുടെ ഉപകരണസമ്പാദനത്തിന് ഉപകരിച്ചിരിയ്ക്കാം. പുരാണപ്രകാരം അടുത്തു കഴിഞ്ഞ അവാന്തരപ്രളയം 'ദ്രമിള'ദേശത്താണ് ആരംഭിച്ചത്. ദ്രമിളാധിപതിയായ സത്യവ്രതൻ കൃതമാലാനദിയിൽ സന്ധ്യാവന്ദനത്തിനായിട്ടു കൈയിൽ കോരിയെടുത്ത ജലത്തിൽ

ഒരു ചെറിയ മത്സ്യത്തേ കണ്ടു എന്നും, അതു ജലാഞ്ജലിയിൽ വിട്ടൊഴിയാതെ നില്ക്കയാൽ അതിനേ രാജാവു ഗൃഹത്തിൽ കൊണ്ടുചെന്നു സൂക്ഷിച്ചതിൽ ദിവസംപ്രതി ഇട്ടുന്ന പാത്രം നിറഞ്ഞു വളൎന്നു്, നാലഞ്ചു ദിവസത്തിനുള്ളിൽ മഹാമത്സ്യമായിത്തീൎന്നു്, ഏഴുദിവസത്തിനകം പ്രളയം ഉണ്ടാകാൻ പോകുന്ന വിവരവും അപ്പോൾ ചെയ്യേണ്ടുന്ന കൃത്യങ്ങളും രാജാവിനേ ഗ്രഹിപ്പിച്ചിട്ടു സമുദ്രത്തിൽ പ്രവേശിച്ചു എന്നും ആണല്ലോ മത്സ്യാവതാരകഥ. "കൃതമാലാമലയാചലപശ്ചിമാംഭോധിമദ്ധ്യേ" എന്നു കേരളക്ഷേത്രത്തിനു സങ്കല്പത്തിൽ പറയുന്ന എലുകകളിൽനിന്നു തെളിയുന്നുമുണ്ടു്. അതിനാൽ ആറാമതായ ചാക്ഷുഷമന്വന്തരത്തിൻെറ അന്തത്തിൽ ഉണ്ടായി എന്നു ഘോഷിയ്ക്കുന്ന അവാന്തരപ്രളയം, കേരളത്തിൽ സമുദ്രം കയറിയതുതന്നെ ആയിരിയ്ക്കരുതോ? കാൎയ്യം എങ്ങനെയായാലും, ഉചിതമായ വാസസ്ഥാനം തേടിത്തേടി ആദികാലം മുതൽ തെക്കോട്ടു കടന്നുവന്ന ആൎയ്യന്മാർ, ആദിമനിവാസികളായ ദ്രാവിഡൎക്കു കീഴടങ്ങി വളരെക്കാലം ഇരുന്നിട്ടുണ്ടെന്നും മററും, ഭാഷാവിഷയമായി ചെയ്ത പരിശോധനയിൽ തെളിയാനിടവന്നിട്ടുണ്ടു്. വിശേഷിച്ചു്, സിന്ധുനദീമുഖത്തുനിന്നും സമുദ്രയാത്ര തുടൎന്ന ആൎയ്യവൎഗ്ഗക്കാർ, ഗോകൎണ്ണം വഴി തെക്കോട്ടു വ്യാപിച്ചു്, കേരളത്തിൽ കുടികേറിപ്പാൎത്തിരിയ്ക്കാനും ഇടയുണ്ടു്. ഇങ്ങനെ മുൻപിനാലേ വന്ന ഒരു സങ്ഘക്കാർ തമിഴരുമായി ഇടപെട്ടു്, കാലക്രമത്തിൽ ആചാരങ്ങളിലും ഉച്ചാരണങ്ങളിലും ഭിന്നിച്ചുവശമായി.

പിന്നീടു കുറേക്കാലം കഴിഞ്ഞതിൻെറ ശേഷം, ക്രമേണ ആൎയ്യന്മാർ ആൎയ്യാവൎത്തത്തിൽ സ്വാധിപത്യം

സ്ഥാപിച്ചിട്ട വിന്ധ്യനിര കടന്നു തെക്കോട്ടു വ്യാപിച്ച്, ദക്ഷിണാപഥത്തെ ആക്രമിയ്ക്കാൻ തുടങ്ങി. ഈ പുത്തൻ ക്കുറവുകാർ പൂൎവ്വാഗതന്മാരായ സ്വവൎഗ്ഗക്കാരേ കണ്ടു മുട്ടിയപ്പോൾ, ആചാരലോപത്താലും, അന്യാചാരസ്വീകരണത്താലും വിലക്ഷണന്മാരായ പഴയ ക്കുറവുകാരേ ഭ്രഷ്ടന്മാരെന്നും, ക്ഷത്രിയതുല്യന്മാരെന്നും, വേദാനൎഹന്മാരെന്നും മററും വിലക്കി. പുത്തൻക്കുറവുകാരുടെ സങ്ഘബലത്താലും ശക്തിക്കൂടുതലിനാലും അവർ ഉത്തമബ്രാഹ്മണരായും, ആചാരലോപം വന്ന പഴയ ക്കുറവുകാർ വേദാനൎഹന്മാരായ (ഓത്തില്ലാത്ത) വൎഗ്ഗക്കാരായും പരിണമിച്ചതായി ഊഹിയ്ക്കാനും ന്യായമില്ലെന്നില്ല.

ആറാംനൂററാണ്ടോടുകൂടി മയൂരവൎമ്മരാജാവ്, കേരളത്തിൽ ബ്രാഹ്മണപ്രതിഷ്ഠ കഴിച്ച കഥയും, ആചാരനിരതന്മാരായ ഈ നൂതനസങ്ഘങ്ങളിൽ പെട്ടവരേപ്പററി ആയിരിയ്ക്കണം. ഇപ്രകാരം കേരളം ഒട്ടുക്കു ഭൂസ്വത്തും, അധികാരപദവിയും സിദ്ധിച്ച നമ്പൂതിരിമാർ, ഹിന്ദുക്കളുടെ സകലാചാരങ്ങൾക്കും അടിസ്ഥാനമായ വേദത്തിൻെറ സ്വാധീനംകൊണ്ട്, ഭജനം മൂത്ത് ഊരാണ്മയും, ഊരാണ്മ മൂത്ത് അട്ടിപ്പേറും ചെലുത്തി, കാലാന്തരത്തിൽ കേരളാധീശ്വരന്മാരായി ചമഞ്ഞു എന്നു പറയുന്നതിൽ അസാങ്ഗത്യമില്ല.

ഇപ്രകാരം കേരളനാഥന്മാരായിത്തീൎന്ന ആൎയ്യന്മാർ അഥവാ ആഢ്യന്മാർ, മതസംബന്ധമായ സകലവ്യവഹാരങ്ങളിലും വേദസ്വാധീനംകൊണ്ടും, ലൌകികകാൎയ്യങ്ങളിൽ സങ്ഘബലവും ഭൂസ്വത്തുംകൊണ്ടും നാൾക്കുനാൾ പ്രബലന്മാരായി. അവരുടെ സ്വന്തഭാഷയായ

സംസ്കൃതത്തിനു പ്രാമാണ്യവും സിദ്ധിച്ചു. അക്കൂട്ടത്തിൽ എല്ലാംകൊണ്ടും യോഗ്യത തികഞ്ഞ ഒന്നുരണ്ടുപേർ രാജസ്ഥാനവും, രണ്ടുപേർ കുലപതിസ്ഥാനവും സ്വീകരിച്ചു. ഏഴെട്ടിലധികംപേർ മററുള്ള പ്രജകൾക്കു സകലവിധത്തിലും മാതൃകാപുരുഷന്മാർ എന്നു തോന്നുംവണ്ണം ആൎയ്യന്മാരിലും ആഢ്യന്മാരായിത്തീൎന്നു. തൎക്കം, വ്യാകരണം, വേദാന്തം, ജ്യൌതിഷം മുതലായ ശാസ്ത്രങ്ങളിൽ ഏതാനും പേർ പ്രവീണന്മാരായി. മന്ത്രശാസ്ത്രം, തന്ത്രശാസ്ത്രം, തച്ചുശാസ്ത്രം മുതലായ മററിനങ്ങളിലും അനേകംപേർ ശ്രദ്ധിച്ചു. രാജ്യരക്ഷയ്ക്കും സ്വവർഗ്ഗത്തിൽ ത്തന്നെ ചിലർ ഒരുമ്പെട്ടു. ഇപ്രകാരം ഭാരതവർഷത്തിൻെറ ഒരു കോണിലുള്ള കേരളത്തിൽ, എണ്ണത്തിൽ ഏററവും ചുരുങ്ങിയ ഒരു ജനസമുദായം, കാലക്രമത്തിൽ യാതൊന്നിനും അന്യാശ്രയംകൂടാതെ, സകലവിദ്യകളിലും നൈപുണ്യം നേടി ഒരു നാട്ടു നയിയ്ക്കത്തക്ക നിലയിൽ എത്തി.

ആൎയ്യാവൎത്തത്തിൽനിന്നും വിന്ധ്യപങ്ക്തി കടന്നു തെക്കോട്ടുവന്ന ആൎയ്യന്മാരിൽ ചിലരാണ്, കേരളത്തിൽ കുടികേറിപ്പാൎത്തതെന്നു വരുകിലും, കേരളീയർ കാലക്രമത്തിൽ ഒരു പ്രത്യേകസങ്ഘമായിത്തീൎന്നു. വടക്കും കിഴക്കും മലയപൎവ്വതരേഖയാലും, തെക്കും പടിഞ്ഞാറും അറബിക്കടലിനാലും പരിവൃതമായ മലയാളനാട്ടും മററു നാട്ടുകളും ആയുള്ള സംസൎഗ്ഗങ്ങൾക്ക് അവസരം കൊടുക്കാത്തതും, നമ്പൂതിരിമാൎക്ക് ഒററതിരിഞ്ഞ ഒരു സമുദായമായിരിപ്പാൻ സൌകൎയ്യം സമ്പാദിച്ചുകൊടുത്തു. ദേശത്തിൻെറ സമ്പത്സമൃദ്ധി, സാമുദായികമായും മതസംബന്ധമായും തങ്ങൾക്കു ലഭിച്ചിട്ടുള്ള മേന്മ, ആൎയ്യപരിഷ്കാരങ്ങൾ നാട്ടിൽ പരത്തുന്നതിനുള്ള ആചാൎയ്യ

സ്ഥാനം, സഹജമായ ഉദാരബുദ്ധി, ആന്തരാളികകലഹ ങ്ങളാൽ നാട്ടുകാരായ ദ്രാവിഡൎക്കുണ്ടായിരുന്ന ശക്തി ക്ഷയം—ഇതെല്ലാം നമ്പൂതിരിമാൎക്ക് മലയാളദേശത്തു പ്രതിഷ്ഠ ലഭിയ്ക്കുന്നതിനും അത്യന്തം ഉപകരിച്ചു.

ഈവിധം ഒരുത്കൃഷ്ടസമുദായമായിപ്പരിണമിയ്ക്കു ന്നതിന് അവൎക്കു കിട്ടിയ അവസരത്തെ അവർ വേണ്ടും വണ്ണം ഉപയോഗിയ്ക്കുകയും ചെയ്തു. അതിനാൽ നമ്പൂതിരി പ്പരിഷ, ഔദാൎയ്യം, സൗജന്യം, മഹാമനസ്കത്വം, വിദ്വ ത്ത്വം, പ്രാഭവം മുതലായ ഗുണങ്ങളാൽ അലംകൃതമായ ഒരു സംഘമായിച്ചമഞ്ഞു. ആൎയ്യപരിഷ്കാരത്തിന്റെ ആചാൎയ്യന്മാരായിരുന്നതിനാൽ, വിദ്യാസംബന്ധമായ സകലനടപടികളിലും നേതാക്കരം അവരായിരുന്നു. അതു മറ്റുള്ളവൎക്കു കൈവശപ്പെട്ടുപോകാതെ, തങ്ങൾക്കു മാത്രമുള്ള ഒരു കുലധനമായിരിയ്ക്കുന്നതിന് അവർ ഈൎഷ്യയോടെ ശ്രമിയ്ക്കുകയും ചെയ്തു. അതിനാൽ വിദ്യാ ധനം പെരുമാറുക വളരെക്കാലത്തേയ്ക്ക് ഇവരുടെ മുഖ്യജോലിയായിത്തീൎന്നു. ആ ജോലി അവർ വേണ്ടും വണ്ണം കാലോചിതമായ മട്ടിൽ നിറവേറ്റുകയും ചെയ്തു.

നമ്പൂതിരിമാരുടെ ആചാരങ്ങൾ, മറുനാടുകളിലേ ആചാരങ്ങളിൽനിന്നു ഭിന്നിച്ചവയാണെന്നു പറഞ്ഞു വല്ലോ. ആചാരങ്ങൾപോലെ ഇവരുടെ വിചാരങ്ങളും ഭിന്നരീതിയിലായിരുന്നു. മറുനാടുകളിലേ സവൎഗ്ഗക്കാ രേപ്പോലെ നാട്ടിൽ പ്രതിഷ്ഠ ലഭിയ്ക്കുന്നതിന്നു യുദ്ധാദി ക്ലേശങ്ങൾക്കിടവരായ്കയാൽ, ഇവൎക്കു വിദ്യാകാലക്ഷേപ ത്തിന് അധികം അവസരം കിട്ടുകയും, അതു പ്രശാന്ത ഗംഭീരങ്ങളും, പ്രസന്നമധുരങ്ങളും ആയ പ്രബന്ധങ്ങളേ ചമയ്ക്കുന്നതിന്ന് ഉപയോഗപ്പെടുകയും ചെയ്തു. ഫലി

ത്വവും ലാളിത്യവും, അവരുടെ വാക്കിനുള്ള സഹജഗുണമാണ്. "മിതം ച സാരം ച വചോഹി വാഗ്മിതാ" * എന്നുള്ള വാഗ്മിലക്ഷണം അവൎക്കുവേണ്ടി ചെയ്തതാണോ എന്നു തോന്നിപ്പോകും. ചോളദേശീയരിൽ കാണുന്ന ഔദ്ധത്യം അവരേ ലേശമെങ്കിലും ബാധിച്ചിട്ടില്ല. താൻ എന്തൊക്കെയോ ചില ഗ്രന്ഥങ്ങൾ നോക്കീട്ടുണ്ടെന്നല്ലാതെ, തനിയ്ക്കു് ഇന്നവിദ്യയിൽ പ്രചാരമുണ്ടെന്നുപോലും, ഒരു നമ്പൂതിരി പറയുകയില്ല. ചോളദേശത്തിൽനിന്നു് ഒരു ശാസ്ത്രി പണ്ടു മലയാളത്തിൽ വന്നപ്പോൾ, തനിയ്ക്കു നാലുവേദവും ആറുശാസ്ത്രവും വരുമെന്നു പറയുകയും, പരീക്ഷിച്ചതിൽ ഒന്നും അറികയില്ലെന്നു തെളിഞ്ഞപ്പോൾ, "ശാസ്ത്രികൾ മുൻപേ വന്നായിരിയ്ക്കും; ശാസ്ത്രങ്ങളെല്ലാം പുറകേ വരുന്നതേ ഉള്ളൂ, ഇല്ലേ?" എന്നു് ഒരു നമ്പൂതിരി പരിഹസിയ്ക്കുകയും ചെയ്തതായി കേൾവിയുണ്ടു്. അൎത്ഥംവെച്ചു പരിഹസിയ്ക്കാൻ, നമ്പൂതിരിയേക്കഴിഞ്ഞല്ലാതെ മറ്റൊരാൾ ഉണ്ടാകുമോ എന്നു സംശയമാണു്.

ഈവിധം മാഹാത്മ്യമേറിയ ഒരു ജനസമുദായത്തിൽ, സകലകലാവല്ലഭനായ ഒരാളേ ആദ്യമായി എടുത്തു് ഉദാഹരിയ്ക്കേണ്ടതു്, അവതാരപുരുഷനും, അന്യാദൃശങ്ങളായ മഹിമകളാൽ അഭ്യൎച്ചനീയനും ആയ സാക്ഷാൽ ലോകഗുരു ശ്രീമൽ ശങ്കരാചാൎയ്യസ്വാമികളേ ത്തന്നെ എന്നുള്ളതു നിൎവ്വിവാദമാകുന്നു. അതിബാല്യത്തിൽത്തന്നെ സന്ന്യസിച്ചു്, സ്വസമകാലീനന്മാരായ സകലപണ്ഡിതന്മാരേയും, മതാചാൎയ്യഗുരുക്കന്മാരേക്കൂ

---

* സാരമായും മിതമായും പറയുന്നതാണു വാഗ്മിത്വമെന്നതു്. (പ്രസാധകൻ)

ടിയും സ്വമേധാബലംകൊണ്ടു മടക്കി, ഭാരതത്തിൽ അതിപ്രചണ്ഡപൌരുഷമായി പ്രചരിച്ചുവന്ന ബൗദ്ധമതത്തെ ഒന്നോടെ തലതാഴ്ത്തിച്ച്, അദ്വൈതമതം സ്ഥാപിച്ച്, ഹിമാലയത്തിന്റെ തുങ്ഗശൃങ്ഗമാകുന്ന കിരീടത്താൽ ഭാസുരശിരസ്സായ ഈ ഭാരതഭദ്രദേവിയുടെ കാലടിയ്ക്കു തുല്യമായ കാലടിയിൽ ജനിച്ച ഒരു നമ്പൂതിരിസ്സന്ന്യാസി, ഭാരതത്തിന്റെ പഞ്ചപ്രാണങ്ങൾപോലെ അഞ്ചുമഠങ്ങളും പ്രതിഷ്ഠിച്ച്, കാശ്മീരത്തിലെത്തി സരസ്വതീദേവിയോടുപോലും വാദംചെയ്ത്, ജയഭേരിയടിച്ചു സൎവ്വജ്ഞപീഠം കയറി, ശാശ്വതമായ കീൎത്തിപതാക പറപ്പിയ്ക്കുന്ന മഹാൻ, കേരളത്തിലേ നമ്പൂതിരിസമുദായത്തിൽപ്പെട്ട ഒരാളാണെന്നുള്ളതുതന്നെ, നമ്മുടെ സമുദായക്കാൎക്ക് ലോകോത്തരമായ കൃതാൎത്ഥതയ്ക്കു കാരണമാകുന്നു.

ശാസ്ത്രവിഷയങ്ങളിലെന്നല്ല, സകലകലകളിലും കുശലനായി അതിമാനുഷങ്ങളായ വിശേഷാനുഭാവങ്ങളാൽ നമ്പൂതിരിസമുദായത്തിനു നടുനായകമായിരുന്ന ആചാൎയ്യസ്വാമികളുടെ കാലം കഴിഞ്ഞാൽ, പിന്നെയുള്ള പ്രമാണികളിൽ പ്രത്യേകിച്ചും എടുത്തു പറയേണ്ടവർ ജ്യോതിശ്ശാസ്ത്രപണ്ഡിതന്മാരാകുന്നു. ഭാരതഖണ്ഡം മുഴുവൻ പരന്നു പ്രസിദ്ധിയിലിരിയ്ക്കുന്ന സ്ഥൂലരൂപമായ 'പരഹിത'ഗണിതസമ്പ്രദായത്തെ തള്ളി, സൂക്ഷ്മതരമായ 'ദൃഗ്ഗണിത'പ്രസ്ഥാനം നൂതനമായി കണ്ടുപിടിച്ചു നടപ്പിൽ വരുത്തിയ മഹാനായ പരമേശ്വരൻനമ്പൂതിരി അവർകൾ ആ കൂട്ടത്തിൽ പ്രഥമഗണനീയനാകുന്നു.

ജ്യോതിശ്ശാസ്ത്രത്തിൽ ആദിമപാഠമായ വാക്യം നിൎമ്മിച്ച 'വരരുചി'യും ഒരു നമ്പൂതിരിതന്നെ എന്നു

ള്ളതു് എത്രയോ അഭിമാനകരമല്ലയോ? പ്രസിദ്ധ ജ്യോതിഷിയായിരുന്ന തലക്കുളത്തു ഭട്ടതിരിയുടെ ചരിത്രങ്ങൾ വാചാമഗോചരങ്ങളാകുന്നു.

മന്ത്രശാസ്ത്രം, തച്ചുശാസ്ത്രം, തന്ത്രശാസ്ത്രം, സംഗീതശാസ്ത്രം ഇവയിലും നമ്പൂതിരിസമുദായത്തിൽ നിപുണന്മാരായ പണ്ഡിതന്മാരുണ്ടായിരുന്നതായി ഭാഷാചരിത്രം നമ്മെ മനസ്സിലാക്കുന്നു. സൂര്യകാലടിബ്ഭട്ടതിരി, ചേന്നാസ്സനമ്പൂതിരി, മാത്തൂർ നമ്പൂതിരി മുതലായവർ മുൻ ചൊന്ന ഓരോ ഇനങ്ങളിൽ കീർത്തിനേടിയവരാകുന്നു.

ഇങ്ങനെ ശാസ്ത്രഗതികൾ കഴിഞ്ഞാൽ സഹൃദയമനോരഞ്ജകമായ കാവ്യസാഹിത്യപന്ഥാവിൽ ഇറങ്ങാം. അവിടെയും ലോകൈകഗുരുവായ ആചാര്യസ്വാമികൾ തന്നെയാണു മുന്നണിയിൽ വിളങ്ങുന്നതു്. ശബ്ദാർത്ഥാലങ്കാരാദിസമസ്തഗുണസമ്പൂർണ്ണമായ "സൌന്ദര്യലഹരി" ഒന്നുതന്നെ ഇതിനു പൂർണ്ണമായ ഉദാഹരണം:—

* "ദൃശാ ദ്രാഘീയസ്യാ ദരദളിത-
    നീലോത്പലരുചാ
ദവീയാംസം ദീനം സ്നപയ കൃപയാ
    മാമപി ശിവേ!

---

* ഫുല്ലിച്ചീടുന്ന നീലാംബുജമുകുളനിറം
    പൂണ്ടു നീണ്ടുള്ള കണ്ണാൽ
തെല്ലീ ദൂരസ്ഥനാം ദീനനിലുമലിവു നീ
    തൂവണം ദേവദേവി!
ഇല്ലല്ലോ ചേതമമ്മയ്ക്കിതി,ലടിയനടൻ
    ധന്യനായ്ത്തീരുമല്ലോ;
തുല്യം തൂവുന്നു ചന്ദ്രൻ കരമടവിയിലും
    മോടിയാം മേടമേലും."

(മഹാകവി—കുമാരനാശാൻ)

അനേനായം ധന്യോ ഭവതി ന ച തേ
ഹാനിരിയതാ
വനേ വാ ഹർമ്മ്യേ വാ സമകര-
നിപാതോ ഹിമകരഃ."

വിഷയം ശൃങ്ഗാരമെങ്കിലും, ഗഹനങ്ങളായ ഭാവങ്ങളാലും ധ്വനികളാലും അന്യാപദേശങ്ങളാലും അലങ്കൃതവും, അല്പമെങ്കിലും സഭ്യേതരഭാവം തോന്നിയ്ക്കാത്തതും ആയ "അമരുകകാവ്യം", സരസ്വതീവിജയത്തിനായി പരമഹംസപരിവ്രാജകനായ ആദിഗുരു പരകായപ്രവേശം ചെയ്തു നിർമ്മിച്ചതെന്നാണല്ലോ പഴമ.

* "പലായധ്വം പലായധ്വം
രേ രേ ദുഷ്ടകവികുഞ്ജരാഃ!
വേദാന്തവനസഞ്ചാരീ
ഹ്യായാത്യുദ്ദണ്ഡകേസരീ"

എന്നും, വരുന്ന വരവിൽത്തന്നെ;—

§ "ഭാഷാകവിനിവഹോയം
ദോഷാകരവദ് വിഭാതി"

എന്നും മററും കേരളത്തേയും, കേരളീയവിദ്വാന്മാരേയും ഭർത്സനം ചെയ്തുകൊണ്ടു ഭൂമി കുലുക്കി വന്നു്, കേരളീയർക്കായുള്ള പണക്കിഴി മുഴുവൻ 'തട്ടിയ്ക്കാൻ' തുടങ്ങിയ പ്രചണ്ഡപണ്ഡിതനായ ഉദ്ദണ്ഡനേ ജയിയ്ക്കാനായി

---

* അരേ, ദുഷ്ടകവികുഞ്ജരന്മാരേ! നിങ്ങൾ ഓടിക്കൊൾവിൻ, ഓടിക്കൊൾവിൻ; വേദാന്തമാകുന്ന വനത്തിൽ സഞ്ചരിയ്ക്കുന്നവനായ ഉദ്ദണ്ഡനെന്ന പണ്ഡിതകേസരി ഇതാ വരുന്നു.

§ ഈ ഭാഷാകവിസമൂഹം, ദോഷാകര (ചന്ദ്രനെന്നും, ദോഷങ്ങളുടെ വിളനിലമെന്നും) സദൃശമായി ശോഭിയ്ക്കുന്നു.

ജനിച്ച 'കാക്കശ്ശേരി', നമ്പൂതിരിസമുദായത്തിന് ഒരു അഭിമാനപുരുഷൻ തന്നെ; എങ്കിലും അദ്ദേഹത്തിന്റെ വിദഗ്ദ്ധത്തെല്ലാം, കക്ശമായ തക്കംപനമാവിൽ പ്രചരിയ്ക്കയാൽ സമ്മതനായ സാഹിത്യകാരൻ എന്ന നിലയിൽ കാക്കശ്ശേരിയ്ക്കു 'മാക്ക്' കുറവുതന്നെയാണെന്നാണ് എന്റെ അഭിപ്രായം. *

സാമൂതിരിമഹാരാജാവിന്റെ സദസ്യന്മാരായ 'പതിനെട്ടരക്കവികളിൽ' അരക്കവിയായ 'പുനം' ഒഴിച്ച്, മററു പതിനെട്ടു പേരും, നമ്പൂതിരിസമുദായത്തിനു പതിനെട്ടു മേളക്കാർതന്നെ എന്നുള്ളതിനു സംശയമില്ല.

ഇത്രയും കഴിഞ്ഞു മുന്നോക്കം നോക്കിയാൽ കാണുന്ന കാഴ്ചയാണ് അത്യാശ്ചര്യകരം. മൂലഗ്രന്ഥമായ ശ്രീമഹാഭാഗവതത്തേക്കാൾ മനഃപൂവ്വം ആദരിച്ചുപോരുന്ന ഉത്തമഗ്രന്ഥമായ 'നാരായണീയം' നിമ്മിച്ച ഭക്തശിരോമണിയായ നാരായണഭട്ടതിരിയും ഒരു നമ്പൂതിരിവഗ്ഗക്കാരൻ തന്നെ എന്നുള്ളതു്, കൈകൊട്ടി കൊണ്ടാടത്തക്ക ഭാഗ്യവിലാസം അല്ലയോ? സാഹിത്യരസികനായ അദ്ദേഹം, ഗംഭീരനായ പണ്ഡിതൻകൂടിയായിരുന്നു. യാതൊരു അത്ഥചിന്തനയ്ക്കും ചമത്കാരത്തിനും വകയില്ലാത്ത ശബ്ദശാസ്ത്രത്തിനു ഗഹനതരങ്ങളായ അനേകം വ്യാഖ്യാനങ്ങൾ എഴുതിക്കൂട്ടുന്ന പരദേശപണ്ഡിതന്മാരേ

---

* കാക്കശ്ശേരിയുടെ 'വസുമതീവിക്രമം' എന്ന വിശിഷ്ടനാടകവും മററും, ഈ പ്രബന്ധനിമ്മാണകാലത്തു് അപ്രസിദ്ധങ്ങളായിരുന്നു. പ്രഫ്സർ പരാമശിയ്ക്കാത്ത മററു ഗ്രന്ഥങ്ങളേയും ഗ്രന്ഥകാരന്മാരേയും പററിയും—ഇങ്ങനെ സമാധാനിയ്ക്കണം. (പ്രസാധകൻ)

പ്പോലും അദ്ദേഹം തലതാഴ്ത്തിച്ചിരുന്ന കഥ പ്രത്യേകം സ്മരണീയമാണ്.

* "മുനിത്രയം നമസ്കൃത്യ
തദുക്തീഃ പരിഭാവ്യ ച
വൈയാകരണസിദ്ധാന്ത-
കൌമുദീയം വിരച്യതേ."

എന്ന തുടങ്ങി കേൾക്കുമ്പോൾത്തന്നെ ഉദ്വേഗം തോന്നിയ്ക്കുന്ന സിദ്ധാന്തകൌമുദീകത്താവായ ഭട്ടോജി ദീക്ഷിതർ, ഭട്ടവര്യനായ നാരായണഭട്ടതിരിപ്പാട്ടിലേ 'പ്രക്രിയാസവ്സ്വം' എന്ന വ്യാകരണഗ്രന്ഥത്തിൻെറ മങ്ഗളപദ്യമായ:—

॥ "രാസവിലാസവിലോലം
ഭജത മുരാരേമ്മനോരമം രൂപം
പ്രകൃതിഷു യത് പ്രത്യയവത്
പ്രത്യേകം ഗോപികാസു സമ്മിളിതമ്"

---

* സൂത്രവാത്തികഭാഷ്യകാരന്മാരായ പാണിനി, വരരുചി, പതഞ്ജലി ഈ മൂന്ന ഋഷിമാരേയും നമസ്കരിച്ചിട്ട്, അവരുടെ വാക്കുകളെ ഒക്കെ നല്ലവണ്ണം ആലോചിയ്ക്കുയും ചെയ്തിട്ട്, വ്യാകരണശാസ്ത്രതത്വങ്ങളേ പ്രകാശിപ്പിയ്ക്കുന്ന ചന്ദ്രികയായിട്ടുള്ള ഈ ഗ്രന്ഥത്തേ (സിദ്ധാന്തകൗമുദിയേ) ഞാൻ നിമ്മിച്ചുകൊള്ളുന്നു.

(പ്രസാധകൻ)

॥ 'പ്രകൃതി'കളിൽ 'പ്രത്യയ'മെ-
ന്നതുപോൽ, പ്രത്യേകമേത്തു മേളിച്ചു
ഗോപികളിൽ; ഗോപാലക-
രൂപമതഭിരാമമോക്ക രാസരസം.

(പ്രസാധകൻ)

എന്നതിലേ സരസഗ്ഗുംഭനരീതി കണ്ടു വിസ്മിതനായിട്ടു്, ഇത്രത്തോളം പ്രസന്നപണ്ഡിതനായ ഭട്ടതിരിയേ കാണ്മാൻ കൊതിച്ചു പുറപ്പെട്ടുവരുംവഴി ഭട്ടതിരിപ്പാട്ടിലേ നിര്യാണവൃത്താന്തം കേട്ടു നിരുത്സാഹനായി തിരിച്ചു പോയി. ഇപ്രകാരം എന്നും ഏവക്കും ആദരണീയമായ യശശ്ശരീരത്തിൽ സ്ഥിതിചെയ്യുന്ന ഒരു മഹാപുരുഷനേ മററൊരു സമുദായത്തിലും കാണുന്ന കാര്യം സംശയമാണു്.

'ആചാരവികലൻ' എന്നു് ആദിശങ്കരാചാര്യസ്വാമിയേ അനാദരിച്ചു് അപകടത്തിൽപ്പെട്ട നമ്പൂതിരിമാർ തന്നെ, പണ്ഡിതശ്രേഷ്ഠനായ ഭട്ടതിരിപ്പാട്ടിലേയ്ക്കു 'വേദത്തിൻെറ ഗന്ധംപോലും ഇല്ല' എന്നു് ആക്ഷേപിയ്ക്കുന്നതിനു മടിച്ചില്ല. എന്നാൽ സ്വാധീനവിദ്യനായ ആ മഹാനുഭാവനു്, മധ്യമപാണ്ഡവനു പററിയ ഉർവ്വശീശാപംപോലെ, അവരുടെ ആക്ഷേപം ഒരു അനുഗ്രഹമായിട്ടാണു ചമഞ്ഞതു്.

സന്ദേശത്തിൽ, കവികുലഗുരുവായ കാളിദാസരുടെ രീതി മാത്രം അനുകരിച്ചു്, മേഘസന്ദേശത്തിൻെറ മേല്ക്കിട എന്നു പറഞ്ഞുകൂടെങ്കിലും, ഒട്ടും കീഴെ അല്ലാത്ത ശുകസന്ദേശം എഴുതിയ 'ലക്ഷ്മീദാസ'കവിയും ഒരു നമ്പൂതിരിതന്നെയാണല്ലോ.

കാളിദാസക്കു് അൎത്ഥപ്രതിപത്തിയും ധ്വനിപന്ഥാവുമാണു രസമെങ്കിൽ, ലക്ഷ്മീദാസന്നു് അതു രണ്ടിനും പുറമേ, ശബ്ദനിഷ്കൎഷം കൂടുതലായുമുണ്ടു്.

ഇനി മണിപ്രവാളസാഹിത്യസരണിയിൽ സഞ്ചരിച്ചുനോക്കാം.

ഈ വിഷയത്തിലും വിരുതനായിക്കാണുന്നതു്, 'ചെറുശ്ശേരി' എന്ന കീൎത്തിമാനായ ഒരു നമ്പൂതിരി തന്നെ. മധുരകോമളകാന്തപദാവലികളാൽ സരസോല്ലാസരീതിയിൽ, ചിറകുകെട്ടിപ്പായുന്ന ചുണ്ടൻവഞ്ചിയുടെ പോക്കുപോലെ, താളമേളങ്ങളോടുകൂടി മേല്ക്കുമേൽ തുള്ളിക്കുതിച്ചു ചാഞ്ചാടിക്കളിയാടുന്ന സാക്ഷാത് 'കൃഷ്ണഗാഥ' കേട്ടു രസിയ്ക്കാത്തവരും, ചെറുശ്ശേരിയേ ഓൎക്കാത്തവരും കേരളത്തിലുണ്ടെങ്കിൽ, അവർ ഷണ്ഡന്മാരെന്നുള്ള ശാപത്തിനു മാത്രം അര്ഹന്മാരാകുന്നു. പാല്ക്കടൽമാനിനിയുടെ കണ്ണിന് ആയൎപ്പൈപ്പെതൽ എന്നപോലെ, നമ്പൂതിരിസമുദായത്തിനു ചെറുശ്ശേരി പാല്ക്കുഴമ്പു് എന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയാകുന്നതല്ല.

ഉണ്ണിനമ്പൂതിരിമാരുടെ പരിഹാസപാത്രമായിരുന്നു്, ദൈവവിലാസത്താൽ 'യുധിഷ്ഠിരവിജയ'കൎത്താവായിത്തീൎന്ന വാസുദേവ്ഭട്ടതിരിയും പ്രസ്താവയോഗ്യനാണു്.

പരമഭക്തനും, നാരായണീയകൎത്താവിൻെറ സഹജീവിയും ആയിരുന്ന 'പൂന്താനം', "ഭട്ടതിരിയുടെ സംസ്കൃതസ്തുതിയേക്കാൾ പൂന്താനത്തിൻെറ ഭാഷാസ്തുതിയാണു് എനിയ്ക്കു പ്രിയം"—എന്നു ഗുരുവായൂരപ്പൻെറ 'സൎട്ടിഫിക്കററു' ലഭിച്ച മഹാനാണു്. സ്വപ്നത്തിലെങ്കിലും, മനുഷ്യശരീരത്തോടുകൂടി വൈകുണ്ഠഭഗവദ്ദര്ശനം ചെയ്ത ഈ ഭാഷാകവി, തൻെറ 'സന്താനഗോപാലം പാന'യിൽ, വിഷ്ണുലോകത്തേ ദര്ശിച്ച രീതിയിൽ വൎണ്ണിച്ചിരിയ്ക്കുന്നതു നോക്കുക.

ഭാഷാനൈഷധചമ്പൂകത്താവായ മഴമംഗലം, സാഹിത്യരസികൻ ആയിരുന്നതിനു പുറമേ, ജ്യോതിശ്ശാസ്ത്രവിശാരദനും, വൈദികമാൎഗ്ഗപ്രവൎത്തകനുംകൂടി ആയിരുന്നു.

കാലക്കേടിനാൽ ഭ്രഷ്ടു സംഭവിച്ചു എങ്കിലും, പഴമക്കാരനും ഫലിതപ്രധാനിയും വിദൂഷകകവിശ്രേഷ്ഠനും ആയ 'ത്രുകലൻ' എന്ന വികടകവിയും ജന്മനാ ഒരു നമ്പൂതിരിതന്നെയാകുന്നു.

എതിരേതന്നെ ഭക്ത്യാ കുളിച്ചു്, ഭഗവത്പാദാരവിന്ദങ്ങളേ ചിത്തേ ചേൎത്തു്, മിഴിയടച്ചിരിയ്ക്കുമ്പോൾ തോന്നിയ മാരവിരുത്തും, മന്ദസ്മിതപ്രൌഢിയും, പന്തൊത്തതും, മററതും മററും, ബാലശശിയും, കോടീരവും, ഗംഗയും, ബ്രഹ്മൻെറ തലയും, ഗളവും മററുമാക്കി അരക്ഷണംകൊണ്ടു് ഓതിയ്ക്കോനേ കളിപ്പിച്ച ശൃംഗാരതിലകനായ 'ചേലപ്പറമ്പും' ഒരു നമ്പൂതിരിവംശജൻതന്നെ. വിദുഷിയായ മനോരമത്തമ്പാട്ടിയുടെ അഞ്ചിക്കൊഞ്ചിക്കുഴഞ്ഞിട്ടമൃതുചൊരിയും പുഞ്ചിരിയ്ക്കും, ചഞ്ചച്ചില്ലീലതയ്ക്കും, നെഞ്ചിൽക്കിടക്കും നെടിയ കുടിലതയ്ക്കും കൂടി ഒന്നിച്ചു തൊഴുതു്, ഉണ്ണിയെങ്കിലും വണ്ണംതോന്നിച്ച ഈ രസികശിരോമണിയാകട്ടെ; "പച്ചമലയാളകവിതാപ്രസ്ഥാനം തങ്ങൾ കണ്ടുപിടിച്ചുപോയി" എന്നു ഞെളിയുന്ന മേനിക്കണ്ടപ്പന്മാരേ,

"പാടത്തുംകരെ നീളെ നീലനിറമായ്
വേലിയ്ക്കോരാഘോഷമായ്
ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു"

നില്ക്കുന്ന കല്പവല്ലി പെററുള്ള പൈതങ്ങളേപ്പറിയ്ക്കാൻ നീട്ടിയ കൈ കായിൽ പതിയ്ക്കുംമുൻപു ചൊല്ലിയ ഭാഷാ

മൊഴികൊണ്ടു ശതകം ചൊല്ലിയ്ക്കുന്നതു് എത്ര രസമായിരിയ്ക്കുന്നു! ദുഷ്കവിത എന്നു തള്ളിയിരിയ്ക്കുന്ന അദ്ദേഹത്തിൻെറ 'പാട്ടുണ്ണിചരിതം'കൂടി സരസമധുരമാണെന്നു് ഏവരും സമ്മതിച്ചുപോകും.

ഇനിയത്തേ പുറപ്പാടു പുനത്തിൻെറയാണു്. ഗംഭീരവിദ്വാനായ സാമൂതിരിയുടെ സദസ്യന്മാരായ പതിനെട്ടു കവികളുടെ കൂട്ടത്തിൽ ഭാഷാകവിതകൊണ്ടു മാത്രം, ആശയവിശേഷങ്ങളാലും വാഗ്ധോരണികളാലും അരക്കവിസ്ഥാനം കൈയ്ക്കലാക്കിയതിനു പുറമേ,

* "........................കവയഃ
കവയന്തു വയം തു ന താൻ വിനമഃ
... ...
പുനമേവ പുനഃ പുനരാസ്തുമഹേ."

എന്നു വിജയവിരുത്തും,

"അന്ത'ഹന്ത'യ്ക്കിന്തപ്പട്ടു്"

എന്നു സന്ദർഭോചിതമായി പ്രയോഗിച്ച ഒരു 'ഹന്ത' പദത്തിനു് ഒരു പട്ടു സമ്മാനവും, 'പച്ചപ്പാണ്ടിപ്പട്ടരാ'യ ഉദ്ദണ്ഡപണ്ഡിതൻെറ പക്കൽനിന്നും തക്കംനോക്കി 'തട്ടിച്ച' സാക്ഷാൽകവി പുനം എത്ര സരസനാണെന്നു പറയേണ്ടതുണ്ടോ?

ഇങ്ങനെ ഓരോ മഹാന്മാരേയും എടുത്തു പറയുന്നതായാൽ അതിനുതന്നെ വളരെ സമയം മിനക്കെടേണ്ടിവരുമെന്നു വിചാരിച്ചു ചുരുക്കുന്നു.

---

* കവികൾ കവിതകളെഴുതിക്കൊള്ളട്ടെ; നാമവരേ മാനിയ്ക്കുന്നില്ല........................പുനത്തിനേ മാത്രമാണു നാം പിന്നെയും പിന്നെയും പ്രശംസിയ്ക്കുന്നതു്. (പ്രസാധകൻ)

അടുത്തു കഴിഞ്ഞ ഗവർണ്മേണ്ടു ജനസങ്ഖ്യക്കണക്കിൻപ്രകാരം, ഉദ്ദേശം ഒരു കോടിയോളം ജനങ്ങൾ അധിവസിയ്ക്കുന്ന കേരളത്തിൽ, ജനസങ്ഖ്യയുടെ ആയിരത്തിലൊരംശംപോലും വകകാണാത്തതും, സന്താനവൃദ്ധിമാർഗ്ഗം സന്ദേഹസ്ഥിതിയിൽ ഏപ്പെട്ടുപോയിരിയ്ക്കുന്നതുമായ ഒരു സമുദായക്കാർ, വിദ്യാഭ്യാസത്തിന്ന ഗുരുകുലവാസവും ഗുരുശുശ്രൂഷയുമല്ലാതെ മററു യാതൊരു സൗകര്യങ്ങളുമില്ലാതിരുന്ന മുൻകാലങ്ങളിൽ, ഹിന്ദുക്കൾക്കു വേണ്ടുന്ന ഓരോ വിഷയങ്ങളിലും പ്രയത്നിച്ചു പരിപൂർണ്ണയോഗ്യത സമ്പാദിയ്ക്കുകയും, വിശേഷിച്ചു സാഹിത്യസരണിയിൽ അത്ഭുതപൂർവ്വമായ പരിഷ്കാരങ്ങൾ പ്രചരിപ്പിയ്ക്കുകയും ചെയ്തിട്ടുള്ളതോക്കുമ്പോൾ, ഉദ്ദേശം നൂററയ്മ്പതുവർഷങ്ങൾക്ക് ഇപ്പുറം നമ്പൂതിരിസമുദായത്തിൻെറ സകലവിധമുള്ള ഉന്നതികളും അടിയുറപ്പില്ലാതെ തേഞ്ഞുമാഞ്ഞു പോയിരിയ്ക്കുന്നു എന്നു പശ്ചാത്തപിയ്ക്കാനേ വക കാണുന്നുള്ളു.

ഓഹോ! ഒരു കാര്യം ഇപ്പോൾ മാത്രമാണ് ഓർമ്മയിൽ വന്നതു്. വെണ്മണിനമ്പൂതിരിമാരും, നടുവത്തച്ഛനും, ശീവൊള്ളിയും മററും നമ്പൂതിരിമാരല്ലേ, എന്ന് ഇന്നത്തേ ഈ യോഗത്തിലുള്ളവർ തന്നെ വല്ലവരും ഒരു ചോദ്യം ചെയ്യേക്കാം. അതിലേയ്ക്ക് അവർ ആധുനികന്മാരാകയാൽ സദസ്യരിൽ പലരും അവരേ നേരേ കണ്ടു പരിചയിച്ചവരായിരിയ്ക്കാൻ ഇടയുള്ളതുകൊണ്ടു്, ഞാൻ പ്രത്യേകിച്ചെടുത്തു പറയാഞ്ഞതാണെന്നേ എനിയ്ക്കു സമാധാനമുള്ളു.

ഇനി ഒരുവിധം ഈ ഉപന്യാസത്തേ ഉപസംഹരിയ്ക്കണമല്ലോ.

പരിപൂൎണ്ണവും, വിധിവത്തും ആയ വേദപഠനം; ഇതരദേശങ്ങളിലും ഇതരസമുദായക്കാൎക്കും ഇല്ലാത്തതും, 'അനാചാരങ്ങൾ' എന്നു മററുള്ളവർ അൎത്ഥം തെററിദ്ധരിച്ചിരിയ്ക്കുന്നതും ആയ ആചാരവിശേഷങ്ങൾ; ബ്രാഹ്മണവൃത്തിയ്ക്കനുരൂപമായ ബ്രഹ്മചര്യാനുഷ്ഠാനം; ഗൃഹസ്ഥാശ്രമധൎമ്മം; ഹൃദയപൂൎവ്വകമായ അതിഥിപൂജ; പരിശുദ്ധമായ മനോഗതി; നിഷ്കപടങ്ങളായ വ്യാപാരങ്ങൾ; അഹിംസ, ദയ, സമഭാവന മുതലായ അനേകവിശിഷ്ടഗുണങ്ങൾക്കു് ആധാരഭൂതന്മാരായ നമ്പൂതിരിസമുദായക്കാരേ എത്രതന്നെ ശ്ലാഘിച്ചാലും മതിയാകുന്നതല്ല. എന്നാൽ ഇപ്പോഴത്തേ സ്ഥിതി കുറേ മോശപ്പെട്ടതാണെന്നുള്ളതും വക്തവ്യമാണു്.

ജീവിതകൃത്യത്തിൽ നമ്മുടെ സ്ഥിതി, രണ്ടു വഴികൾ തങ്ങളിൽ പിരിയുന്നിടത്താണു് എന്നുള്ള വചനം, കേട്ടു കേട്ടു മുഷിഞ്ഞതാണെങ്കിലും വാസ്തവമാകുന്നു. പുതിയതും പ്രബലവുമായ ഒരു പരിഷ്കാരരീതി, നമ്മുടെ പഴയ ഏൎപ്പാടുകളെ എല്ലാം അടിയോടെ കുലുക്കി മറിച്ചിരിയ്ക്കുന്നു. അവയുടെ സ്ഥാനത്തു പുതിയ ഏൎപ്പാടുകൾ ഇനിയും സ്വരൂപിച്ചുകഴിഞ്ഞിട്ടില്ല. ദീൎഘകാലമായിട്ടു് ഒരു ജാഡ്യനിദ്രയിൽ മയങ്ങിക്കിടന്നിരുന്ന ഇന്ത്യാനിവാസികളുടെ മനസ്സു്, ഝടിതി ഉണൎന്നു്, പുതിയ അഭിപ്രായങ്ങളാലും അപൂൎവ്വചോദനകളാലും പൂൎണ്ണമായിത്തീൎന്നിരിയ്ക്കുന്നു. ഒരു വൈദേശികമായ പരിഷ്കാരമാൎഗ്ഗം, നമ്മുടെ ഇടയിൽ അത്ര വലിയ ഭേദഗതികളേ ചെയ്തിരിയ്ക്കുന്നു. എന്ത എന്നാൽ, ഇനി ലോകചരിത്രത്തിൽ നമ്മുടെ ഭാഗം വിചിത്രമായിവിചാരിയ്ക്കപ്പെടും. പഴയ കാലത്തു പരമനിദൎശനങ്ങളായി വിചാരിയ്ക്കപ്പെട്ടിരുന്ന വസ്തുക്കൾ എല്ലാം, ഇപ്പോൾ നമുക്കു രസിയ്ക്കാതെ ആയി.

അവയുടെ സ്ഥാനത്തു പുതിയ വസ്തുക്കളെ സ്ഥാപിപ്പാനാണു നമ്മുടെ യത്നം. ഇന്നത്തെ ഹിന്ദു, അനേകായിരം സംവത്സരകാലമായി നിലനിന്നുപോരുന്ന സ്ഥായിയായ 'സ്ഥിതപാലക'സ്വഭാവത്തിന്റെ മനോവ്യാമോഹകമായ ഒരു പരിണാമമാകുന്നു. ഈ സ്ഥിതപാലനസ്വഭാവം, അവനെ, ഏഷ്യയിലുള്ള മററു കറുത്ത മനുഷ്യരുടെ എന്നല്ല, യൂറോപ്പിലെ വെള്ളക്കാരുടെപോലും ആക്രമണങ്ങളേയും, ഇങ്ഗ്ളണ്ടിലെ ഉദ്ദീപകമായ സാഹിത്യങ്ങളാൽ ഉത്പാദിച്ചു പ്രചരിയ്ക്കപ്പെട്ടിട്ടുള്ള തീവ്രമായ ഉന്മൂലനമതത്തേയും എതിർക്കുന്നതിനു ശക്തനാക്കിച്ചെയ്തിട്ടുണ്ടു്. എല്ലായിടത്തും ജനങ്ങളുടെ മനസ്സിനു്, സ്വഭാവത്തിൽ സാങ്ക്രമികവും, ഫലത്തിൽ ധ്വംസകവും ആയ ഒരു അസ്വാരസ്യം കാണുന്നു. നമ്മുടെ മനസ്സു് ഒരു സന്ദേഹസമുദ്രത്തിൻെറ തിരകളിൽ ആന്ദോളനം ചെയ്യുന്നതുപോലെ തോന്നുന്നു. പലപ്പോഴും ഒരു പരമനിദർശനത്തിൽ എത്തുന്നതിനുള്ള സംരംഭത്താൽ, നാം പ്രകാശംകൊണ്ടു നമ്മെ ആകർഷിയ്ക്കുന്നതായ വല്ല ജ്യോതിസ്സിന്റേറയും നേരെ പാഞ്ഞടുക്കുന്നു; എന്നാൽ, ഒടുവിൽ, കെടാൻ പോകുന്ന അഗ്നി, വീശുന്ന വായുവിൻെറ ഫൂത്കാരത്താൽ ജ്വലിയ്ക്കുന്നതുപോലെയേ ഉള്ളു ആ ജ്യോതിസ്സിന്റെ സ്ഥിതി എന്നു വന്നുകൂടുന്നു. ക്ഷേമകരങ്ങളായ കിരണങ്ങളേക്കൊണ്ടു് ഒരു പ്രശാന്തമായ വിശ്രമസ്ഥാനത്തിൻെറ ഉറപ്പു തരുന്നതും, സ്ഥായിയും, വാസ്തവവുമായ ഒരു പ്രകാശമാകട്ടെ, അപൂർവ്വമായി വല്ലപ്പോഴും ഒരിയ്ക്കലേ നാം കാണുന്നുള്ളു. ദൈവം നമ്മുടെ ആയുഷ്കാലം കല്പിച്ചിരിയ്ക്കുന്നതു്, പ്രബലങ്ങളായ രണ്ടു പരിഷ്കാരങ്ങൾ തങ്ങളിൽ ഇടഞ്ഞു 'കടിപിടി' കൂടുന്ന ഒരു ഘട്ടത്തിലാകുന്നു. അവയിൽ ഒന്നു്,

നാട്ടിൽ ഉണ്ടായി വളൎന്നതും, ചിലർ തെറ്റിദ്ധരിച്ചിട്ടുള്ള തുപോലെ ക്ഷയിച്ചു ദുർബ്ബലപ്പെടാത്തതും, നേരേമറിച്ചു പ്രായാധിക്യത്താലും വിശേഷജ്ഞാനത്താലും പൂജ്യത സമ്പാദിച്ചതും ആകുന്നു; മറേറതു പാശ്ചാത്യദേശത്തു നിന്നു വന്നു്, ദുഃഖത്തേ ആകട്ടെ ദോഷത്തേ ആകട്ടെ വകവെയ്ക്കാതെ, ലോകത്തേ എല്ലാം സങ്ഗീതസാഹിത്യ ങ്ങളേക്കൊണ്ടലങ്കരിയ്ക്കുന്ന ഒരു പ്രസന്നമായ സ്വാസ്ഥി വാദത്തോടുകൂടെ യൗവനപ്രാഭവത്തിൽ മദിയ്ക്കുന്നു. നമ്മു ടെ ഇടയിൽ പൊതുജനക്ഷേമം ഈ മത്സരത്തിന്റെ പരിണാമത്തിന്നു് ആയത്തമായിരിയ്ക്കുന്നു. രണ്ടുപക്ഷത്തി ലുമുള്ള ബലത്തേ നമുക്കു ഗണിയ്ക്കേണ്ടതുണ്ടു്. ഭൂതത്തേ മിഥ്യയാക്കാതെ, അതിന്റെ അനുഗാമിയായിത്തന്നെ ഇരിയ്ക്കുന്ന ഒരു ഭവിഷ്യത്തോടുകൂടെ നമ്മുടെ വൎഗ്ഗക്കാ ൎക്കു നിത്യതയേ സ്വീകരിയ്ക്കുന്നതായ ഒരു മട്ടിലേയ്ക്കു് ഈ മത്സരത്തിന്റെ പൎയ്യവസാനത്തേ നയിപ്പിയ്ക്കുക യാണു നമ്മുടേ ഇപ്പോഴത്തേ കൃത്യം.

ഈ കൃത്യം നിറവേററുന്നതിന്നു് ഓരോ ജാതിക്കാ രും, സങ്ഘക്കാരും താന്താങ്ങളുടെ ശക്തിയ്ക്കും സ്ഥിതി യ്ക്കും അനുരൂപമായി ശ്രമം ചെയ്വാൻ ആരംഭിച്ചിട്ടുണ്ടു്. അതിൽ പ്രാചീനപരിഷ്കാരത്തിന്റെ ഉയൎന്ന കൊമ്പിൽ കയറിയിരുന്നവൎക്കു്, കീഴിൽ ഇരുന്നിരുന്നവരോളം, നവീനപരിഷ്കാരത്തേ സ്വീകരിയ്ക്കുന്നതിനുള്ള ആവശ്യ വും സൗകൎയ്യവും ഇല്ലാതെ വന്നു. പഴയ പൌരസ്ത്യപരി ഷ്കാരനിശ്രേണികയ്ക്കു് അനേകം പടികൾ ഉള്ളതിൽ, ഒരു ജാതിക്കാർ എത്തിയിരുന്ന പടി എത്രത്തോളം ഉപരിയായിരുന്നോ, അത്രത്തോളം ആ ജാതിക്കാൎക്കു്, അവിടം വിട്ടു്, പുതുതായി അങ്കുരിച്ചുവരുന്ന പാശ്ചാത്യ

പരിഷ്കാരതരുവിൽ കടന്നുപിടിയ്ക്കുന്നതു ശ്രമസാദ്ധ്യമായി വന്നുചേൎന്നിരിയ്ക്കുന്നു. അതിനാൽ രണ്ടു പരിഷ്കാരങ്ങളും കൂടിക്കലൎന്നതോടുകൂടി സമുദായസ്ഥിതി ഒന്നു കീഴ്മേലായി മറിഞ്ഞു. പുരാതനസമുദാചാരപ്രകാരം ഉയൎന്നുനിന്നവർ അധുനാതനസമുദാചാരദൃഷ്ട്യാ താണവരായിപ്പോയി. മാമൂൽപ്രകാരം പഴയതിന്നുള്ള മാഹാത്മ്യം നിശ്ശേഷം നശിച്ചിട്ടില്ലെങ്കിലും, സാധാരണ ജനങ്ങളുടെ ദൃഷ്ടിയിൽ പുതിയതിന്നുതന്നെയാണു പൂജ്യത വന്നുകൂടുക. അതിനാൽ പാശ്ചാത്യനാഗരികതത്തിൻെറ എല്ലാം അടിസ്ഥാനമായ ഇങ്ക്ലീഷുവിദ്യാഭ്യാസം ഈ നാട്ടിൽ പ്രബലപ്പെടുംതോറും അതിൽ വൈമുഖ്യം വഹിയ്ക്കുന്ന ഉത്തമജാതിക്കാരുടെ മഹത്ത്വവും ഐഹികസമ്പത്സമൃദ്ധിയും ക്ഷയിച്ചുതുടങ്ങി.

ഈവിധം ഉണ്ടായിത്തീൎന്നിട്ടുള്ള കലാപം നംപൂതിരിമാരേ ആണു് അധികം ബാധിച്ചതു്. അതിന്നുള്ള കാരണം, പണ്ടു സൎവ്വോത്കൃഷ്ടപദത്തിൽ ഇരുന്നതും ആണു്. 'നീചൈൎഗ്ഗച്ഛത്യുപരി ച ദശാ ചക്രനേമിക്രമേണ' (ചക്രച്ചുററു മുറയ്ക്കുവസ്ഥയഖിലം കീഴ്മേൽ മറിഞ്ഞേ വരൂ) എന്നാണല്ലോ പ്രമാണം. ആയതിനാൽ താണും പൊങ്ങിയും വരുന്ന സംസാരചക്രത്തിൽ ഉണ്ടാകുന്ന അവസ്ഥാഭേദത്തേപ്പററി ശോചിയ്ക്കാനില്ല. ഇന്നു താണാൽ നാളെ പൊങ്ങുകയും ആകാമല്ലോ. അതിനാൽ, അധോഗതിയ്ക്കുള്ള കാരണം അറിഞ്ഞു് അതിനേ പരിഹരിപ്പാനുള്ള യത്നം ചെയ്യേണ്ടതു നംപൂതിരിമാരുടെ കൃത്യമായിത്തീൎന്നിരിയ്ക്കുന്നു. ഈ കൃത്യബോധം ഉണ്ടായിട്ടു്, നംപൂതിരിപ്പരിഷകൾ ആകപ്പാടേ ഒന്നുണൎന്നിട്ടുണ്ടു് എന്നുള്ളതിന്നു് ഈവക യോഗങ്ങൾ തന്നെ പൂൎണ്ണ

ലക്ഷ്യങ്ങളാകുന്നു. പ്രാചീനസമുദാചാരപ്രകാരം നംപൂതിരിമാൎക്ക് ആശീൎവ്വാദം പ്രയോഗിയ്ക്കുന്നതിന് എനിയ്ക്കു് അധികാരമില്ലെങ്കിലും, ഈ നവീനസമുദാചാരപ്രസ്താവത്തിൽ ആ വക നിൎബ്ബന്ധങ്ങളെ ഗണിയ്ക്കേണ്ടതില്ലാത്തതിനാൽ, സമുദായോന്നതിയ്ക്കുവേണ്ടി നംപൂതിരിമാർ ചെയ്തുവരുന്ന സകലവിധവ്യവസായങ്ങൾക്കും ഞാൻ ഹൃദയപൂൎവ്വം വിജയം ആശംസിയ്ക്കുന്നു.

IV

നാട്ടുഭാഷാവിദ്യാഭ്യാസം

അല്ലയോ മഹാജനങ്ങളേ!

ഇന്നേദിവസത്തേ ഈ മഹായോഗത്തിൽ സന്നിഹിതന്മാരായ ഭവാന്മാരേ അഭിസംബോധനം ചെയ്യുന്നതിന്നു് എന്നേക്കൂടി ക്ഷണിച്ചതിൽ, നാട്ടുഭാഷാവിദ്യാഭ്യാസകനകജൂബിലിക്കമ്മിററിക്കാർ എന്റെ നേരേ പ്രദൎശിപ്പിച്ചിട്ടുള്ള ഗൌരവപ്രതിപത്തിയേ ഉചിതോപചാരപുരസ്സരം ഞാൻ അഭിനന്ദിയ്ക്കുന്നു. ഈ മാതിരി ഒരു യോഗം അഭൂതപൂൎവ്വമാണു്. അപൂൎവ്വമായിട്ടേ സംഭവിയ്ക്കുയുമുള്ളു. ജാതിമതഭേദം കൂടാതെ എല്ലാജ്ജനങ്ങൾക്കും ആരാധിയ്ക്കുന്നതിനായി ഭാഷാദേവിയേ നമ്മുടെ നാട്ടിൽ പ്രതിഷ്ഠിച്ചിട്ടു് ഇപ്പോൾ കൊല്ലം നാല്പതു കഴിഞ്ഞിരിയ്ക്കുന്നു. ധ്വജപ്രതിഷ്ഠാദികൾ കഴിഞ്ഞാൽ അതിനേ സംബന്ധിച്ചുള്ള ഉത്സവം നാലഞ്ചു

ദിവസം കഴിഞ്ഞതിനു മേലാണു വിധിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. അതിനാൽ പ്രകൃതപ്രതിഷ്ഠയേപ്പററിയുള്ള ഉത്സവത്തിനു കാലം ഇതുതന്നെയാകുന്നു. ൧-ദിവസമല്ല, ൧൦-സംവത്സരമല്ലേ ഇപ്പോൾ ആയതു്, എന്നൊരു ചോദ്യം ഉണ്ടായേയ്ക്കാം; എന്നാൽ അതിന്നുള്ള സമാധാനം ലഘുവാണു്. ഭാഷാദേവിയുടെ പ്രതിഷ്ഠയ്ക്കും, മററു ദേവീദേവന്മാരുടെ പ്രതിഷ്ഠകൾക്കും തമ്മിൽ വളരെ ഭേദമുണ്ടു്. ശിലകൊണ്ടോ ലോഹംകൊണ്ടോ ഒരു ബിംബമുണ്ടാക്കി ഒരു ആലയത്തിൽ ചെയ്യുന്ന പ്രതിഷ്ഠ അല്ലല്ലോ ഇതു്. ജാതിമതാദിവ്യത്യാസം കൂടാതെ, സകലമാനുജനങ്ങളുടേയും ബുദ്ധികമലപീഠമാണു് ഇതിൻെറ അധിവാസസ്ഥാനം. അതുകൊണ്ടു് ഈ ദേവിയേ സംബന്ധിച്ചിട്ടുള്ള കാലമാനം, മററു് ഈശ്വരന്മാൎക്കുള്ളതുപോലെ, മാനുഷമാനംകൊണ്ടല്ല, ദേവന്മാരുടെ മാനംകൊണ്ടാണു വേണ്ടതു്. മനുഷ്യരുടെ ഒരു സംവത്സരം, ദേവന്മാൎക്കു് ഒരു ദിവസവുമാണല്ലോ. പ്രതിഷ്ഠ കഴിഞ്ഞിട്ടു കാലം ഏറെയായില്ലെങ്കിലും, മൂൎത്തിയ്ക്കു ചൈതന്യം ദിവസംപ്രതി വൎദ്ധിച്ചുതന്നെ വരുന്നു എന്നുള്ളതു്, ഉപാസനക്കാരായ ഏതു ഭക്തന്മാൎക്കും അനുഭവസിദ്ധമാകയാൽ, അതിനേപ്പററി വിസ്തരിയ്ക്കേണ്ടതില്ല.

ഈ അവസരത്തിൽ, നമ്മുടെ പ്രിയപ്പെട്ട മാതൃഭാഷയുടെ ജീവചരിത്രത്തിൽ ഉണ്ടായിട്ടുള്ള പ്രധാന സംഭവങ്ങളെല്ലാം, നമ്മുടെ ഓൎമ്മയിൽ വരുന്നു. ആദികാലത്തു്, ശിശുവായ മലയാളഭാഷ, ദ്രാവിഡകുടുംബത്തിൽ ജ്യേഷ്ഠസഹോദരിയായ തമിഴിൻെറ രക്ഷാകൎത്തൃത്വത്തിൽ വളൎന്നതും, അന്നു ഗൃഹത്തിനുള്ളിൽ മാത്രം

സഞ്ചരിയ്ക്കുയല്ലാതെ, 'പബ്ളിക്ക്'സ്ഥലങ്ങളിൽ ഇറങ്ങാൻ സ്വാതന്ത്ര്യമില്ലാതെ ഖേദിച്ചിരുന്നതും, പിന്നീട്ട തമിഴിൻെറ പിടിയിൽനിന്നു വിട്ടിട്ടും തന്റേടമില്ലായ്ക്കയാൽ സംസ്കൃതത്തെ ആശ്രയിച്ചതും, വളരെക്കാലം സംസ്കൃതത്തിൻെറ ഗൃഹകുംഭദാസിയായിക്കഴിച്ചുകൂട്ടിയതും എല്ലാം സ്മരണപഥത്തെ അവരോഹണം ചെയ്യുന്നു.

ഭാഷാചരിത്രത്തെപ്പറ്റി ആലോചിയ്ക്കുന്നതായാലും തിരുവിതാംകോട്ടുകാരായ നമുക്ക്, വിശേഷാൽ അഭിമാനത്തിനു കാരണമുണ്ട്. സാമൂതിരിമഹാരാജാവിൻെറ സദസ്സിലെ എട്ടരക്കവികളും മററും ഭാഷായോഷയെ പ്രസാദിപ്പിയ്ക്കാൻ തുടങ്ങുന്നതിനു വളരെ മുൻപുതന്നെ മലയാളത്തിൽ കവിതയ്ക്കു വഴി കാണിച്ചതു നമ്മുടെ * പൊന്നുതമ്പുരാക്കന്മാരിൽ ഒരാളായിരുന്നു എന്നു ലോകപ്രസിദ്ധമാകുന്നു. മലയാളത്തിലെ ഇദംപ്രഥമമഹാകാവ്യമായ രാമചരിതത്തെപ്പററി കേൾക്കാത്തവർ ചുരുങ്ങും. ഭാഷാമർമ്മജ്ഞനായ സാക്ഷാൽ കുഞ്ചൻനമ്പ്യാരും ഒരു വഞ്ചിമഹാരാജാവിൻെറ ആശ്രിതനായിരുന്നു. ഇതു പോരെങ്കിൽ ഇരയിമ്മൻതമ്പി, അശ്വതിതിരുനാൾ ഇളയരാജാവ്, സ്വാതിതിരുനാൾ മഹാരാജാവു മുതലായ അനേകം മഹാകവികൾ നമ്മുടെ രാജകുടുംബത്തേയും, തത്സന്താനങ്ങളേയും അലങ്കരിച്ചവരാണ്. എന്തിനേറെ വിസ്തരിയ്ക്കുന്നു? അടുത്ത കാലത്തേയ്ക്ക് ഇറങ്ങി നോക്കുമ്പോൾ, സാഹിത്യസാമ്രാജ്യത്തിൽ സർവ്വ

* രാമചരിതകർത്താവായ 'ചീരാമ' കവിയാണ് ഇവിടെ വിവക്ഷിയ്ക്കപ്പെട്ടിരിയ്ക്കുന്നത്.

(പ്രസാധകൻ)

സമ്മതപ്രകാരം ഏറിയോരുകാലം ഏകഛത്രാധിപത്യം തൃപ്തികരമാംവണ്ണം ഭരിച്ചു്, കേരളകാളിദാസൻ എന്നും, ഭാഷാഗദ്യത്തിൻെറ പിതാവു് എന്നും കീൎത്തിപ്പെട്ട മഹാൻ, ഇഹലോകത്തിൽ നിന്നും അന്തരിച്ചിട്ടു് ഇന്നു രണ്ടു കൊല്ലം തികഞ്ഞിട്ടില്ലല്ലോ. ആ മഹാനുഭാവൻ ഈ അവസരത്തിൽ നന്ദനോദ്യാനത്തിലേ കല്പവൃക്ഷത്തറകളിൽ സിദ്ധചാരണഗന്ധൎവ്വാദികളൊന്നിച്ചു്, സംഗീതസാഹിത്യാദിലളിതകലാഗോഷ്ഠികളിൽ വ്യാപൃതനായിരിയ്ക്കയാണെങ്കിലും, നമ്മുടെ ഈ യോഗത്തിൻെറ സ്വഭാവം ദിവ്യചക്ഷുസ്സുകൊണ്ടു ഗ്രഹിച്ചിട്ടു് ഇവിടെ സാന്നിധ്യം ചെയ്യാതിരിയ്ക്കയില്ലെന്നു്, നമുക്കു് ആശ്വസിച്ചുകൊള്ളാം.

നാട്ടുഭാഷാവിദ്യാഭ്യാസത്തിന്നു വേണ്ടുന്ന ഏൎപ്പാടുകൾ, നമ്മുടെ ഗവൎണ്മെണ്ടു പണ്ടുപണ്ടേതന്നെ ആരംഭിച്ചിട്ടുള്ളതാണു്. ഈ നാടു ഭരിച്ചിട്ടുള്ള പെൺവഴി രാജാക്കന്മാരിൽ പ്രഥമഗണനയേ അൎഹിയ്ക്കുന്ന ആളും, ദിവാൻഉദ്യോഗവും റസിഡണ്ടുസ്ഥാനവും ഒന്നിച്ചു ഭരിച്ചുവന്ന 'കൎണ്ണൽമൺറോ' എന്നു പ്രസിദ്ധനായ മഹാമാത്യൻെറ സഹകാരത്തോടുകൂടി പലേ പരിഷ്കാരങ്ങൾ നാട്ടിൻെറ ശ്രേയസ്സിനുവേണ്ടി ഇദംപ്രഥമമായി ഏൎപ്പെടുത്തുന്നതിനു ഭാഗ്യവും ത്രാണിയും ഉണ്ടായിരുന്ന മനസ്വിനിയും ആയ ശ്രീ ലക്ഷ്മീരാജ്ഞിയുടെ കാലത്തു തന്നെ നാട്ടുഭാഷാവിദ്യാഭ്യാസപ്രചാരത്തിനു തത്കാലസ്ഥിതിയ്ക്കു് അനുരൂപമായി ചില വ്യവസ്ഥകൾ ചെയ്തതായി നമുക്കു റിക്കാൎട്ടുമൂലംതന്നെ അറിവുണ്ടു്. എന്നാൽ, അന്നുണ്ടായിരുന്ന സ്ഥാപനങ്ങൾ എഴുത്തുപള്ളികളായിരുന്നതല്ലാതെ, പള്ളിക്കൂടം എന്നു പറയത്തക്ക

ദശയിൽ എത്തിയിട്ടില്ലായിരുന്നു. കണക്കും വാക്യവും കീർത്തനങ്ങളും അർത്ഥം അറിയാതെ ഉരുവിടീയ്ക്കുകയും, കൂടിവന്നാൽ വർ-വൃത്തവും മണിപ്രവാളവും വായിപ്പിയ്ക്കുകയും അല്ലാതെ, ആ സ്ഥാപനങ്ങൾ ഉയർന്നതരം വിദ്യാഭ്യാസത്തിന് ആശിയ്ക്കുകതന്നെ ചെയ്തിട്ടുണ്ടോ എന്ന സംശയമാണ്. എഴുത്തുപള്ളികളിലെ ആശാന്മാരുടെ ശിക്ഷാക്രമങ്ങളേയും മററും പററി ഒന്നും പ്രസ്താവിയ്ക്കാതിരിയ്ക്കുന്നതാണു നല്ലത്. ആധുനികവിദ്യാഭ്യാസത്തേ മാത്രമേ നാം വിദ്യാഭ്യാസം എന്ന പദംകൊണ്ടു വ്യപദേശിയ്ക്കുന്നുള്ളു. പഴയ സമ്പ്രദായം, ഏതു പ്രകാരം നോക്കിയാലും, കേവലം ശിക്ഷതന്നെ ആയിരുന്നു. പാശ്ചാത്യപരിഷ്കാരമനുസരിച്ചു ശരിയായ വിദ്യാഭ്യാസരീതി ആരംഭിച്ചതു്, ൧൦൪൨-ൽ ആകയാൽ അതിൻെറ കനകജൂബിലിയാണു നാം ഇന്നാഘോഷിച്ചതു്. ഈ ൫൦-വർഷകാലത്തേ ചരിത്രസംക്ഷേപം, നാം ഇവിടെ വായിച്ചു കേൾക്കയും ചെയ്തു. ഒരു വടവൃക്ഷം ബീജത്തിൽനിന്നങ്കുരിച്ചു്, തടി വിരിഞ്ഞു വളൎന്നുവന്നു ശാഖോപശാഖമായി പരന്ന് അടുത്ത ആകാശദേശത്തേ ആക്രമിച്ചു വ്യാപിയ്ക്കുംപോലെ, ക്രമോപചീയമാനമായ ദശയിലാണു നാം നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെ ഗതിയേ അതിൽനിന്നു കാണുന്നതു്. അതിനാൽ നാം നമ്മുടെ മാതൃഭാഷയുടെ അഭ്യുദയത്തേ അഭിനന്ദിയ്ക്കുകയും, നമ്മേത്തന്നെ വർദ്ധാപനംചെയ്കയും, ഇതിനു നമുക്കു സങ്ഗതിയാക്കിത്തന്ന പരമകാരുണികനായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ദിവ്യസന്നിധിയിൽ നമ്മുടേ കൃതജ്ഞതയേ പ്രദർശിപ്പിയ്ക്കുകയും ചെയ്യുന്നു. എന്നാൽ, “ശ്രേയസി കേന തൃപ്യതേ?”—ശ്രേയസ്സിൽ ആൎക്കാണ് അലംഭാവം?—എന്നാണ് അഭിയുക്തവചനം. ആശയ്ക്കു്

അവസാനമില്ല. ഒന്നു കിട്ടുമ്പോൾ രണ്ടു വേണമെന്നു തോന്നുന്നതു മനുഷ്യസ്വഭാവമാണു്. ആശ ഉപര്യുപരി ഉത്സർപ്പിണി ആയിരിക്കേണ്ടതു് ആവശ്യവുമത്രേ. "സമ്പദാ സുസ്ഥിരമ്മന്യോ ഭവതി സ്വല്പയാപി യഃ, കൃതകൃത്യോ വിധിർമ്മന്യേ ന വർദ്ധയതി തസ്യ താം" * എന്നാണു നീതിശാസ്ത്രരഹസ്യം.

മറാട്ടി, ഹിന്ദി, ബെങ്ഗാളി മുതലായ നാട്ടുഭാഷകളുടെ സ്ഥിതി നോക്കുക. ആ ഭാഷകളേയും മലയാളഭാഷയേയും തമ്മിൽ ഒത്തുനോക്കുന്നതായാൽ, നമുക്കു് അഭിമാനത്തിൽ വക ഒന്നുമേ കാണുകയില്ലെന്നാണു് എന്റെ വിശ്വാസം. ഇതിനുള്ള കാരണം എന്താണു്? പൗരസ്ത്യന്മാരായ ആര്യന്മാരുടെ പുരാതനവിജ്ഞാനരത്നങ്ങൾക്കെല്ലാം ഏകഭണ്ഡാഗാരമായ സംസ്കൃതഭാഷയുടേയും, പാശ്ചാത്യന്മാരായ ആര്യന്മാരുടെ വൃദ്ധ്യുന്മുഖമായ നാഗരികത്വത്തിന്റെ സങ്കേതസ്ഥാനമായ ഇങ്ഗ്ലീഷു് ഭാഷയുടേയും സഹായം, മറാട്ടി മുതലായ ഭാഷകൾ സംസാരിക്കുന്ന ജനങ്ങൾക്കു് ഉണ്ടായിട്ടുള്ളപോലെ തന്നെ, മലയാളികളായ നമുക്കും സിദ്ധിച്ചിട്ടുണ്ടെന്നതിലേയ്ക്കു സംശയമില്ല. അവർ ഉപയോഗിച്ചതുപോലെ, സംസ്കൃതത്തിൽ നിന്നും ഇങ്ഗ്ലീഷിൽ നിന്നും ലഭിച്ചിട്ടുള്ള അറിവുകളേ നാം ഉപയോഗത്തിൽ വരുത്തിയില്ല എന്ന സങ്ഗതിയാണു്, മലയാളഭാഷയ്ക്കു യഥോചിത

---

* സ്വല്പമായ സമ്പത്തുകൊണ്ടു തന്നെ, താനുറച്ചവനായി എന്നു യാതൊരുത്തൻ കരുതുന്നുവോ, അവനേസ്സംബന്ധിച്ചേടത്തോളം കൃതകൃത്യനായ വിധി (ഈശ്വരൻ), അവന്റെ സമ്പത്തിനേ വർദ്ധിപ്പിയ്ക്കുകയില്ലെന്നു ഞാൻ വിചാരിയ്ക്കുന്നു. (പ്രസാധകൻ)

മായ ഉയൎച്ച ലഭിയ്ക്കാതെ വന്നതിനുള്ള കാരണം എന്ന് സ്പഷ്ടമാകുന്നു. ബങ്ഗാളിപ്രഭൃതിഭാഷകൾ ഗവൎമ്മേണ്ടു സഹായം കൂടാതെയാണ് ഇത്രയൊക്കെയും സാധിച്ചതു് എന്നുകൂടി ഓൎക്കുമ്പോൾ, നമ്മുടെ അനുതാപം ശതഗുണീഭവിയ്ക്കുന്നു. ഈ പ്രസക്തിയിൽ, നമ്മുടെ ഇടയിൽ ഉയൎന്നതരം വിദ്യാഭ്യാസം ലഭിച്ച്, എം. ഏ., എം. എൽ., എം. ബി. സി. എം. മുതലായ വിദ്യാമന്ദിരബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ളവരുടെ സ്വാൎത്ഥപരതയേക്കുറിച്ച് അനുശോചിയ്ക്കാതിരിപ്പാൻ നിൎവ്വാഹമില്ല. ഒരുവൻ ധനം സമ്പാദിയ്ക്കുന്നതു സ്വന്തസുഖത്തിനു മാത്രമാണോ? ഒരു നല്ല ഭോജ്യപദാൎത്ഥം നമുക്കു കിട്ടുന്നതായാൽ, അതു ഗൃഹത്തിൽ കൊണ്ടുചെന്ന്, അച്ഛനമ്മമാർ, ഭാൎയ്യാപുത്രന്മാർ, സഹോദരങ്ങൾ മുതലായ ഉററബന്ധുക്കൾക്കുകൂടി ഒരു ഭാഗം കൊടുത്തു് അവരൊന്നിച്ച് അതിനെ അനുഭവിയ്ക്കണമെന്നല്ലേ നമുക്കു സാധാരണ തോന്നാറുള്ളതു്? അങ്ങനെയാണു നാം സാധാരണ ചെയ്യാറുള്ളതും. ആ സങ്ഗതിയിൽ, * "ഏകഃ സ്വാദു ന ഭുഞ്ജീത"—എന്നും മററും പ്രമാണങ്ങളും പറയാറുണ്ടു്. വിദ്യ എന്നു പറയുന്നതും സൎവ്വോത്കൃഷ്ടമായ ഒരു ധനവും, ഉപഭോഗസാധനവും അല്ലയോ? അതിന്റെ ഉപഭോഗത്തിൽ മാത്രം നാം സ്വാൎത്ഥം കാണിയ്ക്കുന്നതു് എന്തുകൊണ്ടാണ്? കേവലം ക്ഷന്തവ്യമല്ലാത്ത ഉദാസീനതകൊണ്ടുതന്നെ എന്നേ ഉത്തരമുള്ളു. പരീക്ഷയ്ക്കു വെച്ചിട്ടുള്ള പലേ ശാസ്ത്രവിഷയങ്ങളും നാം കാളേജുകളിൽ പഠിയ്ക്കുന്നു. പ്രൊഫെസരന്മാർ നമ്മേ

---

* നല്ല വസ്തു ഒരുവൻ തനിയേ ഭക്ഷിയ്ക്കരുതു്. അന്യന്മാൎക്കുകൂടി കൊടുക്കണം. (പ്രസാധകൻ)

പഠിപ്പിയ്ക്കുന്നതും, പരീക്ഷകളിൽ ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടതും ഇങ്ക്ളീഷിലാണ്. അതുകൊണ്ട് ആ വക വിഷയങ്ങളേ, ശാസ്ത്രസമുദ്രത്തിൽനിന്ന് ഇങ്ക്ളീഷുവാചകങ്ങളാകുന്ന തവികൊണ്ടു കോരിക്കുടിച്ച്, ആ കബളങ്ങൾ വേണ്ടുംവണ്ണം ദഹിച്ച്, കിട്ടാംശം തള്ളി, സാരം വേർതിരിച്ചു ശരീരധാതുക്കളിൽ ലയിച്ചു ചേരുന്നതിന് അവസരം കൊടുക്കാതെ, അതുകളേ അല്പജരണംകൊണ്ടു വികൃതമായ ആമാവസ്ഥയിൽ തന്നെ ഉത്തരക്കടലാസുകളിൽ ഉദ്വമിച്ചാൽ മതി, എന്നു മിയ്ക്ക വിദ്യാൎത്ഥികളും വിചാരിച്ചുപോരുന്നതായിട്ടാണ് എന്റെ അനുഭവം. ഭാഷ ഏതായാലും, വിഷയം ഒന്നുതന്നെയല്ലയോ? ഫൂരണ്ടാറു്; ത്രൈസ്ട്ട ഈൗസ് സിക്സ്; ത്രിർ ദ്വേ ഷട് സംപദ്യതേ;—എന്നു ഭാഷകൾ മാററിപ്പറഞ്ഞാലും, കാൎയ്യം മാറുന്നില്ല. അതുകൊണ്ട് ഇങ്ക്ളീഷിൽ പഠിയ്ക്കുന്ന വിഷയം സ്വമാതൃഭാഷയിലാക്കി വ്യവഹരിയ്ക്കുന്നതു് ഒരിയ്ക്കലും അസാധ്യമല്ല. പക്ഷേ, ശാസ്ത്രവ്യവഹാരം സാങ്കേതികപദങ്ങളുടെ ഉപയോഗം കൂടാതെ സാധിയ്ക്കുന്നതല്ലാത്തതിനാൽ, പുതിയ ശാസ്ത്രതത്ത്വങ്ങൾ നമ്മുടെ പൂൎവികന്മാർ ഗ്രഹിച്ചിട്ടില്ലാത്തതുകൊണ്ട്, നാട്ടുഭാഷകളിൽ ആവക പദങ്ങൾ ഉപയോഗത്തിനു തെയ്യാറായിക്കാണുകയില്ല, എന്നൊരു ദുർഘടം ഇവിടെ ഉണ്ട്. ഈവക പദങ്ങളേ ഇങ്ക്ളീഷിൽനിന്നുതന്നെ കടം വാങ്ങാം; നമ്മുടെ ഭാഷയിൽ ഉള്ള പൎയ്യായങ്ങളിൽ ഒന്നിനെ, പരിഭാഷകൊണ്ട് അൎത്ഥത്തിനു വ്യാപ്തിയോ സങ്കോചമോ ആവശ്യം പോലെ ചെയ്ത്, വിവക്ഷിതമായ ഉപയോഗത്തിനു മാത്രമായി നീക്കിവെയ്ക്കാം. പുതിയ പദങ്ങളേ സൃഷ്ടിയ്ക്കാം. വൎത്തമാനപത്രങ്ങളും മററും എത്രയോ പുതിയ

പദങ്ങളേയും വാചകങ്ങളേയും ദിവസംപ്രതി നമ്മുടെ ഭാഷയിലേയ്ക്കു് അവതരിപ്പിച്ചുവരുന്നുണ്ടു്! ആവശ്യമുണ്ടെന്നു വന്നാൽ, അവിടെ ഒരു വഴിയും ഉണ്ടാകും. അതുകൊണ്ടു് എൻെറ അഭിപ്രായത്തിൽ, 'ഗ്രാഡ്വെവെററുകൾ' ആയ മലയാളികൾ, താന്താങ്ങൾ ബി. ഏ. പരീക്ഷയ്ക്കു പഠിയ്ക്കുന്ന വിഷയത്തേ മലയാളത്തിൽ പ്രസരിപ്പിയ്ക്കണം എന്നൊരു വ്രതം ഉള്ളിൽ കരുതിയാൽ, അചിരേണ നമ്മുടെ മാതൃഭാഷയ്ക്കു ശാസ്ത്രഗ്രന്ഥദാരിദ്ര്യം കഥാശേഷമായി പരിണമിയ്ക്കുന്നതാകുന്നു. ഇങ്ങനെ ഒരു വ്രതം അനുഷ്ഠിയ്ക്കുന്നതിൽ വലിയ ക്ലേശമൊന്നും സംഭവിയ്ക്കുന്നതുമല്ല. യഥോക്തമായ വ്രതം ഒന്നും അനുഷ്ഠിച്ചില്ലെങ്കിലും, ഇങ്ക്ളീഷുവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ, താന്താങ്ങൾ ഗ്രഹിച്ചിട്ടുള്ള വിദ്യയേപ്പററി ഇങ്ക്ളീഷിൻെറ അറിവില്ലാത്തവരോടു സംസാരിയ്ക്കുയും, പഠിത്തക്കാർ തന്നെ തങ്ങളിൽ സംസാരിയ്ക്കുമ്പോൾ അശ്രദ്ധകൊണ്ടോ സ്വഭാഷയുടെ നേരേ ഉള്ള അനാദരംകൊണ്ടോ, ഇങ്ക്ളീഷുവാക്കുകളും വാചകങ്ങളും കലൎത്തു പ്രയോഗിച്ചു് ഒരു കോമാളിബ്ഭാഷയിൽ സംസാരിയ്ക്കുന്ന പതിവുപേക്ഷിച്ചു്, മാതൃഭാഷ മാത്രമേ ആവുക അവസരങ്ങളിൽ ഉപയോഗിയ്ക്കുയുള്ളൂ എന്നു് ഒരു സങ്കല്പം ചെയ്കയും ഉണ്ടായാൽപോലും, ഇങ്ക്ളീഷുവിദ്യാഭ്യാസത്തിൻെറ ഫലങ്ങൾക്കു നാട്ടിൽ പരക്കുന്നതിനു വലിയ സൗകര്യമുണ്ടാകും എന്നുകൂടി എനിയ്ക്കുഭിപ്രായമുണ്ടു്.

ഈമാതിരിവഴിയിൽ ജനങ്ങൾ മാതൃഭാഷാഭിവൃദ്ധിയ്ക്കുവേണ്ടി ശ്രമംചെയ്യണം. ജനങ്ങൾ സ്വയമേ ഉദ്യമങ്ങൾ ആരംഭിച്ചാൽ, പരമകാരുണികനും ജനഹിതൈകതാനനും ആയ നമ്മുടെ പൊന്നുതമ്പുരാൻെറ

ഗവർമ്മെണ്ട് അവരുടെ ഉത്സാഹങ്ങൾക്കു ഹസ്താവലംബം നല്കി, കാര്യസിദ്ധി വരുത്തിത്തരുമെന്നതിലേയ്ക്ക് ഇന്നത്തെ ഈ യോഗംതന്നെ നമുക്ക് ഒരു ഉത്തമദൃഷ്ടാന്തമാണല്ലോ.

കർണ്ണാടകഭാഷികളുടെ തലസ്ഥാനമായ മൈസൂരിൽ ഒരു 'യൂനിവർസിററി' ഈയിടെ സ്ഥാപിയ്ക്കപ്പെട്ടു. ഹരിദ്വാരത്തിൽ 'ഗുരുകുലം' എന്ന സരസ്വതീമഠം ഉപര്യുപരി അഭിവൃദ്ധമായി നടന്നുവരുന്നു. ഇതുപോലെ, കേരളമണ്ഡലത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഈ 'അനന്തശയന'ത്തിൽ ഒരു മലയാളവിദ്യാമന്ദിരം * അചിരേണ പ്രതിഷ്ഠാപിതമായിക്കാണുന്നതിനുള്ള പ്രത്യാശയേ ഈ അവസരത്തിൽ മഹാജനസമക്ഷം വെളിപ്പെടുത്താതിരിയ്ക്കാൻ എനിയ്ക്കു മനസ്സു വരുന്നില്ല. അതിന്റെ സ്ഥാപനത്തിന് അത്യന്തോചിതമായ ഒരവസരവും അനതിദൂരത്തിൽ നാം കാണുന്നു. ഞാൻ ഉദ്ദേശിയ്ക്കുന്ന അവസരം ഇന്നതെന്നു വിളിച്ചുപറയാതെതന്നെ പലരും ശരിയായി ഊഹിച്ചിരിയ്ക്കും. ആ അവസരം § സന്നിഹിതമാകുന്നതിനു് ഇന്നുതൊട്ട് ഒരു സംവത്സരവും ഒരു മാസവുമേ ഉള്ളു. അദൃഷ്ടപൂർവ്വമായ കോലാഹലത്തോടുകൂടെ, ഈ നാട്ടുകാർ എല്ലാവരും ഐകമത്യത്തോടേ ചേർന്ന് ആഘോഷിയ്ക്കാനിരിയ്ക്കുന്ന ആ മഹോത്സവംപോലെ മറെറാരു അവസരവും എന്റെ മനോരഥപൂർത്തിയ്ക്ക് ഉചിതമായിട്ടു ഞാൻ കാണുന്നില്ല. അതിനാൽ ഈ ജൂബിലിയാഘോഷം ഭാവിയായ

---

* 'യൂനിവർസിററി' എന്നു വിവക്ഷിതം. ഇന്നും ചിന്തയിൽത്തന്നെയിരിയ്ക്കുന്ന കേരളസർവ്വകലാശാല.

§ ശ്രീമൂലകമഹാരാജഷഷ്ടിപൂർത്തി. (പ്രസാധകൻ)

ആ മഹോത്സവത്തിൻെറ ഗണപതിയ്ക്കുകുറിപ്പായി കലാശിയ്ക്കട്ടേ എന്നു ഞാൻ ഹൃദയപൂർവ്വം ആശംസിയ്ക്കുന്നു.

V

മലയാള ഭാഷാപോഷണം

മലയാളഭാഷയ്ക്കു് ഇപ്പോഴുള്ള ന്യൂനതകളും അവയുടെ പരിഹാരമാർഗ്ഗങ്ങളും:—

൧. ന്യൂനത—വിദ്യാഭ്യാസം മുഴുവനും അന്യഭാഷാപ്രധാനമാക്കിയിരിയ്ക്കുന്നതുനിമിത്തം, മലയാളഭാഷയേക്കുറിച്ചു്, ആലോചിയ്ക്കേണ്ട കാര്യംതന്നെ ഇല്ലാതിരിയ്ക്കുന്ന സ്ഥിതി:—

പരിഹാരം—ഉയൎന്നതരം വിദ്യാഭ്യാസം ഭാഷയിൽ ഏൎപ്പെടുത്തണം. എന്നാൽ ഭാഷയ്ക്കു പുറമേ, ചരിത്രങ്ങൾ, ഭൂമിശാസ്ത്രം, കണക്കു്, രസതന്ത്രം, പ്രകൃതിശാസ്ത്രം മുതലായ വിഷയങ്ങളിൽ സാമാന്യജ്ഞാനം ഉണ്ടാകത്തക്കവിധം, ആ വക വിഷയങ്ങൾ മലയാളഭാഷയിൽത്തന്നെ പഠിപ്പിയ്ക്കുന്നതിനു വേണ്ട ഏൎപ്പാടു ചെയ്യണം.

൨. ന്യൂനത—ഭാഷയിൽ പ്രത്യേകപാണ്ഡിത്യം സമ്പാദിയ്ക്കുന്നതുകൊണ്ടു് ഉപജീവനത്തിനു വഴിയില്ലാതിരിയ്ക്കുന്ന സ്ഥിതി:—

പരിഹാരം—ഒന്നാംസങ്ഗതിയിൽ കാണിച്ചപ്രകാരം ഉയൎന്നതരം വിദ്യാഭ്യാസം സിദ്ധിച്ചവൎക്കു്, ഏതെ

ങ്കിലും ക്രമമനുസരിച്ച്, ഗവർണ്മെണ്ടുദ്യോഗങ്ങളിൽ പ്രവേശം അനുവദിയ്ക്കണം. ഇപ്പോളുള്ള 'സ്കൂൾഫൈഫ് നൽ' മുതലായ പരീക്ഷകളേപ്പോലെ തന്നെ, മേല്കാണിച്ച ഭാഷാവിദ്യാഭ്യാസപരീക്ഷയും ഗണിയ്ക്കണം. ഈ ഭാഷാവിദ്യാഭ്യാസത്തിലും ഇങ്ക്ളീഷ് ഉപഭാഷയായി ആദ്യംമുതല്ക്കുതന്നെ പഠിപ്പിയ്ക്കേണ്ടതാകയാൽ, കാര്യനിർവ്വഹണത്തിനു മതിയാകാതെ വരുന്നതല്ല.

൩. ന്യൂനത—ഇങ്ക്ളീഷുസ്കൂളുകളിൽ മലയാളം പഠിപ്പിയ്ക്കുന്നുണ്ടെങ്കിലും, ആ വിഷയത്തിൽ വേണ്ട നിഷ്കർഷ വരുന്നതിനു യാതൊരേപ്പാടും ഇല്ല. പൊതുവായുള്ള പരിശോധകന്മാർ, വിദ്യാഭ്യാസാദ്ധ്യക്ഷൻ മുതലായവരേ, ഭാഷയിൽ തീരെ അഭിനിവേശവും ജ്ഞാനവും ഇല്ലാത്തവരായിട്ടാണു പ്രായേണ കണ്ടുവരുന്നത്:—

പരിഹാരം—ആ വക സ്കൂളുകളിൽ മലയാളം പഠിപ്പിയ്ക്കുന്നതിനും, പരിശോധിയ്ക്കുന്നതിനും, പ്രത്യേകിച്ചു വേണ്ട പരിഷ്കരണങ്ങൾ ചെയ്യുന്നതിനും തക്കതായ ഏൎപ്പാടുണ്ടാക്കണം.

൪. ന്യൂനത—ഗവർണ്മെണ്ടുവക എഴുത്തുകുത്തുകളും 'റിക്കാൎട്ട്'കളും മിയ്ക്കതും ഇങ്ക്ളീഷിലാക്കിയതുനിമിത്തം, ഇങ്ക്ളീഷുവിദ്യാഭ്യാസം സിദ്ധിച്ചവരായ ഉദ്യോഗസ്ഥന്മാൎക്ക്, മലയാളം തീരെ ആവശ്യമില്ലാതാക്കിത്തീൎത്തിട്ടുള്ള സ്ഥിതി:—

പരിഹാരം—അത്യാവശ്യമുള്ള 'റിക്കാർട്ടു'കളൊഴിച്ചു ശേഷമെല്ലാം മലയാളത്തിലാക്കണമെന്നു നിർബ്ബന്ധം ഉണ്ടായിരിയ്ക്കണം. കോടതികളിലെ വിധി, വിധിന്യായങ്ങൾ, കീഴുദ്യോഗസ്ഥന്മാൎക്കും മററും അയയ്ക്കുന്ന

കല്പനകൾ മുതലായതു മലയാളത്തിലാകണമെന്നു വരു മ്പോൾ, ആ വക ഉദ്യോഗസ്ഥന്മാർ അവശ്യം ഭാഷയിൽ പരിചയിയ്ക്കുകയും, അതുനിമിത്തം ഭാഷയ്ക്കു പല ഗുണ ങ്ങളും ഉണ്ടാകയും ചെയ്യും. ആവശ്യമായി വരുന്ന 'റിക്കാർട്ട്'കൾ ഇങ്ക്ളീഷിലേയ്ക്കു തർജ്ജമചെയ്വാൻ ഏൎപ്പാടുണ്ടായാൽ മതിയാകുന്നതാണ്.

൭. ന്യൂനത—ഓരോരോ വിഷയങ്ങളിലും കാല ത്തെ അനുസരിച്ചുണ്ടാകേണ്ട പുസ്തകങ്ങൾ മലയാളഭാഷ യിൽ ഉണ്ടാകുന്നില്ല. പ്രകൃതിശാസ്ത്രം, രസതന്ത്രം മുത ലായ ശാസ്ത്രങ്ങളിൽ ഇങ്ക്ളീഷിലുള്ള പാരിഭാഷികപദ ങ്ങൾക്കു തക്കതായ മലയാളപദങ്ങൾ കാണിയ്ക്കുന്ന ഒരു നിഘണ്ടു ഒന്നാമതായുണ്ടാകേണ്ടതാണ്. അതും ഉണ്ടാ യിട്ടില്ല:—

പരിഹാരം—ആ വക പുസ്തകങ്ങൾ ഉണ്ടാക്കിച്ചു പ്രസിദ്ധം ചെയ്യുന്നതിന്നായി കൊല്ലംതോറും ഒരു സങ്ഖ്യ ഗവർണ്മെണ്ടിൽനിന്ന് അനുവദിയ്ക്കുകയും, ഏതേതെല്ലാം വിഷയങ്ങളിൽ ഏതേതുതരം പുസ്തകങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്നും മററും ആലോചിയ്ക്കുന്നതിന്നും, ആ വക കാര്യങ്ങൾ നടത്തുന്നതിന്നും ആയി ഒരു 'കമ്മിററി' ഏൎപ്പെടുത്തുകയും വേണം. അങ്ങനെ ഉണ്ടാ കുന്ന പുസ്തകങ്ങളും, ഭാഷയേപ്പററി നല്ല അറിവുണ്ടാ കുന്ന പുസ്തകങ്ങളും പാഠപുസ്തകങ്ങളാക്കി, മേല്പറഞ്ഞ കമ്മിററിക്കാരുടെ അധീനത്തിലോ മറേറാ ഒരു പരീക്ഷ നിശ്ചയിയ്ക്കയും, ഏററവും ഉയൎന്ന ഉദ്യോഗമൊഴികെ മററു ഗവർണ്മെണ്ടുദ്യോഗങ്ങൾക്കെല്ലാം ആ പരീക്ഷയിൽ ജയിച്ചവരേ മാത്രം അര്ഹതയുള്ളവരായി ഗണിയ്ക്കയും വേണം.

VI

ദ്വിതീയാക്ഷരപ്രാസവാദം

(മദ്ധ്യസ്ഥവിധി)

ഈ വാദം കുറേ അതിദീൎഘമായിപ്പോയി. ഇത്രയായിട്ടും വാദിപ്രതിവാദികൾ മതിയാക്കുന്ന ഭാവം കാണുന്നുമില്ല. വിജിഗീഷാസംരംഭത്തോടേ കേശവപരമേശ്വരന്മാർ കലഹിച്ചാൽ, പര്യവസാനം എന്താകുമെന്ന് ഊഹിയ്ക്കാനും തരം കാണുന്നില്ല. രണ്ടുപേരും കവിതക്കളരിയിൽ വേണ്ടുംവണ്ണം കച്ചകെട്ടിയിട്ടുള്ളവരാകയാൽ, മല്ലയുദ്ധത്തിൽ പിൻവലിയ്ക്കുക ഉണ്ടാകുന്നതല്ല. എന്നാൽ ഇവരുടെ ഈ സംരംഭം വേറേ വല്ല സദ്വിഷയത്തിലും വിനിയോഗിച്ചിരുന്നെങ്കിൽ, ഭാഷയ്ക്ക് അതുനിമിത്തം പല ഉത്ക്കർഷങ്ങൾക്കും ഇടയാകുമായിരുന്നു. ഇവരുടെ ആദ്യത്തെ പോൎക്കളം 'ഭാഷാപോഷിണി'യായിരുന്നു. അതിൽ സ്ഥലമില്ലെന്നു കണ്ടപ്പോൾ, 'സുദർശന' * ത്തിലേയ്ക്കു ചാടി പോരിനുവിളി ആരംഭിച്ചിരിയ്ക്കുന്നു. ഇങ്ങനെ സാങ്ക്രമികരോഗംപോലെ, ഈ കലഹം ഓരോ മാസികകളിലായി വ്യാപിയ്ക്കുന്നതു് അനാശംസനീയമാകയാലും, വാദിപ്രതിവാദികൾ രണ്ടുപേരും എൻെറ ആപ്തന്മാരാകയാലും ഇവരുടെ വാദ

---

* ഇപ്പോൾ 'കണ്ണൻജനാൎദ്ദനൻ' എന്നു പ്രസിദ്ധനായിരിയ്ക്കുന്ന മിസ്റ്റർ കുന്നത്തു ജനാൎദ്ദനമേനോൻ കൊച്ചിയിൽനിന്നു നടത്തിയിരുന്ന ഒരു നല്ല മാസികയാണ് പ്രസ്തുതസുദർശനം. (പ്രസാധകൻ)

ത്തിൽ ഞാൻ ഒരു മാദ്ധ്യസ്ഥ്യം വഹിപ്പാനാരംഭിയ്ക്കുന്ന താണ് ഇതു്.

പണ്ടൊരിയ്ക്കൽ ഓന്തിന്റെ നിറത്തേപ്പറ്റി രണ്ടു പേർ തങ്ങളിൽ കലഹിച്ചതുപോലെയാണ്, പരമേശ്വരയ്യരും കേശവപ്പിള്ളയും ശണ്ഠകൂട്ടുന്നതു്, എന്നാണ് എനിയ്ക്കു തോന്നുന്നതു്. രണ്ടുപേരും സ്വാനുഭവത്തേ അടിസ്ഥാനമാക്കി വ്യവഹരിയ്ക്കുന്നു; എന്നാൽ, പ്രതിദ്വന്ദ്വിയും അനുഭവസാക്ഷികമായിട്ടാണു വാദിയ്ക്കുന്നതു് എന്നുള്ള സങ്ഗതി വിസ്മരിയ്ക്കുന്നു. ദ്വിതീയാക്ഷരപ്രാസം എന്നതു ഭാഷാകവിതാരാജ്യത്തിൽ അനാദിയായി അനുഷ്ഠിച്ചുവരുന്ന ഒരു നാട്ടുനടപ്പാകുന്നു. ഇതുപോലെ മഹാരാഷ്ട്രിയിൽ അന്ത്യപ്രാസം ഒരു അപരിഹാര്യമായ അലങ്കാരമായി ഗണിച്ചുവരുന്നു. ഇങ്ങനെ മററു ഭാഷകളിൽ മററു ചില വൈലക്ഷണ്യങ്ങൾ കാണാം. ദ്വിതീയാക്ഷരപ്രാസം നിത്യോപയോഗംകൊണ്ടു്, ഭാഷാകവിതാശരീരത്തിൽ കണ്ണിന്റെ കുണ്ഡലംപോലെ *അപൃഥക്കാര്യമായ ഒരു ആഭരണമായിത്തീന്നിരിയ്ക്കുന്നു. ഇന്ദ്രനേപ്പോലെ ഒരു അർത്ഥി വന്നു യാചിച്ചാലല്ലാതെ, അതിനേ അറുത്തെടുത്തു കൊടുക്കുവാൻ മനസ്സു വരുന്നില്ല. മുഖത്തും മററും പച്ച കുത്തി പത്രാവലികൾ ഉണ്ടാക്കിയാൽ, അതു പിന്നീടു തുടച്ചുകളയുന്നതിനു് എത്ര ക്ലേശമുണ്ടോ, അത്ര ക്ലേശം ഇതിനേ കളയുന്നതിനുമുണ്ടു്. "ഇതു് ഒരു അപരിഷ്കൃതമട്ടിലുള്ള അലങ്കാരമാകയാൽ ഇതിനേ എല്ലാവരും തുടച്ചുകളഞ്ഞുകൊള്ളണം" എന്നു ശഠിയ്ക്കുന്നതും, "ഇതു് അനാദിയായ ഒരാചാരമാകയാൽ ഇതിനേ എല്ലാവരും അനുഷ്ഠിച്ചുകൊള്ളണം" എന്നു നിർബ്ബന്ധിയ്ക്കുന്നതും ന്യായമല്ല.

---

* വേർതിരിയ്ക്കരുതാത്തതു്.

സ്വപക്ഷസാധനവ്യസനത്താലെങ്കിലും കേശവപിള്ള മഹാകവിയായ മൂകനേപ്പററി പരിഹാസവാക്കുകൾ പ്രയോഗിച്ചതു സാഹസമായിപ്പോയി. ആ മഹാകവിസാൎവ്വഭൗമൻ, കേശവപിള്ളയുടെ കാളിദാസരേപ്പോലെതന്നെ നാനാപ്രകാരങ്ങളായ കവിതാപ്രസ്ഥാനങ്ങളിലൊന്നിന്റെ മാൎഗ്ഗദൎശിയായ മഹാത്മാവാകുന്നു എന്നു സൎവ്വസമ്മതമാണു്.

* "ന കേവലം യോ മഹതോപഭാഷതേ
ശൃണോതി തസ്മാദപി യഃ സ പാപഭാക്."

എന്ന ന്യായപ്രകാരം, കേശവപിള്ളയുടെ സംരംഭം കണ്ടു പരമേശ്വരയ്യർ "ശാന്തം പാപം!" എന്നു പറഞ്ഞതു വളരെ ഉചിതംതന്നെ; എന്നാൽ, അദ്ദേഹവും 'ഭാഷാകുമാരസംഭവ'ത്തിലേയും 'രാമചന്ദ്രവിലാസ'ത്തിലേയും ശ്ലോകങ്ങളിൽ ദോഷാരോപണത്തിനു പുറപ്പെട്ടതും വേണ്ടിയിരുന്നില്ല. തങ്ങളുടെ വഴക്കിൽ, ഉദാസീനരായ മദ്ധ്യസ്ഥരേ പിടിച്ചുവലിച്ചു കക്ഷി ചേൎത്തിട്ടു കാൎയ്യമില്ലെന്നു രണ്ടുപേരും ഓൎക്കേണ്ടതായിരുന്നു. കാളിദാസരുടെ മുൻപിൽ കൊണ്ടുചെന്നു നിൎത്തിയാൽ മൂകൻ ഇന്നും മൂകൻ തന്നെ എന്നാണു് ഒരാളുടെ പിടിത്തം; അതു ശരിയായിരിയ്ക്കാം. എന്നാൽ അതുകൊണ്ടു കേസിലേയ്ക്കു് എന്തു ഗുണമാണു്? നേരേമറിച്ചും നോക്കുക; "മൂകന്റെ മുൻപാകെ നിറുത്തിയാൽ കാളിദാസനും മൂകനാവുകയില്ലയോ" എന്നു പ്രതിവക്കീലിനും തക്ക ത്തരം ചോദിയ്ക്കാം. വീരരൗദ്രാദിരസപ്രസ്താവത്തിൽ

---

* "വരുമിഹ സുജനാപവാദപാപം
പരനരചെയ്യതു കേട്ടു നില്പവൎക്കും."
(ഭാഷാകുമാരസംഭവം A. R.)

പോലും കാളിദാസനു് ഓജസ്സു വരുത്തുവാൻ സാധിച്ചിട്ടുണ്ടോ? നിരർഗ്ഗളനിർഗ്ഗളദ്ഗംഗാതരംഗപരമ്പരപോലെ മൂകമഹാകവിവാചോയുക്തികൾ ചൊരിഞ്ഞുപായുമ്പോൾ, കാളിദാസസരസ്വതിയ്ക്കു് അന്തർവാഹിനിയായി ഒളിപ്പാനേ തരമുള്ളൂ. മൂകന്റെ മുഖത്തുനിന്നു 'നയാഗരാ' നിര്ഝരംപോലെ വാഗ്വിലാസങ്ങൾ കുതിച്ചു പായുന്നു; കാളിദാസരാകട്ടെ വക്കലെത്തീർത്ഥംപോലെ വല്ലപ്പോഴും വാർന്നൊഴുകുകയേ ഉള്ളൂ. ഒന്നിൽ ധാരാളതയും, മററതിൽ പ്രഭാവവിശേഷവുമാണു മാഹാത്മ്യഹേതു. ഒരു പരമസാത്ത്വികനായ മഹർഷിയുടെ പ്രശാന്തരമണീയമായ തപോവനത്തിൽ പ്രവേശിയ്ക്കുമ്പോൾ ഉണ്ടാകുന്നതുപോലെ ഒരു നിർവൃതിയാണു്, കാളിദാസകവിതകളിൽ പ്രചരിയ്ക്കുമ്പോൾ നമുക്കു തോന്നുന്നതു്. സർവ്വർത്തുമനോഹരമായ ഒരു സാർവ്വഭൗമമഹാരാജാവിന്റെ ആരാമത്തിൽ എന്നപോലെയാണു്, നാം മൂകകാവ്യങ്ങളിൽ രമിയ്ക്കുന്നതു്. മൂകന്റെ പ്രസ്ഥാനത്തിൽ മൂകനും, കാളിദാസന്റെ പ്രസ്ഥാനത്തിൽ കാളിദാസനും അദ്വിതീയനാണെന്നേ വിചാരിപ്പാനുള്ളൂ. ഈ രണ്ടു പ്രസ്ഥാനങ്ങളിൽ ഒന്നു മററതിൽ ഉപരി എന്നും പറഞ്ഞുകൂടാ. ഇവയ്ക്കുള്ള മാധുര്യതാരതമ്യം മധുക്ഷീരശക്കരാദികൾക്കുള്ളതുപോലെ എന്നേ ഉള്ളൂ. വേണ്ടുംവണ്ണം ഉപയോഗിച്ചാൽ ഇതെല്ലാം ഒന്നുപോലെ നന്നുതന്നെ. രുചിവൈചിത്ര്യത്താൽ ഒരുവനു് ഇതിലൊന്നു രസിയ്ക്കാതെ വന്നാൽ അതിനേ വകവയ്ക്കാനില്ല. വൈദർഭി, പാഞ്ചാലി, ഗൌഡി എന്ന 'രീതി' ത്രയത്തിൽ രസനീയതയ്ക്കു ഭേദം പറവാൻ പാടില്ല. സന്ദർഭവിശേഷത്താൽ, ഒന്നു മററതിലധികം ഒരിടത്തു ശോഭിയ്ക്കും എന്നാണു പറയേണ്ടതു്. അതിനാലല്ലയോ,

'രീതി' മൂന്നുവിധം എന്നേപ്പെട്ടതു്? നാടകങ്ങളിൽ ഇന്ന ഘട്ടത്തിൽ ഇന്ന 'വൃത്തി' ഉപയോഗിയ്ക്കണം എന്നു നിയമംകൂടി ഉണ്ടു്. മൂകൻെറ കവിതാസ്വാരസ്യം പകൎത്തെടുക്കാൻ സാധിയ്ക്കാത്തതാണു്, എന്നാണു്, വേറേ ഒരു വിവാദപദം. ഇതും നേരേ മറിച്ചു ഗുണമാണെന്നു വാദിയ്ക്കാവുന്നതാണു്. പദവിനിമയാസഹത്വം ഗുണമാണെങ്കിൽ, അൎത്ഥപരിവൎത്തനാക്ഷമത്വം 'കൈമുതികന്യായേന' സിദ്ധമാകുന്നു.

അഴകെല്ലാം പരിചയംകൊണ്ടു തോന്നുന്നതാണു്. അതിൻെറ അടിസ്ഥാനം വളരെ ദുർബലമായിരിയ്ക്കും. തലമുടി കാർകൊണ്ട മേഘംപോലെ കറുത്തിരുണ്ടിരിയ്ക്കുന്നതാണു നന്നു് എന്നു ഭാരതീയർ വിചാരിയ്ക്കുന്നു. നേരേ മറിച്ചു്, യൂറോപ്യന്മാർ സുവർണ്ണവർണ്ണമായ കേശത്തേയാണു പ്രശംസിയ്ക്കുന്നതു്. ഈ അഭിപ്രായഭേദത്തിനുള്ള കാരണം രുചിഭേദമല്ലാതെ മററെന്താണു്? ഭാരതീയരുടെ അഭ്യംഗാദ്യംഗസംസ്കാരങ്ങൾക്കും, ജടാലങ്കാരാദ്യാഭരണങ്ങൾക്കും, സീമന്തവിഭാഗാദിപ്രസാധനങ്ങൾക്കും മററും കറുത്ത തലമുടിയാണു യോജിയ്ക്കുന്നതു്. അതുപോലെതന്നെ യൂറോപ്യസ്ത്രീകളുടെ കേശബന്ധങ്ങൾക്കും, ഉഷ്ണീഷധാരണത്തിനും, തൈലാനുപയോഗത്തിനും മററും ചേൎന്നതു ചെമ്പിച്ച തലമുടിയുമാണു്. ഇങ്ങനെ അതതു നാട്ടുനടപ്പനുസരിച്ചു് അലങ്കാരവൈചിത്ര്യങ്ങൾ ഉദ്ഭവിയ്ക്കുന്നു. അതിനാൽ, പരിചയംകൊണ്ടു സൗന്ദര്യാവഹമെന്നു സർവ്വസമ്മതമായ ഒരു സമ്പ്രദായത്തേ ഝടിതിയായി മാററുന്നതു് എളുതല്ലെന്നു മാത്രമല്ല, പല അസൗകര്യങ്ങൾക്കും അനൗചിത്യങ്ങൾക്കും കാരണഭൂതമായിത്തീരുന്നതുമാകുന്നു. ഈ സ്ഥിതിയ്ക്കു്, ദ്വിതീയാക്ഷരപ്രാസം ഭാഷാകവിതയിൽ

നിത്യപരിചിതവും, അതിൻെറ ഗതിയ്ക്കു് അത്യന്തോചിതവുമാകയാൽ, അതിനേ ഉപേക്ഷിച്ചാൽ എന്തോ ഒരു ന്യൂനത ഉള്ളതുപോലെ തോന്നും. സംസ്കൃതത്തിൽ ഈ സ്ഥാനം വൃത്ത്യനുപ്രാസമാണു വഹിയ്ക്കുന്നതെന്നു പറഞ്ഞു്, ഭാഷാകവിതയിൽ ദ്വിതീയപ്രാസം വിട്ടു വൃത്ത്യനുപ്രാസം സ്വീകരിച്ചാൽ, ഒരു കേരളീയസ്ത്രീയേ പരദേശസ്ത്രീയുടെ വേഷം കെട്ടിച്ചാൽ തോന്നുന്നതുപോലെയുള്ള അസ്വരസത്തിനു് ഇടയാകും. എന്നാൽ, സംസ്കൃതത്തിൽ വൃത്ത്യനുപ്രാസം ദ്വിതീയപ്രാസംപോലെ സാർവ്വത്രികമാണോ എന്നു സംശയമാണു്. കേവലവസ്തുകഥനരൂപങ്ങളായ ശ്ലോകങ്ങളിൽ മാത്രമേ കാളിദാസാദികൾ വൃത്ത്യനുപ്രാസത്തേ നിഷ്ഠയായി ഉപയോഗിച്ചു കാണുന്നുള്ളു. "അഥ പ്രദോഷേ ദോഷജ്ഞഃ"—ഇത്യാദി ശ്ലോകങ്ങളിലല്ലാതെ, "സ ച്ഛിന്നമൂലഃ" ഇത്യാദികളിൽ പ്രാസഗന്ധമേ കാണുന്നില്ല.

* അസ്ത്യനേകോ ഗിരാം മാർഗ്ഗഃ
സൂക്ഷ്മഭേദഃ പരസ്പരമ്;
തത്ര വൈദർഭഗൗഡീയാ-
വുച്യേതേ പ്രസ്ഫുടാന്തരൗ"

എന്നാരംഭിച്ചുകൊണ്ടു്, ദണ്ഡി വൈദർഭം എന്നും ഗൗഡീയം എന്നും സുദൂരഭിന്നങ്ങളായ രണ്ടു മാർഗ്ഗങ്ങളേ എടുത്തു കാണിയ്ക്കുന്നതിൽ, വൈദർഭം കേവലാർത്ഥ

---

* തമ്മിലല്പാന്തരം പൂണ്ടി-
ട്ടുണ്ടനേകോക്തിരീതികൾ;
സ്പഷ്ടഭിന്നങ്ങളായ് 'വൈദ-
ർഭി'യും 'ഗൗഡി'യുമാണതിൽ.

(കാവ്യാദർശപരിഭാഷ—സ്വ)

പ്രധാനവും, ഗൗഡീയം ശബ്ദാൎത്ഥോഭയപ്രധാനവും ആകുന്നു. ഈ മാൎഗ്ഗദ്വയത്തിൽ വൈദൎഭമാൎഗ്ഗത്തിൽക്കൂടിയേ സഞ്ചരിയ്ക്കൂ എന്നു നിഷ്ഠ വച്ചിരുന്നവരുടെ സംഖ്യ വളരെ ചുരുങ്ങും. ആദികവിയായ വാല്മീകിയുടേയും, കാളിദാസരുടേയും അല്ലാതെ മററു നാമങ്ങൾ ഇക്കൂട്ടത്തിൽ എനിയ്ക്കു് ഓൎമ്മ തോന്നുന്നില്ല. "അരോചകികളും സതൃണാഭ്യവഹാരികളും" എന്നു രണ്ടുവിധമാണു കവികൾ എന്നു 'വാമനൻ' പറഞ്ഞിട്ടുള്ളതിൽ, വൈദൎഭമാൎഗ്ഗപാന്ഥന്മാർ അരോചകികളാണു്. അൎത്ഥത്തേ എത്രതന്നെ നിഷ്കൎഷിച്ചു രസപുഷ്ടി വരുത്തിയാലും അവർ തൃപ്തിപ്പെടുകയില്ല. അതിനാൽ, വൈദൎഭമാൎഗ്ഗങ്ങളിൽ സഞ്ചരിയ്ക്കുക എന്നുള്ളതു് അസാധാരണവാസനാബലമുള്ളവൎക്കേ സാധിയ്ക്കുയുള്ളൂ. രണ്ടു മാൎഗ്ഗങ്ങളുടേയും മധ്യേ ഉള്ള ഇടത്തോടുകളിൽക്കൂടിയാണു മിയ്ക്ക കവികളും സഞ്ചരിയ്ക്കാറുള്ളതു്. കേരളത്തിൽ വാല്മീകി കാളിദാസന്മാരോടു തുല്യനായ ഒരു മഹാകവി ജനിയ്ക്കുന്നതുവരെ, കൈരളിയ്ക്കു വൈദൎഭമാൎഗ്ഗത്തിൽ സൈ്വരസഞ്ചാരം ചെയ്യുന്നതു സാധ്യമല്ല എന്നു കേശവപിള്ള ഓൎക്കേണ്ടതാകുന്നു.

ഗൌഡമാൎഗ്ഗത്തിൽ അൎത്ഥചമത്കാരംപോലെ ശബ്ദചമത്കാരവും പ്രധാനമാകുന്നു. ഗൗഡന്മാർ—

* "അനുപ്രാസമിച്ഛന്തി പാദേഷു ച പദേഷു ച" എന്നു ദണ്ഡി പറഞ്ഞ പ്രകാരം പാദങ്ങളിലും പ്രാസനിയമം ഇച്ഛിയ്ക്കുന്നു. അതിൽ പാദത്തിൽ അനേകം അക്ഷരം ഉണ്ടാകാവുന്നതിൽ രണ്ടാമക്ഷരത്തിലേ പ്രാസത്തേയാണു ദണ്ഡി ഉദാഹരിയ്ക്കുന്നതു്:—

---

* പദപാദങ്ങളിൽ ഗൗഡൎക്കനുപ്രാസമഭീഷ്ടമാം. (സ്വ)

§ "ചന്ദ്രേ ശരന്നിശോത്തംസേ
കുന്ദസ്തബകസന്നിഭേ
ഇന്ദ്രനീലനിഭം ലക്ഷ്മ
സന്ദധാത്യളിനഃ ശ്രിയമ്"

ഇതിനാൽ, "ദ്വിതീയാക്ഷരത്തിനു മാത്രം എന്തു വിശേഷം വന്നുപോയി, തൃതീയാക്ഷരപ്രാസമോ ചതുൎത്ഥാക്ഷരപ്രാസമോ ആയാൽ എന്തു കുറവ്?"—എന്നുള്ള ചോദ്യത്തിനേ അവകാശമില്ല.

വേഷഭൂഷാദികളെല്ലാം നിത്യമെന്നപോലെ പരിഷ്കരിച്ചുവരുന്ന ഇക്കാലത്തിൽ, മലയാളികൾ സ്വന്തസമ്പ്രദായമുപേക്ഷിച്ചു യൂറോപ്യന്മാരുടെ വേഷം സ്വീകരിയ്ക്കാൻ തുടങ്ങിയിട്ടുള്ളതിനാൽ, അവരുടെ കവിതാരീതിയിലും പുതിയമാതിരികൾ ആരംഭിയ്ക്കുന്നതു്, കാലഗതിയ്ക്കു് ഉചിതംതന്നെ എന്നു സമ്മതിയ്ക്കുന്നതിനും വിരോധമില്ല. നാട്ടുനടപ്പുപേക്ഷിയ്ക്കുന്നതു ശരിയല്ലെന്നും, കഴിയുന്നതും അതിനേ പൂൎത്തിയായി അനുസരിയ്ക്കണമെന്നും ഉള്ള അഭിപ്രായത്തിൻപേരിലാണു് എന്റെ ഗുരുവായ മാതുലപാദർ ദ്വിതീയാക്ഷരപ്രാസത്തിൽ സ്വരവ്യഞ്ജനൈകരൂപ്യം ചെയ്യാൻ തുടങ്ങിയതു്. കേശവപിള്ള പ്രഭൃതികൾക്ക പരിഷ്കാരികളാകാൻ പരിഭ്രമമാണെങ്കിൽ പ്രകൃതപ്രാസത്തേ അവർ നിശ്ശേഷം ഉപേക്ഷിച്ചുകൊള്ളട്ടെ. പരമേശ്വരയ്യർ മുതൽപേൎക്കു് ഈ

---

§ കുന്ദപ്പൂങ്കുലയേപ്പോലെ
സുന്ദരൻ ശാരദേന്ദുവിൽ
ഇന്ദ്രനീലോപമം പാടി-
ന്ദിന്ദിരശ്രീ വഹിപ്പതായ്.
(കാവ്യാദൎശപരിഭാഷ—സ്വ)

പ്രാസം രസിയ്ക്കുന്നതാകയാൽ അവർ അതിനെ ഈ മട്ടിൽത്തന്നെ ഉപയോഗിച്ചുകൊള്ളുകയും ചെയ്യട്ടെ. "ദ്വിതീയാക്ഷരപ്രാസം ഇല്ലാത്ത പദ്യം എത്രതന്നെ സരസമായിരുന്നാലും ഭാഷാശ്ലോകമല്ല" എന്നു ഒരുകൂട്ടർ ശഠിയ്ക്കുയും, ധ്വന്യധ്വനീനന്മാൎക്കു രസിയ്ക്കത്തക്ക ചമത്കാരമൊന്നുമില്ലെങ്കിലും ദ്വിതീയാക്ഷരപ്രാസാലംകൃതവും ശ്രാവ്യവുമായ പദ്യത്തെ "നാല്ക്കാലി" എന്നു മറുകക്ഷികൾ അധിക്ഷേപിയ്ക്കുയും ചെയ്യേണ്ടിട്ടു് ആവശ്യമില്ല. *

---

* കക്ഷികളായിരുന്ന കേ. സി. യും, ഉള്ളൂരും ഈ മദ്ധ്യസ്ഥവിധിയെ സ്വീകരിച്ചതായിട്ടു് ഓരോ ലേഖനം എഴുതിയിട്ടുണ്ടു്. കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്, മദ്ധ്യസ്ഥനേയും കക്ഷികളേയും അഭിനന്ദിച്ചുകൊണ്ടു് ഒരു ലേഖനവും എഴുതിയിരുന്നു. ഇതു മൂന്നും ഭാഷാഭിമാനികൾ അവശ്യം വായിച്ചിരിയ്ക്കേണ്ടതാണു്. അവയിൽ പ്രധാനമായിട്ടുള്ള കേരളവൎമ്മ ദേവലേഖനം മാത്രം ഇവിടെ ഉദ്ധരിയ്ക്കുന്നതു് ഉചിതമായിരിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു. അതാവിതു്:—

"ദ്വിതീയാക്ഷരപ്രാസത്തെക്കുറിച്ചു്, കേശവപിള്ളയും പരമേശ്വരയ്യരും തമ്മിൽ നടത്തിയ വാദത്തെപ്പററി മദ്ധ്യസ്ഥന്റെ നിലയിൽ എന്റെ പ്രിയഭാഗിനേയനും മുഖ്യശിഷ്യനും ആയ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ 'ഭാഷാപോഷിണി'യ്ക്കയച്ച ലേഖനവും, അതിനെ സമ്മതിച്ച വാദിപ്രതിവാദികൾ എഴുതീട്ടുള്ള സമ്മതപത്രങ്ങളും വായിച്ചുനോക്കിയതിൽ, ഈ വാദം ഈവിധത്തിൽ അവസാനിപ്പിക്കുവാൻ താത്പ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

VII

സഭോദ്ദേശ്യസിദ്ധി

[൧൦൮൦-കന്നിയിൽ, തിരുവനന്തപുരത്തു കാളേജ് ഹാളിൽവെച്ചു സമ്മേളിച്ച 'ഭാഷാപോഷിണി'സഭയുടെ നാലാംവാർഷികയോഗത്തിൽ, അഗ്രാസനാധിപത്യം വഹിച്ചുകൊണ്ടു ചെയ്ത പ്രസംഗം]

മാന്യസഭാവാസികളേ!

ഈ അവസരത്തിൽ ഭവാന്മാർ എനിയ്ക്കു ചെയ്ത ഈ വിശേഷസംഭാവനയേ, ഞാൻ അത്യന്തം വിനയ

ശ്യപ്പെട്ട രാജരാജവർമ്മകോയിത്തമ്പുരാന്റെയും, അതിനു സമ്മതിച്ച രണ്ടുകക്ഷികളുടേയും ഉചിതജ്ഞതയേ ഞാൻ അവ്യാജമായി അഭിനന്ദിയ്ക്കുന്നു. കേശവപിള്ളയുടെ 'സുദർശന' ലേഖനത്തിനു മറുപടി എഴുതുന്നതിനുള്ള അവസരമാണു പരമേശ്വരയ്യർക്കു പ്രാപ്തമായിരുന്നതെങ്കിലും, അദ്ദേഹം അതിനേ കാര്യമാക്കാതെ, ഈ രാജിയിൽ ചേന്നതു് അദ്ദേഹത്തിൻെറ മനോഗുണത്തിനും, സമബുദ്ധിയ്ക്കും ഏററവും യോജിച്ചിരിയ്ക്കുന്നു. കേശവപിള്ളയും പരമേശ്വരയ്യരും എൻെറ പ്രീതിയ്ക്കും വാത്സല്യത്തിനും തുല്യമായി പാത്രീഭവിച്ചിട്ടുള്ളവരാണു്. രണ്ടുപേരും സാഹിത്യസരണിയിൽ പ്രവത്തിച്ചു സഹൃദയസമ്മതയായ പ്രതിഷ്ഠയേ പ്രാപിച്ചിട്ടും ഉണ്ടു്. സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യം വരുത്തി ദ്വിതീയാക്ഷരപ്രാസം ചെയ്യുവാൻ കേശവപിള്ളയ്ക്കു് ഒരു പ്രയാസവും ഇല്ല. അതുപോലെ തന്നെ നിഷ്പ്രാസകക്ഷികൾ പ്രധാനമായി ആവശ്യപ്പെടുന്ന അത്ഥചമത്കാരം പര

ത്തോടും കൃതജ്ഞതയോടും സ്വീകരിച്ചുകൊള്ളുന്നു. ഏതുകൊണ്ടു വിചാരിച്ചാലും, ഈ സഭയുടെ അഗ്രാസനത്തെ അലങ്കരിയ്ക്കുന്നതിനു് ഇന്നു പൂർണ്ണാധികാരിയായ മഹാപുരുഷൻ, ആദ്യം നിശ്ചയിച്ചിരുന്ന ആ മഹാനല്ലാതെ, ഒരുവനും ഇല്ലെന്നുള്ള അഭിപ്രായത്തിൽ, എല്ലാവരും എന്നോടു യോജിയ്ക്കുന്നു എന്നു്, 'പ്രോഗ്രാമി'ലെ നടവടിക്കുറിപ്പുതന്നെ തീരുമാനിയ്ക്കുന്നു. അതിനാൽ ഗുരുപാദങ്ങളുടെ ആജ്ഞയെ അനുവർത്തിയ്ക്കുന്നതിനു മാത്രം വേണ്ടിയാകുന്നു, ഞാൻ ഈ സ്ഥാനത്തെ സ്വീകരിയ്ക്കുന്നതു്. ഭവാന്മാരിൽ ഓരോരുത്തർക്കും, ഇതിലേയ്ക്കു് എന്നേക്കാൾ അവകാശമുണ്ടെന്നാണു് എൻെറ പൂർണ്ണവിശ്വാസം. എന്നാൽ, ഗുരുപാദങ്ങൾക്കു് എന്നെ ഈ

മേശ്വരയ്യരുടെ കാവ്യങ്ങളിൽ ഉള്ളതിലധികമായി ഒരു ഭാഷാകവിയുടെ കൃതികളിലും കാണുന്നതുമല്ല. ഈ സ്ഥിതിയ്ക്കു കേശവപിള്ള കാളേജ്മലയാളസമാജത്തിൽ ഈ വാദം ആരംഭിച്ചതും, അതിനെ കാര്യമായിക്കരുതി എതിർകക്ഷിയുടെ പ്രതിനിധിയായ പരമേശ്വരയ്യർ ഉത്തരം പറഞ്ഞതും ആവശ്യമുള്ളതല്ലായിരുന്നു. കഴിഞ്ഞ "ഭാഷാപോഷിണി"യിൽ "മദ്ധ്യസ്ഥൻ" (ഇതു് ഈയിടെ ദിവംഗതനായ മഹാകവി—കുണ്ടൂർ ആണു് വാസ്തവത്തിൽ. പ്രസാധകൻ) എഴുതിയിരിയ്ക്കുന്ന അത്യന്തം ശ്ലാഘ്യമായ ഉപന്യാസം കേശവപിള്ള വായിച്ചിരിയ്ക്കുമല്ലോ. പണ്ടൊരിയ്ക്കൽ ഭാഷാസാഹിത്യത്തിന്റെ പുനരുജ്ജീവനപ്രസക്തിയിൽ കോട്ടയത്തുവെച്ചുണ്ടായ കവിതാപരീക്ഷയിൽ കേശവപിള്ള ഒന്നാംസമ്മാനം വാങ്ങിച്ചിട്ടുണ്ടെങ്കിൽ, ഈയിടെ, ഭാഷാകവിതയ്ക്കു പൂർവ്വാധികമായ ഉണർച്ച ഉണ്ടായിരിയ്ക്കുന്ന അവസര

വേഷം കെട്ടിയ്ക്കുന്നതിൽ, നിഷ്കപടമായി പ്രസരിയ്ക്കുന്ന സഹജമായ ശിഷ്യവാത്സല്യമോ, "സ്ഥാനേ സ്വശിഷ്യ......" ഇത്യാദ്യഭിയുക്തോക്തികളെ ഒന്നു പരീക്ഷിച്ചുനോക്കാമെന്നുള്ള കൌതുഹലമോ,—

"ബോധിയ്ക്കേണമിദം നിയോജ്യരെല്ലത-
ല്ലാത്തുള്ള കാര്യങ്ങളും
സാധിയ്ക്കുന്നതധീശരായവരുടേ
സംഭാവനാശക്തിതാൻ;
രോധിയ്ക്കുന്നതിനെന്തുശക്തി ഗരുഡ-
ജ്യേഷ്ഠന്നു പാരൊക്കവേ
ബാധിയ്ക്കുന്ന തമാംസി തം യദി സഹ-
സ്രാംശോന്ന ചക്രേ ധുരി?"

എന്നു ഭാഷാശാകുന്തളത്തിൽ പ്രയോഗിച്ച ഉപദേ

ത്തിൽ, തൃശ്ശൂർവെച്ചു നടന്ന പരീക്ഷയിൽ പരമേശ്വരയ്യർ പ്രഥമസമ്മാനാർഹനായിരുന്നു എന്നുള്ളതു വിസ്മരണീയമല്ല. ആധുനികഭാഷാകവികൾക്കിടയിൽ എത്രയോ ഉത്കൃഷ്ടമായ ഒരു സ്ഥാനത്തേയാണു പരമേശ്വരയ്യർ ആരോഹണംചെയ്തിരിയ്ക്കുന്നതെന്നുള്ള വസ്തുത കേശവപിള്ള, തത്കാലം സ്വപക്ഷസാധനവ്യസനത്താലായിരിയ്ക്കാമെങ്കിലും, വിസ്മരിച്ചതു നന്നായില്ല. മേലിൽ ഈ രണ്ടു പ്രൌഢകവികളും ഇതിനു മുൻപ് ഉണ്ടായിരുന്ന ബഹുമാനമൈത്രികളെത്തന്നെ അന്യോന്യം പ്രദർശിപ്പിച്ച്, മഹാകവി കുഞ്ഞിക്കുട്ടൻ രാജാവു 'കവനകൌമുദിയി'ൽ എഴുതിയിരുന്നതുപോലെ, വ്യർത്ഥവാദങ്ങൾക്കു കളയുന്ന സമയംകൂടി 'കവിതകളെഴുതിക്കൂട്ടു'വാൻ വിനിയോഗിയ്ക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിയ്ക്കുന്നു." (പ്രസാധകൻ)

ശത്തേ സ്വയം അനുഷ്ഠിച്ചു കാണിയ്ക്കാമെന്നുള്ള ഒരു വിനോദരസമോ, ഭാഷാപരിഷ്കരണവിഷയത്തിൽ ഞാൻ ചെയ്തുവരുന്ന വ്യവസായങ്ങളേ പ്രകടമായി അഭിനന്ദിച്ചു് എന്നേ അതിൽ ഒന്നുകൂടി പ്രോത്സാഹിപ്പിയ്ക്കേണമെന്നുള്ള കരുണാവിലാസമോ—ഏതാണുദ്ദേശ്യമെന്നു് ഉത്പ്രേക്ഷിയ്ക്കുന്നതിനു ഞാൻ ശക്തനാകുന്നില്ല. ഏതായാലും, ഗുരുപാദങ്ങളുടെ സന്നിധാനമുള്ളതിനാലും, സ്വയംപ്രകാശനായ സൂര്യന്റെ കിരണങ്ങൾ ജഡാത്മകനായ ചന്ദ്രനിൽ പതിഞ്ഞു ചില സമയം അന്ധകാരനിവാരണത്തിനു ശക്തങ്ങളാകുംപോലെ, ഗുരുപാദങ്ങളിൽനിന്നും പ്രതിഫലിച്ചിട്ടു് എന്റെ ജ്ഞാനവും മഹാജനങ്ങൾക്കു് ഉപയോഗത്തിനായിത്തീരുമെന്നുള്ള വിശ്വാസത്താലും ഞാൻ നല്ലവണ്ണം ധൈര്യപ്പെട്ടുകൊള്ളുന്നു.

ഭാഷയുടെ തത്കാലസ്ഥിതി ശോചനീയയാണെന്നു് ഇപ്പോൾ മലയാളികളുടെ ഇടയിൽ പരക്കെ സമ്മതമുണ്ടു്. മാസികപത്രങ്ങൾ ഓരോന്നും പ്രത്യേകിച്ചു് ഈ സങ്ഗതിയേപ്പററി പ്രതിവാരം പ്രസങ്ഗിയ്ക്കാറുണ്ടെന്നു മാത്രമല്ല, അപൂർവ്വം ഒന്നോ രണ്ടോ എണ്ണമൊഴികെ, ഓരോന്നും സ്വയംതന്നെ ഭാഷയുടെ ശോച്യാവസ്ഥയ്ക്കു് ഉദാഹരണമായിത്തീൎന്നു്, അനുഭവപ്പെടുത്തിക്കാണിച്ചുതരുകയും ചെയ്യുന്നു. സഭകൾതോറും, ദിവസംപ്രതി വാഗ്മികളായ സദസ്യന്മാർ, ഭാഷയുടെ പലപ്രകാരമുള്ള വൈകല്യങ്ങളേ എണ്ണിയെണ്ണിക്കാണിച്ചു്, അവയേ പരിഹരിപ്പാൻ വ്യവസായം ചെയ്യുന്നതിലേയ്ക്കു മഹാജനങ്ങളേ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ടു്. സ്വദേശഭാഷാമുഖേനയേ വിദ്യാഭ്യാസത്തിനു പ്രചാരം

വരുത്തുവാൻ നിർവ്വാഹമല്ലു എന്നു കണ്ടിട്ട്, ജനഹിതൈകതാനദൃഷ്ടിയായ നമ്മുടെ ഗവർണ്മേണ്ടും മലയാളഭാഷയേ അഭിവർദ്ധിപ്പിയ്ക്കുന്നതിന് അനേകം ഏൎപ്പാടുകൾ ചെയ്തുവരുന്നു. എന്നുവേണ്ട, ഈ സഭയുടെ തന്നെ മൂന്നുയോഗം 'സിക്രട്ടരി'യുടെ 'റിപ്പോർട്ടി'ൻപ്രകാരം അതിഘോഷമായി നടന്നതു്, അതാതു സ്ഥലങ്ങളിലുള്ള മലയാളിജനസമുദായത്തിന് ഈയിടെ ഉണ്ടായിട്ടുള്ള ഭാഷാഭിമാനത്തേ വെളിപ്പെടുത്തുന്നതോടുകൂടി, ഭാഷയ്ക്കുള്ള വൈകല്യങ്ങളേയും ചൂണ്ടിക്കാണിയ്ക്കുന്നു. ആയതിനാൽ, ഇന്നും ശൈശവാവസ്ഥ കവിഞ്ഞിട്ടില്ലാതെ ഇരിയ്ക്കുന്ന കേരളവാണീകളവാണിയുടെ കോമളസുകുമാരമായ ഇളയ ശരീരത്തിൽ പിടിപെട്ടിട്ടുള്ള ഇച്ചൊന്ന രോഗങ്ങളേ ആസകലം, വേണ്ടുംവണ്ണം ചികിത്സിച്ചു ഭേദമാക്കി, അതിനേ യഥാശക്തി പോഷിപ്പിച്ചു്, യൗവനോല്ലാസത്തിനു പാത്രീകരിയ്ക്കുയാകുന്നു ഈ സമാജത്തിന്റെ മുഖ്യോദ്ദേശ്യം.

ഈ ഉദ്ദേശ്യത്തേ നിറവേററുന്നതിലേയ്ക്കുള്ള മാർഗ്ഗങ്ങൾ ആലോചിയ്ക്കുംമുൻപു്, ഇതിനേത്തന്നെ 'പായിന്റു്' ഇട്ടു് ഒന്നു വിഭജിയ്ക്കുന്നതു യുക്തവും സൗകര്യവും ആയിരിയ്ക്കും.

൧. വൈകല്യങ്ങളെന്നും രോഗങ്ങളെന്നും മററും ഉദ്ഘോഷിയ്ക്കുന്ന ഈ ദോഷങ്ങൾ, ഇന്നവ എന്നു കഴിയുന്നതും പരിച്ഛേദിച്ചു തീരുമാനിയ്ക്കുക. ദേശഭേദം, രുചിഭേദം, പരിചയഭേദം, സമ്പ്രദായഭേദം, പക്ഷപാതം മുതലായ അഭിപ്രായദോഷങ്ങൾ, മഹാന്മാർക്കും ചില സമയം ഭ്രമം ജനിപ്പിച്ചു എന്നു വന്നേയ്ക്കാം. ഒരുദാഹരണം എന്റെ വിവക്ഷിതത്തേ വിശദപ്പെടുത്തും.

അൎദ്ധാക്ഷരങ്ങളെന്നും, 'ചില്ലു'കളെന്നും മറും പറഞ്ഞു പോരുന്നവയും, തമിഴ്വൈയാകരണന്മാർ 'ഒററു'കളെന്നു സംജ്ഞചെയ്തിട്ടുള്ളവയും ആയ—ം, ൽ, ർ, ൻ—എന്നിവയേ, ഗദ്യപദ്യങ്ങളിൽ രണ്ടിലും, ചിലേടത്തു ശിഥിലമായും ചിലേടത്തു ദൃഢമായും ഉച്ചരിയ്ക്കേണമെന്നുള്ള അഭിപ്രായത്തിൽ ചിലർ യോജിയ്ക്കാതെ ഇരിയ്ക്കുന്നു. ഈവക വിശേഷസങ്ഗതികളിൽക്കൂടി പ്രവേശിയ്ക്കുന്നതിനു സഭയുടെ വിലയേറിയ സമയത്തേ വിനിയോഗിപ്പാൻ നിർവ്വാഹമില്ലെന്നു വന്നാൽ, ശുഷ്കകലഹങ്ങളാൽ മഹാജനങ്ങൾക്കു പരിഹാസവും, സഭ ചെയ്യുന്ന പ്രവൃത്തിയ്ക്കു തടസ്ഥങ്ങളും നേരിട്ടേയ്ക്കാം.

൨. ഉപരി അഭിവൃദ്ധിയ്ക്കു വേണ്ടുന്ന വഴിയേ നിശ്ചയിച്ചുവെയ്ക്കുക. ഒരു കാൎയ്യം സാധിയ്ക്കുന്നതിലേയ്ക്കു മാർഗ്ഗങ്ങൾ അനേകം ഉണ്ടായിരിയ്ക്കും. അവയിൽ ചിലവ ഏവനും സ്പഷ്ടമായിക്കാണാവുന്ന പെരുവഴികളായിരിയ്ക്കും. പരിചയാധിക്യത്താലും, സഹവാസസംസർഗ്ഗഭേദത്താലും എളുപ്പത്തിൽ വിചാരിച്ചേടത്തു് എത്തുന്നതായ ചില ഇടവഴികൾ ചിലൎക്കേ അറിവാൻ പാടുള്ളു എന്നു വരാം. അതിനാൽ ആ വഴികളേപ്പററിയും, നാനാദേശാഗതന്മാരായ മാന്യസാമാജികന്മാരുടെ ഈ സഭ തന്നെ ഒരു വിചാരണ ചെയ്യേണ്ടതു യുക്തമാകുന്നു.

൩. സഭയുടെ മുൻയോഗങ്ങളിൽ ചെയ്തിട്ടുള്ള നിശ്ചയങ്ങളിൽ ഏതേതെല്ലാം ഫലവത്തുക്കളായെന്നും, ചിലതിന് ഇതുവരെ ഫലോന്മുഖത ലഭിയ്ക്കാതെ വരാനുള്ള വിഘ്നങ്ങളുടെ സ്വഭാവമെന്തെന്നും ആലോചിയ്ക്കുക.

൪. മുൻനിശ്ചയങ്ങളിൽ ഏതിനേ എങ്കിലും പരിഷ്കരിയ്ക്കേണ്ടതുണ്ടോ എന്നു പരിശോധിയ്ക്കുക. ഒരു വർഷത്തിന്നിടയ്ക്കുള്ള പരിചയത്താൽ, അന്നുണ്ടായ നിശ്ചയങ്ങളുടെ ഹേയോപാദേയതകളിൽ ഈ മഹാന്മാർക്കും അഭിപ്രായഭേദം ഉദ്ഭവിച്ചു എന്നു വരാവുന്നതാണല്ലോ.

൫. സഭയുടെ കാര്യങ്ങളിൽ ചിലതു നടത്തുന്നതിനുള്ള ഏൎപ്പാടുകൾക്ക് ഉറപ്പു പോരായ്കയാൽ, പല തകരാറുകളും നേരിടുന്നു എന്ന്, സ്ഥിരസിക്രട്ടരി വളരെ വ്യസനത്തോടുകൂടി സഭമുൻപാകെ 'റിപ്പോർട്ട്' ചെയ്യുന്ന സംഗതിയേപ്പററി ആലോചിയ്ക്കുക. ഇങ്ങനെ സഭോദ്ദേശത്തേ അനേകവിധമായി പിരിച്ചുകാണിയ്ക്കാവുന്നതാകുന്നു.

നാനാദേശങ്ങളിൽനിന്നും വന്നിട്ടുള്ള മാന്യസാമാജികന്മാർ ഇന്നലെ ഇവിടെ കൂടിയതിന്റെ ശേഷം, സ്ഥലത്തേ നിർവ്വാഹകസംഘത്തിന്റെ സ്വാഗതവാക്കുകൾകൊണ്ടും, നിഷ്കപടസംഭാവനകൊണ്ടും, വിശേഷിച്ചു സത്സംസർഗ്ഗമഹോത്സവത്തിൽ ഉളവാകുന്ന മനോവികാസത്താലും വിശ്രമസുഖം വേണ്ടുംവണ്ണം അനുഭവിച്ച്, ഇന്നു വേലയിൽ പ്രവേശിയ്ക്കാൻ ഉത്സാഹത്തോടുകൂടി സന്നദ്ധന്മാരായിരിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു. അതിനാൽ ഇന്നു നാം ചെയ്യേണ്ടതു് ഇന്നലെ വിദ്യാരംഭം ചെയ്തു വച്ചിട്ടുള്ള സഭാകൃത്യത്തിന്റെ അനുപ്രാരംഭം ആകുന്നു. ഇതിലേയ്ക്കു സാമാജികന്മാർക്കു ശ്രമത്തേ ലഘുപ്പെടുത്താൻ വേണ്ടി, നിർവ്വാഹകസംഘക്കാർ ഏതാനും നിശ്ചയങ്ങൾ ചെയ്തുവച്ചിട്ടുള്ളതുമാകുന്നു.

VIII

ഉച്ചാരണം

എല്ലാവക ഭാഷകളിലും ശബ്ദങ്ങളെ വ്യക്തമായി ഉച്ചരിയ്ക്കേണ്ടതു് അത്യാവശ്യമാകുന്നു. അസ്പഷ്ടമായി ഉച്ചരിയ്ക്കപ്പെടുന്ന ശബ്ദം, ഒരു മങ്ങിയ ദീപമെന്നപോലെ പദാൎത്ഥങ്ങളെ വേണ്ടുംവണ്ണം പ്രകാശിപ്പിയ്ക്കയില്ല. ഓരോ ഭാഷയ്ക്കും ഉച്ചാരണവിഷയത്തിൽ ഓരോവിധം വൈലക്ഷണ്യമുണ്ടു്. എന്നാൽ, ഭാഷയുടെ ബാല്യകാലത്താണു്, വൈലക്ഷണ്യങ്ങൾക്കെല്ലാം പ്രാബല്യം. മനുഷ്യന്റെ ശരീരാവയവങ്ങൾക്കെന്നപോലെ, ഭാഷയുടെ ഉച്ചാരണങ്ങൾക്കും ഒരന്തവും ചന്തവും, വൃത്തിയും വെടിപ്പും, തികവും വടിവും എല്ലാം ജനിയ്ക്കുന്നതു താരുണ്യാരംഭത്തിലേ ഉള്ളു. സംസാരിയ്ക്കുന്ന ജനങ്ങളുടെ മുഖങ്ങളിൽ ശബ്ദരൂപേണ നില്ക്കുന്നതിനു പുറമേ, ശബ്ദങ്ങളെ വരകളെക്കൊണ്ടു കുറിച്ചു ലിപിരൂപേണ എഴുതി സൂക്ഷിയ്ക്കാവുന്ന നിലയിൽ വന്നതിനുമേലേ ഒരു ഭാഷ പ്രൗഢസ്ഥിതിയിൽ പ്രവേശിച്ചതായിപ്പറഞ്ഞുകൂടു. ഈ അവസ്ഥയ്ക്കു മുൻപു്, ഉച്ചാരണങ്ങളെല്ലാം പ്രതിദിനം പ്രതിഗ്രാമവും ഭേദിച്ചുകൊണ്ടിരിയ്ക്കും.

ഉദാഹരണത്തിനു് ഏറെ ദൂരെത്തേടേണ്ടതില്ല. സംസ്കൃതത്തിന്റെ പുരാതനാവസ്ഥയെ നോക്കുക. വൈദികസംസ്കൃതമെന്നും, ലൌകികസംസ്കൃതമെന്നും സംസ്കൃതത്തിനു രണ്ടു വകഭേദമുണ്ടു്. വേദങ്ങളിലും ബ്രാഹ്മണങ്ങളിലും കാണുന്ന ഭാഷയാണു വൈദികസംസ്കൃതം; കാളിദാസാദികവികൾ ഉപയോഗിച്ചിരിയ്ക്കുന്നതു ലൌകികം.

ഓരോ വേദത്തിനും വിലക്ഷണങ്ങളായ ചില ഉച്ചാരണങ്ങൾ ഉണ്ടു്. ഋഗ്വേദത്തിൽ, 'ഡ'കാരത്തെ 'ള'കാരമായും 'ഢ'കാരത്തെ 'ള്ഹ'കാരമായും ഉച്ചരിയ്ക്കണം. യജുസ്സിൽ, 'കഃ പചതി' എന്നതിനെ 'കഫ് പചതി' എന്നു വിസർഗ്ഗത്തിനു് ഇങ്ഗ്ലീഷിലെ F എന്ന അക്ഷരത്തിന്റെ ഉച്ചാരണം വേണം; അതുപോലെ അനുസ്വാരത്തെ 'ഗ്ം' എന്നപോലെ ശബ്ദിയ്ക്കണം. 'അഗ്നി' മുതലായ ശബ്ദങ്ങളിൽ 'ഗ'കാരത്തിനു മുൻപേ ഒരു വിശേഷപ്പെട്ട ശബ്ദം കേൾപ്പിയ്ക്കണം. ഈ വക വൈലക്ഷണ്യങ്ങളേ എല്ലാം നമ്മുടെ പൂർവ്വന്മാർ, വേദത്തിലുള്ള ശ്രദ്ധാധിക്യത്താൽ കണ്ടുപിടിച്ചു്, പരിച്ഛേദിച്ചു്, ഉച്ചാരണശാസ്ത്രങ്ങൾ എഴുതീട്ടുണ്ടു്. ഇവയ്ക്കു 'പ്രാതിശാഖ്യങ്ങൾ' എന്നു പേർ പറയുന്നു. 'പ്രതിശാഖം (=ശാഖതോറും) ഉള്ളതു്' എന്നുള്ള പേരിന്റെ വ്യുത്പത്തി ഓരോ ശാഖകളിലും ഉച്ചാരണഭേദങ്ങൾ ഉണ്ടായിരുന്നു എന്നു നമ്മോടു വിളിച്ചുപറയുന്നു. ലൗകികസംസ്കൃതത്തിൽ ഈ വക അവ്യവസ്ഥകൾ യാതൊന്നും തന്നെ ഇല്ല.

പ്രൗഢാവസ്ഥയെ പ്രാപിച്ച ഭാഷയെ ഉച്ചരിയ്ക്കുന്നതിൽ അക്ഷരവ്യക്തിയ്ക്കു പുറമേ ദൃഷ്ടിവെയ്ക്കേണ്ടുന്ന മറ്റൊരിനം, ഇങ്ഗ്ലീഷിൽ 'ആക്സ്സ്റ്റ്' (accent) എന്നു പറയുന്ന യത്നഭേദമാകുന്നു. ഒരു പദത്തിൽ അനേകം അക്ഷരം ഉണ്ടായിരുന്നാൽ, എല്ലാത്തിനേയും ഉച്ചരിയ്ക്കുന്നതു് ഒരേ ബലത്തിലല്ല; പ്രധാനപ്പെട്ട അക്ഷരത്തെ മാത്രം ഒരു തീവ്രമായ യത്നത്തോടുകൂടി ശബ്ദിയ്ക്കണം. വിഭക്തികളിലും മററും, ഒരേ 'പ്രകൃതി'യിൽ പല 'പ്രത്യയ'ങ്ങൾ ചേരുകയാണു്. അപ്പോൾ ആ വിഭക്ത്യ

ന്തങ്ങളേ ആ പ്രകൃതിയുടെ രൂപഭേദങ്ങളെന്നു പറയുന്നു. ഇതിൽ പ്രകൃതി ഭേദിയ്ക്കാത്തതാകയാൽ പ്രധാനമെന്നും, പ്രത്യയങ്ങൾ അപ്രധാനങ്ങളെന്നും വരുന്നു. ഈ മാതിരി സ്ഥലങ്ങളിൽ പ്രകൃതിയേ അധികം ബലപ്പെടുത്തിയും, ശേഷമക്ഷരങ്ങളേ ബലം കുറച്ചും ഉച്ചരിയ്ക്കണം. ഇതാണു യത്നഭേദം. ഇതു മലയാളത്തിൽ ഇല്ല. ഇങ്ഗ്ലീഷു മുതലായ യൂറോപ്പിലേ ഭാഷകളിൽ ഇതിനു വളരെ പ്രാധാന്യമുണ്ടു്. യത്നം ഒരു സ്വരത്തിൽനിന്നു മറെറാരു സ്വരത്തിലേയ്ക്കു മാറുന്നതുകൊണ്ടു്, ഇങ്ഗ്ലീഷിൽ നാമം ക്രിയയായി മാറുക മാത്രമല്ല, അൎത്ഥംതന്നെ ചില പ്പോൾ ഭേദിച്ചുപോകുമെന്നു്, വായനക്കാരിൽ ആംഗ്ലവിദ്യ അഭ്യസിച്ചവൎക്കു് അറിയാമല്ലോ. ഈ യത്നഭേദമെന്നതു് ഇല്ലെങ്കിലും, സംസ്കൃതത്തിൽ ഇതിന്റെ സ്ഥാനത്തു വേറേ ഒരു വിശേഷവിധിയുണ്ടു്. സംസ്കൃതപദങ്ങളേ ഉച്ചരിയ്ക്കുമ്പോൾ അക്ഷരങ്ങൾക്കെല്ലാം ഒരേ സ്ഥായി പോരാ; പ്രധാനഭാഗത്തേ ഉയൎന്ന സ്ഥായിയിലും, അപ്രധാന ഭാഗത്തേ താഴ്ന്ന സ്ഥായിയിലും ഉച്ചരിയ്ക്കണം. ഒരു ശ്രുതിവെച്ചുംകൊണ്ടു്, പ്രധാനത്തേ മേൽസ്വരത്തിലും, അപ്രധാനത്തേ കീഴ്സ്വരത്തിലും ആണുച്ചരിയ്ക്കുന്നതു്. ഇതിനു് ഉദാത്താനുദാത്തസ്വരിതങ്ങൾ എന്നു മൂന്നു മാതിരിയിലുള്ള 'സ്വരം' എന്നു പേർ പറയുന്നു. സ്വരഭേദംകൊണ്ടു് അൎത്ഥഭേദവും വരും. ഇപ്പോൾ 'ലോകനാഥൻ' എന്നു പറഞ്ഞാൽ, അതു 'ലോകത്തിൻെറ നാഥൻ' എന്നു "തത്പുരുഷനും", ലോകം നാഥനായിട്ടുള്ളവൻ എന്നു "ബഹുവ്രീഹി"യും ആവാം. ഈ മാതിരി സ്ഥലങ്ങളിൽ, സമാസഭേദത്തേ കാണിയ്ക്കുന്നതു സ്വരഭേദമാകുന്നു. ഈ ഭേദമാലോചിയ്ക്കാതെ ഒരാൾ യാഗം

ചെയ്തപ്പോൾ, 'ഇന്ദ്രശത്രോ വർദ്ധസ്വ' എന്ന മന്ത്രത്തിലെ 'ഇന്ദ്രശത്രു' എന്ന സമാസത്തിന്റെ സ്വരം പിഴച്ചുച്ചരിയ്ക്കയാൽ വിപരീതഫലം ലഭിച്ചു എന്നു് ഒരു ഉപാഖ്യാനവും പറയാറുണ്ടു്. എന്നാൽ, 'പാണിനി' ലോകത്തിലും സ്വരം വിധിയ്ക്കുന്നുണ്ടെങ്കിലും, ലൗകികസംസ്കൃതത്തിൽ സ്വരം ലുപ്തമായിപ്പോയി. ലോപിയ്ക്കാനുള്ള കാരണം ശ്രമവൈമുഖ്യവും, കവികളുടെ ശ്ലേഷഭ്രമവും ആയിരിയ്ക്കാം. ഇവിടെ ദൃഷ്ടാന്തത്തിനു കാണിച്ച 'ലോകനാഥ'ശബ്ദം തന്നെ ഒരു കവി ഇപ്രകാരം പ്രയോഗിച്ചിരിയ്ക്കുന്നു.

* "അഹം ച ത്വം ച രാജേന്ദ്ര!
ലോകനാഥാവുഭാവപി;
ബഹുവ്രീഹിരഹം രാജൻ!
ഷഷ്ഠീതത്പുരുഷോ ഭവാൻ."

ആദികാലത്തിൽ ഇങ്ഗ്ലീഷിലേപ്പോലെ യത്നഭേദവും സംസ്കൃതത്തിൽ ഉണ്ടായിരുന്നിരിയ്ക്കാം. "ഭോയച്യുത" എന്നിടത്തേ 'യ'കാരത്തേയും, മററു ചിലേടത്തേ 'വ'കാരത്തേയും ലഘുപ്രയത്നമായുച്ചരിയ്ക്കേണമെന്നു 'ശാകടായനൻ' അഭിപ്രായപ്പെടുന്നുണ്ടെന്നു 'പാണിനി' ഒരു സൂത്രം (വ്യോർല്ലഘുപ്രയത്നതരശ്ശാകടായനസ്യ) വിധിച്ചുകാണുന്നു. മറെറങ്ങും ഈ സങ്ഗതിയേ പാണിനി ഗണിച്ചുകാണാത്തതിനാൽ, പാണിനിയ്ക്കു മുൻപു

---

* ഞാനും ഭവാനും, രാജാവേ!
രണ്ടാളും ലോകനാഥരാം;
ബഹുവ്രീഹിസമാസം ഞാൻ
ഷഷ്ഠീതത്പുരുഷൻ ഭവാൻ. (പ്രസാധകൻ)

തന്നെ യത്നഭേദം എന്നതു സംസ്കൃതത്തിൽ ക്ഷയിച്ചിരിയ്ക്കണം.

ഇനി ഒരു സങ്ഗതി ആലോചിപ്പാനുള്ളതു്, ഉച്ചാരണസമ്പ്രദായം—ബാണി അല്ലെങ്കിൽ ഈണം—ആകുന്നു. ഓരോ ഭാഷക്കാൎക്കും ഉച്ചരിയ്ക്കുന്നതിൽ ഓരോ വിശേഷവിധികളുണ്ടു്. അതിനാലാണു് ഒരു തമിഴൻ മലയാളം സംസാരിയ്ക്കുമ്പോൾ, അതിൽ 'തമിഴ്ച്ചൊവ' ഉണ്ടെന്നു നാം പറയുന്നതു്. ഇതുപോലെ നാം സംസാരിയ്ക്കുന്ന ഇങ്ക്ളീഷിൽ എന്തോ ഒരു ചൈതന്യക്കുറവുണ്ടെന്നു് ഇങ്ക്ളീഷുകാർ പറയും. ഒരക്ഷരം രണ്ടു ഭാഷകളിൽ തുല്യമായിരിയ്ക്കും. എങ്കിലും അതിനെ ഉച്ചരിയ്ക്കുന്നതു് അതാതു ഭാഷയുടെ സമ്പ്രദായത്തിന്നു് അനുരൂപമായി വേണം. ഖരങ്ങൾ എന്നു പറയുന്ന 'കചടതപ'കൾ തമിഴിലും മലയാളത്തിലുമുണ്ടു്. എന്നാൽ, തമിഴർ അവയെ മലയാളികളേപ്പോലെ പൂൎണ്ണഖരങ്ങളായുച്ചരിയ്ക്കാതെ, ഖരങ്ങളുടേയും മൃദുക്കളുടേയും (ഗജഡദബ) മദ്ധ്യേ ഉള്ള ഒരു ശബ്ദം കൊടുക്കുന്നു. അതിനാലാണു തമിഴിലേ 'പങ്കുനി' എന്ന മാസസംജ്ഞയെ ഇങ്ക്ളീഷിൽ എഴുതുമ്പോൾ, Panguny എന്നു 'ഗ്ങ' കാണുന്നതു്.

ഒരു ഭാഷയിലുള്ള അക്ഷരമാലയുടെ സ്വഭാവഭേദവും, ആ ഭാഷ സംസാരിയ്ക്കുന്നവരുടെ ഉച്ചാരണസൗഷ്ഠവത്തിന്നു നിയാമകമായിത്തീരും. മനുഷ്യന്റെ നാവിൽ നുഴയുന്ന അക്ഷരങ്ങൾ മിയ്ക്കവയും ഉപയോഗിയ്ക്കുന്ന ഒരു ഭാഷയെ സംസാരിയ്ക്കുന്നവൎക്കു് ഏതു വിദേശഭാഷയും അഭ്യസിയ്ക്കുന്നതിന്നു ശ്രമം കാണുകയില്ല. ഈ സങ്ഗതിയിൽ മലയാളികൾ ഭാഗ്യവാന്മാരാണു്. ആൎയ്യ

ദ്രാവിഡഭാഷകൾ രണ്ടിലും ഉള്ള ഭാഷകൾ മലയാളത്തിൽ ചേൎന്നിട്ടുള്ളതിനാൽ, കേരളീയാക്ഷരമാല പരിപൂൎണ്ണപ്രായയാണെന്നു പറയാം. നാം കേട്ടിട്ടുള്ള ഉച്ചാരണങ്ങളിൽ ഒന്നോ രണ്ടോ എണ്ണമേ മലയാളത്തിൽ ഇല്ലാതെയുള്ളു. മലയാളികളുടെ ഉച്ചാരണലാഘവം, പള്ളിക്കൂടംവാദ്ധ്യാന്മാൎക്കു് അനുഭവസിദ്ധവുമാണു്.

ഭാഷയുടെ വൈലക്ഷണ്യങ്ങൾ അതുകളേ ഉപയോഗിയ്ക്കുന്ന ജനസമുദായത്തിന്റെ ഉച്ചാരണശക്തിയേത്തന്നെ പ്രായേണ ബാധിയ്ക്കുന്നു. ബംഗാളികൾ വകാരമെല്ലാം ബകാരമാക്കും. ഈ സങ്ഗതി ധരിച്ചിരുന്നിട്ടും, എനിയ്ക്കു് ഒരിയ്ക്കൽ ഒരുനാഴികനേരത്തേ മനഃക്ലേശത്തിനിടയായി. ഞാൻ ഒരു സംസ്കൃതകാവ്യം വായിയ്ക്കുകയായിരുന്നു. അതിലൊരു ശ്ലോകത്തിൽ "ബധ്വാ" എന്നൊരു പദം ഏതുവിധമൊക്കെ ശ്രമിച്ചാലും അന്വയിയ്ക്കുയില്ലെന്നായി. ഞാൻ 'ചേരുന്നപടി ചേൎക്കാൻ' വേണ്ടി വളരെ സാഹസമൊക്കെ ചെയ്തുനോക്കി; ഒന്നുകൊണ്ടും ഫലിച്ചില്ല! അപ്പോഴാണു് ആ പുസ്തകം 'കൽക്കട്ടാ'വിൽ അച്ചടിച്ചതാണല്ലോ എന്നുള്ള ഓൎമ്മ എന്റെ മനസ്സിൽ ഉദിച്ചതു്. ഉടനേ എല്ലാം ശരിയാകയും ചെയ്തു. ശബ്ദം "ബധ്വാ=ബന്ധിച്ചിട്ടു്" എന്നല്ല; "വധ്വാ=വധുവിനാൽ" എന്നു വധൂശബ്ദത്തിന്റെ തൃതീയയാണു്!

തമിഴനായ ഒരു ശിഷ്യനും ഇതുപോലെ ഒരിയ്ക്കൽ എന്നെ കുറച്ചുനേരത്തേയ്ക്കു ശ്രമപ്പെടുത്തുകയുണ്ടായി. ഇത്തവണ 'മുധാ' എന്നുള്ള ശബ്ദമായിരുന്നു ക്ലേശകാരണമായിത്തീൎന്നതു്. ശിഷ്യൻ അതിനേ വായിച്ചപ്പോഴൊക്കെയും, 'മുദാ' എന്നുതന്നെ വായിച്ചു. ഒടുവിൽ,

ശിഷ്യൻെറ കൈയിൽനിന്നു പുസ്തകം വാങ്ങി ഞാൻ തന്നെ വായിച്ചതിന്നു മേലേ എനിയ്ക്കു വാക്യം അന്വയിച്ചർത്ഥം പറവാൻ കഴിഞ്ഞുള്ളു. മേലാൽ ഈ മാതിരി വ്യത്യാക്രമത്തിന് ഇടവരാതിരിപ്പാൻ ഞാൻ ഉടൻതന്നെ കരുതൽ ചെയ്തു.

* "ശ്രീമാധവം ഭജത ഭോ ഗരുഡാധിരൂഢം" എന്നൊരു ശ്ലോകപാദം നിർമ്മിച്ച്, ഇത്രയും ശരിയായിട്ട് ഉച്ചരിയ്ക്കാറായതിന്നു മേൽ പഠിച്ചാൽ മതി എന്നു ഞാൻ ആയാളോടു പറഞ്ഞു. ആ വിദ്വാൻ പിന്നീട് ഈ പതിന്നാലക്ഷരങ്ങളുടെ ഇടയിൽ എത്ര അബദ്ധങ്ങൾ ഉണ്ടാക്കി എന്ന്, ഞങ്ങൾക്കും ഈശ്വരനും മാത്രമേ അറിയാവൂ! ഈ കഥ ഓർമ്മിയ്ക്കുമ്പോൾക്കൂടിയും എനിയ്ക്കു ചിരി അടക്കവയ്യാതെ വരുന്നു! എന്തിന്— ഒരു വാരം ശ്രമിച്ചതിന്നു മേലേ അയാൾക്ക് ആ പാദം ഒരു തവണ വേണ്ടുംവണ്ണം ഉച്ചരിയ്ക്കാൻ കഴിഞ്ഞുള്ളു. ഖരാതിഖരങ്ങളും മൃദുഘോഷങ്ങളും കലർന്നു വരുന്നിടത്തു ശിഥിലങ്ങൾ ഉച്ചാരണത്തിൽ ദൃഢങ്ങളായിപ്പോകാവുന്നതാണെന്നുള്ളതിലേയ്ക്ക് "മിത്രധ്രുക്, മിത്രധ്രുഗ്, മിത്രദ്രുഹൌ, മിത്രദ്രുഹഃ"—എന്നുള്ള സിദ്ധരൂപവും "ചയോ ദ്വിതീയാഃ ശരി പൌഷ്കരസാദേരിതി വാച്യം" എന്നുള്ള 'വാർത്തിക'വും ലക്ഷ്യങ്ങളാണ്.

മലയാളികൾക്കും ഇതുപോലെ ചില വൈകല്യങ്ങൾ ഇല്ലെന്നില്ല. അവർ 'ചന്ദന'ത്തേ 'ചന്നന'വും, 'ഗണപതി'യേ 'ഗെണപതി'യും ആക്കുന്നു. അവരുടെ ഇടയിൽ, 'ഉല്സാഹം' അല്ലാതെ 'ഉത്സാഹം' ആക്ക

* സേവിയ്ക്കണം ഗരുഡവാഹനദേവനേത്താൻ.

മില്ല. അവർ, 'ആനേ മുക്' എന്ന പാണിനിസൂത്രത്തേ 'ആനേ മുക്ക്' എന്നുച്ചരിയ്ക്കുമ്പോൾ ശാസ്ത്രിമാർ ചിരിച്ചു പോകും. മലയാളത്തിലേ ഉച്ചാരണത്തിൽ വേറേ ഒരു വൈജാത്യമുള്ളതു്, 'ട'കാരത്തേ 'ള'കാരമാക്കുകയാകുന്നു. 'സമ്രാട്' എന്ന സംസ്കൃതം, ഭാഷയിൽ 'സമ്രാൾ' (ള്) എന്നായിത്തീരുന്നു. ഇതിൻെറ ആഗമം ഒന്നാലോചിപ്പാനുള്ളതാണു്. വൈദികഭാഷയിൽ ഋഗ്വേദികൾ 'ഡ'കാരത്തിനു 'ള'കാരമാണു പറയുന്നതെന്നു് ആരംഭത്തിൽ പ്രസ്താവിച്ചല്ലോ. 'സമ്രാട്' മുതലായ 'ട'കാരാന്തശബ്ദമൊക്കെയും വാസ്തവത്തിൽ 'ഡ'കാരാന്തമാണെന്നും, 'ട'കാരോച്ചാരണം അവസാനത്തിൽ മാത്രമേ ഉള്ളു എന്നും സംസ്കൃതവ്യാകരണംകൊണ്ടു നമുക്കറിയാം. ഈ സ്ഥിതിയ്ക്കു്, കേരളത്തിലേയ്ക്കു വന്ന ആര്യന്മാർ, വൈദികകാലത്തിൻെറ ആരംഭത്തിൽത്തന്നെ പിരിഞ്ഞുപോന്നിട്ടുള്ളവരാണെന്നു വരുന്നു. അല്ലെങ്കിൽ, ഋഗ്വേദത്തിലുള്ള വിലക്ഷണോച്ചാരണം കേരളത്തിൽ മാത്രം ലൗകികസംസ്കൃതത്തിൽക്കൂടി ഇന്നും നിലനില്ക്കുന്നതിനു് എന്തുപപത്തി പറയാം? എന്നാൽ, ഇതു പ്രധാനപ്പെട്ട സങ്ഗതിയാകയാൽ പ്രത്യേകമായി വിചാരണ ചെയ്യേണ്ടതാകുന്നു.

IX

അരയുകാരം

പണ്ഡിതർ * ആർ. വി. കൃഷ്ണമാചാര്യരവർകൾ 'ഭാഷാപോഷിണി'യിൽ വിസ്തരിച്ചും, ധനുവിലേ 'രഞ്ജിനി'യിൽ സംഗ്രഹിച്ചും എഴുതിയിരുന്ന ഉപന്യാസങ്ങളും, അതിനുപരി രഞ്ജിനിയുടെ അഭിപ്രായവും മനസ്സിരുത്തി വായിച്ചു്, താത്പര്യം ഗ്രഹിയ്ക്കാവുന്നിടത്തോളം ഗ്രഹിച്ചു.

ആ ലേഖനം വായിച്ചാലുടൻതന്നെ കേരളപാണിനീയകാരൻ 'രഞ്ജിനി'മുഖേന ഒരനുമോദനം പ്രസിദ്ധപ്പെടുത്താതിരിയ്ക്കയില്ലെന്നും, ആ അനുമോദനലേഖനത്തിൽത്തന്നെ, വിവൃതോകാരമെന്നു സാധിച്ചിട്ടുണ്ടെങ്കിലും, ഈ അന്ത്യസ്വരത്തിനു് ഉകാരചിഹ്നവും വീണ്ടും അരയുകാരചിഹ്നമെന്നു വച്ചിട്ടുള്ള ചന്ദ്രക്കലയും കൂട്ടിപ്പിണച്ചു ചേർക്കാതെ കേവലം ചന്ദ്രക്കല മാത്രം ചേർത്തു തുടങ്ങുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു—എന്നുള്ള 'രഞ്ജിനീ'പങ്ക്തികളുടെ ഭാവം ഗഹനമായിരിയ്ക്കുന്നു. ഏതാ

---

* അഭിനവഭട്ടബാണൻ, ശബ്ദതർക്കാലങ്കാരവിദ്യാഭൂഷണൻ ഇത്യാദി ബിരുദഭൂഷിതനും, ഇന്ത്യാചക്രവർത്തിയിൽനിന്നു 'മഹാമഹോപാധ്യായ'സ്ഥാനം ലഭിച്ച ആളും, അനവധി വിശിഷ്ട സംസ്കൃതഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവും, പ്രസാധകനും, കുംഭകോണം സ്വദേശിയും, ആയുഷ്മാനും ആയ ഇദ്ദേഹം മലബാറിൽ കുറേക്കാലം സംസ്കൃതാധ്യാപകനായിരുന്നു. മാനവിക്രമ ഏട്ടൻതമ്പുരാന്റെ സുഹൃത്തും ആയിരുന്നു. (പ്രസാധകൻ)

യാലും, 'ക്ഷേപിച്ചി'ട്ടെങ്കിലും 'പ്രവരപ്ര്ദാകുവിനേക്കൊണ്ടു' വത്തി പൊക്കിയ്ക്കണം എന്നാണ് ഉദ്ദേശ്യമെന്നു 'രഞ്ജിനി' വിളിച്ചുപറയുന്നതിനാൽ, ചാടിപ്പുറപ്പെടാതിരിയ്ക്കാൻ നിർവ്വാഹമില്ലല്ലോ.

'രഞ്ജിനി' സ്ഥാപിയ്ക്കുന്ന 'ഹലന്ത'ങ്ങളുടെ 'അജന്തീ'കരണം മുതലായ ഭാഷാശാസ്ത്രസിദ്ധാന്തങ്ങളേപ്പററിയുള്ള വിചാരണ പ്രകൃതോപയോഗിയല്ലാത്തതിനാൽ ഇവിടെച്ചെയ്യുന്നില്ല. കാട്ട്, വീട്ട്, ചോറ്, ചാറ് മുതലായ ശബ്ദങ്ങളിലെ അന്ത്യസ്വരത്തേ ഉച്ചരിയ്ക്കുന്ന വിഷയത്തിൽ തമിഴും മലയാളവും യോജിയ്ക്കുന്നില്ല. തമിഴർ ഉകാരത്തോട്ട് അധികം യോജിച്ചും, മധ്യമമലയാളികൾ അകാരത്തോടു ചേൎന്നും ആണുപോലും ഉച്ചരിയ്ക്കുന്നത്; എന്നാൽ ഉച്ചാരണത്തിലുള്ള ഭേദം അതിസൂക്ഷ്മവുമാണത്രേ; ഇതാണു 'രഞ്ജിനി'യുടെ വാദം. കേരളപാണിനീയകൎത്താവു ദക്ഷിണകേരളവാസി ആയതിനാലും, ആചാൎയ്യർ പരദേശിയായതിനാലും, മററു ചിലർ ഉത്തരകേരളവാസ്തവ്യന്മാരായതിനാലും അവൎക്ക് ഈ സൂക്ഷ്മഭേദം അറിയാൻ മാൎഗ്ഗമില്ലാതെ പോയതിൽ 'രഞ്ജിനി' ആശ്ചൎയ്യപ്പെടുന്നില്ല. പിന്നെയോ; 'തങ്ങൾക്കു പററിയ തെററിനേ പ്രാചീനന്മാരും ഋഷികല്പന്മാരും മററുമായ നമ്മുടെ പൂർവ്വപുരുഷന്മാരുടെ തലയ്ക്കു വയ്ക്കു'ന്നതിലാണു രഞ്ജിനിയ്ക്കു സങ്കടം!

ഇനി ഇത്രയും അനുവദിച്ചിടത്തോളം ഭാഗത്തിന് ഉത്തരം ആരംഭിയ്ക്കുകതന്നെ. മധ്യകേരളത്തിന്റെ മധ്യം ശേഷം പേർ സമ്മതിച്ചിട്ടുള്ളതുപോലെ തൃശ്ശിവപേരൂരാണെന്നു 'രഞ്ജിനി'യും സമ്മതിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു. ആ സ്ഥലത്തു ജനിച്ചു വളൎന്നു പ്രായമായിട്ടുള്ള നാലു

ഷേരെക്കൊണ്ടു് ഈ സന്ദിഗ്ദ്ധസ്വരത്തെ ഉച്ചരിപ്പിച്ചു നോക്കിയതിന്റെ ശേഷമാണു്, കേരളപാണിനീയത്തിൽ ഈ സങ്കതിയേ സ്ഥാപിച്ചിട്ടുള്ളതു്. പിന്നീടു് ഈ ലേഖനം എഴുതുന്നതിന്റെ പൂൎവ്വക്ഷണത്തിലും ഒരു പരീക്ഷക്രൂടി നടത്തുകയും ഉണ്ടായി. എന്നിട്ടും മുന്നഭിപ്രായത്തെ ഉപേക്ഷിയ്ക്കുന്നതിനു മാൎഗ്ഗം കാണായ്കയാൽ വ്യസനിയ്ക്കുന്നു. കാട്ടു്, വീട്ടു്,—മുതലായ ശബ്ദങ്ങളേ ഞാൻ ഉച്ചരിച്ചുകേൾപ്പിച്ചതിലും, തൃശ്ശിവപേരൂക്കാർ ഉച്ചരിച്ചതിലും യാതൊരു ഭേദവുമില്ലെന്നു് അവരും (തൃശ്ശിവപേരൂക്കാരും) സമ്മതിയ്ക്കയാൽ, എന്റെ കൎണ്ണേന്ദ്രിയവൈകല്യമാണെന്നും കല്പിയ്ക്കാൻ തരം കാണുന്നില്ല. അതുകൊണ്ടു്, എഴുതി അറിയിയ്ക്കാൻ നിൎവ്വാഹമില്ലാത്ത ഈ ഭാഗം 'രഞ്ജിനി'തന്നെ ഒരിയ്ക്കൽ ഉച്ചരിച്ചു് ഉപദേശിച്ചുതരുന്നതുവരെ, എന്റെ മതത്തിൽ സംവൃതസ്വരം ഉകാരമായിത്തന്നെ ഇരിയ്ക്കുകയേ ഉള്ളു. 'പൂൎവ്വികന്മാരുടെ തലയ്ക്കു കെട്ടിവച്ചതിനും മററും' പ്രായശ്ചിത്തം, തെററു ബോധപ്പെട്ടാൽ, ചെയ്യാൻ തയ്യാറാണു്.

'നില്ക്കു, ഇരിയ്ക്കു, പോരു' എന്നുള്ള വിധ്യൎത്ഥകക്രിയാപദങ്ങളുടെ അന്ത്യമായ ഉകാരം ശാസനാദ്യൎത്ഥങ്ങളിൽ ലോപിയ്ക്കുമെന്നും, പിന്നീടു സ്വരാന്തമാക്കാൻ 'അ'കാരം ചേൎത്തിട്ടാണു്, "നില്ക്ക, ഇരിയ്ക്ക, പോര (?) എന്ന രൂപങ്ങൾ ഉണ്ടാകുന്നതു്" എന്നും ആണു 'രഞ്ജിനി'യുടെ വ്യാകരണം. ഇതിൽ യോജിയ്ക്കുന്നതു പ്രയാസംതന്നെ. വിധ്യൎത്ഥകക്രിയാപദങ്ങളുടെ (നില്ക്കു, ഇരിയ്ക്കു, പോരു) അന്ത്യമായ ഉകാരം ലോപിച്ചിട്ടാണു നില്ക്ക, ഇരിയ്ക്ക,—മുതലായ രൂപങ്ങൾ സിദ്ധിയ്ക്കുന്നതെങ്കിൽ, ഉണ്മൂ കാണ്മൂ, തിന്മൂ, ഇരിപ്പൂ, ചെയ്വൂ,—മുതലായ രൂപങ്ങൾക്കും ഉകാരം ലോപിച്ചു്, ഉണ്മ,

കാണ്മ, തിമ്മ, ഇരിപ്പ, ചെയ്യ എന്ന രൂപങ്ങൾ വരണ്ടയോ? താൻ അങ്ഗീകരിച്ച പ്രക്രിയയ്ക്കു് ഈ വക ദോഷങ്ങൾ ഉണ്ടെന്നു്, 'പോര' എന്ന രൂപം യോജിയ്ക്കായ്കയാൽ 'പോരിക' എന്നു വലയത്തിനുള്ളിൽ ന്യായമായ രൂപത്തെ എഴുതേണ്ടിവന്നപ്പോഴെങ്കിലും രഞ്ജിനി ഓൎക്കാഞ്ഞതു കഷ്ടംതന്നെ! വാസ്തവത്തിൽ, നില്ക്ക, ഇരിയ്ക്ക, പോരിക—മുതലായ രൂപങ്ങൾ, ഇങ്ക്ളീഷിൽ Infinitive എന്നു പറയുന്നതിനോടും, സംസ്കൃതത്തിൽ 'ഭാവേല്യുഡന്തം' എന്നു പറയുന്നതിനോടും സമകക്ഷ്യമായ ഭാവാൎത്ഥകപ്രത്യയാന്തങ്ങളാകുന്നു. 10597

കാലപ്രകാരാദി പരിച്ഛേദം ഒന്നും ഇല്ലായ്കയാൽ കേവലധാത്വൎത്ഥത്തെ അനുവദിയ്ക്കുന്ന ഈ പ്രത്യയത്തെ ആദരാതിശയത്തിൽ വിധ്യൎത്ഥത്തിലുപയോഗിയ്ക്കുന്നു. ഈ രൂപങ്ങൾക്കു് ഇങ്ങനെ പ്രയോഗം വരാനുള്ള കാരണം, കേരളപാണിനീയം ൨൩൪-ാംപേജിൽ നിരൂപിച്ചിട്ടുള്ളതിനാൽ, ഇവിടെ ആവൎത്തിയ്ക്കുന്നില്ല. ഈ വിധം പ്രക്രിയ സ്വീകരിയ്ക്കുമ്പോൾ, ഉണ്മ, കാണ്മ, ചെയ്യ മുതലായ അനിഷ്ടരൂപാപത്തിയ്ക്കു് അവകാശവും വരുന്നില്ല.

ഇനി ഉണ്മ, കാണ്മ,—മുതലായ അനിഷ്ടരൂപങ്ങളെ ചില നിഷേധവിധികളെക്കൊണ്ടു നിവാരണം ചെയ്യാം എന്നു 'മൎക്കടമുഷ്ടി' പിടിയ്ക്കുകയാണെങ്കിൽ, സൎവസമ്പ്രതിപന്നങ്ങളായ സിദ്ധാന്തങ്ങളെ അധരോത്തരീകരിയ്ക്കുന്ന, ആ ദുസ്സ്വാതന്ത്ര്യത്തിനു് ഉത്തരമില്ല. നില്ക്കു്, ഇരിയ്ക്കു് ഇത്യാദി സംവൃതരൂപങ്ങളാകട്ടേ കേവലധാതുരൂപങ്ങൾ എന്നേ ഉള്ളു. നിയോഗാൎത്ഥത്തിൽ കേവലധാതുരൂപങ്ങളെ ഉപയോഗിയ്ക്കുക എന്നുള്ളതു്,

പല ഭാഷകൾക്കുമുള്ള ഒരു നിയമമാണ്. സംസ്കൃതത്തിൽ 'ലോട്ടി'ന്റെ 'മദ്ധ്യമപുരുഷൈകവചന'ത്തിന് അധികധാതുക്കളേയും പരാമർശിയ്ക്കുന്ന "അതോഹേഃ" എന്നുള്ള പ്രത്യയലോപവും, ഇങ്ക്ലീഷിൽ ഈ സ്ഥാനം വഹിയ്ക്കുന്ന Imperative mood എന്നതിന്റെ രൂപവും മററും ഇതിലേയ്ക്കു ദൃഷ്ടാന്തങ്ങളാണ്.

'പിച്ച പൃക്ക പോരഃ' എന്നുള്ള മലയാളമന്ത്രത്തിൽ അന്ത്യസ്വരം അകാരമാണെന്നും, ഉകാരമായി ഉച്ചരിച്ചുപോയാൽ പിഴയായിത്തീരുമെന്നും 'രഞ്ജിനി' ശപഥം ചെയ്യുന്നു. എന്നാൽ, നിത്യമെന്നപോലെ ഉപനയനാദിക്രിയകളേ നടത്തിപ്പോരുന്ന രണ്ടുമൂന്ന് ഓതിയ്ക്കോന്മാരോട് ഈ സങ്ഗതിയേപ്പററി ഞാൻ ചോദിച്ചതിൽ, 'പിച്ച പൃക്ക പോരഃ' എന്നുള്ളതിനേ മന്ത്രങ്ങളുടെ കൂട്ടത്തിൽ ഗണിച്ചിട്ടില്ലെന്നും, ജ്യേഗേദ്വാദികൾ മാത്രം ഇതിനേ ചിലപ്പോൾ ഉപയോഗിയ്ക്കാറുണ്ടെന്നും, അകരണത്തിൽ പ്രത്യവായമില്ലെന്നും, അവർ ഇതിനേ ഉച്ചരിയ്ക്കുന്നത്, 'പിച്ച പൃക്ക പോരു' എന്നാണെന്നും മറുപടി പറഞ്ഞിരിയ്ക്കുന്നു. ഉച്ചാരണവിഷയത്തിൽ 'രസികരഞ്ജിനി'യിലുള്ള വിശ്വാസം നിമിത്തം, തൃപ്തിപ്പെടാതെ പിന്നീടും സംശയിച്ചു ചോദിച്ചപ്പോൾ, അവർ ചടങ്ങുഗ്രന്ഥം എടുത്തുകാണിച്ചു സംശയച്ഛേദം ചെയ്കയും ഉണ്ടായി. ഈ മന്ത്രത്തക്കത്തിൽ തീർപ്പുവിധി പറഞ്ഞത്, പെരുമനംഗ്രാമത്തിൽ ചേർന്ന ഒരു സ്മാർത്തനാകയാൽ, മദ്ധ്യകേരളീയനും ആകുന്നു. 'രഞ്ജിനി' ആവശ്യപ്പെടുന്നപക്ഷം, പേർ പറയുന്നതിനും ഗ്രന്ഥം ഹാജരാക്കുന്നതിനും തയാറുമാണ്. ഈ വിധായകന്റെ പ്രാമാണ്യം ഓർക്കുമ്പോൾ, 'രു' എന്നതിന്റെ ഉകാരചിഹ്നത്തേ

വിസർഗ്ഗമെന്നു ഭ്രമിയ്ക്കുന്നതിനു മാർഗ്ഗമുള്ളതിനാൽ, ഈ സങ്ഗതിയിൽ ഭ്രമം 'രഞ്ജിനി'യ്ക്കുതന്നെ ആകാനാണു് എളുപ്പം. 'രഞ്ജിനി'യുടെ വാദത്തിൻെറ അടിസ്ഥാന കല്ലുതന്നെ ഈ വിധം തകൎന്നുപോയതിനാൽ അതി ന്മേൽ പണിചെയ്തിട്ടുള്ള 'കെട്ടുമാന'ങ്ങളെല്ലാം ഒന്നോടെ പൊടിയുന്നു!

കാട്ടു്, വീട്ടു്,—മുതലായ ശബ്ദങ്ങളിലെ അന്ത്യ വൎണ്ണം ഒരു സംവൃതസ്വരമാണെന്നും, അതിനെ ഉച്ചരി യ്ക്കുന്നതു് 'അ'കാരത്തിനും 'ഉ'കാരത്തിനും മദ്ധ്യേ ഉള്ള ഒരു ശബ്ദംകൊണ്ടാണെന്നും, എന്നാൽ അതിനു് ഉകാര ത്തോടാണു ചേൎച്ച അധികമെന്നു്, കാട്ടുകൾ വീട്ടുകൾ മുതലായ ബഹുവചനരൂപങ്ങൾ തെളിയിയ്ക്കുന്നു എന്നും ആണു്, 'കേരളപാണിനീയ'ത്തിൽ പറഞ്ഞിരിയ്ക്കുന്നതു്. ഈ ഭാഗത്തെ എതിൎക്കുന്നതിനു്, 'രഞ്ജിനി' ഗൗരവലാ ഘവങ്ങൾ ഒക്കെയും വളരെ ആലോചിച്ചു്, ചില ഭാഷാ ശാസ്ത്രസിദ്ധാന്തങ്ങളേയും പുരസ്കരിച്ചു് ഒടുവിൽ ലാഘ വം സാധിയ്ക്കുന്നു. എന്നാൽ, വ്യാകരണം കേവലം ന്യായശാസ്ത്രത്തേക്കാൾ ചരിത്രശാസ്ത്രത്തെ അനുസരി യ്ക്കുന്ന ഒരു ശാസ്ത്രമാണെന്നാണു ഞാൻ അറിഞ്ഞിട ത്തോളവും, ഭാഷാശാസ്ത്രം ഘോഷിയ്ക്കുന്നതു്. അതു കൊണ്ടു് ആ മാതിരി വാദവും എനിയ്ക്കു് അപ്രതികൂല മല്ലെങ്കിലും, ഗൗരവലാഘവവാദത്തിൽ പ്രവേശിയ്ക്കാൻ മനസ്സുവരുന്നില്ല.

കാട്ടുകൾ വീട്ടുകൾ മുതലായ ബഹുവചനരൂപങ്ങ ളിൽ അന്ത്യസ്വരം വികല്പേന എങ്കിലും ഉകാരമാകാം എന്നു 'രഞ്ജിനി'യും സമ്മതിച്ചുവല്ലോ. ഇനി പാക്ഷിക മല്ലാത്ത വേറേ ഒരു സ്ഥലവുംകൂടി തെളിവിനായിട്ടെടു

ത്തുകാണിയ്ക്കാം. 'വന്നു' 'ഇരുന്നു' ഇത്യാദികൾ, ഭൂതകാലത്തിലേ പൂർണ്ണക്രിയകളാണല്ലോ. ഇവയേ പൂർവ്വകാലക്രിയകളാക്കി മറെറാരു ക്രിയയ്ക്കു കീഴ്പ്പെടുത്തുമ്പോൾ ഉണ്ടാകുന്ന രൂപങ്ങൾ, 'വന്ന്', 'ഇരുന്ന്' എന്നല്ലയോ? ഉദാഹരണം:—'രാമൻ ഇവിടെ വന്ന്, കുറച്ചു നേരം ഇരുന്ന്, സംസാരിയ്ക്കു ഉണ്ടായി.' ഇവിടെ, 'വന്ന്' 'ഇരുന്ന്' എന്ന പൂർവ്വകാലക്രിയാരൂപങ്ങളുടെ അന്ത്യസ്വരം 'കാട്' 'വീട്' ഇത്യാദികളിലേപ്പോലെ സംവൃതമല്ലയോ? അപ്പോൾ, സ്വതന്ത്രമായി നില്ക്കുന്ന പൂർണ്ണക്രിയയുടെ അന്ത്യമായ ഉകാരത്തേ സംവൃതമാക്കിയാൽ ആ ക്രിയ മറെറാരു ക്രിയയിൽ അന്വയിയ്ക്കുന്ന അപൂർണ്ണക്രിയയാകും എന്നാണു മലയാളത്തിലേ വ്യാകരണരീതി. മറിച്ച്, പൂർണ്ണക്രിയയ്ക്കുതന്നെ അധികം ബലം കൊടുക്കണമെന്നു വിവക്ഷിയ്ക്കയാണെങ്കിൽ, അന്ത്യസ്വരത്തേ നീട്ടുക. എങ്ങനെയെന്നാൽ:—

"വന്നൂ ശരത്സമയമംബുദമൊന്നകന്നൂ." ഇതു വളരെ യുക്തിയുക്തമായ ഒരേർപ്പാടാണെന്നു സ്പഷ്ടമാകുന്നു. ഈ രൂപസിദ്ധിസമ്പ്രദായംകൊണ്ടും, സന്ദിഗ്ദ്ധമായ സംവൃതസ്വരം ഉകാരത്തിൻെറ വികാരമാണെന്നു സ്പഷ്ടമാകുന്നില്ലയോ? ഇതെല്ലാം നോക്കുമ്പോൾ സംവൃതസ്വരം അകാരമാണെന്ന് എങ്ങനെ സമ്മതിയ്ക്കുന്നു?

'രഞ്ജിനി'യുടെ വാദങ്ങളിൽ ഒരു ഭാഗം മാത്രം എനിയ്ക്കും സമ്മതിച്ചേ തീരൂ. പണ്ടുള്ളവർ സംവൃതത്തേ പ്രത്യേകചിഹ്നമൊന്നുംകൂടാതെ അകാരംപോലെ തന്നെയാണ് എഴുതിവന്നതു്. ഇതിന്നുള്ള കാരണം താഴേ വിവരിയ്ക്കുന്നതായിരിയ്ക്കാമെന്നു ഞാൻ ഊഹി

യ്ക്കുന്നു. മലയാളത്തിലെ കുട്ടികളെ പഴയ ആശാന്മാർ പഠിപ്പിയ്ക്കുന്ന നിലത്തെഴുത്ത്, മന്ത്രശാസ്ത്രപ്രകാരം ഉള്ള സംസ്കൃതാക്ഷരമാലയാകുന്നു. സംസ്കൃതത്തിലില്ലാതെ മലയാളത്തിൽ ഉള്ള 'ഴ' 'റ' എന്നുള്ള ഏതാനും അക്ഷരങ്ങളെ മാത്രം നിലത്തെഴുത്തിന്റെ ഒടുവിൽ അവർ ചേർത്തിട്ടുണ്ട്. ഹ്രസ്വങ്ങളായ 'എ'കാര, 'ഒ'കാരങ്ങളെ ആകട്ടെ, 'ന' 'ണ'കളുടെ ഭേദത്തെ ആകട്ടെ അവർ ഗണിച്ചിട്ടില്ല. ആ കൂട്ടത്തിൽ ഈ സംവൃതസ്വരത്തെയും വകവെയ്ക്കാഞ്ഞതായിരിയ്ക്കാം. തമിഴക്ഷരമാല ഉപേക്ഷിച്ച്, സംസ്കൃതാക്ഷരമാലയെ സ്വീകരിച്ച അവസ്ഥയിലുണ്ടായ വ്യാകുലതകളും ഈ ന്യൂനതയ്ക്കു സഹായിച്ചിരിയ്ക്കും. 'പറയെണം' എന്ന വേണ്ടതിനെ 'പറയണം' എന്ന് 'എ'കാരത്തെ 'അ'കാരമാക്കിയതും, 'എതിർത്തു' എന്നിരുന്നതിനെ 'എതൃത്തു' എന്നാക്കുന്നതും മററും അക്കാലത്തുദ്ഭവിച്ചിട്ടുള്ള ലിപിസ്ഖലിതങ്ങളുടെ ലക്ഷ്യങ്ങളാണ്. അർവ്വാചീനവൈയാകരണന്മാരായ കോവുണ്ണി നെടുങ്ങാടി, പാച്ചുമൂത്തത്—മുതലായ മഹാന്മാർകൂടി മലയാളത്തിന്റെ പ്രകൃതി സംസ്കൃതമാണെന്നു തെററിദ്ധരിച്ചുപോയ സ്ഥിതിയ്ക്ക്, പ്രാചീനന്മാർക്ക് ഈ ഭ്രമം ധാരാളം സംഭവിച്ചിരിയ്ക്കാവുന്നതും, അതിനെക്കുറിയ്ക്കാൻ സംസ്കൃതത്തിൽ പ്രത്യേകചിഹ്നമില്ലാത്തതുകൊണ്ടു ഭാഷയിലും അതാവശ്യമില്ലെന്ന് ഉദാസീനപ്പെട്ടിരിയ്ക്കാവുന്നതും ആകുന്നു. എന്നാൽ, ഒരു സംവൃതസ്വരം ഭാഷയിലും സംസ്കൃതത്തിലും ഉണ്ടെങ്കിലും, രണ്ടിനും തമ്മിൽ വളരെ വ്യത്യാസമുണ്ട്. സംസ്കൃതത്തിൽ സംവൃതാകാരം വ്യാകരണത്തെ സ്പർശിയ്ക്കുന്നതേയില്ല. പാണിനി അതിനെ സർവ്വത്രാസിദ്ധമായിട്ട്,

'പൂർവ്വത്രാസിദ്ധ'ത്തിൻെറ ഒട്ടവിലാണു ചേക്കുന്നതു്. മലയാളത്തിൽ ഈ ഭേദം ഒന്നുതന്നെയാണു്, പൂർണ്ണഭൂതരൂപത്തേ പൂർവ്വകാലക്രിയ എന്നു പറയുന്ന അപൂർണ്ണക്രിയയേ നിർമ്മിയ്ക്കുന്നതിനുള്ള വ്യാകരണപ്രക്രിയ എന്നു മുൻപുതന്നെ വ്യക്തമായി കാണിച്ചല്ലോ. സംവൃതഉകാരം ഭാഷയിൽ ഇത്രത്തോളം പ്രധാനപ്പെട്ട ഒരെണ്ണമാകയാലാണു്, ഒരു വ്യാകരണഗ്രന്ഥം എഴുതാൻ പുറപ്പെട്ടുന്നവനു് അതിൻെറ സ്വഭാവം നിർണ്ണയിയ്ക്കുന്നതിൽ ഇത്രവളരെ പ്രയാസവും ക്ലേശവും നേരിടുന്നതു്. സംസ്കൃതത്തിലേപ്പോലെ കേവലം ഉച്ചാരണത്തേ മാത്രമേ സ്പർശിച്ചിരുന്നുള്ളു എങ്കിൽ, 'രഞ്ജിനി' പറയുംപോലെ, അകാരത്തിൻെറ വകഭേദമെന്നോ, അല്ല ഇനി വല്ലവരും പറഞ്ഞേയ്ക്കാവുന്നതുപോലെ പ്രത്യേകം അക്ഷരമേ അല്ലെന്നോ തള്ളാമായിരുന്നു!

ഇത്രയും പറയേണ്ടിവന്ന സ്ഥിതിയ്ക്കു കൃഷ്ണമാചാര്യർ അവർകളുടെ ഉപന്യാസത്തേപ്പററിയും രണ്ടു വാക്കു പറയാതെ ഉപസംഹരിയ്ക്കുന്നതു വിഹിതമല്ലല്ലോ. ആ സങ്ഗതിയിലും 'രഞ്ജിനി'യ്ക്കു് ഇച്ഛാഭങ്ഗം വരുത്തിക്കൂടല്ലോ. എന്നാൽ, അതു്, അനുമോദനരൂപംതന്നെയോ എന്നു തീർച്ചപ്പെട്ടുത്തുന്നില്ല. ആചാര്യരുടെ ലേഖനം സരസരമണീയവും, സർവ്വങ്കഷവും ആയിരിയ്ക്കുന്നു! ആ ലേഖനത്തിൽ ഒരു വാചകത്തിൽ മാത്രമേ എനിയ്ക്കു സ്വല്പം വിപ്രതിപത്തിയുള്ളു. അതായതു്:—"എന്നാൽ പാണിനീയത്തിൽ പറഞ്ഞിരിയ്ക്കുന്നതുപോലെ മുററുകാരമെഴുതീട്ടു മാത്രമേ 'മീത്തൽ' വയ്ക്കാൻ പാടുള്ളു എന്നുള്ള നിയമം സ്വീകരിയ്ക്കാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല." ഭാഷയിൽ ഒരു സംവൃതസ്വരമുണ്ടെന്നും, അതു് അകാരമല്ല, ഉകാരമാണു് എന്നും

അല്ലാതെ, അതിനേക്കുറിയ്ക്കാനുള്ള ചിഹ്നവിഷയത്തിൽ യാതൊരു നിബ്ബന്ധവും 'പാണിനീയ'ത്തിൽ ചെയ്തിട്ടില്ല. ഉകാരരൂപം എഴുതി ചന്ദ്രക്കലാചിഹ്നമിടുക എന്നുള്ള സങ്കേതമാണ് ഇപ്പുസ്തകത്തിൽ സ്വീകരിച്ചിരിയ്ക്കുന്നതു് എന്നു മാത്രമേ ലിപിന്യാസത്തേപ്പററി പറഞ്ഞിട്ടുള്ളു. പക്ഷേ, ആചാര്യർ അനുഷ്ഠാനംതന്നെ വിധി എന്ന് അർത്ഥം കല്പിച്ചിരിയ്ക്കാം. ഇരിയ്ക്കട്ടെ—ഇനി ഈ മാതിരി ഒരു സങ്കേതം സ്വീകരിച്ചതിനുള്ള കാരണം വ്യാകരണത്തിൽ വിവരിച്ചിട്ടില്ലാത്തതിനാൽ ഇവിടെ വിവരിയ്ക്കാം. കേരളപാണിനീയം എഴുതുന്ന കാലത്തു്, സ്വരസ്പർശം ഇല്ലാത്ത വെറും വ്യഞ്ജനങ്ങളേ എഴുതിക്കാണിയ്ക്കുന്നതിനു തമിഴിലുള്ള 'ഉപരി അനുസ്വാരചിഹ്നം' ഇടുന്ന സമ്പ്രദായം നടപ്പില്ലായിരുന്നു. ആ രീതി 'കേരളപാണിനീയ'ജനനാനന്തരം "മലയാളമനോരമ" ആദ്യമായി പുറപ്പെടുവിച്ചതാണ്. അതു മിയ്ക്ക മലയാളികൾക്കും രസിയ്ക്കാഞ്ഞതിനാൽ 'മനോരമ'യ്ക്കുതന്നെ അചിരേണ ഉപേക്ഷിയ്ക്കേണ്ടതായും വന്നു. 'മീത്തൽ' 'തൊട്ടു കുറിയ്ക്കുക' എന്ന ചന്ദ്രക്കലാചിഹ്നം ആദ്യമായി 'ഗാത്തുവേററു' സായ്പവർകൾ സംവൃതചിഹ്നമായി ഉപയോഗിച്ചുതുടങ്ങി എങ്കിലും, പ്രായേണ ആ ചിഹ്നം സ്വരവിയോഗസൂചകമായിട്ടാണു ഗണിച്ചുവന്നിട്ടുള്ളതു്. ഭാഷയിൽ 'ആയ്' 'പോയ്' എന്നു സ്വരഹീനമായ യകാരത്തേ കുറിയ്ക്കുന്നതിനും, സംസ്കൃതത്തിൽ 'ലങ്, നഞ്' ഇത്യാദികളിൽ താദൃശങകാരഞകാരാദികളേ കുറിയ്ക്കുന്നതിനും ഈ ചന്ദ്രക്കലയേ ഉപയോഗിച്ചിരുന്നു. അതിനാൽ പ്രചാരബലത്താൽ ചന്ദ്രക്കലാചിഹ്നത്തിന്റെ മുഖ്യോപയോഗം സ്വരപൃഥക്കരണമെന്നേ

എനിയ്ക്കു കല്പിയ്ക്കാൻ ന്യായമുണ്ടായിരുന്നുള്ളു. അപ്പോൾ, മുററുകാരമെഴുതി 'മീത്തൽ' ഇട്ടാൽ ഉകാരചിഹ്നം കാണുന്നതുകൊണ്ടു് ഉകാരമുണ്ടെന്നും, എന്നാൽ 'മീത്തൽ' കൂടി ചേർത്തിരിയ്ക്കുന്നതുകൊണ്ടു സ്വരാംശത്തെ ത്യജിയ്ക്കേണമെന്നും, രണ്ടും കൂടി നടക്കാത്തതിനാൽ ചിഹ്നദ്വയത്തിനും സാഫല്യം വരുന്നവിധം ഉകാരത്തെ സ്വരാംശത്തിൽ കുറവുചെയ്തു് (അതായതു സംവൃതമാക്കി) ഉച്ചരിയ്ക്കണമെന്നു് അർത്ഥവും വന്നുകൊള്ളും എന്നായിരുന്നു എന്റെ യുക്തി. അതു മാത്രമല്ല, മുൻ കാണിച്ചപ്രകാരം പൂർവ്വകാലക്രിയകളെ നിർമ്മിയ്ക്കുന്നതു്, 'തു്'പ്രത്യയാന്തഭൂതങ്ങളിൽ ഉകാരത്തെ സംവൃതമാക്കീട്ടാകയാൽ, മുററുകാരലിപിയെത്തന്നെ എഴുതീട്ടു് അരയുകാരമാക്കാൻ മാർഗ്ഗമുണ്ടായിരുന്നാൽ ശിഷ്യരെ ഗ്രഹിപ്പിക്കുന്നതിൽ അധികം സൗകര്യം കാണും. ഇതിനും പുറമേ, സംവൃതസ്വരം വിസർഗ്ഗാദിയെപ്പോലെ ഒരിയ്ക്കലും സ്വതന്ത്രമായു് നില്ക്കാത്തതാണെങ്കിലും, വൈയാകരണനു് അതിനെപ്പററി പലസ്ഥലങ്ങളിലും വ്യവഹരിയ്ക്കേണ്ടിവരുന്നതിനാൽ, സംവൃതമെന്നതന്നെ ആവർത്തിയ്ക്കാതെ ഉകാരമെന്നും വേണ്ടിവന്നാൽ എഴുതിക്കൊള്ളാൻ മാർഗ്ഗമുണ്ടല്ലോ. ഇപ്പോഴാകട്ടെ, 'മനോരമ'യെ അനുസരിച്ചു്, സ്വരാസ്പൃഷ്ടവ്യഞ്ജനങ്ങളെ കുറിയ്ക്കുന്നതിനു തമിഴിലെ തലക്കുത്തിനെ സ്വീകരിച്ചു്, ചന്ദ്രക്കലാചിഹ്നത്തെ സംവൃതഉകാരത്തെ കുറിയ്ക്കുന്നതിനു മാത്രമായി ഉപയോഗിയ്ക്ക എന്നൊരേർപ്പാടു ചെയ്യുന്നതായാൽ, അതിൽ ഞാനും ചേരുന്നതിനു തെയ്യാർ തന്നെ. എന്നാൽ, 'രഞ്ജിനി' മുതലായ മേൽത്തരം മാസികകൾക്കു കൂടി സംവൃതാകാരഭ്രമം നിലനില്ക്കുന്നിടത്തോളം കാലം, 'കേരളപാണിനീയ'ത്തിൽ ചെയ്തിട്ടുള്ള ലിപിവിന്യാസം

തന്നെ അല്ലയോ കൊള്ളാവുന്നതു്—എന്നും തോന്നിപ്പോകുന്നു. ചന്ദ്രക്കലയേ, കേവലവ്യഞ്ജനത്തേ കുറിയ്ക്കുന്നതിനും, സംവൃതഉകാരത്തേക്കുറിയ്ക്കുന്നതിനും ഒന്നുപോലെ, 'രഞ്ജിനി' ഒരേ പുറത്തുതന്നെ ഉപയോഗിയ്ക്കുന്നതിനു്—൯—ധനലക്കം—൩൦൨—ാംവശം നോക്കുക. അതിൽ, "ഇതു് കേട്ടു് ഏഴെട്ടു കടലാസ്സുംകൊണ്ടു് ഞാൻ പോന്നു" എന്നിടത്തും മററും ചിഹ്നം സംവൃതത്തേ കുറിയ്ക്കുന്നു. "മോഡാഫ് ഡ്രസ്സിങ്"—ഇത്യാദികളിൽ ശുദ്ധവ്യഞ്ജനത്തേയും ആ ചിഹ്നം തന്നെ കുറിയ്ക്കുന്നു. പ്രകൃതവശാൽ, ലിപിവിന്യാസത്തിൽ മററൊരവ്യവസ്ഥയേക്കൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇവിടെ എടുത്ത ഉദാഹരണങ്ങളിൽ, ആദ്യത്തേതിൽ 'ഇതു്' 'കേട്ടു്' എന്ന രണ്ടു പദങ്ങളിലും സംവൃതത്തിനു ചന്ദ്രക്കലാചിഹ്നമാണു്. "ഏഴെട്ടു" എന്നുള്ളിടത്തു മറവുകാരംതന്നെ ആണു് ഉപയോഗിപ്പാൻ ഭാവം. ഈവക അവ്യവസ്ഥകൾ ഇരിയ്ക്കുന്നിടത്തോളം കാലം, ലിപിവിന്യാസത്തിനു് ഐകരൂപ്യം ഏതുകാലത്തു നടക്കുമെന്നു് ഈശ്വരനുതന്നെ അറിയാം!

ഈ ലേഖനത്തിൽനിന്നും എനിയ്ക്കു 'രസികരഞ്ജിനി'യുടെ നേരേയുള്ള നിലയേ വായനക്കാർ അന്യഥാ ഗ്രഹിയ്ക്കരുതെന്നു ഞാൻ പ്രത്യേകം പ്രാൎത്ഥിച്ചുകൊള്ളുന്നു. ഇപ്പോൾ മലയാളത്തിൽ നടത്തിവരുന്ന മാസികകൾ എല്ലാത്തിലും വെച്ചു് ഉത്തമസ്ഥാനം 'രഞ്ജിനി'യ്ക്കാണെന്നാണു് എൻെറ അന്തഃകരണസാക്ഷികമായ വിശ്വാസം. ഈ മാസികയ്ക്കു് ഉപൎയ്യുപരി അഭ്യുദയത്തേയും ഞാൻ ഹൃദയപൂൎവ്വം ആശംസിയ്ക്കുന്നു. പ്രകൃതലേഖനത്തിൽ ദോഷങ്ങളേ മാത്രം ചൂണ്ടിക്കാണിയ്ക്കേണ്ടി

വന്നതു്, വിഷയസ്വഭാവഭേദമെന്നു മാത്രമേ ഉള്ളൂ. സുഹൃത്തുക്കളായ രണ്ടു വക്കീലന്മാർ, വാദിഭാഗവും പ്രതിഭാഗവും വക്കാലത്തു പിടിച്ചു കോർട്ടിൽ ചെന്നു തമ്മിൽ തല്ലിയാലും, കോടതി പിരിഞ്ഞാൽ അവർ പണ്ടേപ്പോലെ സുഹൃത്തുക്കൾ തന്നെ! *

---

* ഈ പ്രകൃതത്തിൽ, വ്യുത്പത്തിതത്പരന്മാരുടെ ബുദ്ധിവൈശദ്യത്തിനു വേണ്ടി ഒരു സംഗതി ചൂണ്ടിക്കാണിയ്ക്കേണ്ടിയിരിയ്ക്കുന്നു. അതായതു്:—പ്രഫസ്സർ തമ്പുരാൻെറ പ്രകൃതസിദ്ധാന്തം തന്നെയാണു് ഇന്നു സാമാന്യമായ് സ്വീകരിയ്ക്കപ്പെട്ടിട്ടുള്ളതെങ്കിലും, ഈ സിദ്ധാന്തത്തോടു യോജിയ്ക്കാതെ, 'അതു്' 'ഇതു്' 'ഉണ്ടു്' ഇത്യാദി സംവൃതാന്തശബ്ദങ്ങൾ ഉകാരരഹിതമെന്നു സ്ഥാപിപ്പാൻ ചിലർ യത്നിയ്ക്കുകയും, മററു ചിലർ തത്സിദ്ധാന്തമനുസരിച്ചു്, ഉകാരരഹിതമായ്ത്തന്നെ ഗ്രന്ഥപ്രസാധനാദികൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നുള്ളതു തന്നെ. പണ്ഡിതശ്രേഷ്ഠനായ ആററൂർ കൃഷ്ണപ്പിഷാരടി അവർകളും മററുമാണു് അങ്ങനെ ഉകാരരഹിതമാണെന്നു സ്ഥാപിപ്പാൻ പ്രയത്നിച്ചിട്ടുള്ളതു്. അദ്ദേഹത്തിൻെറ വാദഗതി—

"കേരളഭാഷയിലുള്ള സ്വരങ്ങളിൽ അ, ഇ, ഈ, ഉ, എ, ഏ—എന്ന ആറു സ്വരങ്ങൾ, വിവൃതങ്ങളെന്നും സംവൃതങ്ങളെന്നും രണ്ടുവകയായിട്ടുണ്ടു്. 'അതു്' എന്ന പദത്തിലേ ആദ്യത്തേ സ്വരം വിവൃതമായ അകാരവും, തകാരത്തിനു ശേഷമുള്ള അവസാനത്തേ സ്വരം സംവൃതമായ അകാരവും ആണു്. ഈ സംവൃതാകാരം സംസ്കൃതഭാഷയിലും സുലഭമാണു്. മദനഃ, കടകം, വലയം—

X

ഭാഷാപരിഷ്കാരം

ഭാഷാപോഷിണീമാസികപുസ്തകത്തിൽ പ്രവേശിയ്ക്കുന്നതിനേപ്പററിയുള്ള എൻെറ മനോരഥമെല്ലാം, കുറച്ചുകാലമായി മനോരഥമാത്രമായിരിയ്ക്കുന്നതിനേപ്പററി, ഞാൻ പലപ്പോഴും ക്ലേശപൂർവ്വം ചിന്തിയ്ക്കാറുണ്ടു്. ഈ ഉപേക്ഷയ്ക്കു കാരണം കൃത്യാന്തരങ്ങളോ അലസതയോ എന്നു് ഇവിടെ പരിച്ഛേദിയ്ക്കുന്നില്ല. എന്നാൽ, ഭാഷാപരിഷ്കാരത്തെ ലക്ഷ്യമാക്കി പ്രവൎത്തിയ്ക്കുന്ന ഈ മാസിക സർവ്വോത്കർഷേണ വൎത്തിയ്ക്കട്ടേ എന്നുള്ള എൻെറ പ്രാൎത്ഥന ഒരിയ്ക്കലെങ്കിലും മന്ദതയേ പ്രാപിച്ചിട്ടില്ലെന്നുള്ള വാസ്തവം, ഒരു നാന്ദിയായി

എന്നീവക പദങ്ങളിലേ മധ്യാക്ഷരങ്ങളായ ദകാരടകാരലകാരങ്ങളോടു ചേൎന്നിട്ടുള്ള അകാരങ്ങളേ സംവൃതങ്ങളാക്കീട്ടാണു് ഉച്ചരിയ്ക്കുന്നതു്. അതുപോലെ രഘുഃ, ഗജഃ, ലക്ഷ്മീഃ, ബലം—എന്നിവയിൽ രേഫത്തിന്നും ഗകാരത്തിന്നും മററും ശേഷമുള്ള അകാരങ്ങളും സംവൃതങ്ങളാണു്. എന്നുവെച്ചാൽ, അതു്, ഉണ്ടു്—ഇത്യാദികളിൽ സംവൃതസ്വരത്തേക്കാണിപ്പാനായി ഇക്കാലത്തു മലയാളലിപിയിൽ ഏൎപ്പെടുത്തീട്ടുള്ളതുപോലെ മുകളിൽ ഒരു ചന്ദ്രക്കലാചിഹ്നം ഏൎപ്പെടുത്തി, മദ്ഃനഃ, കട്കം, വല്യം, ര്ഘുഃ, ഗ്ജഃ, ല്ക്ഷ്മീഃ, ബ്ലം—എന്നെല്ലാം എഴുതിയാൽ ഏതുവിധമാണോ ഉച്ചാരണം സംഭവിയ്ക്കുന്നതു്, ആ വിധത്തിലാണു് ആവക അകാരങ്ങളേ സംസ്കൃതത്തിലും ഉച്ചരിയ്ക്കുന്നതു് എന്നു താത്പൎയ്യം........പാണിനിമഹൎഷി ഈവക അകാരങ്ങളേ

ഇവിടെ പ്രസ്താവിച്ചേയ്ക്കാം. സാഹിത്യസംബന്ധമായി പ്രവൎത്തിച്ചുകൊണ്ടിരുന്ന പലൎക്കും രസാവഹമായിരിയ്ക്കു മെന്നു കരുതിയാണ്, ഭാഷാപരിഷ്കാരസംബന്ധമായി ചില സങ്ഗതികളേപ്പററി ഇവിടെ ചിലതെല്ലാം പറയാമെന്നു വച്ചതു്. പലരും തെററിദ്ധരിയ്ക്കാൻ സങ്ഗതിയായിട്ടുള്ള ചില കേരളപാണിനീയസൂത്രങ്ങളേ വിശദീകരിയ്ക്കണമെന്നുകൂടെ ഒരുദ്ദേശം ഇല്ലെന്നുമില്ല.

'ഞാൻ അവനെ അടിച്ചു' എന്നിത്യാദികളിലേപ്പോലെ ദീൎഘവും ഹ്രസ്വവും അല്ലാത്ത ഒരു "എ" കാരം മലയാളത്തിലുണ്ടെന്നും, അതിനേ കുറിയ്ക്കുന്നതിന്നായി ഒരു പ്രത്യേക ലിപി ഉണ്ടാകേണ്ടതല്ലയോ എന്നും ചിലൎക്കൊരു പക്ഷമുണ്ടു്. സാധാരണങ്ങളായ ഹ്രസ്വാക്ഷരങ്ങളേ അപേക്ഷിച്ചു് "എ"കാരശബ്ദത്തേ ചില സ്ഥലങ്ങളിൽ ചില ആളുകൾ ദീൎഘീകരിയ്ക്കുന്നുണ്ടെന്നു

സംവൃതമാക്കി ഉച്ചരിയ്ക്കണമെന്നു കാണിപ്പാനായി "അ അ്" എന്നൊരു സൂത്രം തന്നെ ഗ്രന്ഥാവസാനത്തിൽ നിൎമ്മിച്ചിട്ടുമുണ്ടു്. സംസ്കൃതത്തിൽ സംവൃതവിവൃതഭേദങ്ങളേ വേൎതിരിച്ചു കാണിയ്ക്കാൻ ലിപിഭേദം ഏൎപ്പെടുത്തീട്ടില്ലെന്നു മാത്രമേയുള്ളൂ. ചെന്തമിൾഭാഷയിലും ഇകാരവും, ഉകാരവും സംവൃതങ്ങളായിട്ടും വിവൃതങ്ങളായിട്ടും ഉണ്ടെങ്കിലും അവരും അവയ്ക്കു ലിപിഭേദം ഏൎപ്പെടുത്തീട്ടില്ല..............മലയാളത്തിലും അടുത്ത കാലത്തു മാത്രമാണ്, വാക്കിൻെറ അവസാനത്തിൽ വരുന്ന സംവൃതസ്വരത്തിന്നു മാത്രം പ്രത്യേകം ഒരടയാളം വേണമെന്നു നിശ്ചയിച്ചിട്ടുള്ളതു്..........വസ്തുസ്ഥിതി ഇങ്ങനെയെല്ലാമിരിയ്ക്കേ, ചില മലയാളഭാഷാവൈയാകരണന്മാർ മലയാളത്തിലേയും അതു്, ഇതു്, ഉണ്ടു്,

സമ്മതിച്ചേ തീരൂ. എന്നാൽ, ആ ദീർഘീകരണം അനാവശ്യമാകുന്നു എന്നു മാത്രമല്ല, ഹ്രസ്വമാക്കുന്നതിനാൽ ദോഷം യാതൊന്നും ഇല്ലെന്നു ദീർഘീകരണപക്ഷക്കാരും അനുസരിയ്ക്കാതെയിരിയ്ക്കുകയില്ല. പിന്നെ ഉണ്ടാകുന്ന ഒരു ചോദ്യം, ഇങ്ങനെയുള്ള അക്ഷരങ്ങൾക്കു കവിതയിൽ ഒരു മാത്രയോ രണ്ടു മാത്രയോ സങ്കല്പിയ്ക്കപ്പെടേണ്ടതു് എന്നാകുന്നു. ഈ 'എ'കാരത്തിനു പിൻപു വരുന്ന ലിപി ദ്വിത്വമായിരുന്നാൽ (എന്നെക്കൂടെ) 'എ'കാരം കവിതയിൽ സ്വയം ദീർഘമായി ഭവിയ്ക്കുന്നുണ്ടു്. ആയതിനാൽ ദ്വിത്വാക്ഷരം പരമാകാത്ത ദിക്കിൽ മാത്രമായിരിയ്ക്കും എകാരം ഹ്രസ്വമോ ദീർഘമോ എന്നുള്ള ചോദ്യം ഉണ്ടാകുന്നതു്; അങ്ങനെ ദ്വിത്വം പരമാകാത്ത സന്ദർഭങ്ങൾ വളരെ ചുരുങ്ങുമെന്നുള്ളതു്, ഉത്തരപദാദിയിൽ ദൃഢമിരട്ടിയ്ക്കും; ശിഥിലാക്ഷരമായാൽ

എന്നീവക പദങ്ങളിലേ അവസാനസ്വരം ഉകാരസംവൃതമാണെന്നും, അരയുകാരമാണെന്നും, മററും പ്രസ്താവിച്ചിട്ടുള്ളതു്, ചെന്തമിഴിലേ ആവക പദങ്ങളിൽ ഉകാരസംവൃതമാണെന്നു് ആ ഭാഷാവൈയാകരണന്മാർ പറഞ്ഞിട്ടുള്ളതു മാത്രം നോക്കിയും, ഉച്ചാരണഭേദം സ്വരവൈജാത്യത്തിന്നു നിയാമകമാണെന്നുള്ള സങ്ഗതി ആലോചിയ്ക്കാതെയും ആണെന്നുതന്നെ തീൎച്ചപ്പെടുത്തേണ്ടതാണു്..............അതുകൊണ്ടു്, സംസ്കൃതത്തിലേ അകാരസംവൃതം ചേൎന്ന ഗജം, ജനം, ബലം മുതലായ ശബ്ദങ്ങൾ, ചെന്തമിഴിലേയ്ക്കു പകൎത്തുമ്പോൾ, ആ സംവൃതാകാരത്തിൻെറ സ്ഥാനത്തു വിവൃതമായ എകാരം ചേൎത്തു കെചം, ചെനം, പെലം—എന്നെല്ലാമാക്കി തദ്ഭവരീതിയിൽ വരുത്തുന്നതും, ആ വഴിയ്ക്കു മലയാള

അങ്ങനെ വരുകയില്ല—എന്നു കേരളപാണിനീയത്തിൽ നിർദ്ദേശിച്ചിരിയ്ക്കുന്നതിൽനിന്ന് അനുമാനിയ്ക്കാം. ഇങ്ങനെ എത്രയും ചുരുക്കം സ്ഥലങ്ങളിലും കവിതയിലും മാത്രം കാണപ്പെടുന്ന ചില പദങ്ങളേ ഉദ്ദേശിച്ച്, നൂതനമായി ഒരു ലിപിയേ സൃഷ്ടിയ്ക്കുക അത്ര ആവശ്യ

ത്തിലേ ഗജം, ദയ, ബലം——മുതലായ പദങ്ങളിലുള്ള അകാരസംവൃതോച്ചാരണവും ആ മാതിരി ഒരു എകാരത്തിൻെറ ഉച്ചാരണമായിരിയ്ക്കണമെന്നു ധരിച്ചുപോയതും, ചെന്തമിഴിനും മലയാളത്തിനും തമ്മിൽ ഉച്ചാരണസ്വഭാവത്തേപ്പററിയേടത്തോളം മുൻപു കാണിച്ച വിധത്തിൽ വന്നിട്ടുള്ള ജാതിഭേദത്തിൽ മനസ്സുവെയ്ക്കാതിരുന്നതും, ചെന്തമിഴിൽ അകാരസംവൃതമില്ലാതിരിയ്ക്കുന്നതും, മലയാളവ്യാകരണത്തെ കഴിയുന്നതും ചെന്തമിഴ്വ്യാകരണവിധികളോടനുസരിച്ചവിധം നിർമ്മിയ്ക്കുന്നതിലുള്ള ശ്രദ്ധ വർദ്ധിച്ചതും, എല്ലാംകൂടിയാണ്; മലയാളഭാഷാവൈയാകരണന്മാരേ ഈ വിഷയത്തിൽ വേണ്ടേടത്തോളം നോക്കാനയയ്ക്കാതെ വഴി തെററിച്ചതെന്നും ആകപ്പാടെ വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു.......

(സാഹിത്യചരിതം)

[ഉദ്ധൃതഭാഗത്തിൽ സംവൃതോകാരം സ്വീകരിച്ചിട്ടുള്ളതു സാമാന്യരീതിയനുസരിച്ചാകുന്നു]

മി: പിഷാരടിയുടെ ഈ മതത്തിന് അനുകർത്താക്കളില്ലാതില്ല. ക്യൂറേട്ടർ മി: സാംബശിവശാസ്ത്രി എഴുതി, ഗവർൺമേൻറുചെലവിൽ മി: ശാസ്ത്രികളാൽത്തന്നെ പ്രസാധിതമായിരിയ്ക്കുന്ന 'ലക്ഷ്മീവിലാസാ'ഖ്യമായ നാരായണീയവ്യാഖ്യാനം മുതലായവ പരിശോധിയ്ക്കുക.

(പ്രസാധകൻ)

മല്ലാത്തതാണ്. ഒരു മാത്രയുള്ള ഹ്രസ്വത്തേക്കുറക്കി മുക്കാൽ മാത്രയിലോ, അരേ അരയ്ക്കാൽ മാത്രയിലോ ഹ്രസ്വതരമാക്കാൻ ആവശ്യം കാണുന്നില്ല. കേരളപാണിനീയത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, പദ്യത്തിൽ ദ്വിതീയയുടെ 'എ' പ്രത്യയത്തിനു വികല്പേന ദീർഘം വരും എന്നു പറഞ്ഞാൽ ധാരാളം മതിയാകുമെന്നു തോന്നുന്നു. ഇതുപോലെ തന്നെ കവികൾ 'തൃതീയ'യുടെ 'ഓട്' എന്ന പ്രത്യയത്തിനു ഹ്രസ്വവും വികല്പേന ചെയ്യാറുണ്ട്.

സംവൃതോകാരത്തേക്കുറിച്ചു വാദമുഖങ്ങൾ രണ്ടാണ്. അതു സംവൃതോകാരമോ സംവൃതാകാരമോ എന്നാണ് ഒന്നാമത്തേത്. അതിൻെറ സങ്കേതം എങ്ങനെയാണു വേണ്ടതെന്നു രണ്ടാമത്തേതും. 'വാക്ക്' എന്നിത്യാദി സംവൃതാന്തങ്ങളായ പദങ്ങൾ, 'ബഹുവചന'ത്തിൽ വിവൃതോകാരങ്ങളായിരിയ്ക്കുന്നതുകൊണ്ടും മററുമാണ്, ഏകവചനം സംവൃതോകാരാന്തമായി ഞാൻ'പാണിനീയ'ത്തിൽ പ്രസ്താവിച്ചത്. എന്നാൽ, വാക്ക്കൾ എന്നിങ്ങനെ ബഹുവചനത്തിലും സംവൃതംതന്നെ ഉച്ചരിയ്ക്കുന്ന ആളുകൾ ഉണ്ടെന്നും, ആയതിനാൽ ഞാൻ മേല്ക്കാണിച്ച ന്യായം സാധുവല്ലെന്നും ഒരു ആക്ഷേപം പുറപ്പെട്ടിരിയ്ക്കുന്നു. ഇരിയ്ക്കട്ടെ—ഏകവചനം 'അത' 'വാക്ക' എന്നിങ്ങനെ സ്ഫുടാകാരാന്തമായി എഴുതുന്ന ആളുകളും 'അതകൾ' 'വാക്കകൾ' എന്നിങ്ങനെ എഴുതിക്കാണുന്നില്ല. 'അ'കാരസംബന്ധമായ ഒരു 'അച്ചാ'ണു സന്ദിഗ്ധാവസ്ഥയിൽ ഇരിയ്ക്കുന്ന ഈ ലിപി എങ്കിൽ വിവൃതോകാരമായി ഉച്ചരിയ്ക്കുകയും എഴുതുകയും ചെയ്താലും അത് അബദ്ധമല്ലെന്നു വന്നതെന്തുകൊണ്ട്? 'അതു

കൾ, വാക്കുകൾ' എന്നിങ്ങനെതന്നെയാണ് ഉത്തമ പക്ഷം എന്നുതന്നെ വച്ചുകൊണ്ടാലും, മധ്യമപക്ഷമായി വിവൃതാകാരം ത്യാജ്യമായും, വിവൃതോകാരം സ്വീകാര്യമായും പക്ഷാന്തരമില്ലാതെ വിധിയ്ക്കപ്പെട്ടുവാൻ സങ്ഗതിയായ്വത്തു് എങ്ങനെയാണ്? സന്ദിഗ്ധാവസ്ഥയിലുള്ള ഈ ലിപി 'അ'കാരത്തിന്റെ പ്രകാരഭേദമാണെന്നു വാദിയ്ക്കുന്നവർ, മേല്പറഞ്ഞ പ്രശ്നങ്ങൾക്കു മറുപടി സൃഷ്ടിയ്ക്കേണ്ടതാണ്.

ഈ ലിപി സംവൃതാകാരമാണെന്നു കാണിപ്പാൻ തുലാമാസത്തിലേ ഭാഷാപോഷിണിയിൽ ൩൨-ാംപൃഷ്ഠത്തിൽ ചില ന്യായങ്ങൾ കാണിച്ചിരിയ്ക്കുന്നു. അവയെ യഥാലിഖിതം താഴേ ചേൎക്കുന്നു.

"ഇതിനുത്തരം:—I. മുററുകാരത്തിലവസാനിയ്ക്കുന്ന പദങ്ങളുടെ ബഹുവചനം വേറേ രൂപത്തിലും ആവാം; ഗുരുമാർ, കുരുക്കൾ. അരയുകാരത്തിൽ അവസാനിയ്ക്കുന്നവയ്ക്കു് ഇതു പാടില്ലെന്നു മാത്രമല്ല, അക്ഷരപരിജ്ഞാനമുള്ളവർപോലും 'പോത്ത്കള്' 'ആള്കള്' എന്നു ബഹുവചനത്തിലുംകൂടെ 'അരയുകാരം' തന്നെ പ്രയോഗിയ്ക്കാറുണ്ട്.

II. ഈ മൂന്നു സ്വരങ്ങളിലും അവസാനിയ്ക്കുന്ന പദങ്ങളുടെ വിഭക്തിമാററങ്ങളിൽ ആഗമത്തിനു വ്യക്തമായ വ്യത്യാസം ഉണ്ട്.

ഉദാഹരണം:—

ചക്ക	ഷഷ്ഠി	ചക്കയുടെ
ചക്ക്	ടി	ചക്കിന്റെ
ചക്കു	ടി	ചക്കുവിന്റെ (ആളുടെ പേർ)"

ഇതിൽ I എന്നു് അടയാളമുള്ള ഖണ്ഡത്തിൽ രണ്ടു വാക്യങ്ങളാണല്ലോ ഉള്ളതു്. ആദ്യവാക്യത്തിൽ ഗുരു, കുരു,—എന്ന പദങ്ങൾ എഴുതിയിരിയ്ക്കുന്നു. ഇവ വിവൃതോകാരാന്തങ്ങൾ ആണു്. ബഹുവചനവും പ്രമാണാനുസരണമായിരിയ്ക്കുന്നു. 'വേറേ രൂപത്തിലുമാവാം' എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണെന്നോ, ആ വാക്യം പ്രസ്തുതലിപി അകാരാന്തമാണെന്നു കാണിയ്ക്കുന്നതു് എങ്ങനെയാണെന്നോ ഇവിടെ മനസ്സിലാകുന്നില്ല. രണ്ടാമത്തേ വാക്യത്തിൽ അടങ്ങിയിരിയ്ക്കുന്ന വിഷയത്തേപ്പററി മേൽ വിവരിച്ചു കഴിഞ്ഞു. II എന്നു് അടയാളമുള്ള ഖണ്ഡത്തിലേ വിഷയം സർവ്വഥാ ആദരണീയമാണു്. പക്ഷേ, ഈ സംവൃതലിപി അകാരമാണെന്നു സാധിപ്പാൻ അതു് എങ്ങനെ ഉപയോഗപ്പെട്ടുമെന്നു ധരിപ്പാൻ ലേഖകനല്ലാതെ ആൎക്കും കഴിയുമെന്നു തോന്നുന്നില്ല.

സംവൃതോകാരസങ്കേതം എങ്ങനെ ആയിരിയ്ക്കണം എന്നാണു് ഇനിയും ചിന്തിപ്പാനുള്ളതു്. എങ്ങനെ വേണമെങ്കിലും ആവാം. ഇന്നതു ശരി എന്നും, മറ്റതു് അബദ്ധം എന്നും വാദിയ്ക്കാനില്ല. ധാരാളം പ്രചാരമുള്ള പുസ്തകങ്ങളേ അടിച്ചിറക്കുന്ന രണ്ടുമൂന്നു 'പ്രസ്സ്' കാർ ഒത്തൊരുമിച്ചു ചേൎന്നു സംവൃതോകാരത്തിനു് എന്തെങ്കിലും ഒരു സങ്കേതം കൊടുക്കാമെന്നു് ഉറച്ചുകൊണ്ടാൽ, അതു ക്രമേണ സ്വീകൃതമായി ഭവിച്ചേയ്ക്കാവുന്നതാണു്. അതുകൊണ്ടു യാതൊരു അബദ്ധവും ഉണ്ടാകുവാനുമില്ല. എന്നാൽ, പാണിനീയവിധിപ്രകാരം * ഉകാരത്തിനു മീതേ ചന്ദ്രക്കലയായിരുന്നാൽ, സംവൃ

* ൻ൦-ാംപേജിൽ പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ അനുസ്മരണീയമായിരിയ്ക്കുന്നു. (പ്രസാധകൻ)

തോകാരത്തെപ്പററി മേലാൽ ഒരു തക്കം ഉണ്ടാകുവാൻ മാൎഗ്ഗം ഇല്ലായിരിയ്ക്കും എന്നുള്ള വാസ്തവം സ്മരണീയമാകുന്നു എന്നു മാത്രം വിശേഷവിധിയായി ഒന്നു പറയാനുണ്ട്.

'ചേന നനയ്ക്കു നാനാരേ!' എന്ന വാക്യത്തിൽനിന്നു ധാരാളം സ്പഷ്ടമാവുന്ന പ്രകാരം, രണ്ടു ശബ്ദങ്ങളേ കുറിയ്ക്കുന്നതിന് ഒരു ലിപി മാത്രം ആകുന്നു മലയാളത്തിലുള്ളതു് എന്നു് ഇദംപ്രഥമമായി 'പാണിനീയ'ത്തിൽ പ്രകടിപ്പിയ്ക്കപ്പെട്ട അഭിപ്രായം, ഇപ്പോൾ സൎവ്വത്ര ആദരിയ്ക്കപ്പെട്ടുപോരുന്നുണ്ടെന്നു തോന്നുന്നു. സവിശേഷം 'സ്ഥിതസ്ഥാപകന്മാരാ'യ മലയാളികൾ, ഈ അഭിപ്രായത്തെ ഇത്ര ക്ഷണത്തിൽ ആദരിച്ചതു്, കൃതാൎത്ഥതാഹേതുവാണു്. ഇങ്ങനെ രണ്ടു ലിപികൾ ആവശ്യകങ്ങളാണെന്നുള്ള അഭിപ്രായം സ്വീകരിയ്ക്കപ്പെട്ടാൽ, അതുകളിൽ ഓരോന്നിനേ സംബന്ധിച്ചും ആവശ്യപ്പെട്ട സംയോഗാക്ഷരങ്ങൾ വേറേവേറേതന്നെ രൂപപ്പെടുത്തണമെന്നുള്ളതു്, സ്വതസ്സിദ്ധവും അപരിഹാൎയ്യവും ആകുന്നു. എന്നാൽ, 'നനയ്ക്കു' എന്നതിലും മററും ഒരേ ലിപിയാൽ രണ്ടു ശബ്ദങ്ങൾ കുറിയ്ക്കപ്പെടുന്നതു്, ഭാഷയുടെ ഒരു ന്യൂനതയാണെന്നു സമ്മതിയ്ക്കുന്നതിനോടുകൂടിത്തന്നെ, ഇവയിൽ ഏതിന്റെ സംയോഗമായാലും ഒരേ ലിപിയാൽ കുറിയ്ക്കപ്പെടണമെന്നു വാദിയ്ക്കുന്ന ചിലരോടു് എന്തു സമാധാനമാണു പറയേണ്ടതെന്നു് അറിഞ്ഞുകൂടാ. ഭാഷാപോഷിണിയിൽ കണ്ടില്ലായിരുന്നു എങ്കിൽ, ഇത്ര അസംഗതമായ ഒരഭിപ്രായത്തെ ഞാൻ ഇവിടെ പരാമൎശിയ്ക്കുന്നതിനു തന്നെ സംഗതിയാവുകയില്ലായിരുന്നു.

'ണ'കാരത്തിന് ഒരു പുതിയ ചിഹ്നം ഏൎപ്പെടുത്തുന്നതിനാൽ, മലയാളത്തിൽ ഒരു അക്ഷരപ്രളയം ഉണ്ടാകേണ്ട ആവശ്യമുണ്ടെന്നും തോന്നുന്നില്ല. വാക്കുകളിൽ 'ന'കാരവും, 'ണ'കാരവും വരുന്നതിന് ഒരുവിധം ചില നിയമങ്ങളൊക്കെ ഉണ്ടു്. പദാദിയിൽ, 'ന'കാരം മാത്രമേ ഉണ്ടായിരിയ്ക്കൂ. അതുപോലെതന്നെ ദ്വിത്വമൊഴിച്ചുള്ള കൂട്ടക്ഷരങ്ങളിൽ * 'ന'കാരം കാണുകയില്ല. 'ന'കാരോച്ചാരണം പദാദിയിൽ മാത്രമേ f ഉള്ളു എന്നുതന്നെ പറയാമെന്നു തോന്നുന്നു. പദമദ്ധ്യത്തിൽ ഇരട്ടിച്ച 'ന'കാരവും ചിലപ്പോൾ വന്നേയ്ക്കും. അന്യസ്ഥലങ്ങളിലൊക്കെയും 'ന'കാരശബ്ദമല്ല വരുന്നതു് എന്നുള്ളതിനു കുറേ പദങ്ങളേ എടുത്തു സൂക്ഷിച്ചു ശബ്ദിച്ചുനോക്കിയാൽ ആൎക്കും ബോധപ്പെടുന്നതാണു്. ആയതിനാൽ (ദ്വിത്വമൊഴിച്ചുള്ള) കൂട്ടക്ഷരങ്ങൾക്കൊക്കെയും (ന്യ, ന്വ ഇത്യാദി) നകാരമല്ല, മറേറ ലിപിയാണു കാണുന്നതു് എന്നു വ്യവസ്ഥ ചെയ്തുകൊണ്ടാൽ, പിന്നെ വലിയ അക്ഷരപ്രളയമൊന്നും ആവശ്യപ്പെടുകയില്ല. പദമദ്ധ്യത്തിലേ കൂട്ടക്ഷരങ്ങൾക്കു് (ക്ഷത്രിയൻ) ദ്വിത്വം എഴുതാതെതന്നെ മലയാളികൾ ഉച്ചരിയ്ക്കുന്നതുപോലെ (പാണിനീയസൂത്രം—ൻ) 'ന' എന്ന രൂപം ദ്വിത്വമൊഴിച്ചുള്ള കൂട്ടക്ഷരങ്ങളിൽ, 'എനിയ്ക്കു'' എന്നതിലേപ്പോലെ 'ണ'കാരത്തേ കുറിയ്ക്കുന്നതായി വിചാരിയ്ക്കാവുന്നതാണു്. ഇങ്ങനെ ആലോചിച്ചുനോക്കിയാൽ,—

---

* കൂട്ടക്ഷരങ്ങളിൽ ആദിവൎണ്ണമായിട്ടു്—പദാദിയല്ലാതെ—എന്നു ഗ്രഹിയ്ക്കണം. ഇല്ലെങ്കിൽ, വിഘ്ന—സ്വപ്നാദികളുടേയും മററും ഉച്ചാരണം ശരിയല്ലെന്നു വന്നേയ്ക്കും. f കൂട്ടക്ഷരങ്ങളിലൊഴികെ—എന്നു ശേഷം.

(പ്രസാധകൻ)

ണ, ഞ, ണ്ണ, ണ്ണ.—

എന്നീ നാലക്ഷരങ്ങളേ ഒഴിച്ചു പുതിയ സൃഷ്ടികൾ ആവശ്യപ്പെട്ടകയില്ലെന്നു കാണാവുന്നതാണ്.

'ങ്ക' എന്ന സങ്കേതം, ൻ+ക (പൊൻകാരം); ം+ക (വലങ്കൈ) ഇങ്ങനെ രണ്ടു ശബ്ദങ്ങൾക്കു പകരമായി നില്ക്കുന്നു എന്നും, അതു പരിഹരണീയമായ ഒരു ന്യൂനതയാകുന്നു എന്നും ഈയിടെ ഒരഭിപ്രായം ഉണ്ടായി വരുന്നു. 'ങ്ക' 'മ്പ' എന്നതുകൾ, ങ്ക, മ്പ,—എന്നിതുകളുടെ ചിഹ്നങ്ങളാണ്; അല്ലാതെ, ന്ക, ന്പ— എന്നിതുകളുടെ സങ്കേതങ്ങളല്ല എന്നുള്ള 'പാണിനീയ' പ്രതിപാദിതമായ മതത്തേ പരിവൎത്തനംചെയ്യുന്നതിനു ഞാൻ ഇന്നും ന്യായം കാണുന്നില്ല. പൊൻ+കാരം, പൊൻകാരം എന്നിങ്ങനെ തന്നെയാണ് എഴുതേണ്ടതു്. അല്ലെങ്കിൽ പെൺ+കുട്ടി എന്നിങ്ങനെ ഒക്കെക്കൂടെയും എഴുതി, 'ങ്ക'കാരത്തേ പല പ്രകാരങ്ങളിൽ സങ്കല്പിച്ചു വ്യവസ്ഥാവിഹീനമാക്കേണ്ടി വരും. 'ങ്ക' 'മ്പ' എന്നവ 'ങ്ക' 'മ്പ' എന്നിവയ്ക്കുള്ള ഒരു അൎത്ഥമില്ലാത്ത സങ്കേതമെന്നു വച്ചേച്ചാൽ മതി. 'ൻക' 'ൻപ' എന്നുച്ചരിയ്ക്കേണ്ട ദിക്കിൽ 'ങ്ക' 'മ്പ' എന്നെഴുതാതെ, 'ൻക' 'ൻപ' എന്നുതന്നെ എഴുതണം എന്നാണ് ഈ പറഞ്ഞതിന്റെ ചുരുക്കം.

ങ്ക, മ്പ—എന്നിതുകളുടെ ആകൃതിയേ നല്ലവണ്ണം ഉററുനോക്കുന്നതായാൽ, അവ 'ന്ക' 'ന്പ' എന്നിതുകളുടെ സങ്കേതങ്ങളല്ലയോ എന്നു സംശയിപ്പാൻ മാൎഗ്ഗമുണ്ടെന്നുള്ളതു വിചാരിയ്ക്കാതെയല്ല, വൃ—ാംസൂത്രത്തിന്റെ ഭാഷ്യം എഴുതപ്പെട്ടതു്. ങ്ക, മ്പ,—എന്നിതുകളിലേ ആദ്യത്തേ കുനിയാകുന്നുവല്ലോ നകാരഭ്രമത്തേ ജനിപ്പി

യ്ക്കുന്നതു്. എന്നാൽ ആ കുനി 'ങ്'കാരത്തിൻെറ ആരംഭത്തിലുള്ള വൃത്താകൃതിയേ ഒഴിച്ചതിൻെറ ശേഷമുള്ള കുറിയാണെന്നു സങ്കല്പിച്ചുകൂടേ? ആരംഭത്തിലുള്ള വൃത്താകൃതിയേക്കൂടാതെയാകുന്നുവല്ലോ തമിഴിൽനിന്നു 'ച'കാരത്തേ നാം സ്വീകരിച്ചിരിയ്ക്കുന്നതു്. അല്ലെങ്കിൽ, ആ കുനി നകാരാർദ്ധസൂചകമായിരുന്നാൽത്തന്നെയും, മകാരാർദ്ധസങ്കേതമായിരിയ്ക്കണമെന്നു് ഒരു വ്യവസ്ഥ ചെയ്തു കൊള്ളുന്നതിൽ അസാംഗത്യമൊന്നും ഇല്ല. 'ത്'കാരാർദ്ധം എന്നു പ്രത്യക്ഷമായിരിയ്ക്കുന്ന 'ൽ' എന്ന ചിഹ്നത്തേ 'ല'കാരാർദ്ധമായിട്ടല്ലയോ മലയാളികളാൽ ഗണിയ്ക്കപ്പെട്ടുന്നതു്? 'പാൽ' എന്നുള്ളതു്, സയുക്തികമായി ആലോചിയ്ക്കുമ്പോൾ * 'പാത്' എന്നിരിയ്ക്കേണ്ടതാണെങ്കിലും, "പാലു്" എന്നു വായിയ്ക്കപ്പെടേണ്ടതാണു് എന്നുള്ള വിധി എല്ലാവരാലും ആദരിയ്ക്കപ്പെട്ടുന്നുണ്ടല്ലോ.

'ഇരട്ടിച്ച പ്രത്യയാദികകാരത്തിനു മുൻപും താലവ്യത്തിനു യകാരം'—എന്ന സൂത്രമാണു പാണിനീയത്തിൻെറ ഗുണാഗുണനിരൂപണം ചെയ്വാൻ പുറപ്പെട്ടുന്ന പലരേയും ഖേദിപ്പിയ്ക്കുന്നതു്. ത......ല......ക്ക എന്നോ, ത......ലെ......ക്ക് എന്നോ, ത......ലയ്......ക്ക് എന്നോ എങ്ങനെയാണു് ആളുകൾ സാധാരണ ശബ്ദിയ്ക്കുന്നതു്, എന്നു് അറിയുന്നതിന്നു്, ഈ പദത്തിലുള്ള അക്ഷരങ്ങളേ അല്പാല്പം നിറുത്തി, സാവധാനത്തിൽ സൂക്ഷിച്ചു ശബ്ദിച്ചുനോക്കിയാൽ മാത്രം മതിയാകുന്നതാണു്. 'തെക്കരുടെ ഉച്ചാരണത്തിൽപോലും

---

* 'പത' (=ദ്രവം കുതിയ്ക്കുക) ധാതുവിൽനിന്നു്, പതഞ്ഞുവരുന്നതു് എന്നുള്ള അൎത്ഥം പ്രമാണിച്ചു ചിന്തിയ്ക്കുമ്പോൾ. (പ്രസാധകൻ)

'യ'കാരം അത്ര സ്ഫുടമായി കേൾക്കാറില്ല' എന്നാണ് ഒരു വടക്കൻ ഭാഷാപോഷിണിയിലേയ്ക്കു് എഴുതുന്നതു്. അർദ്ധയകാരത്തിൻെറ സ്ഫുടതാപരിണാമമല്ല വാദവിഷയം. തെക്കൻദിക്കുകളിൽ 'എ'കാരത്തേ അപേക്ഷിച്ചു 'യ'കാരം സ്ഫുടംതന്നെയാണ്. സംശയിതാക്കൾ മേല്ക്കാണിച്ചതുപോലെ, ത......ല......യ്...ക്ക് എന്നു് ഒന്നു നിറുത്തി ശബ്ദിച്ചുനോക്കിയാൽ മതി.

തെക്കൻപ്രദേശങ്ങളേ സംബന്ധിച്ചു് അവാസ്തവമായ ഒരു സങ്ഗതിയേ വാസ്തവമാണെന്നു ബലമായി നിർബ്ബന്ധംചെയ്യുന്ന ഒരുവൻ, അതേ സങ്ഗതി സംബന്ധിച്ചു വടക്കൻപ്രദേശങ്ങളേപ്പറ്റിപ്പറയുന്ന മതവും ഗ്രാഹ്യമാണോ എന്നു സംശയിയ്ക്കേണ്ടി വരുന്നു. അതെങ്ങനെയും ആകട്ടെ:—'എ'കാരവും'യ'കാരവും ഒന്നും വേണ്ടാ എന്നു സിദ്ധാന്തിയ്ക്കുന്നവരുടെ പക്ഷത്തിൽ, 'മറക്കുന്നു' 'മറയ്ക്കുന്നു' എന്നീ രണ്ടുപദങ്ങളേയും ഒരുപോലെതന്നെ ഉച്ചരിയ്ക്കുകയും എഴുതുകയും വേണമെന്നു തന്നെയാണോ? മദ്ധ്യമലയാളത്തിൽ പ്രസിദ്ധംചെയ്യപ്പെടുന്ന 'മലയാളമനോരമ' മുതലായ പത്രങ്ങൾ എൻെറ മതത്തേ സ്വീകരിച്ചിരിയ്ക്കുന്നതുകൊണ്ടുതന്നെ ഈ വിഷയത്തേപ്പററി ജനബോധം എങ്ങനെയാണെന്നു വെളിപ്പെടുന്നുണ്ടു്. 'ഗജം' എന്നെഴുതി 'ഗെജം' എന്നു വായിയ്ക്കുന്നതുപോലെ, 'തലക്കു' എന്നെഴുതി 'തലയ്ക്കു' എന്നു വായിച്ചുകൊള്ളാമെന്നും വിചാരിച്ചുകൂടാ. 'ഗജം' 'ഗെജം' എന്നിങ്ങനെ ഭിന്നാർത്ഥങ്ങളോടുകൂടി രണ്ടു പദങ്ങൾ നടപ്പില്ല. അതിനാൽ 'ഗജം' എന്നെഴുതുമ്പോഴൊക്കെയും, 'ഗെജം' എന്നു വായിയ്ക്കേണ്ടതാണെന്നു് ഒരു വ്യവസ്ഥ സാധുവാകുന്നതാണ്. 'ഗജം' എന്നെഴുതി ചിലപ്പോൾ 'ഗജം' എന്നും, മററു ചിലപ്പോൾ

'ഗെജം' എന്നും വായിയ്ക്കേണ്ടതായിരുന്നെങ്കിൽ, ആ വ്യത്യാസം തീർച്ചയായും എഴുത്തിലും കാണിയ്ക്കപ്പെട്ടേനെ. 'മറക്കുന്നു' എന്നെഴുതുകയും, വായന എപ്പോഴും 'മറയ്ക്കുന്നു' എന്നായിരിയ്ക്കുകയും ആയിരുന്നുവെങ്കിൽ, യകാരത്തെ എഴുതേണ്ട ആവശ്യം ഇല്ലായിരുന്നേനെ. എന്നാൽ ചിലപ്പോൾ 'മറക്കുന്നു' എന്നും മററു ചില പ്പോൾ 'മറയ്ക്കുന്നു' എന്നും വായിയ്ക്കേണ്ടതായി വരുന്നുണ്ട്. ആയതിനാൽ ഈ ഭേദം എഴുത്തിലും വേണമെന്നു മാത്രമേ പാണിനീയം സിദ്ധാന്തിയ്ക്കുന്നുള്ളു. അടക്കുക, അടയ്ക്കുക—എന്നിങ്ങനെ എത്ര ദൃഷ്ടാന്തങ്ങൾ വേണമെങ്കിലും പറയാം.

'ചിരിയ്ക്ക', 'മരിയ്ക്ക'—എന്നിങ്ങനെ ഇകാരത്തിനു പിറകു 'യ'കാരത്തെ എഴുതണമെന്നുള്ളതു പലക്കും ദുസ്സഹമാണെന്നു തോന്നുന്നു. 'മനോരമാ'പങ്ക്തികളും പ്രതിപക്ഷാവലംബികളായിട്ടാണു പ്രായേണ കണ്ടുവരുന്നതു്. എന്നാൽ, ഇവിടെയും മുൻപറഞ്ഞതുപോലെ 'ചി......രി......യ്......ക്ക' എന്നു നിറുത്തി ശബ്ദിച്ചു നോക്കിയാൽ, 'രി'എന്നതിൻെറ പിറകു്, കേവലം ഒരു 'ക്ക'യല്ല ശബ്ദിയ്ക്കപ്പെടുന്നതു് എന്നു പ്രത്യക്ഷമാവും; ആയതിനാൽ യകാരശബ്ദം ഉണ്ടെന്നുള്ളതു നിഷേധിയ്ക്കപ്പെടാവുന്നതല്ല. എന്നാൽ, നിർബ്ബന്ധമുള്ള പക്ഷം ഇതിനേപ്പററി ഒന്നു പറവാനുണ്ടു്. ചിരിയ്ക്ക, മരിയ്ക്ക എന്നിങ്ങനെ ഇകാരത്തിനുശേഷം 'യ'കാരമില്ലാത്ത പദങ്ങളില്ലായ്കയാൽ ആ 'യ'കാരം എഴുതപ്പെടേണ്ട എന്നു വെച്ചുകളയാം. ഗ, ജ—ഇത്യാദി അക്ഷരങ്ങളേ 'ഗെ', 'ജെ'—എന്നുച്ചരിയ്ക്കുന്നതുപോലെ 'ഇക്ക' എപ്പോഴും 'ഇയ്ക്ക'

എന്നതന്നെ എഴുതാം. അല്ലാതെ, 'യ'കാരശബ്ദം ഇല്ല; എന്നു പറഞ്ഞാൽ സാധുവാകുന്നതല്ല. *

---

* ഇവിടെയും ഒരു പ്രബലമതാന്തരം ഉദ്ധൎത്തവ്യമായുണ്ടു്. അതായതു്:—"വ്യഞ്ജനങ്ങളേപ്പററിയേടത്തോളവും കേരളശാഖയിൽ ചില വിശേഷങ്ങൾ വന്നുകൂടീട്ടുണ്ടു്. ആന്ധ്രശാഖയിൽ ചവൎഗ്ഗത്തിലുൾപ്പെട്ട ചകാരജകാരങ്ങൾ താലവ്യമെന്നും ദന്ത്യമെന്നും രണ്ടുവകയുള്ളതുപോലെ, ഈ ശാഖയിൽ കവൎഗ്ഗത്തിൽപ്പെട്ട 'ക'കാര 'ങ'കാരങ്ങൾ കണ്ഠ്യമെന്നും താലവ്യമെന്നും രണ്ടുവകയായിട്ടുണ്ടു്. തടുക്കു്, മിടുക്കു്, കലക്കി—എന്നിവയിലെ കകാരം കണ്ഠ്യവും; സീതയ്ക്കു്, തറയ്ക്കു്, വലിയ്ക്കു—എന്നിവയിലേതു താലവ്യവും ആണു്. ചില ഭാഷാവൈയാകരണന്മാരും മററും, സീതയ്ക്കു്, തറയ്ക്കു് എന്നീവക വാക്കുകളിൽ കാണുന്ന 'ക്കു്' എന്നതു്, 'യ'കാരവും രണ്ടു കണ്ഠ്യകകാരങ്ങളും ചേൎന്ന അക്ഷരമാണെന്നു തെററിദ്ധരിപ്പാനും, ആ വഴിയ്ക്കു്, സീതയ്ക്കു്, തറയ്ക്കു്—എന്നിങ്ങനെ എഴുതേണ്ടതാണെന്നു പ്രസ്താവിപ്പാനും കാരണം, ഈ താലവ്യകകാരത്തേപ്പററി ആലോചിയ്ക്കാഞ്ഞതും, ഉച്ചാരണത്തിലുള്ള സൂക്ഷ്മഭേദങ്ങൾ പരിശോധിയ്ക്കാത്തതും തന്നെയാണെന്നു കരുതേണ്ടതാണു്. വാസ്തവത്തിൽ ആ അക്ഷരം യകാരകകാരങ്ങൾ ചേൎന്നുണ്ടായതല്ലെന്ന സങ്ഗതി, നായ്ക്കൾ, കായ്കൾ മുതലായി അവ ചേൎന്നുണ്ടായ വാക്കുകളിലേ 'യ്ക്ക' 'യ്ക' എന്നവയുടേയും, സീതയ്ക്കു്, വലിയ്ക്കു മുതലായതിലേ 'യ്ക്കു' എന്നതിന്റെയും ഉച്ചാരണങ്ങൾ തമ്മിലുള്ള വ്യത്യാസവും, രണ്ടിലും കകാരം പുറപ്പെടുന്നതിനുള്ള സ്ഥാനഭേദവും തന്നെ തെളിയിയ്ക്കുന്നതാണു്.........മററു ചിലർ......

ഈ പ്രമാണമനുസരിച്ചുതന്നെ, 'ഹരികൾക്ക്' എന്നു വേണമെന്ന് 'പാണിനീയം' വിധിച്ചിരിയ്ക്കുന്നു എന്നും പറഞ്ഞു്, ചിലർ ചില്ലറയല്ലാത്ത ബഹളം ഉണ്ടാക്കിയിരിയ്ക്കുന്നു. ൻഫ–ാംപൃഷ്ഠത്തിൽ 'ഹരികൾയ്ക്കു്'

അകാരം താലവ്യമാണെന്നും, താലവ്യാകാരത്തിനു ശേഷം കകാരം വരുന്നതുകൊണ്ടു് ഒരു ശ്രുതിഭേദം തോന്നുക മാത്രമാണെന്നും പ്രസ്താവിച്ചതും ശരിയായിട്ടുള്ളതല്ല..... അതിനാൽ താലവ്യമായ ഒരകാരമുണ്ടെന്നു പറയുന്നതു തന്നെ അനുഭവവിരുദ്ധവുമാണു്.........താലവ്യസ്വരത്തിനു ശേഷം വരുന്നതുകൊണ്ടു്, കകാരത്തിൽ ഒരു ശ്രുതിഭേദം തോന്നുകയാണെന്നു പറയുന്നതിനും ശരിയായ അർത്ഥമില്ല.........പടിക്കല്ല്, തറക്കല്ല്—എന്നെല്ലാം അർത്ഥമായ പടിക്കൽ, തറക്കൽ (കണ്ഠ്യകകാരം) എന്ന വാക്കുകളും, പടിയുടെ സമീപത്തു് എന്നും മററും അർത്ഥമായ പടിയ്ക്കൽ, തറയ്ക്കൽ (താലവ്യകകാരം) എന്ന വാക്കുകളും തമ്മിൽ തട്ടിച്ചുനോക്കുക. രണ്ടിലും താലവ്യസ്വരത്തിനു ശേഷംതന്നെയാണല്ലോ കകാരം ഉച്ചരിയ്ക്കുന്നതു്. എന്നിട്ടും രണ്ടു കകാരവും ഒരുപോലെയിരിയ്ക്കുന്നതുമില്ല.........ഒരു സ്വരത്തിനും ശേഷമല്ലാതെ ആ മാതിരി 'യ്ക്ക്' എന്ന അക്ഷരം മാത്രമായി ഉച്ചരിയ്ക്കാവുന്നതുമാണു്......മലയാളത്തിൽ കവർഗ്ഗാക്ഷരം രണ്ടുവകയായിട്ടുണ്ടെന്നു പറയുന്നതേ ശരിയാകയുള്ളൂ."—എന്നും മററും 'സാഹിത്യചരിത'ത്തിൽ മി: പിഷാരടി സിദ്ധാന്തിച്ചിരിയ്ക്കുന്നു. ഇവിടെ പകർത്തിയിരിയ്ക്കുന്നതിലേ ലിപിവിന്യാസശൈലി 'സാഹിത്യചരിതാ'നുസാരിയല്ല. സാധാരണവും സ്ഫുടതാനുഗുണവും ആയിട്ടുള്ളതു മാത്രമാണു്. (പ്രസാധകൻ)

എന്നെഴുതിക്കിടപ്പുണ്ടെന്നുള്ളതു വാസ്തവംതന്നെയാണ്. "കകാരത്തിനു മുൻപും താലവ്യത്തിനു യകാരം"—എന്നാണ് ൭൭–ാംസൂത്രം വിധിയ്ക്കുന്നതു്. ആ വിധിയ്ക്കു്, 'തലക്ക്=തലയ്ക്കു്, ഹരിക്ക്=ഹരിയ്ക്കു്' എന്നൊക്കെയും ദൃഷ്ടാന്തങ്ങളുണ്ടു്. എങ്കിലും, 'താലവ്യത്തിനു പിൻപു്' എന്നുള്ളതിനു 'ഹരികൾക്കു്' എന്നുള്ളതു് എങ്ങനെ ദൃഷ്ടാന്തമാകുമെന്നു് ഈ ഗുണാഗുണജ്ഞന്മാർ ഒന്നു് ആലോചിയ്ക്കേണ്ടതായിരുന്നു. 'ഹരിക–ക്കു്' എന്നായിരുന്നെങ്കിൽ ഒരുവേള ഈ വിധിയിൽ പെടുകയും 'ഹരികയ്ക്കു്' (കോരികയ്ക്കു് എന്നുണ്ടല്ലോതാനും) എന്നുണ്ടാവുകയും ചെയ്യേനേ. 'ൾ' എന്നതിനേക്കൂടെ ഈ വ്യാകരണപരിശോധകന്മാർ താലവ്യമായി ഗണിച്ചെങ്കിൽ അതു കുറേ സാഹസമായിപ്പോയില്ലയോ എന്നു സംശയിയ്ക്കുന്നു. 'ഹരികൾയ്ക്കു്' എന്നതിലേ യകാരം കേവലം അച്ചടിപ്പിഴയാണ്. 'താലവ്യത്തിനു പിൻപു യകാരം' എന്നു സൂത്രമിരിയ്ക്കുന്നതിനാൽ, ഇതു് അച്ചടിപ്പിഴ മാത്രമാണെന്നു പ്രത്യക്ഷവുമല്ലേ?

'പ്രായേണ നപുംസകപ്രതിഗ്രാഹികയത്ഥസിദ്ധം'
"നപുംസകവിശേഷണങ്ങളിൽ ബഹുവിനും
ഏകവചനം പോരും വ്യക്തിയിലശ്രദ്ധയാൽ"

എന്നുള്ള സൂത്രങ്ങളും പലരുടേയും ദൃഷ്ടിയേ ആകർഷിച്ചിട്ടുള്ളവയാണ്. അനുകൂലാഭിപ്രായമാണ് അധികം പേർക്കും ഉള്ളതെന്നു തോന്നുന്നു. വിപരീതാഭിപ്രായമുള്ളപ്പോൾ 'പാണിനീയ'സൂത്രങ്ങളെന്നു പറഞ്ഞു ദോഷാരോപണം ചെയ്യുകയും, മററുള്ള സന്ദർഭങ്ങളിൽ 'പാണിനീയ' പ്രതിപാദിതങ്ങളായ തത്ത്വങ്ങളേത്തന്നെ സ്വീയാഭിപ്രായങ്ങളെന്നതുപോലെ പ്രകടിപ്പിയ്ക്കുകയും ചിലർ

ചെയ്തുവരുന്നതു്, വാക്യരചനാവൈചിത്ര്യത്തേ ഉദ്ദേശിച്ചു മാത്രമായിരിയ്ക്കണം എന്നല്ലാതെ വിചാരിച്ചുകൂടാത്തതാണല്ലോ.

'കൈവശം' 'കൈമാററം' 'കൈമോതിരം' മുതലായ സമാസങ്ങളിൽനിന്നു സ്പഷ്ടമാകുന്ന പ്രകാരം, കരവാചകമായ മലയാളശബ്ദം 'കൈ' എന്നാണു്, 'കയ്യ്' എന്നു യകാരാന്തമല്ല, എന്നു തീച്ച്പ്പെടുന്നു. * അതിനാൽ, 'കൈയെഴുത്തു്' 'കൈയാൾ' മുതലായ സമാസങ്ങളേയും, 'കൈയിൽ' 'കൈയുടെ' എന്ന വിഭക്തിരൂപങ്ങളേയും—കയ്യെഴുത്തു്, കയ്യാൾ, കയ്യിൽ, കയ്യുടെ

---

* "ഇങ്ങനെ മൂലഭാഷയിൽ അകാരാന്തങ്ങളായിരുന്ന പന, തല, മല മുതലായ അനവധി ശബ്ദങ്ങൾ ചോളപാണ്ഡ്യശാഖയിൽ, പനയ്, തലയ്, മലയ് എന്നമാതിരിയിലും മററും 'യ'കാരാന്തമായിത്തീന്നതിനേയെല്ലാം, ഉച്ചാരണസാദൃശ്യമനുസരിച്ചു്, ചെന്തമിൾ പരിഷ്കാരകാലത്തിൽ 'ഐ'കാരാന്തമായി വ്യവസ്ഥാപിച്ചപ്പോൾ, ആ വ്യവസ്ഥാപകന്മാരുടെ അവധാനക്കുറവുകൊണ്ടോ, അതോ അവർ മനഃപൂർവ്വമായിത്തന്നെ ചെയ്തതുകൊണ്ടോ, മൂലഭാഷയിലേ 'യ'കാരാന്തശബ്ദങ്ങളായ—കയ്, പയ്, തയ് മുതലായ ശബ്ദങ്ങളും ആ കൂട്ടത്തിൽ ഉൾപ്പെട്ടുപോയി. അതുനിമിത്തം ചെന്തമിഴിൽ ആ വക ശബ്ദങ്ങളും—കൈ, തൈ എന്ന മാതിരി 'ഐ'കാരാന്തങ്ങളാകയും, കൺ, കണ്ണു്; പൽ, പല്ലു്, എന്ന രീതിയനുസരിച്ചു വരുന്നതായ കയ്, കയ്യ്; തയ്, തയ്യ് എന്നീവക രൂപങ്ങൾ ആ ഭാഷയിൽ ഇല്ലാതായിത്തീരുകയും ചെയ്തു. ഇത്രയുംകൊണ്ടുതന്നെ, മലയാളത്തിൽ 'കയ്യ്' എന്നെഴുതിയും അതനുസരിച്ചുച്ചരിച്ചും

എന്നു ചിലർ എഴുതുന്നതു് അബദ്ധമല്ലയോ? ഈ മാതിരി ഭ്രമം വരാനുള്ള കാരണം 'ഐയാ' എന്നും, 'അയ്യാ' എന്നും ഉള്ള അക്ഷരയോഗങ്ങൾക്കു സാധാരണമായി ഉച്ചാരണത്തിൽ ഉണ്ടാകുന്ന സാമ്യം ആണെന്നു തോന്നുന്നു. ഈ ഭ്രമംമൂലം 'വൈയാകരണൻ' എന്ന സംസ്കൃതശബ്ദത്തെപ്പോലും, 'വയ്യാകരണൻ' എന്നോ, 'വൈയ്യാകരണൻ' എന്നോ മലയാളികൾ എഴുതിക്കളെയുന്നു.

'ഞാൻ' എന്ന പ്രഥമൈകവചനമുള്ള 'എൻ' എന്ന ഉത്തമസർവ്വനാമത്തിന്റെ വിഭക്തിരൂപങ്ങളെ എഴുതുമ്പോൾ, എന്നെ, എന്നാൽ, എന്നോടു്, എന്നിൽ —എന്നു്, 'എ'കാരംതന്നെ എഴുതുക പതിവായിരിയ്ക്കെ, 'ചതുൎത്ഥി'യിൽ മാത്രം ചിലർ 'ഇനിയ്ക്കു്' എന്നു് 'ഇ'കാരമാക്കുന്നതെന്തിനാണാവോ? അവിടെയും 'എനിയ്ക്കു്' എന്നു പോരയോ എന്നു വടക്കരും തെക്കരും മദ്ധ്യമരുംകൂടി ആലോചിച്ചു തീൎച്ചപ്പെടുത്തിയാൽകൊള്ളാം. പല ദിക്കിലും 'ഇ'കാരം വേണ്ടിടത്തു് 'എ'കാരം ആളുകൾ തെററിഎഴുതാറുണ്ടു്. ഇതു് അതിനു വിപരീ

വരുന്നതും മററും തെററാണെന്നും, ചെന്തമിഴിലെ 'ഐ' കാരാന്തശബ്ദങ്ങൾ മലയാളത്തിലേയ്ക്കു് അകാരാന്തമായും, കർണ്ണാടകത്തിലേയ്ക്കു് എകാരാന്തമായും മാറിയതാണെന്നും ചില ഭാഷാപണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുള്ളതു് ആ വിഷയത്തിൽ വേണ്ടേടത്തോളം സൂക്ഷ്മപരിശോധനചെയ്യാതെയാണെന്നുള്ളതും സിദ്ധമായല്ലോ"— എന്നു 'സാഹിത്യചരിത'ത്തിൽ ശ്രീമാൻ ആററൂർ പ്രസ്താവിച്ചിട്ടുള്ളതുകൂടി വായനക്കാർ ഗ്രഹിച്ചിരിയ്ക്കേണ്ടതാണെന്നു തോന്നുന്നു. (പ്രസാധകൻ)

തമായ ഒരു തെററായിരിയ്ക്കയില്ലേ എന്നു സംശയിയ്ക്കുന്നു.

'കായും പൂവും ഉള്ള മരം' എന്നും മററും ഉള്ളിടത്തു് ആദ്യത്തെ രണ്ടു വാക്കുകൾ, 'കായ്—ഉം' 'പൂവ്—ഉം' എന്നോ, 'കാ—ഉം' 'പൂ—ഉം' എന്നോ? ഇവയിലെ 'യ'കാര'വ'കാരങ്ങൾ പദാന്ത്യാക്ഷരമോ, സന്ധികാര്യമോ? 'കാഫലം' 'പൂത്തട്ടം' ഇത്യാദി സമാസം നോക്കിയാൽ 'യ'കാര'വ'കാരങ്ങൾ ശബ്ദഭാഗമല്ലെന്നു തോന്നും. സന്ധിയിൽ ലോപിച്ചുപോയി എന്നും പറയാം. ഏതായാലും, "തീയുതന്നെ" എന്നും മററും ചിലർ പ്രയോഗിച്ചുകാണുന്നതു് അഭങ്ഗിയാണെന്നു് എനിയ്ക്കു തോന്നുന്നു. 'പാണിനീയ'ത്തിൽ ഇവയേ ആഗമസന്ധിയാക്കിയാണു കല്പിച്ചിരിയ്ക്കുന്നതു്.

(സൂത്രം—൭൪)

'പെട്ടെന്നു്' 'അല്ലെങ്കിൽ' 'എന്നെല്ലാം' ഇത്യാദികളേ, മുറയ്ക്കു 'പെട്ടന്നു്' 'അല്ലങ്കിൽ' 'എന്നല്ലാം' എന്നു് എകാരംകൂടാതെ എഴുതുന്നതു ശരിയല്ല. 'അല്ല—എങ്കിൽ'=അല്ലെങ്കിൽ, എന്നേ വരാൻ തരമുള്ളു. അതിനു വിപരീതമായി, 'അതു് അങ്ങനെയാണല്ലോ' എന്നിടത്തു് 'ആണെല്ലോ' എന്നു 'പുള്ളി'യിടുന്നതും തെററാണെന്നു തോന്നുന്നു. 'അല്ലയോ' എന്നതു ചുരുങ്ങി ഉണ്ടായ ശബ്ദം 'അല്ലോ' എന്നാണെന്നു് എനിയ്ക്കു തോന്നുന്നു.

'എതിരാളി' 'എതിരേല്ക്കുന്നു' എന്നും മററുമുള്ള വാക്കുകളിലേ ആദ്യത്തേ 'എതിർ' എന്നു രേഫാന്തമായിരിയ്ക്കേ, 'എതൃത്തു' 'എതൃക്കുന്നു' എന്നെഴുതുന്നതു ശരിയോ?

ഇതുപോലെ ഇനിയും പലതും സന്ദേഹാസ്പദങ്ങളായിട്ടുണ്ട്. എല്ലാ നാട്ടുകാരും ചേൎന്ന്, നിഷ്പക്ഷപാതമായി തീരുമാനിച്ചാൽ, ശേഷമുള്ള സന്ദേഹങ്ങളേയും 'ഭാഷാപോഷിണി'മുഖേന തീരുമാനിയ്ക്കാമെന്ന് ആഗ്രഹിയ്ക്കുന്നു.

XI

ശ്രീമഹാഭാരതതൎജ്ജമ

പ്രാമാണികതയിൽ പഞ്ചമമായ വേദമെന്നും, പ്രമാണം നോക്കുമ്പോൾ ശതസാഹസ്രിയായ സംഹിത എന്നും, വ്യാപകത ആലോചിയ്ക്കുയാണെങ്കിൽ സർവ്വവിഷയാകരം എന്നും, ഉപയോഗത്തേപ്പററി വിചാരിയ്ക്കുന്നപക്ഷം സർവ്വോപജീവ്യം എന്നും വിശ്വവിഖ്യാതമായ ഒരപൂർവ്വഗ്രന്ഥമാകുന്നു മഹാഭാരതം. ഇതിനോടു സമംചേൎത്തു പറയത്തക്ക യോഗ്യതയുള്ള വേറേ ഒരു ഗ്രന്ഥം ഭൂമണ്ഡലത്തിൽ എങ്ങുംതന്നെയില്ല. ശ്രീവേദവ്യാസമഹൎഷി വേദങ്ങളേ എല്ലാം തരംതിരിച്ചതിന്റെ ശേഷം അവയിലുള്ള ഗഹനങ്ങളായ സാരാംശങ്ങളേ പാമരന്മാൎക്കു സുഗ്രഹമാകത്തക്കവിധത്തിൽ ലഘുപ്പെടുത്തി ലോകാനുഗ്രഹത്തിന്നായിത്തീൎത്ത ഗ്രന്ഥമായിട്ടാണു ഭാരതം ഗണിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. പലവക സുഗന്ധപുഷ്പങ്ങളേ കൂട്ടിച്ചേൎത്തു് ഒരു കുട്ടി മാലകെട്ടുന്നതിൽ നാരിന് ഏതുനിലയോ ആ നിലയേ ഉള്ളു ഈ ഗ്രന്ഥത്തിൽ പാണ്ഡവന്മാരുടെ ചരിത്രത്തിന്. പ്രസക്താനു

പ്രസക്ത്യാ സകലശാസ്ത്രതത്വങ്ങളും ഇതിൽ അവതരിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ശ്രീഭഗവദ്ഗീത, സനത്സുജാതീയം മുതലായ ഉപനിഷത്തുകൾ ഭാരതത്തിൻെറ ചില ഘട്ടങ്ങൾ എന്നേ ഉള്ളല്ലോ. ഇതിൻെറ ഈ വിധം അനന്യസാമാന്യമായ മാഹാത്മ്യാതിരേകത്താൽ അധികൃതന്മാരായ പാശ്ചാത്യപണ്ഡിതന്മാർ, ഇതു് ഒരേ കവിയുടെ കൃതിയായിരിപ്പാനിടയില്ലെന്നു വിസംവദിയ്ക്കുന്നു.

മഹാഭാരതമെന്നതു് ഒരു ശബ്ദമയമായ മഹാർണ്ണവമാകുന്നു. ചില പുണ്യകാലങ്ങളിലും മററും ചില ധാർമ്മികന്മാർ ഇതിൻെറ ചില വിശേഷപ്പെട്ട ഘട്ടങ്ങളിൽ ഇറങ്ങി സ്നാനതർപ്പണാദികൾ ചെയ്യുന്നതല്ലാതെ, ജലക്രീഡയ്ക്കും മററും ഇതു് ഉതകുന്നതല്ല. കല്ലോലകോലാഹലകലുഷങ്ങളായ കൂലാസന്നഭാഗങ്ങളും, പ്രസന്നഗംഭീരങ്ങളായ മധ്യഭാഗങ്ങളും ഇതിലുണ്ടു്. കവിമേഘങ്ങൾ ഇതിൽനിന്നെടുത്തു സരസപ്പെടുത്തിയാണു്, തങ്ങളുടെ സൂക്താസാരങ്ങളേ കോരിവാരിച്ചൊരിയുന്നതു്. പലപല വിലമതിയ്ക്കാനെളുതല്ലാത്ത രത്നങ്ങൾക്കും ഇതു് അനശ്വരമായ ഒരാകരമാകുന്നു. ഇങ്ങനെ സമുദ്രത്തിൻെറപോലെയുള്ള ഇതിൻെറ മഹത്വവും ഗാംഭീര്യവും ആരേയാണു വിസ്മയിപ്പിയ്ക്കാത്തതു്?

എന്നാൽ തത്താദൃശമായ സമുദ്രത്തേയും ചുളുകത്തിനുള്ളിലാക്കി ചൂഷണംചെയ്തു വിസൎജ്ജനംചെയ്യുന്നതിനു് ഒരു മഹാനുഭാവൻ ഉണ്ടായതുപോലെ, ഈ ഭാരതത്തേയും ഹൃദയസമ്പുടത്തിൽ ഗ്രഹിച്ചു ഭാഷാന്തരരൂപേണ വെളിയിൽ വിടുന്നതിനു് ഒരു മഹാൻ നമ്മുടെ ഇടയിൽത്തന്നെ ജനിച്ചിരിയ്ക്കുന്നു. സമുദ്രം പാനം

ചെയ്തതു "വിന്ധ്യമഹാഗിരിയുടെ സംസ്തംഭയിതാ"വായ അഗസ്ത്യമുനി ആണെങ്കിൽ, ഭാരതം ഭാഷപ്പെടുത്തിയതു "സരസദ്രുതകവികിരീടമണി"ആയ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനവർകളാകുന്നു.

ഭാരതം ഒരു പരിവൃത്തി പാരായണംചെയ്തു തീക്കുന്നതുപോലും ബഹുസംവത്സരസാദ്ധ്യമായിരിയ്ക്കേ, ഇതിനേ പരിമിതമായ കാലത്തിനുള്ളിൽ വൃത്താനുവൃത്തവും പദാനുപദവും ആയി പരിഭാഷപ്പെടുത്തുന്നതു കുഞ്ഞിക്കുട്ടൻതമ്പുരാനൊഴികെ മറെറാരു കവിയ്ക്കും സാധിയ്ക്കുന്നതല്ല. ഈ 'ബ്രഹ്മാണ്ഡ'ഗ്രന്ഥം ഒരാളായിട്ടു പകർത്തി എഴുതുകതന്നെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. ശ്രീവേദവ്യാസനും ഗ്രന്ഥം ചമയ്ക്കുകയും എഴുതി സങ്ഗ്രഹിയ്ക്കയുംകൂടി ഒന്നിച്ചുചെയ്യുന്നതിനു സാധിയ്ക്കായ്കയാൽ ഒരു നല്ല 'രായസക്കാര'ൻെറ സഹായം ആവശ്യപ്പെട്ടിരുന്നുപോലും! ഒരിയ്ക്കൽ പറഞ്ഞുകൊടുക്കുന്നതിനേ മറക്കാതേയും, തെററാതേയും മുറയ്ക്കു് എഴുതിക്കൊണ്ടുവരുന്നതിനു 'ശേഷിമാനാ'യ ഒരെഴുത്തുകാരൻ ആരുണ്ടെന്നു മഹർഷി ശ്രീപരമേശ്വരനോടു ചോദിച്ചപ്പോൾ, ആ ദേവൻ തൻെറ പുത്രനായ മഹാഗണപതിയേ 'ശുപാർശി' ചെയ്തുവത്രേ! എന്നാൽ, ഗണപതി ലിപികാരസ്ഥാനം വഹിയ്ക്കണമെങ്കിൽ, ചില 'ഉടമ്പടി'കൾ എല്ലാം വേണം. കവി ഒരിയ്ക്കൽ പറഞ്ഞതിനേ ആവൎത്തിച്ചുപറയുകയില്ലെങ്കിൽ, എഴുത്തുകാരൻ, ഒരു പദം എഴുതിക്കഴിഞ്ഞാൽ കവിയ്ക്കു് അടുത്ത പദം ആലോചിച്ചു പറവാൻവേണ്ടി, 'മെനക്കെടുക'യില്ല. ഗ്രന്ഥകാരൻ അവിച്ഛിന്നമായി പറഞ്ഞുകൊടുത്താൽ, എഴുത്തുകാരൻ അവിച്ഛിന്നമായി എഴുതും. ഈ ഉടമ്പടിയിൽ

വേദവ്യാസൻ ഒന്നു കുഴങ്ങിയെങ്കിലും അതിനേ സ്വീകരിച്ചു. ഗണപതിയ്ക്കു് ഇടവിടാതെ എഴുതാൻ വകകൊടുക്കണം അത്രയേ ഉള്ളല്ലോ. അതിലേയ്ക്കു വ്യാസൻ ഒരു പോംവഴിയുണ്ടാക്കി. ഒരു പണ്ഡിതനായ എഴുത്തുകാരനു്, അർത്ഥം ഗ്രഹിയ്ക്കാതെ, കേട്ടതിനേ ഏട്ടിൽ കുറിയ്ക്കുന്നതു് അഭിമാനമല്ല. അതുകൊണ്ടു്, ഗണപതി അർത്ഥം മനസ്സിലാക്കിത്തന്നെ എഴുതുമല്ലോ എന്നു വേദവ്യാസൻ അഭിപ്രായപ്പെട്ടു. ഗണപതി ശരിവെയ്ക്കുകയും ചെയ്തു. ഗ്രന്ഥകാരനും എഴുത്തുകാരനും തങ്ങളുടെ വേലയിൽ പ്രവേശിച്ചു. മഹർഷിയ്ക്കു് എവിടെ എങ്കിലും ആലോചിച്ചുണ്ടാക്കുന്നതിൽ വാഗ്ധാടി തടഞ്ഞാൽ, അദ്ദേഹം അവിടെ ആക്കും അർത്ഥമാകാത്തവിധം അതികഠിനമായ ഒരു ശ്ലോകമോ, അർദ്ധമോ, പാദമോ ആവശ്യംപോലെ നിബന്ധിയ്ക്കും; ദേവൻ അർത്ഥം മനസ്സിലാകാതെ കുഴങ്ങും; മനസ്സിലായിവരുംമുൻപേ, അപ്പുറം കവി ഉണ്ടാക്കിത്തീരുകയും ചെയ്യും. ഈ വിധം ഗണപതിയുടെ 'പല്ലുടയ്ക്കുന്ന' ഘട്ടങ്ങളേ ആണു്, മഹാഭാരതത്തിൽ 'ഗണപതികൂട്ടനം' എന്നു പറയുന്നതു്. ഈ ഐതിഹ്യം ഭാരതത്തിൽ അവിടവിടെ ചിതറിക്കിടക്കുന്ന ചില ദുർഘടശ്ലോകങ്ങൾക്കു് ഒരാഗമം കല്പിയ്ക്കാനും, ആകപ്പാടെ ഗ്രന്ഥമാഹാത്മ്യത്തേ പ്രശംസിപ്പാനും വേണ്ടി ഉണ്ടാക്കിത്തീർത്ത ഒരർത്ഥവാദമാണെന്നുള്ളതു് അതിസ്പഷ്ടമാകുന്നു. എങ്കിലും, ഇതിൽനിന്നു പൂർവ്വന്മാർ ഭാരതം ഒരാവൃത്തി പകർത്തുന്നതുപോലും സാധാരണക്കാർക്കു ദുഷ്കരമായി വിചാരിച്ചിരുന്നു എന്നു തെളിയുന്നു.

പ്രകൃതാനപ്രകൃതമായി വരുന്ന അനേകം ആനുഷങ്ഗികവിഷയങ്ങളേ എല്ലാം തള്ളിക്കളഞ്ഞു്, അനുസ്യൂതമായ കുരുപാണ്ഡവകഥയേ മാത്രം അടിസ്ഥാനപ്പെ

ട്ടത്തി, വാലും തലയും ഇല്ലാത്ത ഏതാനും പദ്യങ്ങളെ കൊണ്ടു് ഒരു ഭാരതസങ്ഗ്രഹം ഭാഷയിൽ ചെയ്ത വകയ്ക്കു് എഴുത്തച്ഛനെ നാം എത്രയോ കൊണ്ടാടുന്നു! ഇതേവരെ കൊണ്ടാടിയതൊന്നും പോരാ; ഇനി ചില സ്മാരകവും മററും വേണംപോലും! ഈ സ്ഥിതിയ്ക്കു് ഒര ക്ഷരംപോലും വിടാതെ ആ ഗ്രന്ഥത്തെ സ്വഭാഷയിൽ തീൎത്ത കുഞ്ഞിക്കുട്ടൻതമ്പുരാനെ കേരളീയർ ശിരസാ വഹിച്ചാലും മതിയാകുമോ? കുററമല്ല കാളിദാസൻ—

* "പുരാണമിത്യേവ ന സാധു സർവ്വം
നചാപി കാവ്യം നവമിത്യവദ്യം;"

എന്നു് 'ആവലാധി' പറഞ്ഞതു്. ചക്രവാകിയ്ക്കു രാത്രിയിൽ സങ്ഗമം ഇല്ലെന്നുള്ളതുപോലെ, കീൎത്തികാമിനിയ്ക്കും ഒരു ശാപമുണ്ടു്. അവൾക്കു തന്റെ കാമുകന്റെ പില്ക്കാലമാണു യൌവനോല്ലാസവും, വിലാസഭങ്ഗികളും, സൌഭാഗ്യഭാഗ്യോദയവും എല്ലാം തികയുന്നതു്. ഇതെന്തൊരു കഷ്ടമാണു്? വൈധവ്യം വന്നതിനു മേലാണോ സ്ത്രീകൾക്കു നല്ലകാലം വരേണ്ടതു്? എഴുത്തച്ഛന്റെ സഹജീവികൾ അദ്ദേഹത്തെ ആക്ഷേപിയ്ക്കുയും, ഉപദ്രവിയ്ക്കുയും ചെയ്തു; പിൻഗാമികളായ നാം അദ്ദേഹത്തിന്റെ മാഹാത്മ്യമറിഞ്ഞു് ഉചിതങ്ങളായ സ്മാരകങ്ങളെ പ്രതിഷ്ഠിയ്ക്കാൻ ഉദ്യോഗിച്ചുവരുന്നു. അതിനാൽ, ആധുനികന്മാർ ഭാഷാമഹാഭാരതത്തെ വേണ്ടുംവണ്ണം ആദരിച്ചില്ലെങ്കിലും തമ്പുരാനു ലേശം കുണ്ഠിതത്തിനു് അവകാശമില്ല. അവിടത്തെ ഭാരതവിവൎത്തനകീൎത്തിലത ഇപ്പോൾ അങ്കുരിച്ചതേ ഉള്ളല്ലോ. കാലക്രമത്തിൽ അതു ശാഖോ

---

* നന്നല്ല കാവ്യമഖിലം പഴതെന്നുവെച്ചി–
ട്ടൊന്നോടെ നിന്ദിതവുമല്ല നവത്വമൂലം. (A. R.)

പശാഖമായി പടന്നു്, കേരളം ആസകലം വ്യാപിച്ചു കൊള്ളും.

ഗ്രന്ഥകൎത്താവു ഭാഷാന്തരം പൂൎത്തിചെയ്തു തീൎത്തിരിയ്ക്കുന്നുവെങ്കിലും, സമഗ്രമായ പുസ്തകം അച്ചടിച്ചു പ്രസിദ്ധംചെയ്തുകഴിഞ്ഞിട്ടില്ലാത്ത ഈ ഘട്ടത്തിൽ, തൎജ്ജമയേക്കുറിച്ചു് അഭിപ്രായം പറയാൻ പുറപ്പെടുന്നതു് അനുചിതമാകുന്നു. അല്ലെങ്കിൽ, ഈ ഗ്രന്ഥത്തിൻെറ സങ്ഗതിയിൽ അങ്ങനെ ആലോചിപ്പാനുമില്ല; പരിപൂൎണ്ണമായ പുസ്തകം കൈവശം കിട്ടിയിരുന്നു എന്നു വരുകിലും, അതു മുഴുവൻ ഒരാവൃത്തി വായിച്ചു ഗുണദോഷനിരൂപണം ചെയ്യുന്നതിനു് അധികംപേർ ഉണ്ടാവുകയില്ല. ഈ ലേഖനകൎത്താവിനു് അതു് അശക്യമാണെന്നു തീരുമാനംതന്നെ. അതിനാൽ ഭാരതത്തിൻെറ സങ്ഗതിയിൽ 'സ്ഥാലീപുലാക'ന്യായംതന്നെ സൎവ്വഥാ ശരണീകരണീയമായിത്തീൎന്നിരിയ്ക്കുന്നു. പാചകന്മാർ, നാലോ അഞ്ചോ പറ അരി കിടന്നു വേവുന്ന പാത്രത്തിൽനിന്നു് ഒരു തവി അരി എടുത്തു് അതിൽ നാലോ അഞ്ചോ എണ്ണത്തിന്റെ വേവു നോക്കിയാണല്ലോ പാത്രത്തിലേ അരിയുടെ മുഴുവനും പാകം നിശ്ചയിയ്ക്കുന്നതു്. ഈ ന്യായപ്രകാരം നോക്കിയതിൽ തൎജ്ജമ മൂലത്തിനു് അത്യന്തം യോജിച്ചതും, സ്വാരസ്യക്കുറവില്ലാത്തതും ആയിട്ടു കാണപ്പെട്ടിരിയ്ക്കുന്നു എന്നു സമ്മതിച്ചേ തീരൂ. മൂലത്തിനുതന്നെ മിയ്ക്ക ഭാഗങ്ങളിലും പറയത്തക്ക കാവ്യരസമൊന്നുമില്ലെങ്കിൽ, അതിനു ഭാഷാന്തരകൎത്താ ഉത്തരവാദിയല്ലല്ലോ. എന്നാൽ, അകൃത്രിമരമണീയങ്ങളായ പ്രകൃതിസിദ്ധചമൽകാരങ്ങളാൽ അലംകൃതങ്ങളായ പല ഭാഗങ്ങളും ഭാരതത്തിൽ ഉണ്ടു്. അതുകളുടെ തൎജ്ജമയ്ക്കു് ഒരു മാററു കൂടി സ്വാരസ്യം കൂട്ടുന്നതിനു വകയില്ലയോ എന്നു ചോദി

യ്ക്കാൻ ഭാവിയ്ക്കുംമുൻപ്, രണ്ടു ഭാഷകളുടേയും ശക്തി-താരതമ്യം, വൃത്താനുവൃത്തവിവർത്തനം എന്നുള്ള കവിയുടെ പ്രതിജ്ഞ, ദ്രുതഗതി, ഗ്രന്ഥത്തിൻെറ വലുപ്പം എന്ന പലപല സംഗതികളും ഒന്നുചേൎന്നു വന്നു ചോദ്യകൎത്താവിൻെറ വാങ്മുദ്രണം ചെയ്യുകയാകുന്നു. മൂലത്തിനു വ്യാഖ്യാനാപേക്ഷ ഉള്ളിടങ്ങളിലെല്ലാം ഭാഷാന്തരത്തിനും അതുണ്ടെങ്കിൽ, അതിനെ ഒരു വൈകല്യമായി ഗണിച്ചുകൂടല്ലോ.

കുഞ്ഞിക്കുട്ടൻരാജാവിനു പദ്യനിൎമ്മാണശക്തി ഒരു കൂടപ്പിറവിയാണ്. ഇങ്ക്ളീഷുമഹാകവിയായ 'പോപ്പി'ൻെറ കാൎയ്യത്തിൽ പറയാറുള്ളതുപോലെ, അവിടെയ്ക്കു വേണമെങ്കിൽ ശ്ലോകത്തിൽത്തന്നെ 'വെടി പറയാം!' സംസ്കൃതപാണ്ഡിത്യത്തെപ്പററി ആലോചിയ്ക്കുയാണെങ്കിൽ, കൊടുങ്ങല്ലൂർക്കോയിയ്ക്കലെ സ്തംഭങ്ങൾപോലും സംസ്കൃതഭാഷാഭിജ്ഞന്മാരാണെന്നു പ്രസിദ്ധമാകുന്നു. മലയാളഭാഷയുടെ ശുദ്ധിയേക്കുറിച്ചോ ചോദിപ്പാനുമില്ല; മദ്ധ്യകേരളമായ കൊടുങ്ങല്ലൂർദേശത്തെ നടപ്പുഭാഷയേ ആണ് അത്യുത്തമമായി ഗണിച്ചിരിയ്ക്കുന്നതു്. കവിയ്ക്കു ബാല്യസഹവാസം 'വെണ്മണിപ്രഭൃതി'കളും ആയിരുന്നു. ഇതെല്ലാംകൂടി ചേൎത്തുനോക്കുമ്പോൾ ഭാരതതൎജ്ജമയിൽ ഒരഭിപ്രായം പറയാൻതന്നെ അസ്മാദൃശന്മാരുടെ ജിഹ്വ പ്രസരിയ്ക്കുന്നില്ല. പ്രകൃതനിരൂപണത്തിനു വിഷയമായ ഈ മഹാഗ്രന്ഥം കേരളത്തിലേ സകല പുസ്തകശാലകളേയും എന്നെന്നേയ്ക്കും അലങ്കരിയ്ക്കട്ടെ; ഈ മഹാകവിയും അനന്യസാദ്ധ്യങ്ങളായ ഈ ശ്രേവ്യവസായങ്ങൾകൊണ്ടു കേരളമഹാജനങ്ങളുടെ കൃതജ്ഞതയ്ക്കു മേലാലും പാത്രീഭവിയ്ക്കട്ടെ—എന്നാശംസിയ്ക്കുന്നു.

XII

ഒരു നിരൂപണം

(ഭൂവിവരണസിദ്ധാന്തസങ്ഗ്രഹം)

ഗ്രന്ഥനിർമ്മാണത്തിൽ കൌതുകം വർദ്ധിച്ചിരിയ്ക്കുന്ന ഈ കാലത്തിൽ ഒരു പുതിയ പുസ്തകത്തിൻെറ ആവിർഭാവവും, അതിനേ ഒരു മാസിക നിരൂപണം ചെയ്യുന്നതും, അതിപരിചിതമായിപ്പോകയാൽ, വായനക്കാരുടെ ദൃഷ്ടിയേ ആകർഷിച്ചില്ല എന്നു വരുന്നതു് ഒട്ടും അസംഭാവ്യമല്ല. എന്നാൽ ഇവിടെ നിരൂപണംചെയ്വാൻ പോകുന്ന പുസ്തകം ആ കൂട്ടത്തിൽ ചേൎന്നതല്ലെന്നു് ആദ്യമേ വായനക്കാരേ ഓൎമ്മിപ്പിച്ചുകൊള്ളുന്നു. തിരുവനന്തപുരം ഹൈസ്ക്കൂളിൽ ഒരു അധ്യാപകനും ഭാഷാഭിമാനികളിൽ ഗണനീയന്മാരുടെ കൂട്ടത്തിൽ ചേൎന്ന ഒരാളും ആയ ഒ. എം. ചെറിയാൻ അവർകളുടെ കൃതിയായ 'ഭൂവിവരണസിദ്ധാന്തസങ്ഗ്രഹം' എന്ന പുസ്തകമാകുന്നു പ്രകൃതനിരൂപണത്തിൻെറ വിഷയം.

ഈ കാലത്തിൽ ഉണ്ടാകുന്ന പുസ്തകങ്ങളിൽ മിയ്ക്കവയും നിരൂപണത്തേ അർഹിയ്ക്കുന്നവയല്ലെന്നു വിളിച്ചുപറയേണ്ടിവരുന്നതിൽ വ്യസനിയ്ക്കുന്നു. അതിനുള്ള കാരണവും ഏറെദ്ദൂരെ തേടേണ്ടതില്ല. ചുരുക്കത്തിൽ, ഇങ്ഗ്ലീഷിൽ 'റീഡിങ്ങ്പബ്ളിക്' (Reading public) എന്നു പറയുന്ന മട്ടിൽ ഉള്ള ഒരുകൂട്ടം 'പൊതുവായനക്കാർ' എന്നുള്ളതു്, മലയാളികളുടെ ഇടയിൽ ഇതേവരെ ഉണ്ടായിട്ടില്ല എന്നുള്ള സങ്ഗതിയാണു് ഇതിനു മുഖ്യകാരണം. എന്നാൽ, മലയാളികളിൽ മിയ്ക്കപേരും വായനക്കാരല്ല എന്നു് ഇതുകൊണ്ടൎത്ഥമാകുന്നില്ല. മലയാള

ഭാഷാമുഖേന അവർ സങ്ഗതികളേ ഗ്രഹിയ്ക്കാനോ രസിയ്ക്കാനോ ശ്രമപ്പെടുന്നില്ല എന്നേയുള്ളു. പുസ്തകപാരായണതത്പരന്മാരായി നമ്മുടെ ഇടയിലുള്ളവരിൽ മിയ്ക്കപേരും ഇങ്ക്ലീഷുപഠിത്തക്കാരാണ്. ഇങ്ക്ലീഷുപഠിത്തക്കാർ ജ്ഞാനസമ്പാദനത്തിനും മനോവിനോദത്തിനും ആയി ഇങ്ക്ലീഷുഭാഷയേ അല്ലാതെ മലയാളഭാഷയേ ആശ്രയിയ്ക്കുന്നതുമല്ല. അധികവ്യയവും ക്ലേശവുംകൂടാതെ 'സകലമാനഅറിവു'കളും ഇങ്ക്ലീഷിൽനിന്നു ഗ്രഹിയ്ക്കാൻ സൗകര്യമിരിയ്ക്കെ, വല്ല തുച്ഛമായ ജ്ഞാനത്തേയും മലയാളപുസ്തകത്തിൽനിന്നു ഗ്രഹിയ്ക്കണമെന്ന് അവൎക്കു നിർബന്ധമുണ്ടോ? സൂര്യനുദിച്ചുനില്ക്കുമ്പോൾ ആരും ദീപം കത്തിച്ചുവയ്ക്കുക പതിവില്ലല്ലോ. എന്നാൽ അവർ നാട്ടുഭാഷയേ ഈവിധം അനാദരിച്ചാൽ പോരാ എന്നാണ് എന്റെ പക്ഷം. സൂര്യനുദിച്ചുനില്ക്കുമ്പോഴും മങ്ഗലാൎത്ഥമായും മററും നാം ദീപം കത്തിച്ചുവയ്ക്കാറില്ലേ? നാം ഇങ്ക്ലീഷിൽനിന്നു വ്യയവും ക്ലേശവും ചെയ്തു ഗ്രഹിയ്ക്കുന്ന ജ്ഞാനപ്രകാശത്തേ നമ്മോളം ഭാഗ്യമില്ലാത്ത സഹോദരന്മാരുടെ ഇടയിൽക്കൂടെ പ്രചരിപ്പിയ്ക്കേണ്ടതു നമ്മുടെ കടമയാകുന്നു. പരീക്ഷാവിജയികൾ എല്ലാം, തങ്ങൾ വിരുതുകൾ വാങ്ങുമ്പോൾ ഈ അൎത്ഥത്തിൽ ഒരു സത്യവാചകം കൂടെ ചെയ്യാറുണ്ടെന്നുള്ളതു നാം ഓൎക്കേണ്ടതാണ്. സ്വഭാഷാഭിമാനം എല്ലാവൎക്കും വേണ്ടതാകുന്നു. നമ്മുടെ ഇടയിൽ വിലപ്പോകുന്ന പുസ്തകങ്ങളിൽ പത്തിനൊൻപതും പരീക്ഷയ്ക്ക് ഉപയോഗപ്പെടുന്നവ മാത്രമാണെന്നുള്ളതു്, ശ്ലാഘാൎഹമായ ഒരു അവസ്ഥയല്ലല്ലോ. ഗ്രന്ഥകൎത്താക്കന്മാരുടെ ഈ ദശയും വായനക്കാരുടെ ദുർഭിക്ഷവും അത്യന്തം ശോചനീയമായിരിയ്ക്കുന്നു!

ഈ ദുർഘടസ്ഥിതിയിൽനിന്നു മലയാളഭാഷയേ കരകയററുന്നതിനു്, ഏതാനും ചിലർ ദ്രവ്യനഷ്ടത്തേ ഗണിയ്ക്കാതെ നല്ല പുസ്തകങ്ങൾ എഴുതി ചുരുങ്ങിയ വിലയ്ക്കു വില്ക്കാൻ മടിയ്ക്കാതിരുന്നാലേ സാധിയ്ക്കയുള്ളൂ. 'പൊതുവായനക്കാർ' എന്നൊരു കൂട്ടം ആളുകൾ ഇല്ലെങ്കിൽ, അങ്ങനെ ഒരു സങ്ഘത്തേ കാലക്രമേണ സൃഷ്ടിയ്ക്കാൻ നാം യത്നംചെയ്യണം. പാശ്ചാത്യസാഹിത്യസമുദ്രത്തിൽ കിടക്കുന്ന രത്നങ്ങളേ എടുത്തു തയാർചെയ്യുന്നതായാൽ, വലിയ വിലയൊന്നും ഇല്ലെങ്കിൽ, വാങ്ങാനും ഉപയോഗിയ്ക്കാനും ആളുകൾ ഉണ്ടാകാതിരിയ്ക്കുകയുമില്ല. ഈവിധം 'ഗുഡജിഹ്വികാ'രീതിയിൽ ജനങ്ങളുടെ ഹൃദയാവർജ്ജനംചെയ്താൽ, നല്ല പുസ്തകങ്ങൾക്കു് ആവശ്യക്കാരുണ്ടാകയും, ആ ആവശ്യം നേരിടുന്നതിനനുരൂപമായി പുസ്തകങ്ങളുടെ സങ്ഖ്യ വർദ്ധിയ്ക്കുകയും ചെയ്യുന്നതാണു്.

10597

ഈവിധം 'ഗുഡജിഹ്വിക'യായിരിയ്ക്കാൻ അർഹതയുള്ളതാകുന്നു പ്രകൃതപുസ്തകം. ഇതിൽ പല ശാസ്ത്രങ്ങളുടേയും തത്വങ്ങൾ അടങ്ങീട്ടുണ്ടു്. ഇങ്ക്ളീഷിൽ Popular science—സർവ്വജനീനശാസ്ത്രവിഷയങ്ങൾ—എന്നു് ഒരുവക കൃതികളുണ്ടു്. അതിന്റെ രീതിയിലാണു്, 'ഭൂവിവരണസിദ്ധാന്തസങ്ഗ്രഹം' രചിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. സർവ്വജനീനമായ ഒരു കൃതിയിൽ ഏതൊരു വിഷയവും അസ്ഥാനത്തിലാവുകയില്ലെങ്കിലും, അവശ്യം അറിഞ്ഞിരിയ്ക്കേണ്ട പല സങ്ഗതികളേയും എടുത്തു ചേർത്തിരിയ്ക്കുന്ന ഈ പുസ്തകം പ്രത്യേകം സ്വീകാര്യം തന്നെ! ഈ നാട്ടിൽ വാസ്തവങ്ങളല്ലാത്ത അനേകം അഭിപ്രായങ്ങൾക്കു് ആധാരങ്ങളായ 'സൂര്യഗ്രഹണം', 'ചന്ദ്രഗ്രഹണം' മുതലായവയേക്കുറിച്ചുള്ള അവ്യക്തങ്ങ

ളായ പ്രസങ്ഗാംശങ്ങൾ എല്ലാ മലയാളികളും വായിച്ചിരിയ്ക്കേണ്ടതാണ്. നമുക്ക നിത്യപരിചിതങ്ങളെങ്കിലും, ദുർഗ്രാഹ്യങ്ങളായ മഴ, കാററുകൾ, കാലാവസ്ഥ—എന്നിങ്ങനെയുള്ള പ്രമേയങ്ങൾ ശാസ്ത്രീയവിഷയങ്ങളിലേയ്ക്കു വായനക്കാരേ ബലാൽ സമാകർഷിയ്ക്കുന്നവയായിരിയ്ക്കുന്നു. 'സസ്യങ്ങളുടെ ദേശവിഭാഗം' എന്ന ഉപന്യാസത്തിൽ വിശദീകരിയ്ക്കപ്പെട്ടിരിയ്ക്കുന്ന തത്ത്വങ്ങൾ, ബുദ്ധിപൂർവ്വം വായിച്ചുനോക്കുന്ന മലയാളികൾക്ക ഹൃദയാത്ര്യന്താഹ്ലാദകരങ്ങളായിരിയ്ക്കുമെന്നു തീച്ച്തന്നെ. ഓരോ പ്രമേയത്തേയും വിശദീകരിയ്ക്കേണ്ടതിലേയ്ക്ക് അത്യന്താപേക്ഷിതങ്ങളായ പടങ്ങൾ, കാര്യക്ഷമമാംവണ്ണം ഘടിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നതിനാൽ പുസ്തകത്തിൻെറ ഉപയോഗം പൊതുവേ ഒരു മാററുകൂടെ കൂടിയിട്ടുണ്ട്.

പ്രസ്തുതപുസ്തകം ഒരാവൃത്തിയെങ്കിലും മനസ്സിരുത്തി വായിയ്ക്കുന്നവക്ക് അസന്ദിഗ്ധമായി മനസ്സിൽ ഉദിയ്ക്കുന്ന ഒരനുമാനം, ഓരോ വിഷയവും വായനക്കാക്ക് സുഗ്രഹമാകുന്നതിന വേണ്ടത്തക്ക എല്ലാ കൌശലങ്ങളും ഗ്രന്ഥകത്താവു സാമത്ഥ്യത്തോടെ പ്രയോഗിച്ചിട്ടുണ്ട് എന്നുള്ളതാണ്. ഓരോ വിഷയത്തേയും,—അതിൻെറ എല്ലാ അംശങ്ങളേയും,—കുറിച്ചു സുശിക്ഷിതവും കൂലങ്കഷവും ആയ ജ്ഞാനം പൂണ്ണമായിരിയ്ക്കുകയാൽ, ഗ്രന്ഥകത്താവിന്നു് ഓരോ വിഷയത്തേയും നാനാപ്രകാരങ്ങളിൽ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതിന സാധിച്ചിട്ടുണ്ട്. സംശയലേശമില്ലാത്ത ഒരു മനസ്സിൻെറ പ്രതിച്ഛായയായി, സുഖപ്രദമായ ഒരു രീതിയും മാധുര്യവും പ്രസ്തുതപുസ്തകത്തിന ലഭിച്ചിട്ടുണ്ടെന്നു പറയാൻ ഞാൻ മടിയ്ക്കു

ന്നില്ല. വാണിജ്യവാതങ്ങൾ, പ്രതിവാണിജ്യവാതങ്ങൾ—എന്നിതുകൾ തമ്മിലുള്ള അന്തരം; ആഫ്രിയ്ക്കാ, അമ്മേരിയ്ക്കാ എന്നിതുകൾ തമ്മിൽ കാലാവസ്ഥ സംബന്ധിച്ചുള്ള താരതമ്യവിവേചനങ്ങൾ;—മുതലായ ഘട്ടങ്ങൾ ഇതിനു നല്ല ദൃഷ്ടാന്തങ്ങളാണു്. വിഷയങ്ങളുടെ ക്രമീകരണത്തിലുണ്ടാകുന്ന ദോഷംനിമിത്തവും മററും, ശാസ്ത്രഗ്രന്ഥങ്ങൾ പലപ്പോഴും ദുർഗ്രഹങ്ങളായി കാണാറുള്ളതുകൊണ്ടാണു്, 'ഭൂവിവരണസിദ്ധാന്തസങ്ഗ്രഹ'ത്തിന്റെ ഈ വിശിഷ്ടതയേ ഇവിടെ പ്രത്യേകം പ്രസ്താവിയ്ക്കണമെന്നു തോന്നിയതു്.

അറിയപ്പെടേണ്ട വിഷയങ്ങളേക്കുറിച്ചു വിസ്താരമായി എഴുതപ്പെട്ടിരിയ്ക്കുന്ന പ്രസങ്ഗങ്ങളടങ്ങിയ ഈ പുസ്തകം, ഒരു നല്ല ഗദ്യമെഴുത്തുകാരന്റെ കൃതിയാവാൻ ഇടയായതു മലയാളഭാഷയുടെ ഭാഗ്യംതന്നെ. സാങ്കേതികശബ്ദങ്ങൾ ഈ പുസ്തകത്തിലുണ്ടു്; സംശയമില്ല. ഒരു ശാസ്ത്രഗ്രന്ഥത്തിൽ അവ ഒഴിച്ചുകൂടാത്തതാണല്ലോ. എന്നാൽ, സാങ്കേതികപദങ്ങളുടെ ബാഹുല്യംനിമിത്തം കാര്യഗ്രഹണത്തിനു ഗുരൂപദേശം ആവശ്യപ്പെടാൻ ഇടയാകരുതെന്നും, പുതിയ ശബ്ദങ്ങളേ സൃഷ്ടിയ്ക്കാതെ, കഴിയുന്നതും കഴിയ്ക്കണമെന്നും ഗ്രന്ഥകൎത്താവിനുണ്ടായിരുന്ന ഉദ്ദേശ്യത്തേ സരളങ്ങളായ വാക്യങ്ങൾ വിളിച്ചുപറയുന്നുണ്ടു്. സങ്ഗതികളുടെ പ്രൌഢതപം അനുസരിച്ചു്, "സൗരയൂഥം", "സൂര്യൻ" എന്നീ രണ്ടു് ഉപന്യാസങ്ങളിൽ സംസ്കൃതപദങ്ങളേ സ്വച്ഛന്ദമായി ഉപയോഗിച്ചിരിയ്ക്കുന്നതിന്റെ സ്വാരസ്യം സംസ്കൃതാഭിജ്ഞന്മാർ സവിശേഷം അനുമോദിയ്ക്കുന്നതാണു്. നാനാപ്രകാരേണ ആലോചിച്ചാൽ, ഈ "ഭൂവിവരണസിദ്ധാന്തസങ്ഗ്രഹം" മലയാളഗ്രന്ഥങ്ങളുടെ—പ്രത്യേകം മലയാളശാസ്ത്ര

ങ്ങളുടെ—ഇടയിൽ ഉന്നതമായ ഒരു പദവിയേ അര്ഹിയ്ക്കുന്നുണ്ട്. യഥാൎത്ഥത്തിൽ ലോകോപകാരവും ഭാഷാപോഷണവും ചെയ്യുന്ന ഏതദ്വിധകൃതികളുടെ സങ്ഖ്യ മലയാളത്തിൽ വർദ്ധിച്ചുവരട്ടെ!

XIII

കാലഗണന

ശ്രൌതസ്മാൎത്തങ്ങളായ നമ്മുടെ സകലകൎമ്മങ്ങൾക്കും കാലപരിജ്ഞാനം അത്യാവശ്യമാകുന്നു. കാലപരിജ്ഞാനം ജ്യോതിശ്ശാസ്ത്രത്തേ ആശ്രയിയ്ക്കുന്നു. ജ്യോതിശ്ശാസ്ത്രം, അതിനാൽ, വേദാങ്ഗങ്ങളിൽ ഒന്നായി ഗണിയ്ക്കപ്പെട്ടിരിയ്ക്കുന്നു. അങ്ഗങ്ങളിൽ വച്ചും, ജ്യോതിഷം വേദപുരുഷന്റെ കണ്ണാണത്രേ. അതിനാൽ, ആദികാലം മുതൽത്തന്നെ ഹിന്ദുക്കൾക്ക 'ജ്യോതിഷാമയനം' ഒരു അവൎജ്ജനീയമായ ശാസ്ത്രമായിത്തീൎന്നു. 'ജ്യൌതിഷവേദാങ്ഗം' എന്നു പേരോടുകൂടെ ഒരു അതിപ്രാചീനവും അതിസ്ഥൂലവും ആയ ഗ്രന്ഥം കണ്ടിട്ടുണ്ട്. അതിനു ശേഷമാണ്, 'വാസിഷ്ഠം' 'ബ്രാഹ്മം' മുതലായ സിദ്ധാന്തങ്ങളുടെ ഉത്പത്തി. ഇവയിൽ പ്രധാനങ്ങളായ അഞ്ചു സിദ്ധാന്തങ്ങളേ 'വരാഹമിഹിരാചാൎയ്യർ' തന്റെ 'പഞ്ചസിദ്ധാന്തിക'യിൽ സങ്ഗ്രഹിച്ചിട്ടുണ്ട്. എന്നാൽ പഞ്ചസിദ്ധാന്തികാപ്രകാരമുള്ള 'സൂൎയ്യസിദ്ധാന്ത'ത്തിലും, ഇപ്പോൾ ആ നാമധേയത്തിൽ 'മയ'ന്റെ കൃതി എന്നു പറഞ്ഞുവരുന്ന ഗ്രന്ഥത്തിലും തമ്മിൽ പല സങ്ഗതി

കളിലും മഹത്തായ അന്തരം കാണുന്നു. അതിനാൽ സൂൎയ്യസിദ്ധാന്തം എന്നു് ഇപ്പോൾ നാം പറഞ്ഞുവരുന്ന ഗ്രന്ഥം പഴയ സൂൎയ്യസിദ്ധാന്തത്തിന്റെ ഒരു പരിഷ്കരണമായിരിയ്ക്കണമെന്നു വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു. 'ശ്രീഷേണൻ' 'രോമക'സിദ്ധാന്തത്തേയും, 'വിഷ്ണുചന്ദ്രൻ' 'വാസിഷ്ഠസിദ്ധാന്ത'ത്തേയും സംസ്കരിച്ചുവെന്നു്, 'ബ്രഹ്മഗുപ്തൻ' തന്റെ 'സ്ഫുടസിദ്ധാന്ത'ത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. 'ബ്രഹ്മഗുപ്ത'മതത്തേ 'ഭാസ്കരാചാൎയ്യർ' 'സിദ്ധാന്തശിരോമണി'യിൽ പിൻതാങ്ങിക്കാണുന്നു. പൂൎവ്വാചാൎയ്യന്മാരുടെ പൎയ്യയസങ്ഖ്യയേയും മററും സ്വല്പം ഭേദപ്പെടുത്തി, 'ആൎയ്യസിദ്ധാന്ത'മെന്നു് ഒരു ഗ്രന്ഥമുണ്ടായിട്ടുള്ളതു്, ഇപ്പോൾ ലുപ്തപ്രചാരമായിരിയ്ക്കുന്നു.

നവീനന്മാരും പൂൎവ്വികസിദ്ധാന്തങ്ങളേ പരിഷ്കരിയ്ക്കാതിരുന്നിട്ടില്ല. (ഫ) ശകാബ്ദം ൧൪൪൨ (കൊല്ലം ൬൯൫)-ാംവൎഷത്തിന്നിടയ്ക്കു് എഴുതീട്ടുള്ള 'ഗ്രഹലാഘവം' എന്ന ഗ്രന്ഥത്തിൽ 'ഗണേശദൈവജ്ഞൻ' ഇങ്ങനെ പറഞ്ഞിരിയ്ക്കുന്നു:—

"സൗരോ*f*ൎക്കോ*f*പി വിധുൎച്ചമങ്കകലികോ-
 നോബ്ജോ ഗുരുസ്ത്വാൎയ്യജോ-
സൃഗ്രാഹ്വ ച കുജജ്ഞകേന്ദ്രകമഥാൎയ്യേ
 സേഷുഭാഗഃ ശനിഃ
ശൌക്രം കേന്ദ്രമജാൎയ്യമധ്യഗമിതീമേ
 യാന്തി ദൃക്തുല്യതാം"

സൂൎയ്യകേന്ദ്രവും തുങ്ഗമധ്യമവും സൂൎയ്യസിദ്ധാന്തപ്രകാരം ഇപ്പോൾ ശരിയായിട്ടു കാണുന്നു; ചന്ദ്രമധ്യമം ൯ കല കുറച്ചാൽ ശരിയാകും; ഗുരുകുജരാഹുക്കൾ ആൎയ്യസിദ്ധാന്തപ്രകാരം ശരിയാണു്; ശനിയിൽ അഞ്ചു ഭാഗം

ചേൎത്താൽ ആൎയ്യസിദ്ധാന്തം സ്ഫുടമാകും; ബുധകേന്ദ്രം ബ്രഹ്മസിദ്ധാന്തപ്രകാരം സൂക്ഷ്മമാകും; ശുക്രകേന്ദ്രം ആൎയ്യ ബ്രഹ്മസിദ്ധാന്തങ്ങൾ പ്രകാരം ഗണിച്ചുകൂട്ടി അൎദ്ധി ച്ചാൽ യോജിയ്ക്കും:—എന്ന്.

(൨) 'പുതുമനച്ചോമാതിരി' തന്റെ 'കരണപദ്ധതി'യിൽ 'നാനാജ്ഞാനപ്രഗല്ഭഃ' ഇത്യാദി പ്രാചീനോക്തപൎയ്യയങ്ങൾക്ക്, 'ആൎയ്യഭടോ'ക്തപൎയ്യയസാമ്യം സമ്പാദിയ്ക്കുന്നതിലേയ്ക്കായി, 'ശകാബ്ദസംസ്കാരം' എന്നു പേർ പറഞ്ഞുവരുന്ന ഒരു സംസ്കാരത്തെ "വാഗ്ഭാവോനാച്ഛ കാബ്ദാൽ........" ഇത്യാദി ശ്ലോകംകൊണ്ടു പറഞ്ഞിരിയ്ക്കുന്നു.

(൩) ഭാസ്കരാദികൾ ഈ സ്ഥാനത്തിൽ "ബീജസംസ്കാരം" എന്നൊരു ക്രിയ പറഞ്ഞുകാണുന്നു. ബീജസംസ്കാരത്തിന്റെ പ്രയോജനം, കാലാത്ത്യയത്താലുണ്ടാകുന്ന ഏറ്റക്കുറവുകൾ നീക്കി ഗണിതത്തിനു ദൃക്സാമ്യം സമ്പാദിയ്ക്കുകയാകുന്നുവെന്നും അവർ അഭിപ്രായപ്പെട്ടിരിയ്ക്കുന്നു.

ആൎയ്യഭടന്റെ പില്ക്കാലത്തിൽ ഗണിതമൂലതത്ത്വങ്ങളായ ഗ്രഹപൎയ്യയങ്ങളേ പരിഷ്കരിയ്ക്കുന്നതിനു ധൈൎയ്യമുള്ള ആചാൎയ്യന്മാർ ആരും ഉണ്ടായിട്ടില്ല. ആൎയ്യഭടാചാൎയ്യർ സ്വസിദ്ധാന്തത്തെ സ്ഥാപിച്ചതു്, ൩൬൨൩ (ഗോത്രോത്തുങ്ഗ) കലിവൎഷത്തിൽ, അല്ലെങ്കിൽ ൪൪൪ (വാഗ്ഭാവ) ശകാബ്ദത്തിലാണെന്ന്, "ഷഷ്ട്യബ്ദാനാം ഷഷ്ടിഃ........"ഇത്യാദ്യാൎയ്യഭടീയകാരികയിൽനിന്നു സ്പഷ്ടമാകുന്നു. ഈ സിദ്ധാന്തമാണു നാമിപ്പോൾ ശ്രാദ്ധാദി കൎമ്മാനുഷ്ഠാനങ്ങൾക്കുപയോഗിച്ചുവരുന്ന പരഹിതഗണിതത്തിന്റെ അടിസ്ഥാനം. "ഗോത്രോത്തുങ്ഗ" എന്ന

കല്യബ്ദത്തിൽ ഒരു മഹാസഭ കൂടി ഗണിതസമ്പ്രദായത്തെ എല്ലാം പരിഷ്ക്കരിച്ച്, അക്കാലത്തെ അനുഭവത്തിനു ശരിപ്പെടുത്തിയ "കരണ"ങ്ങൾക്കാണു "പരഹിതം" എന്നു പേർ കല്പിച്ചതെന്നു "സദ്രത്നമാല"യിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്.

പരഹിതഗണിതം കാലക്രമേണ അസ്ഫുടമായി കണ്ടുതുടങ്ങിയപ്പോൾ ആണു "ദൃഗ്ഗണിത"ത്തിന്റെ ആവിർഭാവം. ഗ്രഹയോഗം, ഗ്രഹനക്ഷത്രയോഗം, ഗ്രഹണം മുതലായ പ്രത്യക്ഷാനുഭവങ്ങളെ ഗണിച്ചറിയുന്നതിലേയ്ക്കു് "ശ്രീപതി"–"മുഞ്ജാലക"പ്രഭൃതികൾ:—

"ത്രിഭവിരഹിതചന്ദ്രോച്ചോനഭാസ്വദ്ഭുജജ്യാ......"

"ഇന്ദൂച്ചോനാർക്കകോടിഘ്നാ ഗത്യംശാ......"

ഇത്യാദിപുതിയ സംസ്കാരങ്ങളെ ഏർപ്പെടുത്തി. എന്നാൽ, കുജാദിഗ്രഹങ്ങൾക്കെല്ലാം ദൃഗ്ഗണിതരീതി പ്രത്യേകമായി അവർ ഏർപ്പെടുത്തിയതായിട്ടറിയുന്നില്ല. കേരളത്തിൽ മാത്രം, "തന്ത്രസങ്ഗ്രഹ"കർത്താവായ "പരമേശ്വരാ"ചാര്യർ ദൃഗ്ഗണിതത്തെ സർവ്വഗ്രഹങ്ങൾക്കും ഏർപ്പെടുത്തി, അതിൻപ്രകാരം ശ്രാദ്ധാദികർമ്മങ്ങളെ അനുഷ്ഠിയ്ക്കുകയും ചെയ്തു. ഇന്നും കേരളത്തിൽ "പരമേശ്വര"സ്ഥാപിതമായ ദൃഗ്ഗണിതപ്രകാരം വൈദികകർമ്മാനുഷ്ഠാനം ചെയ്യുന്നവർ ഉണ്ടു്. ആലത്തൂർഗ്രാമക്കാർ ദൃക്പഞ്ചാങ്ഗാനുഷ്ഠായികൾ ആണെന്നു കേട്ടിട്ടുണ്ടു്. "ഗ്രഹലാഘവാ"ദിഗ്രന്ഥങ്ങളും ദൃഗ്ഗണിതൈക്യത്തിനു വേണ്ടി അതാതുകാലത്തും ദേശത്തിലും ഉള്ളവർ ഉണ്ടാക്കീട്ടുള്ളതാണെങ്കിലും, അവയിൽ കേരളീയഗ്രന്ഥങ്ങളിലുള്ള സൂക്ഷ്മത വന്നിട്ടില്ല. "സ്ഫുടനിർണ്ണയം" എന്ന അർവ്വാചീനമായ കേരളീയഗ്രന്ഥത്തിൽ, ചന്ദ്രനു ദ്വിതീയസ്ഫുടം

മുതലായ പല വിശേഷസംസ്കാരങ്ങളും ചെയ്യുകാണുന്നു. ഭൂമിയ്ക്കു സന്നിഹിതതമനും, ശീഘ്രഗാമിയും, ഗ്രഹാന്തരപ്രതിരുദ്ധഗതിയും ആകയാൽ ചന്ദ്രനേ സ്ഫുടീകരിയ്ക്കുന്നതു ക്ലേശസാദ്ധ്യമാകുന്നു. യൂറോപ്യന്മാർ ചന്ദ്രന് അനേകം സംസ്കാരങ്ങൾ ചെയ്യാറുണ്ട്. അവയിൽ കലാവധിസൂക്ഷ്മതയ്ക്ക് ആവശ്യകങ്ങളായ പതിമൂന്നെണ്ണങ്ങളേ എടുത്തു കോഷ്ഠകങ്ങളേക്കൊണ്ടു ലഘൂപ്പെടുത്തി 'വേങ്കടേശകേതകർ' എന്നു നമ്മുടെ സഹജീവിയായ ഒരു ജ്യൌതിഷികപ്രവരൻ തന്റെ "ജ്യോതിർഗ്ഗണിത"മെന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പാശ്ചാത്യജ്യൌതിഷികളുടെ കരണങ്ങളേ ഊഹം ചെയ്തു നമ്മുടേ ഗണിതരീതിയ്ക്കു യോജിപ്പിച്ച് അതിസൂക്ഷ്മസ്ഫുടങ്ങളേ സാധിയ്ക്കുന്നതായ "ജ്യോതിർഗ്ഗണിതം" എന്ന കരണഗ്രന്ഥരത്നം ചമച്ച 'കേതക'രുടെ വ്യവസായത്തേ എത്രതന്നെ അഭിനന്ദിച്ചാലും തൃപ്തി വരുന്നതല്ല. ആ മഹാനുഭാവന്റെ ഗ്രന്ഥത്തിനു 'ബോമ്പാപ്രസിഡൻസി'യിൽ ക്രമേണ പ്രചാരവും വന്നുതുടങ്ങീട്ടുണ്ട്.

ഹിന്ദുക്കളുടെ ജ്യോതിശ്ശാസ്ത്രചരിത്രത്തേപ്പററി ഇത്രയും പ്രസ്താവിച്ചതു് അതിനു പലേ അവസരങ്ങളിലും പരിഷ്കാരങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ടെന്നു വായനക്കാരേ ബോധപ്പെടുത്താനാകുന്നു. ആർഷമായ വേദാങ്ഗജ്യോതിഷപ്രകാരമോ, വാസിഷ്ഠസിദ്ധാന്തപ്രകാരമോ ഗ്രഹാദികളേ ഗണിച്ചാൽ കിട്ടുന്ന സ്ഫുടങ്ങൾ ഇക്കാലത്തു് അനുഭവത്തിനു യോജിയ്ക്കയില്ലെന്നും, ഇക്കാലത്തേ അനുഭവത്തിനു യോജിയ്ക്കണമെങ്കിൽ, നവീനമായ ജ്യോതിർഗ്ഗണിതപ്രകാരം ഗണിതം ചെയ്യണമെന്നും ഇതുകൊണ്ടു സിദ്ധിയ്ക്കുന്നു. ആര്യഭടാചാര്യർ സ്വകീയജീവിതകാലത്തിൽ പുരാതനങ്ങളായ ആർഷസിദ്ധാന്തങ്ങളേ തള്ളി

യത്തുപോലെ!, നാം ഇന്നു് ആര്യഭടസിദ്ധാന്തത്തേയും ഉപേക്ഷിയ്ക്കുന്നതു ന്യായപ്രാപ്തമാകുന്നു. പ്രത്യക്ഷശാസ്ത്രമായ ജ്യൌതിഷത്തിൽ പ്രത്യക്ഷപ്രമാണമല്ലാതെ ശാബ്ദപ്രമാണം അങ്ഗീകാര്യമല്ലെന്നു് എല്ലാ ഗ്രന്ഥകാരന്മാരും ഐകകണ്ഠ്യേന സമ്മതിച്ചിട്ടുണ്ടു്. പുരാതനങ്ങളായ സിദ്ധാന്തങ്ങളെല്ലാം ശ്രീഷേണപ്രഭൃതികളാൽ അതാതു ഘട്ടങ്ങളിൽ പരിശോധിച്ചു പരിഷ്കരിക്കപ്പെട്ടിട്ടുണ്ടെന്നും നാം കണ്ടുവല്ലോ. ജ്യോതിർഗ്ഗണിതം പാശ്ചാത്യപണ്ഡിതന്മാരുടെ കരണങ്ങളെ ആധാരമാക്കി നിർമ്മിച്ചിട്ടുള്ളതാകയാൽ വൈദികകർമ്മാനുഷ്ഠാനങ്ങൾക്കു് ആ ഗണിതത്തെ സ്വീകരിയ്ക്കുന്നതു് എങ്ങനെ എന്നും സംശയിപ്പാൻ അവകാശമില്ല. അന്യമതസ്ഥന്മാരുടെ ഗണിതരീതിയേ പൂർവ്വികന്മാരും സ്വീകരിച്ചിട്ടുണ്ടു്. വരാഹമിഹിരാചാര്യർ സ്വസംഹിതയിൽ:—

* "മ്ലേച്ഛാഹി യവനാസ്തേഷു
സമ്യക്ച്ഛാസ്ത്രമിദം സ്ഥിതമ്;
ഋഷിവത്തേഽപി പൂജ്യന്തേ;
കിം പുനർവേദവിദ് ദ്വിജഃ?"

എന്നു പറഞ്ഞിരിയ്ക്കുന്നു. രാശിചക്രത്തിന്റെ ഉത്പത്തിയേപ്പറ്റി പ്രസ്താവിക്കുന്ന ഘട്ടത്തിൽ "ഭാസ്കരഭാഷ്യ"ത്തിൽ താഴേ വിവരിയ്ക്കുംപ്രകാരം പറഞ്ഞുകാണുന്നു:—

---

* യവനന്മാർ മ്ലേച്ഛന്മാരാണു്; എന്നാൽ അവരിലാണു് ഈ ശാസ്ത്രം വേണ്ടുപ്രകാരത്തിൽ സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു് അവരും ഋഷികളേപ്പോലെ പൂജിയ്ക്കപ്പെട്ടുവരുന്നു; വേദവിത്തായ ദ്വിജന്റെ കാര്യം പിന്നെ പറയുവാനുണ്ടോ? (പ്രസാധകൻ)

† "ഉക്തം ച "സ്ഫൂജ്ജിതധ്വജ"യവനേശ്വരേണ—
പ്രജാഃ സിസൃക്ഷുഃ കില വിശ്വധാതാ
പ്രജാപതിഃ പ്രാഗ്വ്രതമാചചാര;
സ ദ്വാദശാങ്ഗപ്രഭവം സ്വദേഹം
സൃഷ്ട്വാദിതോ വൈ ഭഗണം സസജ്ജ.
തേഭ്യഃ സ മേഷാദിഗണാൻ പ്രജജ്ഞേ
തേഭ്യശ്ച തദ്ഭേദവികല്പതോഽന്യാൻ."

ഇവിടെ ഋഷികളേ ഉപേക്ഷിച്ച്, യവനേശ്വരനേ പ്രമാണമാക്കിപ്പറഞ്ഞതുകൊണ്ടുതന്നെ രാശിചക്രകല്പന ഹിന്ദുക്കൾ യവനന്മാരിൽനിന്നു ഗ്രഹിച്ചതായിരിയ്ക്കണമെന്ന് ഇങ്ക്ളീഷുകാർ ചെയ്തിട്ടുള്ള ഊഹത്തേ പിൻതാങ്ങുന്നു. ആകാശത്തിൽ ദേശവ്യവസ്ഥ ചെയ്യുന്നതിലേയ്ക്കു ഹിന്ദുക്കൾക്ക്-൨൭-ആയി അംശിച്ചിട്ടുള്ള നക്ഷത്രചക്രം ഉണ്ടായിരുന്ന സ്ഥിതിയ്ക്ക്, ൧൨-ആയി അംശിച്ചിട്ടുള്ള ഒരു രാശിചക്രത്തിന്റെ അപേക്ഷ ഉണ്ടായിരുന്നില്ലെന്നുള്ള സങ്ഗതിയും മുൻപറഞ്ഞ ഊഹത്തിന് ഉപഷ്ടംഭകമായിരിയ്ക്കുന്നു. ഗർഗ്ഗപരാശരാദി പ്രാചീനമഹർഷിമാർ നക്ഷത്രചക്രത്തേ അല്ലാതെ രാശിചക്രത്തേ ഒരിടത്തും നിർദ്ദേശിച്ചുകാണുന്നില്ലെന്നുള്ളതും

---

† "സ്ഫൂജ്ജിതധ്വജൻ" എന്ന യവനനേതാവു പറഞ്ഞിട്ടുമുണ്ട്:—പണ്ടു ബ്രഹ്മാവ്, പ്രജകളേ സൃഷ്ടിയ്ക്കാനാഗ്രഹിച്ചുംകൊണ്ടു തപസ്സു ചെയ്തു. അനന്തരം ആദ്യമേ പന്തിരണ്ടങ്ഗങ്ങളുടെ ജന്മസ്ഥാനവും സ്വദേഹമയവുമായ നക്ഷത്രസമൂഹത്തേ സൃഷ്ടിച്ചു. പിന്നെ അവയിൽനിന്നു മേടം മുതലായവയേയും, അവയിൽ നിന്ന്, പക്ഷപ്രഭൃതി തദ്ഭേദവികല്പംവഴി മററുള്ളവയേയും അദ്ദേഹം അറിഞ്ഞു (സൃഷ്ടിച്ചു). (പ്രസാധകൻ)

പ്രകൃതമായ ഊഹത്തേ ബലപ്പെടുത്തുന്നു. എന്നാൽ ഈ സങ്ഗതി അപ്രകൃതമാകയാൽ, ഇവിടെ അതിനേപ്പററി തീൎമ്മാനം ചെയ്യാൻ പുറപ്പെടുന്നില്ല. യവനന്മാർ എന്നു പറയുന്ന ഗ്രീക്കുകാരേ പൂർവ്വികന്മാർ പ്രമാണീകരിച്ചിരുന്നെങ്കിൽ, ഇങ്ക്ലീഷുകാരേ ആധുനികന്മാരായ ഹിന്ദുക്കൾക്കും പ്രമാണീകരിയ്ക്കുന്നതിന്നു വിരോധമില്ലെന്നേ ഇവിടെ വിവക്ഷിതമുള്ളൂ. അതിനാൽ വിശേഷിച്ചും കേരളത്തിൽ ചില ഗ്രാമക്കാർ ദൃഗ്ഗണിതപഞ്ചാങ്ഗപ്രകാരം കൎമ്മാനുഷ്ഠാനം ഇന്നും ചെയ്തുവരുന്നുണ്ടെങ്കിൽ, അവരെങ്കിലും നവീനപരിഷ്കൃതദൃക്പഞ്ചാങ്ഗത്തേ സ്വീകരിയ്ക്കേണ്ടതല്ലയോ?

ദൃഗ്ഗണിതമെന്നും, പരഹിതഗണിതമെന്നും ഗണിതത്തേ രണ്ടായിപ്പിരിച്ചിട്ടുണ്ടെന്നു മുൻ പ്രസ്താവിച്ചല്ലോ. എന്നാൽ ഈ വിഭാഗംതന്നെ കേരളീയർ ചെയ്തതാണ്. പരഹിതമെന്ന പദം ഭാസ്കര–മുഞ്ജാലക–ഗണേശാദികളുടെ ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിട്ടില്ല. അവർ "ഗോത്രോത്തുങ്ഗ" (൩൬൨൩) കലിയിൽ സ്ഥാപിച്ച സിദ്ധാന്തപ്രകാരം ഗണിതകരണങ്ങളേ വിധിച്ചിട്ടു ബീജസംസ്കാരാദിക്രിയകൾകൊണ്ടു ദൃക്തുല്യത വരുത്തിക്കൊള്ളണമെന്ന് ഉപദേശിയ്ക്കുന്നതേ ഉള്ളൂ. അതിനാൽ ഭാസ്കരാദികളുടെ കരണങ്ങളെല്ലാം നാം പരഹിതമെന്നു പറയുന്ന ഗണിതത്തിലാണു യോജിയ്ക്കുന്നത്. പരഹിതമെന്ന പേരിന്റെ അൎത്ഥസാങ്ഗത്യം നോക്കുമ്പോൾ അതു ദൃഗ്ഗണിതാനുഷ്ഠായികളായ "ആലത്തൂർ ഗ്രാമക്കാർ" ഭാസ്കരാദികളുടെ അസ്ഫുടഗണിതസമ്പ്രദായത്തിന്നു കൊടുത്ത സംജ്ഞയായിരിയ്ക്കണമെന്നു തോന്നുന്നു. അല്ലാതെ, "സദ്രത്നമാലാ"കാരൻ അഭിപ്രായപ്പെടുമ്പോലെ "ഗോത്രോത്തുങ്ഗ"കലിയിൽ ഗണിതപരിഷ്കാരം ചെയ്തു

അവസരത്തിൽത്തന്നെ സൎവ്വസമ്മതമായി ഏൎപ്പെട്ടതായിരിപ്പാൻ ഇടയില്ലെന്നു പറയേണ്ടിയിരിയ്ക്കുന്നു.

ആൎയ്യഭടാദികളായ മഹാത്മാക്കൾ സ്ഥാപിച്ച (പരഹിത)ഗണിതം തെററാകാൻ പാടില്ലെന്നുള്ള ഭക്ത്യതിരേകത്താൽ അതിനേ സാധൂകരിപ്പാൻ വേണ്ടി, അതു ഭൂഗോളമദ്ധ്യസ്ഫുടമാണെന്നു് ഒരു യുക്തി ചിലർ പുറപ്പെടുവിച്ചു. അവരുടെ അഭിപ്രായപ്രകാരം ഭൂഗോളമദ്ധ്യവും ഭഗോളമദ്ധ്യവും ഭിന്നമാണു്; ഭൂമി ഭഗോളമദ്ധ്യത്തിലും ചിലപ്പോൾ വന്നേയ്ക്കാമെന്നേ ഉള്ളു. ഭഗോളമെന്നാൽ ഭപഞ്ജരമെന്നും മററും വ്യവഹരിയ്ക്കുന്ന രാശിചക്രംതന്നെ. അതിന്റെ ഉള്ളിൽനില്ക്കുന്ന ഭൂമി, അതിന്റെ തന്നെ ഘനമദ്ധ്യത്തിൽനിന്നു്, "ഇന്ദ്വൃച്ചോനാക്കകോടിജ്യാദളതുല്യയോജന"മിതമായ അന്തരം കീഴ്മേലായി ചലിച്ചുകൊണ്ടിരിയ്ക്കുന്നു. നമ്മുടെ ഗണിതമെല്ലാം ഭൂമദ്ധ്യത്തിൽനിന്നേ സാധിയ്ക്കയുള്ളു. അപ്പോൾ ഭൂമിയ്ക്കു മിയ്ക്കപ്പോഴും ഭഗോളമദ്ധ്യത്തിൽനിന്നു ഭ്രംശമുള്ളതിനാലാണു ഗണിതം ദൃക്സമമാകാത്തതു്. "ഇന്ദ്വൃച്ചോനാക്ക............" എന്നു പറഞ്ഞ ക്രിയകൊണ്ടു ഭൂമിയുടെ തത്കാലസ്ഥിതി ശരിപ്പെടുത്തുമ്പോൾ, ഗണിതം ദൃക്തുല്യമാവുകയും ചെയ്യുന്നു. ഇപ്പറഞ്ഞ മദ്ധ്യഭ്രംശസംസ്കാരമില്ലാത്ത ഗണിതമാണു പരഹിതം; അതു ഭഗോളമദ്ധ്യത്തിലിരുന്നുനോക്കിയാൽ സ്ഫുടവുമാകും. ശ്രാദ്ധാദിവൈദികകൎമ്മങ്ങൾ ദൈവികങ്ങളാകയാൽ ഭഗോളമദ്ധ്യഗണിതപ്രകാരം അനുഷ്ഠിയ്ക്കേണ്ടതാകുന്നു. ഗ്രഹണാദികൾ പ്രത്യക്ഷങ്ങളാകയാൽ അവ മദ്ധ്യഭ്രംശസംസ്കാരംകൊണ്ടു ദൃക്തുല്യതയുണ്ടാക്കിയ ദൃഗ്ഗണിതപ്രകാരവും അനുഷ്ഠിയ്ക്കണം. ഇതാകുന്നു ചുരുക്കത്തിൽ പരഹിതപ്രാമാണ്യവാദികളുടെ മതം. ഇതിലേയ്ക്കു് അവർ—

(൧) "ഇന്ദൂച്ചോനാക്ക്കോടിജ്യാ........" ഇത്യാദി തന്ത്രസങ്ഗ്രഹവാക്യവും, (൨) ഉത്സപ്പിണീയുഗാദ്ധം..." ഇത്യാദി ആര്യഭടവചനവും, (൩) "ഭ്രമേമ്മദ്ധ്യം ഖലു ഭവലയസ്യാപി മദ്ധ്യം യതഃ സ്യാത്"—ഇത്യാദി ഭാസ്കരാചാര്യവചനവും,

(൪) "യന്ത്രവേധാദിനാ ജ്ഞാതം
യദ് ബീജം ഗണകൈസ്തതഃ
ഗ്രഹണാദി പരീക്ഷേത
ന തിഥ്യാദി കദാചന." *

എന്നുള്ള വിഷ്ണുപുരാണവചനം മുതലായ പ്രമാണങ്ങളും ഉപന്യസിക്കുന്നു. ഈ സങ്ഗതിയേപ്പററി, "സിദ്ധാന്തി ശിവശങ്കരശാസ്ത്രികൾ" അതീതനായ "കരിങ്കുളം കൃഷ്ണജ്യോത്സ്യർ" മുതൽപേർ പല വാദങ്ങളും കലഹങ്ങളും അടുത്തകാലത്തു നടത്തീട്ടുണ്ട്. എന്നാൽ ശ്രദ്ധാജാഡ്യവും, സ്വപക്ഷവ്യസനവും, പ്രതിദ്വന്ദ്വിയിൽ അവജ്ഞാബുദ്ധിയും, കലഹപ്രിയതയും ഉപേക്ഷിച്ച്, മദ്ധ്യസ്ഥദൃഷ്ട്യാ പര്യാലോചിക്കുന്നതായാൽ ഭൂഗോളഭഗോളഭേദകല്പനം പരഹിതഗണിതത്തിൻെറ ഉപപത്തിക്കു വേണ്ടി ഉല്ലേഖിക്കപ്പെട്ടതേ ഉള്ളൂ എന്നു തെളിയിക്കാം:—

൧. "ഉത്സപ്പിണീ" ഇത്യാദി ആര്യഭടവചനത്തിന്നു പ്രാമാണികന്മാരുടെ വ്യാഖ്യാനം പലവിധത്തി

---

* യന്ത്രവേധം മുതലായവകൊണ്ട് അറിയപ്പെട്ടിരിക്കുന്നതു യാതൊരു ബീജമാണോ, അതുകൊണ്ട്, ഗണകന്മാർ ഗ്രഹണാദികളേ ആണു പരീക്ഷിക്കേണ്ടതു്; തിഥി മുതലായവയേ ആ ബീജപ്രകാരം ഒരിക്കലും പരീക്ഷിച്ചുപോകരുതു്. (പ്രസാധകൻ)

ലാകയാലും, സ്വോക്തസിദ്ധാന്തത്തേ ആസ്പദമാക്കി ആര്യഭടൻ ഒരു സംസ്കാരത്തേ നിർദ്ദേശിയ്ക്കാത്തതിനാലും, ആ വചനം പ്രകൃതത്തിലേയ്ക്കു തെളിവാകുന്നതല്ല. "ഭൂമേൎമ്മധ്യേ........" ഇത്യാദി ഭാസ്കരവചനത്തിൽ, "യതഃ" എന്നതിനേ ശത്രന്തഷഷ്ഠ്യേകവചനമാക്കി വ്യാഖ്യാനിയ്ക്കുന്നതു പൂർവ്വോത്തരഗ്രന്ഥസ്വാരസ്യത്തിനു യോജിയ്ക്കുന്നില്ല. വിഷ്ണുപുരാണത്തിലേ ജ്യൌതിഷഭാഗം തന്നെ പ്രക്ഷിപ്തമായിരിയ്ക്കണം; അല്ലെങ്കിൽ പരാശരനും തത്പുത്രനായ ശ്രീവേദവ്യാസനും തമ്മിൽ ജ്യൌതിഷവിഷയത്തിലുള്ള പ്രസ്ഥാനഭേദത്തിന് ഉപപത്തിയില്ലാതെ വരും. അതിനാൽ കേരളീയഗ്രന്ഥവചനങ്ങളാകുന്നു മധ്യഭ്രംശവാദികളുടെ പ്രധാനപ്രമാണങ്ങൾ. കേരളത്തിൽ "പരഹിതം" എന്നും "ദൃക്" എന്നും ഗ്രഹഗണിതമെല്ലാം രണ്ടുവിധമായി പിരിഞ്ഞിട്ടുള്ളതിനാൽ, പരഹിതപ്രാമാണ്യവാദികൾ മധ്യഭ്രംശത്തേ കല്പിച്ചു എന്നു വരാൻ കാരണവും ഉണ്ടു്.

(൨) ഭൂഗോളമധ്യവും, ഭഗോളമധ്യവും ഭിന്നമെങ്കിൽ തന്നിബന്ധനമായ സ്ഥാനഭ്രംശം എല്ലാ ഗ്രഹങ്ങൾക്കും വരുകയില്ലയോ? ചന്ദ്രനു മാത്രമേ തത്പ്രയുക്തഭേദം "ഇന്ദൂച്ചോനാർക്ക......" ഇത്യാദി വചനങ്ങളേക്കൊണ്ടു വിധിച്ചുകാണുന്നുള്ളല്ലോ. ഭൂസാമീപ്യത്തിൻേറയും, ഗതിയുടേയും ആധിക്യത്താൽ ഇതു ചന്ദ്രനേ മാത്രമേ സംബന്ധിയ്ക്കയുള്ളു എന്നു സമാധാനപ്പെടാനും ന്യായമില്ല; രാശിചക്രം എല്ലാ ഗ്രഹകക്ഷ്യകൾക്കും ഉപരി ബഹുദൂരത്തിലാണല്ലോ. കക്ഷ്യാമണ്ഡലങ്ങളുടേയും രാശിചക്രത്തിൻേറയും കേന്ദ്രം ഒന്നുതന്നെ എന്നു കല്പിയ്ക്കാഞ്ഞാൽ, സ്ഫുടവാസനയ്ക്കു് ഉപപത്തിയി

ല്ലെന്ന വരും എന്ന ഭാസ്കരാദിഗ്രന്ഥങ്ങളാൽ സ്പഷ്ടവു മാകുന്നു.

(൩) ഭൂഗോളഭഗോളമദ്ധ്യങ്ങൾക്കു ഖമദ്ധ്യത്തിലോ പാതാളത്തിലോ ഏകസൂത്രസ്ഥിതി വരുമ്പോൾ, നീചോച്ചസ്ഥാനങ്ങളിൽ കേന്ദ്രഫലാഭാവം വരുമ്പോലെ, മദ്ധ്യഭേദപ്രയുക്തഭേദം നശിച്ച്, ദൃക്സ്ഫുടവും പരഹിതസ്ഫുടവും ഒന്നാകേണ്ടതല്ലയോ? മദ്ധ്യമങ്ങളിലും മന്ദോച്ചങ്ങളിലും ചില ഗ്രഹങ്ങളുടെ ചരമഫലജ്യാക്കളിലും ഭേദമുള്ളതിനാൽ ഇതു സാധിയ്ക്കയില്ലെന്ന കാണുകയും ചെയ്യുന്നു. എന്ന മാത്രമല്ല, ശനിയ്ക്കു് ആര്യമതസിദ്ധസ്ഫുടത്തിൽ ൫-ഭാഗ ചേർത്താലേ ദൃക്സ്ഫുടമാകയുള്ളൂ എന്ന "ഗണേശദൈവജ്ഞൻ" പറയുന്നതു് ഈ ഭൂഗോളഭഗോളഭേദംകൊണ്ടു സാധിയ്ക്കാവുന്നതല്ലല്ലോ.

(൪) ഭചക്രത്തിന്റെ പ്രത്യഗ്ഭ്രമത്തിന്നു പ്രവഹാനിലനേ കല്പിച്ചതുപോലെ, ഉപര്യധോഭ്രമണാടനത്തിന്ന് ഒരു ശക്തിയേ ഏൎപ്പെടുത്തിക്കാണുന്നില്ല. ഇതുപോലെ വേറെ പല യുക്തികളും ഉണ്ടു്.

അതിനാൽ പ്രാചീനസിദ്ധാന്തകാരന്മാരാൽ അനുക്തമായ ഭൂഗോളഭഗോളമദ്ധ്യഭേദവാദം പരഹിതഗണിതത്തിലേ സ്ഖലിതങ്ങൾക്കു് ഉപപത്തിയുണ്ടാക്കാൻ വേണ്ടി അർവ്വാചീനന്മാരാൽ (൩൬൨൩-കലിയ്ക്കു് ഇപ്പുറമുണ്ടായ ജ്യൌതിഷികളാൽ) കല്പിയ്ക്കപ്പെട്ടതാണെന്നു സ്ഥാപിയ്ക്കേണ്ടിയിരിയ്ക്കുന്നു.

അയനചലനവും ഇതുപോലെ ഇടക്കാലത്തിൽ നവീനന്മാർ കണ്ടുപിടിച്ചതാകുന്നു. പ്രാചീനതമമെന്നു ഗണിയ്ക്കപ്പെടേണ്ടുന്ന "പൈതാമഹസിദ്ധാന്ത"പ്രകാരം

രാശിചക്രത്തിൻെറ (ഭചക്രത്തിൻെറ) ആരംഭം ധനിഷ്ഠ (അവുട്ടം) ആയിരുന്നു എന്നു "പഞ്ചസിദ്ധാന്തിക"യിലെ പൈതാമഹസിദ്ധാന്താനവൎണ്ണനരൂപമായ ൧൨-ാമദ്ധ്യായത്തിലുള്ള "ശശിഭം ധനിഷ്ഠാദ്യം" എന്ന വചനത്തിൽ നിന്നു തെളിയുന്നു. അതുപോലെ തന്നെ, അന്നു മാഘശുക്ലപ്രതിപദം സംവത്സരാരംഭവും, യുഗമാനം അഞ്ചു കൊല്ലവും ആയിരുന്നു.

> * മാഘശുക്ലപ്രപന്നസ്യ
> പൌഷകൃഷ്ണസമാപിനഃ
> യുഗസ്യ പഞ്ചവൎഷസ്യ
> കാലജ്ഞാനം പ്രചക്ഷതേ"
> § "പ്രപദ്യേതേ ശ്രവിഷ്ഠാദൌ
> സൂൎയ്യാചന്ദ്രമസാവുദക്"

ഇത്യാദി ജ്യൌതിഷവേദാങ്ഗവചനങ്ങളും ഇതിലേയ്ക്കു പ്രമാണങ്ങളാകുന്നു. മാഘശുക്ലപ്രഥമദിവസം അവുട്ടം നാൾ വരുമെന്നു ഗണിതജ്ഞന്മാൎക്കു സ്പഷ്ടമാണല്ലോ. ശ്രവിഷ്ഠാദിയിൽ സൂൎയ്യചന്ദ്രന്മാർ വടക്കോട്ടുള്ള ഗതി ആരംഭിയ്ക്കുന്നുവെന്നു പറകയാൽ ആ ആദികാലത്തിൽ വത്സരഗണനം ഉത്തരായണാരംഭം മുതൽ ഉത്തരായണാരംഭംവരെ എന്നായിരുന്നു. അല്ലാതെ ഇക്കാലത്തുള്ളതുപോലെ ഉത്തരായണമദ്ധ്യമായ വിഷുദിനം മുതൽ ആ വിഷുദിനംവരെ എന്നല്ലായിരുന്നു.

---

* മാഘശുക്ലംകൊണ്ടു തുടങ്ങി, പൌഷകൃഷ്ണത്തിലവസാനിയ്ക്കുന്നതും, അഞ്ചുവൎഷമുള്ളതും ആയ യുഗത്തിൻെറ കാലജ്ഞാനം പറയപ്പെടുന്നു.

§ അവുട്ടത്തിൻെറ ആരംഭത്തിൽ സൂൎയ്യനും ചന്ദ്രനും വടക്കോട്ടു മാറിത്തുടങ്ങുന്നു. (പ്രസാധകൻ)

ഉത്തരായണാരംഭം അല്ലെങ്കിൽ ദക്ഷിണപരമക്രാന്തി ശ്രവിഷ്ഠാദിയിൽ ആണെങ്കിൽ, ഉത്തരായണവിഷു സൂര്യൻ കാർത്തികയ്ക്കു് അടുത്തു വരുമ്പോൾ വേണമെന്നു സ്പഷ്ടമാകുന്നു. അതിനാൽ, അക്കാലത്തു വിഷുസങ്ക്രമം പ്രമാണിച്ചു വർഷാരംഭം ചെയ്കയാണെങ്കിൽ, വൈശാഖമാസം സംവത്സരത്തിന്റെ ആദ്യമാസമായി ഗണിയ്ക്കപ്പെടേണ്ടതായി വരും. വൈശാഖത്തിന്നു് ഇന്നും വൈദികമായ ഒരു വൈശിഷ്ട്യം കല്പിച്ചുകാണുകയാൽ അങ്ങനെ സംഭവിച്ചിരിപ്പാനും ഇടയുണ്ടു്.

* "മുഖം വാ ഏതത് സംവത്സരസ്യ ഫാല്ഗുനീ
പൌർണ്ണമാസീ" (സാംഖ്യ-ബ്രാഹ്മ-൪-൪)

ഇത്യാദി ചില ബ്രാഹ്മണവചനങ്ങളാൽ, എന്തോ കാരണവശാൽ ഒരു കാലത്തേ ഫാല്ഗുനമാസംകൊണ്ടും വർഷാരംഭം ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. ആര്യഭടാദികളുടെ കാലത്തിൽ വിഷുദിവസം സൂര്യന്റെ അശ്വിനീപ്രവേശത്തിലായിരുന്നതിനാൽ അവർ ചൈത്രമാസംകൊണ്ടു വർഷം ആരംഭിച്ചു. ഈവിധത്തിൽ ഫാല്ഗുനം, ചൈത്രം, വൈശാഖവും—ഓരോ കാലത്തു് ആദ്യമാസമായിട്ടുണ്ടെന്നു കാണുകയാൽ ആര്യഭടാദികൾ സ്വകാലത്തിൽ കണ്ടിരുന്നപ്രകാരം അയനസന്ധി, ക്രാന്തിപാതം, മഹാസമ്പാതം എന്നും മററും പറയുന്ന നക്ഷത്രചക്രാരംഭസ്ഥാനം അശ്വിന്യാദി ആണെന്നും, ആ ബിന്ദു രണ്ടു നക്ഷത്രങ്ങളുടെ ഇട (൨൬ ഭാഗ-൪൦-കല; അല്ലെങ്കിൽ സ്ഥൂലമായി-൨൭-ഭാഗ) മുൻപോട്ടും പുറകോട്ടും നീങ്ങി ഒരിടത്തു കാർത്തികവരേയും, മറേറടത്തു പൂരുരു

* ഈ സംവത്സരത്തിന്റെ മുഖം ഫാല്ഗുനമാസത്തിലേ വെളുത്തവാവു് ആകുന്നു. (പ്രസാധകൻ)

ട്ടാതിവരേയും മാറുമെന്നും ഒരു കല്പന ചെയ്തു. ഇതാണ് അയനചലനസിദ്ധാന്തം. വാസ്തവത്തിൽ, അയനചലനം പിറകോട്ടു പശ്ചിമദിക്കിലായിട്ടല്ലാതെ, മുൻപോട്ടു പൂർവ്വദിക്കിലില്ലെന്നു തെളിയിയ്ക്കാൻ വേദവചനങ്ങൾതന്നെയുണ്ടു്. ദൃഗ്ഗണിതക്കാർ രാഹുവിനു് എന്നപോലെ അയനസന്ധിയ്ക്കും വക്രഗതിതന്നേയാണു സ്വീകരിച്ചിട്ടുള്ളതും. ദൃക്പക്ഷത്തിലും പരഹിതപക്ഷത്തിലുമുള്ള അയനചലനഗണിതക്രമം നോക്കുക. പ്രാചീനന്മാർ അയനചലനം അറിഞ്ഞിട്ടില്ലായിരുന്നതിനാൽ ഛായായന്ത്രാദികൾകൊണ്ടു സൂര്യന്റെ പരമക്രാന്തികാലവും, വിഷുവത്കാലവും അറിഞ്ഞു്, ക്രാന്തിപാതത്തിൽനിന്നുതന്നെ ഗ്രഹങ്ങളുടെ ഭോഗഭാഗകലകളേ ഗണിച്ചിരിയ്ക്കണം. അപ്പോൾ പ്രാചീനഗണിതമെല്ലാം സായനഗണിതമായിരുന്നുവെന്നു വരുന്നു. എന്നാൽ, അക്കാലത്തു ഗ്രഹങ്ങളുടെ ഭോഗവ്യവഹാരമെല്ലാം, രാശിചക്രഭാഗകലകളേക്കൊണ്ടു ചെയ്യാതെ, നക്ഷത്രങ്ങളേക്കൊണ്ടും, തത്പാദങ്ങളേക്കൊണ്ടും ചെയ്തിരുന്നതിനാൽ ഗ്രഹങ്ങളുടെ രാശിസ്ഥിതിയ്ക്കു ഭേദം വന്നിരിപ്പാനും ഇടയില്ല. ഗർഗ്ഗപരാശരാദികളെല്ലാം നക്ഷത്രവ്യവഹാരമേ സർവ്വത്ര ഉപയോഗിച്ചിട്ടുള്ളൂ എന്നു നമുക്കു് അനുഭവമാണല്ലോ. ക്രാന്തിപാതം അശ്വിന്യാദിയിൽ വന്ന കാലത്താണു രാശിഭാഗകലാവ്യവഹാരം ഏൎപ്പെട്ടതു്. ആ പാതബിന്ദു, ക്രമേണ പിറകോട്ടു നീങ്ങിനീങ്ങി വന്നുതുടങ്ങിയപ്പോഴാണു്, ക്രാന്തിപാതവും അശ്വിന്യാദിയും ഭേദിയ്ക്കയാൽ അയനചലനസംസ്കാരം ഒന്നാവശ്യപ്പെട്ടതു്. രാമായണത്തിൽ ശ്രീരാമന്റെ ജാതകം വിവരിച്ചിട്ടുള്ളതിൽ, ആധുനികഗണിതരീതിപ്രകാരം കാണുന്ന ചില അസാങ്ഗത്യങ്ങൾക്കും സമാധാനം, പ്രാചീനരുടെ പ്രകൃതമായ ഗണന

സമ്പ്രദായഭേദമായിരിയ്ക്കണം. മേടഞായററിൽ ശുക്ല നവമിയും, പുനൎവ്വസുനക്ഷത്രവുംകൂടിയോജിയ്ക്കയില്ലല്ലോ. അന്നത്തെ നക്ഷത്രമാനം ഇന്നത്തേപ്പോലെ തുല്യാന്തര മല്ലായിരുന്നുവെന്നും, പുനൎവ്വസുനക്ഷത്രം അദ്ധ്യൎദ്ധഭാഗ മായതിനാൽ അതിന്റെ മാനം-൨൦-ഭാഗ ആയിരു ന്നുവെന്നും മററുമുള്ള സങ്ഗതികളും ഇവിടെ പരാമൎശി യ്ക്കേണ്ടതുണ്ട്. എന്നാൽ അപ്രകൃതമാകയാൽ ഇവിടെ നില്ക്കട്ടെ.

ഫലഭാഗത്തിലും, അനുഷ്ഠാനങ്ങൾക്കു മുഹൂൎത്ത ചിന്തയിലും, മററും നമുക്കു ഗ്രഹങ്ങളുടെ രാശിസ്ഥിതി ആണ് അറിയേണ്ടതു്. എന്നിരിയ്ക്കയാൽ സായന ഗണിതമല്ല, നിരയനഗണിതംതന്നെയാണു നമുക്ക് ആവ ശ്യപ്പെട്ടിട്ടുള്ളതു്. അതിനാൽ പരിഷ്കാരത്തിൽ ഗണിതം സായനമാക്കണമെന്ന് ഒരുവനും വാദിയ്ക്കുന്നതല്ല. എ ന്നാൽ, വിഷുദിവസം അയനാരംഭം മുതലായതുകൾ സായനമായിരിയ്ക്കേണ്ടതു് ആവശ്യവും ആണ്. നാം ഇപ്പോൾ മകരം ൧-ാംനു- ഉത്തരായണാരംഭം എന്നു പറഞ്ഞു കൎമ്മങ്ങൾ അനുഷ്ഠിച്ചുവരുന്നു. വാസ്തവത്തിൽ, അന്നേദ്ദിവസം ഉത്തരായണം ആരംഭിച്ച് ഇരുപതോ, ഇരുപത്തൊന്നോ കഴിഞ്ഞിരിയ്ക്കുന്നു എന്നു നമുക്കു നല്ല ബോധവും ഉണ്ട്. അയനചലനപ്രസങ്ഗത്തിൽ ഒരു സങ്ഗതികൂടി എടുത്തുപറയേണ്ടതുണ്ട്. അയനചലനം ഒരു വൎഷത്തേയ്ക്കു പരഹിതപ്രകാരം—൫൪—വികല എന്നും, ദൃക്പ്രകാരം ൫൨-എന്നും ഇപ്പോൾ ഉപയോ ഗിച്ചുവരുന്നതു സൂക്ഷ്മമല്ല. വാസ്തവത്തിൽ ഒരു വൎഷ ത്തേയ്ക്കുള്ള അയനചലനം ൫൦$\frac{1}{5}$ വികലയാകുന്നു എന്നു സൂക്ഷ്മയന്ത്രങ്ങളേക്കൊണ്ടു പാശ്ചാത്യർ തീരുമാനിച്ചിരി

യ്യുന്നു. ഈ വികലാദ്വയമിതമായ അന്തരം, 'ആയിരം മാകാണി അറുപത്തിരണ്ടര' എന്ന മുറയ്ക്ക് ഈട്ടംകൂടി വലിയ തുകയാകുമ്പോൾ ഗണിതം തെററാതിരിപ്പാൻ ന്യായമില്ലല്ലോ. എന്നാൽ നമ്മുടെ ദൃക്കിലേ രണ്ടു വികല കുറഞ്ഞുപോയെങ്കിൽ, വൎഷമാനത്തിൽ വ്വ $\frac{3}{10}$ വികല കൂടീട്ടുണ്ട്. അതിനാൽ, മൊത്തത്തിൽ ഉള്ള തെററു വളരെ വേഗത്തിൽ തെളിയാതെ കഴിഞ്ഞു. എങ്കിലും, വൎഷമാനത്തിലേ സ്വല്പാധിക്യത്താൽ ഇപ്പോൾ—൩ തീയതിയോളം കാലമാനത്തിൽ കുറവു വന്നിട്ടുണ്ട്. വാസ്തവത്തിൽ വൃശ്ചികം ൧൫-ാംനു- എന്നു നാം പറയുന്ന ഇന്നേദ്ദിവസം ൧൮-ാംനു- ആകേണ്ടതാകുന്നു. എന്നാൽ, സൂൎയ്യനു മൂന്നു തീയതി കുറച്ചാൽ ഗ്രഹണാദ്ദ്യാ യാദികൾ തെററുകയില്ലയോ എന്നു ചോദ്യം വരാം. രാശിചക്രത്തിന്റെ ആരംഭസ്ഥാനം മാറുമ്പോൾ തത് പ്രയുക്തമായ ഭേദം എല്ലാ ഗ്രഹങ്ങളേയും ഒന്നുപോലെ സ്പൎശിയ്ക്കുന്നതാകയാൽ ഗ്രഹണാദിസംഭവങ്ങൾക്കു മാറ്റം വരുന്നതല്ലെന്നു് എളുപ്പത്തിൽ ബോധപ്പെടും. ആദി കാലത്തു്, മീനമേഷസന്ധി എന്നു കല്പിച്ചിരുന്ന സ്ഥാനം, ഇപ്പോൾ മൂന്നു ഭാഗം പിറകോട്ടു നീങ്ങിപ്പോയി എന്നേ ഉള്ളൂ. നക്ഷത്രങ്ങളുടെ ഭോഗമാനം പ്രാചീനന്മാർ വ്യവസ്ഥപ്പെടുത്തീട്ടുള്ളതിലും രണ്ടുപക്ഷം വരുകയാൽ ഈ സ്ഖലിതം ഒരുവിധം തെളിയാതെ കഴിഞ്ഞുകൂടുന്നു. "സൂൎയ്യസിദ്ധാന്ത"ത്തിൽ, ചിത്രാനക്ഷത്രഭോഗം—൧൮൦—ഭാഗ ആണെന്നും, അതിനാൽ ആ നക്ഷത്രത്തിന്റെ സ്ഥിതി സൂക്ഷ്മമായ ഭഗണാദ്ധത്തിലാണെന്നും പറഞ്ഞിരിയ്ക്കുന്നു. ഭാസ്കരാദികൾ ബ്രഹ്മസ്ഫുടസിദ്ധാന്തം അനുസരിച്ച്, ചിത്തിരയ്ക്കു—൧൮൩...ചില്വാനവും ഭാഗയാണു ഭോഗമെന്നും പറഞ്ഞുകാണുന്നു. ഇങ്ങനെ പക്ഷ

ഭേദംകൊണ്ടു രാശിചക്രാരംഭസ്ഥാനത്തിനു മൂന്നിൽ ചില്വാനം ഭാഗങ്ങളുടെ അന്തരം ഉള്ളതിനാൽ, സൂര്യസിദ്ധാന്തമതം അനുസരിയ്ക്കുന്നപക്ഷം നമ്മുടെ ആധുനികഗണിതങ്ങൾക്കു വലിയ തെററുകൾ സംഭവിച്ചിട്ടില്ല. മേലാലെങ്കിലും വർഷമാനം പരിഷ്കരിയ്ക്കാത്തപക്ഷം കാലാന്തരത്തിൽ മേടംരാശി ഇടവംരാശി ആയിപ്പോയി എന്നു വരും. ഇപ്പോൾത്തന്നെ എന്നെങ്കിലും ഒരു ദിവസം യന്ത്രവേധം ചെയ്തു്, സൂര്യനു ചിത്രാനക്ഷത്രത്തിൽനിന്നുള്ള അന്തരം സൂക്ഷ്മപ്പെടുത്തിനോക്കിയാൽ, ഗണിതാഗതസൂര്യനു് ഏതാനും കലകളുടെ ഭേദമുണ്ടെന്നു സ്പഷ്ടമാകും. ഇക്കാലത്തു യന്ത്രസഹായം ഉള്ളതിനാൽ സൂര്യനേയും, നക്ഷത്രത്തേയും ഒന്നിച്ചു നോക്കുന്നതിനും, അന്തരം അതിസൂക്ഷ്മമായി അളക്കുന്നതിനും സാധിയ്ക്കുന്നതാണല്ലോ. കേരളീയർ ദൃഗ്ഗണിതം ഏർപ്പെടുത്തിയ കാലത്തു് അവർ സൂര്യഗണിതത്തിനു മാത്രം പരിഷ്കാരം ചെയ്തില്ലല്ലോ എന്നു വ്യസനിയ്ക്കുന്നു.

പുരാതനകാലത്തു ഹിന്ദുക്കൾക്കു് (വിശിഷ്യ കേരളീയർക്കു്) ജ്യൌതിഷത്തിൽ എത്രത്തോളം ജ്ഞാനവും ശ്രദ്ധയും ഉണ്ടായിരുന്നോ, അത്രത്തോളം ഇക്കാലത്തു് അജ്ഞാനവും അശ്രദ്ധയും ഉണ്ടെന്നു സസന്താപം സമ്മതിയ്ക്കേണ്ടിയിരിയ്ക്കുന്നു. പഞ്ചാങ്ഗം പലരും അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നില്ലെന്നില്ല. എന്നാൽ അവയിൽ ഏതെങ്കിലും രണ്ടെണ്ണം യോജിച്ചുകാണുകയില്ലെന്നു തന്നെ പറയാം. ഗ്രഹനക്ഷത്രയോഗം, ഗ്രഹങ്ങളുടെ പരസ്പരയോഗം, യുദ്ധം, ശൃങ്ഗോന്നതി, ബുധശുക്രോപരാഗം മുതലായ വൈചിത്ര്യങ്ങളെ ആരും ഗണിയ്ക്കാറില്ല. മൌഢ്യം മാത്രം പഞ്ചാങ്ഗക്കാർ രണ്ടുപ്രകാരത്തിലും

പ്രകടീകരിയ്ക്കാറുണ്ട്. ഇല്ലാത്ത ഗ്രഹണങ്ങൾ ഉണ്ടെന്നു പറകയും, ഉള്ളതിനെ അറിയാതെപോകയും സംഭവിയ്ക്കാത്തതല്ല. കഴിഞ്ഞ വൃശ്ചികത്തിൽ ചന്ദ്രഗ്രഹണമുണ്ടെന്നു പല പഞ്ചാംഗക്കാരും എഴുതിയിരുന്നു. എന്നാൽ ഒരിടത്തും കാണുകയുണ്ടായില്ല. അതു ചിലർ അനുഷ്ഠിയ്ക്കുകയും, ചിലർ അനുഷ്ഠിയ്ക്കാതേയും ഇരുന്നിട്ടുണ്ട്. തിരുവിതാംകൂർ സൎക്കാർപഞ്ചാംഗഗണകന്മാർ ഗണിച്ചുകണ്ട പ്രകാരം ഗ്രഹണത്തിന്റെ സ്പൎശമോക്ഷാദികളെല്ലാം എഴുതീട്ട്, 'നവീനഗണിതപ്രകാരം ഗ്രഹണമില്ലെന്നും കാണുന്നു'—എന്നു കൈമലത്തി, 'പുത്രോ ന പുത്രീ' എന്ന് ഉത്തരം പറഞ്ഞ പ്രശ്നക്കാരനേപ്പോലെ, അപവാദത്തിൽനിന്നു രക്ഷപ്പെട്ടു. ൧൦൭൦-മാണ്ടു തുലാത്തിൽ ഉണ്ടായ വലയഗ്രഹണം ഒരു മലയാളപഞ്ചാംഗത്തിലും ശരിയായി ഗണിച്ചിരുന്നില്ല. ആ ഗ്രഹണം ൧൨ നാഴികയ്ക്കു മേൽ ഉണ്ടായിരുന്നു. ൮-നാഴികയ്ക്കുമേൽ പഞ്ചാംഗക്കാർ പറഞ്ഞിരുന്നില്ല. സമയഭേദമോ എല്ലാ സൂൎയ്യഗ്രഹണങ്ങളിലും ഒന്നുപോലെ പററാറുണ്ട്.

ഈ സ്ഥിതിയ്ക്കു ഗണിതപരിഷ്കാരത്തിനുള്ള കാലം അതിക്രമിച്ചിരിയ്ക്കുന്നു എന്നതിലേയ്ക്കു രണ്ടുപക്ഷം വരാൻ ഇടയില്ല. ഇനി എത്രത്തോളവും, ഏതെല്ലാം വിഷയങ്ങളിലും ആണു പരിഷ്കാരം വേണ്ടതു് എന്ന ഭാഗത്തിലാണു വിസംവാദത്തിനവകാശം. ശ്രാദ്ധമുഹൂൎത്താദിവൈദികകൎമ്മങ്ങൾക്കു 'പരഹിതം', പ്രശ്നജാതകാദിലൌകികസംഗതികൾക്കു 'ദൃക്'–എന്നാണു് ഇപ്പോഴത്തെ ആചാരം. ഇതിൽ ഒരു സംഗതി ആലോചിപ്പാനുണ്ട്:—ജാതകം ദൃക്സിദ്ധപ്രകാരം ആണെങ്കിൽ ദൃക്കിലും, പരഹിതത്തിലും ചന്ദ്രഗണിതത്തിൽ—൨൫-കല

('പരഹിതശശിനിധാരാഢ്യ') യോളം ഭേദം ഉള്ളതി നാൽ, ചന്ദ്രന്റെ നക്ഷത്രഭേദവും, രാശിഭേദവും വരാനിട യുണ്ട്. അപ്പോൾ ഒരുവന്റെ ജനനകാലത്തിൽ പര ഹിതപ്രകാരം ചന്ദ്രൻ, ആയില്യംകക്കടകക്കൂറിലാണെ ന്നും, മകംചിങ്ങക്കൂറിലാണെന്നും വന്നേയ്ക്കാം. ഇവിടെ ലഗ്നനക്ഷത്രങ്ങളുടെ നിണ്ണയത്തിന്ന സ്വീകരിയ്ക്കുന്ന പ്രമാണമല്ല അനുഷ്ഠാനത്തിൽ, എന്നു വന്നുചേരുന്നതിൽ വലിയ ഒരു അസ്വാരസ്യമില്ലയോ? ഭൂഗോളഭഗോളമധ്യ ഭേദവാദം നവീനകല്പിതവും, ഉപപത്തി ശിഥിലവും ആകയാൽ, പരഹിതപദ്ധതിയുടെ അസ്ഫുടത, കരണ നിമ്മാണത്തിൽ സ്വല്പങ്ങളും, അപരിഹാര്യമായി വന്നു പോകുന്നവയും ആയ തെററുകൾ കലാനിപാതത്തിൽ ഈട്ടംകൂടീട്ടുണ്ടായതാണെന്നു മുൻപിൽ പ്രതിപാദിച്ച തിനേ സമ്മതിയ്ക്കുന്നപക്ഷം, വൈദികാനുഷ്ഠാനങ്ങൾക്കും ദൃഗ്ഗണിതംതന്നെ സ്വീകരിയ്ക്കണമെന്നു വരും. ഛായാ ഗ്രഹണാദികൾക്കു ദൃഗ്ഗണിതംതന്നെ എന്നതിലേയ്ക്ക് ആക്കുമേ ആക്ഷേപവും ഇല്ല. ദൃഗ്ഗണിതമോ, ദൃഷ്ടിയ്ക്കു ചേൻവരുന്നപ്രകാരമുള്ള ഗണിതമാണ്. അതിനാൽ ഇപ്പോൾ ഉപയോഗിച്ചുവരുന്ന ദൃക്സിദ്ധകരണങ്ങൾ സ്ഥൂലങ്ങളായിപ്പോയതിനാൽ, അവയേ നാം ഉടൻ തന്നെ പരിഷ്കരിയ്ക്കാൻ ആരംഭിയ്ക്കേണ്ടതാകുന്നു. ദൃഗ്ഗ ണിതപരിഷ്കാരം ചെയ്യുന്നപക്ഷം, ആ പരിഷ്കാരത്തേ, ഇപ്പോൾ ദൃഗ്ഗണിതാനുയായികളുണ്ടെങ്കിൽ അവർ സ്വീകരിപ്പാൻ ഒരുക്കമുണ്ടോ? പരഹിതം സ്ഥൂലഗണിത മാണെന്നു സമത്ഥിച്ച്, വിദ്വത്സമ്മതി സമ്പാദി ച്ചാൽ, അതിനേ ഉപേക്ഷിയ്ക്കുന്നതിന്ന ന്യായമില്ലയോ? 'ഗോത്രോത്തുങ്ഗ'കലികാലത്തിനിടയ്ക്ക്, അന്നുണ്ടായിരുന്ന

ജ്യൌതിഷികം യോഗം ചേൎന്നു, പ്രാചീനങ്ങളായ ആൎഷകരണങ്ങളേ ഭേദപ്പെടുത്തിയതുപോലെ, ഇന്നുള്ള വൎക്കും സഭ കൂടി സമയപ്രകാരം കരണപരിഷ്കരണം ചെയ്യുന്നതു ധൎമ്മ്യവും ശക്യവും ആണോ?

XIV

കേരളത്തിലെ ജ്യൌതിഷം

ഹിന്ദുക്കൾ ആദികാലംമുതൽത്തന്നെ ജ്യൌതിഷത്തിൽ പരമനിപുണന്മാരായിരുന്നു. യൂറോപ്പുഖണ്ഡത്തിൽ മിയ്ക്ക ജാതിക്കാരും വില്ലുമമ്പും ധരിച്ചു ഇരതേടി നടന്നു, ക്ഷുദ്രപക്ഷിമൃഗാദികളേ കൊന്നു തിന്നുകൊണ്ടു, കാട്ടാളനിൎവ്വിശേഷം കാടു വാണുകൊണ്ടിരുന്ന കാലങ്ങളിൽ, ഇൻഡ്യക്കാരും ചീനത്തുകാരും ഗ്രഹവേധയന്ത്രങ്ങളേ നിൎമ്മിച്ചു അവയുടെ സഹായത്തോടുകൂടി നക്ഷത്രബങ്ക്ളാവുകളിൽ ഇരുന്നു ആകാശഗോളത്തേ അളന്നു തിട്ടപ്പെടുത്തുകയായിരുന്നു. രാശിചക്രവും അതിൻെറ വിഭാഗങ്ങളായ അശ്വിന്യാദി—൨൭—നക്ഷത്രങ്ങളും വേദത്തിൽത്തന്നെ പേർ പറഞ്ഞു വൎണ്ണിയ്ക്കപ്പെട്ടിട്ടുണ്ടു. പല ജ്യോതിശ്ശാസ്ത്രരഹസ്യങ്ങളേയും കടങ്കഥയുടെ രീതിയിൽ ഋൿസംഹിതയിൽ പ്രതിപാദിയ്ക്കുന്നുണ്ടു. ഇതെല്ലാമിരുന്നാലും, ആ ആദികാലത്തിൽ ഹിന്ദുക്കൾക്കുണ്ടായിരുന്ന ജ്യൗതിഷജ്ഞാനം അത്യന്തസ്ഥൂലമായിരിപ്പാനേ സംഗതിയുള്ളു. ക്രമേണ അവർ ഗ്രഢതത്വങ്ങളേ കണ്ടുപിടിച്ചു, ശാസ്ത്രഗ്രന്ഥങ്ങൾ ചമയ്ക്കുന്നതിനാരംഭിച്ചു.

"വ്യാഖ്യാ ബുദ്ധിബലാപേക്ഷാ" * എന്ന ന്യായപ്രകാരം ശാസ്ത്രീയകല്പനകളുടെ (Theories) വിഷയത്തിൽ വിദ്വാന്മാൎക്കു പക്ഷഭേദം സംഭവിയ്ക്കുയാൽ, ജ്യൌതിഷത്തിൽ കാലക്രമത്തിൽ പല പ്രസ്ഥാനങ്ങളും (Schools) ഉദ്ഭവിച്ചു. അവയിൽ പ്രധാനമായി അഞ്ചെണ്ണമാണു പറഞ്ഞുവരാറുള്ളതു്. ഇവ ൧. വാസിഷ്ഠം, ൨. പൈതാമഹം അല്ലെങ്കിൽ ബ്രാഹ്മം, ൩. പൌലിശം, ൪. രോമകം, ൫. സൌരം—എന്നു് അഞ്ചു സിദ്ധാന്തങ്ങളാകുന്നു.

പ്രാധാന്യത്തിൻെറ ആരോഹണക്രമത്തിലാണു് അവയെ ഇവിടെ പരിഗണിച്ചുകാണിച്ചതു്. വാസിഷ്ഠം വളരെ സ്ഥൂലവും, ഒരു സിദ്ധാന്തഗ്രന്ഥം എന്ന പേരിനെ അൎഹിയ്ക്കുത്തക്ക സ്ഥിതിയില്ലാത്തതും ആകുന്നു. വൈദികാചാരങ്ങൾക്കു് ആവശ്യപ്പെട്ട തിഥിനക്ഷത്രവിശേഷദിവസങ്ങളേ അറിവാനുള്ളിടത്തോളമേ അതിൽ വിഷയം പ്രതിപാദിയ്ക്കപ്പെട്ടിട്ടുള്ളൂ. അതിനെ ആശ്രയിച്ചു്, വേറേ ഗ്രന്ഥങ്ങളും അധികമുണ്ടായിട്ടില്ല. പൈതാമഹം കുറേക്കൂടി വിസ്തീൎണ്ണവും, വ്യാപകവും, ശാസ്ത്രീയവും ആണു്. ആ സിദ്ധാന്തത്തേ ആധാരമാക്കി പല ഗ്രന്ഥങ്ങളും ഉണ്ടായിട്ടുണ്ടു്. പൌലിശവും രോമകവും വിദേശങ്ങളിൽനിന്നു കിട്ടീട്ടുള്ളവയാണെന്നു് അതുകളുടെ പേരുകൊണ്ടുതന്നെ ഊഹിയ്ക്കാം. രോമകം 'റോമാ'ക്കാരിൽനിന്നും, പൌലിശം ഗ്രീക്കുകാരിൽനിന്നും ഇൻഡ്യാക്കാർ ഗ്രഹിച്ചിട്ടുള്ളതാണെന്നു വിശ്വസിയ്ക്കപ്പെട്ടിരിയ്ക്കുന്നു. സൌരസിദ്ധാന്തമാണു് ഇക്കൂട്ടത്തിൽ ഉത്തമം.

* അവരവരുടെ ബുദ്ധിശക്തിയുടെ തോതനുസരിച്ചാണു് ഓരോരുത്തർ ഓരോന്നിനേ വ്യാഖ്യാനിയ്ക്കുന്നതു്. (പ്രസാധകൻ)

ത്തു 'മയൻ' എന്ന അസുരശില്പി സൂര്യനേ തപസ്സു ചെയ്തു് ആ ദേവൻെറ മുഖത്തുനിന്നും ഉപദേശമായി ഗ്രഹിച്ചതാണുപോലും! അതിനാലാണു് അതിനു 'സൂര്യ-സിദ്ധാന്തം' എന്നു പേരു വന്നതു്. എന്നാൽ, ഇപ്പോൾ നമുക്കു ലഭിച്ചിട്ടുള്ള 'സൂര്യസിദ്ധാന്തം', അതിൻെറ മൂല ഗ്രന്ഥത്തിൽനിന്നു പല അവസരങ്ങളിലായി ചെയ്തിട്ടുള്ള പല പല ഭേദഗതികളാലും വ്യവസ്ഥപ്പെടുത്തി പരിഷ്കരിയ്ക്കപ്പെട്ടിട്ടുള്ളതാണെന്നതിൽ ആക്കും അഭിപ്രായഭേദം ഇല്ല.

പിന്നീടു് ആര്യഭടാചാര്യൻ ക്രിസ്ത്വാബ്ദം ആറാം ശതവർഷത്തിൻെറ പ്രാരംഭകാലത്തിൽ പല പുതിയ സങ്ഗതികളേയും കണ്ടുപിടിച്ചു്, തൻെറ 'ആര്യഭടീയ'ത്തിൽ സങ്ഗ്രഹിച്ചു. ഹിന്ദുക്കളിൽ ആര്യഭടാചാര്യൻ ഒരാൾ മാത്രമേ ഭൂമി ചലിയ്ക്കുന്നു എന്ന മതത്തേ ധൈര്യമായി പ്രഖ്യാപനം ചെയ്തിട്ടുള്ളു. എന്നാൽ, അദ്ദേഹത്തിൻെറ പില്ക്കാലത്തിൽ വന്ന ജ്യൗതിഷികൾ, ആര്യഭടൻെറ മററുള്ള പരിഷ്കാരങ്ങളേ എല്ലാം സ്വീകരിച്ചുകൊണ്ടു്, ഭൂചലനസിദ്ധാന്തത്തേ മാത്രം പൂർവ്വപക്ഷദശയിൽ അദ്ദേഹം അതിനേ ഉപന്യസിച്ചതേ ഉള്ളു എന്നു തള്ളുകയാണു ചെയ്തതു്. ആര്യഭടാനന്തരം ഉണ്ടായവരിൽ ഭാസ്കരാചാര്യരേ ആകുന്നു ഒന്നാമതായി ഗണിപ്പാനുള്ളതു്. അദ്ദേഹം സ്വകാലംവരെ ഉണ്ടായിരുന്ന സകലതത്ത്വങ്ങളേയും ശാസ്ത്രീയരീത്യാ നിർദ്ധാരണംചെയ്തു ശരിപ്പെടുത്തി, എല്ലാത്തിനും ഉപപത്തികളും പ്രതിപാദിച്ചു്, 'സിദ്ധാന്തശിരോമണി' എന്ന യഥാൎത്ഥസംജ്ഞമായ ഒരു ഗ്രന്ഥം ചമച്ചു. അതിനേ അതിശയിയ്ക്കുന്നതിനു് ഇന്നും ഒരു ഗ്രന്ഥം ഉണ്ടായിട്ടില്ല.

അതിനു മേൽ ജ്യൌതിഷത്തിൽ ഉണ്ടായിട്ടുള്ള ഗ്രന്ഥമെല്ലാം അതിനെ ഉപജീവിച്ചുള്ള കരണഗ്രന്ഥങ്ങളേ ഉള്ളു. ശാസ്ത്രതത്വങ്ങളെ പ്രതിപാദിയ്ക്കുന്ന ഗ്രന്ഥത്തിനു സിദ്ധാന്തഗ്രന്ഥമെന്നും, ഗണിതപദ്ധതികളെ കാണിയ്ക്കുന്നതിനു കരണഗ്രന്ഥമെന്നും പേരുകൾ.

എന്നാൽ കരണസൂത്രങ്ങളുടെ സ്ഥൂലതയാലും, ഗണിതക്രിയകളിൽ അൎദ്ധാധികത്തിന്നൊന്നു് എന്നു പറഞ്ഞു ഭിന്നരാശികളെ തള്ളിക്കളയുന്ന സമ്പ്രദായത്താലും, ഗ്രഹവേധത്തിന്നു് ഉപയോഗിച്ചിരുന്ന യന്ത്രങ്ങളുടെ ന്യൂനതകളാലും, ശാസ്ത്രീയകല്പനകളുടെ തന്നെ അപൂൎണ്ണതയാലും മററും പ്രത്യക്ഷശാസ്ത്രമായ ജ്യൌതിഷം അനുഭവത്തിനു യോജിച്ചുവരാതെ തെററിവന്നു കാണുകയാൽ, കൊല്ലവൎഷം ൬൯൫-ന് എതിരായ ശകാബ്ദം ൧൪൪൨-ൽ ഗണേശദൈവജ്ഞൻ 'ഗ്രഹലാഘവം' എന്ന കരണഗ്രന്ഥത്തെ നിൎമ്മിച്ചു. ഇതിൽ ഗണിതവും, അനുഭവവും യോജിച്ചുവരാൻവേണ്ടി, ഗ്രന്ഥകാരൻ ഓരോ ഗ്രഹങ്ങളെ ഓരോ സിദ്ധാന്തപ്രകാരം സ്വീകരിച്ചുവെന്നും, ചിലതിനെ വ്യത്യസ്തപ്പെടുത്തേണ്ടി വന്നിട്ടുണ്ടെന്നും പറയുന്നു. ഈ ഗ്രഹലാഘവപ്രകാരമാണു്, ഉത്തരഇൻഡ്യയിൽ ഇന്നും ഗ്രഹാദികളെ ഗണിച്ചുവരുന്നതു്. താരതമ്യപ്പെടുത്തുന്നതിന്നും മററും സൌകൎയ്യത്തിനുവേണ്ടി, ഇൻഡ്യയെ ഒട്ടുക്കു സംബന്ധിയ്ക്കുന്ന ജ്യോതിശ്ശാസ്ത്രത്തിൻെറ ഇത്രയും ഒരു ചരിത്രസങ്ക്ഷേപത്തോടുകൂടി, ഇനി പ്രകൃതവിഷയത്തിലേയ്ക്കു് അവതരിയ്ക്കാം.

'കേരളത്തിലെ ജ്യൌതിഷ'ത്തെപ്പററി വിചാരണ ചെയ്വാൻ പുറപ്പെടുന്നവൻെറ ദൃഷ്ടിയിൽ ഒന്നാമതായി

പതിയ്ക്കുന്നതു്, ഈ നാട്ടിലേ കാലഗണനാസമ്പ്രദായമാകുന്നു. കാലപരിച്ഛേദത്തിനൊക്കെയും കാരണഭൂതൻ സൂൎയ്യനാണെന്നു സർവ്വസമ്മതമാണല്ലോ. സൂൎയ്യൻെറ ഒരുദയം കഴിഞ്ഞു്, വേറേ ഒരുദയം വരുന്ന ഇടയേ നാം, ദിവസം അല്ലെങ്കിൽ തീയതി, അല്ലെങ്കിൽ നാൾ എന്നു പറയുന്നു. ഇത്രത്തോളമുള്ള സങ്ഗതിയിൽ ആക്കും തക്കമില്ല. എന്നാൽ ശരാശരി കണക്കിൽ മുപ്പതുദിവസം ചേൎന്നതു് ഒരുമാസം എന്നു കല്പിയ്ക്കുന്നതിനുള്ള കാരണം അതുപോലെ സ്പഷ്ടമല്ല. അതിന്മണ്ണംതന്നെ ൧൨ മാസം കൂടിയതു് ഒരു സംവത്സരം എന്നു വ്യവഹരിയ്ക്കുന്നതിനും യുക്തിയെന്തെന്നു് അധികം പേരും ഗ്രഹിച്ചു കാണുകയില്ല. മാസം എന്ന കാലപരിച്ഛേദത്തിൻെറ ഉത്പത്തി സൂൎയ്യചന്ദ്രന്മാരുടെ ഗതിതാരതമ്യത്തിൽനിന്നാകുന്നു. അമാവാസ്യാ അല്ലെങ്കിൽ കറുത്തവാവുദിവസത്തിൽ, ചന്ദ്രൻ സൂൎയ്യനോടു യോഗം പ്രാപിയ്ക്കയാൽ അദൃശ്യനായിത്തീരുന്നു. പിറേറദിവസം മുതൽ ചന്ദ്രൻ ഓരോരോ കലയായി വർദ്ധിച്ചുവന്നു്, ൧൫ ദിവസം കൊണ്ടു പൂൎണ്ണനായിട്ടു പൂൎണ്ണിമ അല്ലെങ്കിൽ വെളുത്തവാവുദിവസം കാണപ്പെടുന്നു. പിന്നീടു ദിവസംതോറും ഓരോ കലവീതം കുറഞ്ഞുകുറഞ്ഞു്, ൧൫ ദിവസകാലം കൊണ്ടു് 'ആദിയേ' അമാവാസിയിൽ അദൃശ്യനായിത്തീരുന്നു. ഇങ്ങനെ മുപ്പതുദിവസംകൊണ്ടു ചന്ദ്രൻ ഒരു പരിവൃത്തി പൂൎത്തിയാക്കിവരുന്നു. ഇതിൽ കല വർദ്ധിയ്ക്കുന്ന ൧൫ ദിവസങ്ങൾക്കു ശുക്ലപക്ഷമെന്നും, കല ക്ഷയിയ്ക്കുന്ന ൧൫ ദിവസങ്ങൾക്കു കൃഷ്ണപക്ഷമെന്നും, രണ്ടുംചേൎന്ന ഒരു ചന്ദ്രപരിവൃത്തികാലമായ ൩൦ ദിവസത്തിന്നു് ഒരു മാസമെന്നും പേരുകൾ ഇടവാനിടയായി.

ഇപ്രകാരം മാസം എന്ന വ്യവഹാരത്തിൻെറ അടിസ്ഥാനം ചന്ദ്രനാകുന്നു.

സംവത്സരം എന്ന വിഭാഗത്തിൻെറ കാരണഭൂതൻ 'ആദിത്യൻ' സൂര്യനാകുന്നു. വസന്തഗ്രീഷ്മാദി അല്ലെങ്കിൽ വേനൽ, മഴ, മഞ്ഞു മുതലായ ഋതുക്കൾ മുറയ്ക്കു ചുറ്റി വരുന്നതിനാലും, സൂര്യൻ ൬-മാസക്കാലം വടക്കും, ൬-മാസക്കാലം തെക്കും മാറിമാറി നില്ക്കുന്നതിനാലും, ൧൨-മാസം കൂടിയ ഒരു കാലത്തിന് ഒരു പേർ ഇടേണ്ടതായിവന്നു. രണ്ടു മാസം ഒരു ഋതു; മൂന്ന് ഋതു അല്ലെങ്കിൽ ആറുമാസം ഒരു അയനം; രണ്ടയനം കൂടിയത് ഒരു സംവത്സരം എന്നു വിഭാഗങ്ങൾ മുറയ്ക്ക് ഏപ്പെട്ടു. ഇങ്ങനെയാണു സർവ്വജനീനമായ കാലഗണനാസമ്പ്രദായത്തിൻെറ ആഗമം. എന്നാൽ, കാലക്രമേണ പൂർവ്വികന്മാർ സൂര്യചന്ദ്രന്മാരേ മാത്രമല്ല, ആകാശത്തിൽ കാണുന്ന അനേകകോടി ജ്യോതിസ്സുകളേയും അവയുടെ സ്ഥിതിഭേദങ്ങളേയും മററും നോക്കിയറിഞ്ഞു്, ജ്യോതിശ്ശാസ്ത്രതത്വങ്ങളേ ഓരോന്നായി ഗ്രഹിച്ചു തുടങ്ങിയപ്പോൾ, മുൻ വിവരിച്ച മാസം മുതലായ വിഭാഗങ്ങളുടെ സ്ഥൂലത അവൎക്കു വെളിപ്പെട്ടു. ചന്ദ്രൻെറ വൃദ്ധിക്ഷയങ്ങൾക്ക് ഒരു ആവൃത്തി പൂർത്തിയാകുന്നതിനു ൩൦-ദിവസം തികച്ചു വേണ്ട, ഉദ്ദേശം ൨൯ൽ-ദിവസം മതി, എന്നു കണ്ടു. അതിനുമണ്ണം, സൂര്യൻ ഭൂമിയുടെ മദ്ധ്യരേഖയിൽനിന്നു തെക്കോട്ടും വടക്കോട്ടും ഉദ്ദേശം ൨൪-ഭാഗ അല്ലെങ്കിൽ 'ഡിഗ്രി' ചരിഞ്ഞു കിടക്കുന്ന ഒരു വൃത്തത്തിൽക്കൂടി ഭൂമിയ്ക്കു പ്രദക്ഷിണം ചെയ്യുകയാണെന്നും, അതിനു വേണ്ടുന്ന സംവത്സരം എന്ന കാലം മുപ്പതു ദിവസങ്ങളുള്ള ൧൨-മാസം അല്ല, ൩൬൫-ൽ ചില്വാനം ദിവസങ്ങളാണെന്നും അവൎക്കു ബോധപ്പെട്ടു. അപ്പോൾ മാസാദി വിഭാഗ

ങ്ങളേ ഒന്നു പരിഷ്കരിയ്ക്കേണ്ടതായി വന്നുകൂടി. ഉദയം മുതൽ ഉദയംവരെ എന്നുള്ള ദിവസവിഭാഗങ്ങളേ മാറ്റാൻ നിർവ്വാഹമില്ല. കറുത്തവാവു മുതൽ കറുത്തവാവുവരെ എന്നുള്ള മാസവിഭാഗത്തേയും ൨൯ൽ-ദിവസമേ ഉള്ളെങ്കിലും ഭേദപ്പെടുത്താൻ മാൎഗ്ഗമില്ല. ൩൬൫-ൽ ചില്വാനം ദിവസം കൂടിയതു് ഒരു സംവത്സരമെന്നും സ്വീകരിച്ചേ തീരൂ. ഈ ദുൎഘടത്തിൽ അവർ ചെയ്ത ഉപായം ഇപ്രകാരമാകുന്നു—മുപ്പതു ദിവസം തന്നെ ഒരു മാസം; ൧൨-മാസം തന്നെ ഒരു സംവത്സരം. അപ്പോൾ ഉണ്ടാകുന്ന ദോഷം, ഒരു സംവത്സരം വാസ്തവത്തിൽ ൩൬൫-ദിവസം ഉള്ളതിൽ, ൨൯ൽ×൧൨=൩൫൪ ദിവസമേ ഗണിച്ചിട്ടുള്ളു എന്നുള്ളതാണല്ലോ. ഇതിൽ കുറവു ൧൧ ദിവസങ്ങൾ, ഉദ്ദേശം ൩-വൎഷംകൊണ്ടു മുപ്പതു ദിവസം തികഞ്ഞു് ഒരു മാസം ആകുമ്പോൾ, അതിനേ 'അധിമാസം' എന്നു പറഞ്ഞു് ഉപേക്ഷിയ്ക്കുക എന്നൊരേൎപ്പാടു ചെയ്തു. ഈ വ്യവസ്ഥപ്രകാരം അപ്പോഴപ്പോളുണ്ടാകുന്ന ഏറ്റക്കുറവുകൾ ഉടനുടൻ തന്നെ തീൎന്നുപോകുന്നതിനാൽ, തെററുകൾ ഈട്ടംകൂടി കാലഗണനയേ ദുഷിപ്പിയ്ക്കുന്നതിനു് ഇടയാകുന്നില്ല.

ഈ സമ്പ്രദായമാണു് ഇതുവരെയും ഇൻഡ്യക്കാർ ആചരിച്ചുവരുന്നതു്. ഇതിൽ പലവിധം അസൗകൎയ്യങ്ങളും നേരിടുന്നു. ഇതിൻെറ മുഖ്യമായ ദോഷം, ദിവസമെന്നും സംവത്സരമെന്നും ഉള്ള വിഭാഗങ്ങൾ സൂൎയ്യഗതിയേ അനുസരിച്ചിരിയ്ക്കേ, മദ്ധ്യേയുള്ള മാസം എന്ന വിഭാഗം മാത്രം ചന്ദ്രഗതിയേ അനുസരിച്ചുപോയതാകുന്നു. ദിവസവും സംവത്സരവും സൗരമാനപ്രകാരം, മാസം മാത്രം ചാന്ദ്രമാനപ്രകാരം എന്നു

വിഭാഗോപാധി ഭേദപ്പെട്ടുകയാൽ ഒന്നിനൊന്നു യോജി യ്ക്കാതെ വരുന്നു. ഗ്രഹഭോഗങ്ങൾ, ഗ്രഹങ്ങൾ മുതലായ സകല ഗണിതവും ചെയ്യുന്നതിനു ജ്യൌതിഷികൾക്ക് 'അഹൎഗ്ഗണം' എന്നു പറയുന്ന ദിനസങ്ഖ്യ അത്യാവശ്യ മാകുന്നു. ഇന്ന മാസം ഇത്രാം തീയതി എന്നുള്ള ഇഷ്ട ദിവസം, ഗണിതാധാരമായിക്കല്പിച്ചിട്ടുള്ള 'ധ്രുവ'ദിവസ ത്തിൽ നിന്ന് എത്രനാൾ കഴിഞ്ഞിട്ടുള്ളതാണെന്നു കണ ക്കാക്കുമ്പോൾ, അതിനിടയിൽ എത്ര അധിമാസങ്ങളും, എത്ര ക്ഷയാഹങ്ങളും ഉണ്ടെന്നു കണക്കു വരുത്തി, കൂട്ടു കയും കളകയും ചെയ്തു ശരിപ്പെടുത്തുന്നത് ഒരു ക്ലേശബ ഹുലമായ പ്രവൃത്തിയാകുന്നു. എല്ലാക്കരണഗ്രന്ഥങ്ങളിലും അഹൎഗ്ഗണനായനത്തിനു വേണ്ടുന്ന സൂത്രങ്ങളേയാണു ഗ്രന്ഥകാരന്മാർ ആദ്യമായി വിവരിക്ക പതിവ്. ഈ ക്ലേശത്തിന്റെ സ്വഭാവം അതിൽ പ്രവൎത്തിച്ചിട്ടില്ലാത്ത വൎക്ക് അത്ര വലുതായി തോന്നാതെ വരാം. അതിനേ അനുഭവപ്പെടുത്താൻ ഒരു ഉദാഹരണം കാണിക്കാം:— ഈ തിരുവിതാംകോട്ടിൽ, കാശ്, ചക്രം, പണം, രൂപ എന്ന നാട്ടുനാണയങ്ങളുടെ കൂട്ടത്തിൽ, രണ്ടണ, നാല ണ മുതലായ വെള്ളിത്തുട്ടുകളും ബ്രിട്ടീഷുരൂപയും കൂടി കലൎത്തി ഉപയോഗിച്ചുവരുന്നതുകൊണ്ടും, ഏഴ പണം വിലയുള്ള തിരുവിതാംകൂർ രൂപ ഒററ നാണയമായി ഇല്ലാതെ വന്നിരിക്കുന്നതുകൊണ്ടും കണക്കെഴുതുന്നവൎക്ക് എന്തു ക്ലേശം നേരിടുന്നു എന്നു ബോധമുണ്ടല്ലോ. രണ്ടു വിജാതീയമാനങ്ങളെ കൂട്ടിക്കലൎത്തിയാലുണ്ടാകുന്ന കുഴ പ്പം, ഇതിൽനിന്ന് ഊഹിച്ചാൽ അറിയാം.

മലയാളികൾ ചാന്ദ്രമാനത്തേ നിശ്ശേഷം ഉപേ ക്ഷിച്ച്, കാലമാനം സകലത്തും സൌരമാനപ്രകാരമാക്കി, ഈ കുഴപ്പത്തിന് അവകാശമേ ഇല്ലാതാക്കിയിരിക്കുന്നു,

കേരളത്തിലേ കാലഗണനപോലെ ശാസ്ത്രാനുസൃതമായ ഒരു സമ്പ്രദായം ഭൂലോകത്തിൽ മററൊരിടത്തും തന്നെ് ഇല്ലെന്നു പറയാം. നമ്മുടെ തീയതിയും മാസവും ആണ്ടും. എല്ലാം സൌരമാനപ്രകാരം കൃത്യമായി അളന്നു നിശ്ച യിയ്ക്കപ്പെട്ടതാകുന്നു. സൂര്യൻ ഭൂമിയേ ചുററി പ്രദക്ഷിണം ചെയ്തുവരുന്നു എന്നും, ഒരു പ്രദക്ഷിണപൂർത്തിയ്ക്കുള്ള കാലമാണു് ഒരു സംവത്സരമെന്നു പറയുന്നതെന്നും മുൻപു പ്രസ്താവിച്ചുവല്ലോ. സൂര്യൻ ചരിയ്ക്കുന്ന ഈ വൃത്ത ത്തിനു ജ്യൌതിഷികന്മാർ 'അപക്രമമണ്ഡലം' അല്ലെങ്കിൽ 'രാശിചക്രം' എന്നു പേർ ചെയ്തിരിയ്ക്കുന്നു. ഈ വൃത്ത ത്തിനു പല വിഭാഗങ്ങളുമുണ്ടു്. ൨൭-ഭാഗങ്ങളായിട്ടു് ൧൨-അതുകളിൽ ഓരോന്നിന്നുമാണു നക്ഷത്രം എന്നു പറയുന്നതു്. അവയുടെ അശ്വതി, ഭരണി, കാർത്തിക എന്ന സംജ്ഞകൾ അതിപ്രസിദ്ധങ്ങളാണല്ലോ. ച ന്ദ്രന്റെ സഞ്ചാരവൃത്തത്തേപ്പററി പ്രസ്താവിയ്ക്കുന്നതി ലാണു് ഈ വിഭാഗത്തിനു് അധികം ഉപയോഗം. ചന്ദ്രൻ ൨൭-ദിവസംകൊണ്ടു് ഒരു പരിവൃത്തി ചുററി വരും. അതിൽ ഏതു ദിവസം ഏതു നക്ഷത്രത്തിൽ ചന്ദ്രൻ നില്ക്കുന്നുവോ അതാണു് അന്നത്തേ നക്ഷത്രം എന്നു നാം വ്യവഹരിയ്ക്കുന്നതു്. ഈ വൃത്തത്തിനു തന്നെ രാശിചക്രം എന്നു വേറേ ഒരു വിഭാഗം പറ ഞ്ഞതു്, പന്ത്രണ്ടു് എണ്ണമായിട്ടാണു്. അതിൽ ഓരോ ന്നും ഓരോ രാശി. അവയ്ക്കു് അടുത്തു നില്ക്കുന്ന ചില നക്ഷത്രക്കൂട്ടത്തിന്റെ ആകൃതി പ്രമാണിച്ചു് ഒന്നു് ആട്ടിൻ തലപോലെ ഇരിയ്ക്കയാൽ അതു മേഷം അല്ലെങ്കിൽ മേടം; മററൊന്നിനു കാളയുടെ സ്വരൂപമുള്ളതിനാൽ അതു വൃഷഭം (ഇടവം)— ഇത്യാദി പേരുകൾ സിദ്ധിച്ചു.

ഇങ്ങനെ സൂൎയ്യചന്ദ്രന്മാരും, കുജാദിഗ്രഹങ്ങളും ചലിയ്ക്കുന്ന വൃത്തത്തിന്ന ൧൨-ആയിട്ടും, ൨൭-ആയിട്ടും രണ്ടു വിഭാഗങ്ങൾ. രണ്ടു വിഭാഗങ്ങളേയും കൂട്ടി യോജിപ്പിച്ചാൽ രണ്ടേകാൽ നക്ഷത്രം ഒരു രാശി എന്ന വരും. സൂൎയ്യാദികൾ ചരിയ്ക്കുന്ന മാൎഗ്ഗം വൃത്താകൃതിയായതിനാൽ 'ത്രികോണമിതി'ശാസ്ത്രപ്രകാരം വൃത്തങ്ങൾക്കു പൊതുവേ ഉള്ള വിഭാഗവും ഉപയോഗിയ്ക്കാറുണ്ടു്. അതു മുന്നൂററിഅറുപതു്-ഡിഗ്രികൾ അല്ലെങ്കിൽ ഭാഗകൾ എന്നുള്ള വിഭാഗമാണു്. അതിന്നമേൽ, ഒരു ഭാഗയ്ക്കു് ൬൦-കല; ഒരു കലയ്ക്കു് ൬൦-വികല! എന്നുള്ള അവാന്തരവിഭാഗങ്ങളും ഉണ്ടു്. അപ്പോൾ ൩൦-ഭാഗ കൂടിയതു് അല്ലെങ്കിൽ രണ്ടേകാൽ നക്ഷത്രം കൂടിയതു് ഒരു രാശി; പന്ത്രണ്ടു രാശി ഗ്രഹഭ്രമണവൃത്തം—എന്നായി. ഈ വിഭാഗമെല്ലാം എല്ലാ ദേശങ്ങളിലെ ജ്യൌതിഷികളും സമ്മതിച്ചിട്ടുള്ളതാണു്.

കേരളത്തിലെ ജ്യൌതിഷികൾ ഈ ൧൨-ആയിട്ടുള്ള രാശിചക്രവിഭാഗത്തേ എടുത്തു്, സൂൎയ്യൻ ഒരു രാശിയിൽ നില്ക്കുന്ന കാലം ഒരു മാസം എന്ന നിശ്ചയം ചെയ്തു. മററുള്ള നാട്ടുകാർ അപരിഹാൎയ്യം എന്ന വച്ച ചാന്ദ്രമാനപ്രകാരം ഗണിച്ചിരുന്ന മാസവിഭാഗത്തേക്കൂടി സൌരീകരിച്ചു്, കാലവിഭാഗമെല്ലാം ഒരേ തോതിലാക്കി; എല്ലാം ശരിപ്പെടുത്തി. സൂൎയ്യൻ മേഷരാശിയിൽ നില്ക്കുന്ന കാലം മേടമാസം; വൃഷഭരാശിയിൽ നില്ക്കുന്ന കാലം ഇടവമാസം; മിഥുനരാശിയിൽ നില്ക്കുന്ന കാലം മിഥുനമാസം; ഇത്യാദി മുറയ്ക്കു പന്ത്രണ്ടിനും. അതിൽ സൂൎയ്യന്റെ ഭ്രമണമാൎഗ്ഗം നേരേ വൃത്തമല്ലാതെ ദീൎഘവൃത്താകൃതിയാകയാലും, ഭൂമിയുടെ സ്ഥിതി ദീൎഘവൃത്ത

ത്തിന കേന്ദ്രസ്ഥാനം വഹിയ്ക്കുന്ന 'നാഭികൾ' എന്ന രണ്ടു 'വിന്ദുക്കൾ' ഉള്ളതിൽ ഒന്നിലാകയാലും, ഭൂമിസ്ഥന്മാരുടെ ദൃഷ്ടിയിൽ സൂൎയ്യന്റെ ഗതിയ്ക്കു് ഏററക്കുറവുകൾ വരുന്നു. ഈ ഏററക്കുറവ് അനുസരിച്ചാണു്, മാസങ്ങളുടെ തീയതികൾ വ്യവസ്ഥപ്പെടുത്തിയിരിയ്ക്കുന്നതു്. മീനം മുതൽ കന്നിവരെ ൬-മാസങ്ങളിൽ, സൂൎയ്യന്ന ഭൂമിയിൽനിന്നുള്ള ദൂരം അധികപ്പെടുകയാൽ ഗതി കുറയുന്നതുകൊണ്ടു്, ൩൦ ഡിഗ്രി ചലിയ്ക്കാൻ ൩൦-ൽ അധികം ദിവസം വേണ്ടിവരുന്നു. അതിനാൽ ആ മാസങ്ങളിൽ തീയതി മുപ്പത്തിരണ്ടോളം ഏറുന്നു. ശേഷം ൬-മാസങ്ങളിൽ, നേരേമറിച്ചു്, സാമീപ്യത്താൽ ഗതി വർദ്ധിച്ചു്, ൩൦ ദിവസത്തിന്ന മുൻപുതന്നെ രാശി മുഴുവൻ സൂൎയ്യൻ ഭുജിച്ചു തീരുന്നതിനാൽ തീയതി ഇരുപത്തൊൻപതോളം കുറയുന്നു. സൂൎയ്യന്റെ സങ്ക്രമം ഉദയത്തിൽത്തന്നെ വരണമെന്നു നിർബ്ബന്ധമില്ലായ്കയാൽ, എന്നല്ല അങ്ങനെ വരുന്നതു വളരെ അപൂർവ്വമേയുള്ളൂ എന്നിരിയ്ക്കയാൽ, മാസാവസാനം ഏതു ദിവസം വേണമെന്നു സന്ദേഹം വരുന്നതിനും നല്ല സയുക്തികമായ ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. മദ്ധ്യാഹ്നത്തിന്ന മുൻപു സങ്ക്രമം വന്നാൽ അന്നു് ൧-ാംനു; അതിന്നു മേലായാൽ ൧-ാംനു പിറേറദിവസം. ഇതു ലൌകികവ്യവഹാരങ്ങൾക്കു വേണ്ടി ചെയ്ത വ്യവസ്ഥ. വൈദികാനുഷ്ഠാനങ്ങൾക്കു സൂക്ഷ്മമായ സങ്ക്രമകാലം മുതൽത്തന്നെ മാസാരംഭം. ഇന്നു ൧൨-ാംനാഴികയ്ക്കു മേഷസങ്ക്രമവും, ൧൦-നാഴികവരെ അശ്വതിനക്ഷത്രവും എന്നു വന്നാൽ, ൧൨-ാംനാഴികവരെ മീനമാസമാകയാൽ, മീനമാസത്തിലേ അശ്വതി പുറന്നാൾ, ലൌകി

കവ്യവഹാരത്തിൽ മേടം ൧-ാംനു- എന്നു ഗണിയ്ക്കുന്ന ആ ദിവസം ആണു് അനുഷ്ഠിയ്ക്കുന്നതു്.

ഇത്രയുംകൊണ്ടു്, മലയാളദേശത്തിലേ കാലഗണനസമ്പ്രദായം എത്രയും സയുക്തികവും, ശാസ്ത്രാനുസൃതവും, ജ്യോതിശ്ശാസ്ത്രനൈപുണ്യസൂചകവും ആണെന്നു ഭവാന്മാർ ഊഹിച്ചുകൊൾക. ഇൻഡ്ന്യയിൽ ഉള്ള മററു വർഗ്ഗക്കാരുടെ നില ഇതോടു താരതമ്യപ്പെടുത്തുമ്പോൾ വളരെ മോശം ആണു്. ഈയാണ്ടിൽ മേടമാസം കഴിഞ്ഞാൽ അടുത്ത ഒരു മാസം വകയില്ല; അതിനടുത്തതാണു് ഇടവമാസം എന്നും; ഈ മാസത്തിൽ ഏഴും എട്ടും തീയതികൾ ഒരു ദിവസമാണു് എന്നും; മറെറാരു മാസത്തിൽ ൧൦-ാംനു-യ്ക്കു് അപ്പുറം ൧൧-ാംനു- ഒരു ദിവസം കഴിഞ്ഞാണു് എന്നും മററും വന്നാൽ, അതു നമുക്കു് എത്രയോ അസംബന്ധമായിട്ടു തോന്നും. എന്നാൽ, ഇതു ചാന്ദ്രമാസങ്ങളേ സ്വീകരിയ്ക്കുന്ന ഇൻഡ്യാവാസികൾക്കു കൂടക്കൂടെ സംഭവിയ്ക്കുന്ന ഒരു സങ്ഗതി ആകും. നക്ഷത്രങ്ങൾക്കും തിഥികൾക്കും ഈ മട്ടു നമുക്കു പരിചിതമാണല്ലോ. നാം തിഥി എന്നു പറയുന്നതു തന്നെ ആണു് അവരുടെ തീയതി എന്നു് ഓർത്താൽ മതി. തിഥി എന്ന സംസ്കൃതപദം തന്നെയാണു നമ്മുടെ തീയതി ആയതു്. തമിഴർ തിഥിയേ 'തേതി' ആക്കി; മലയാളികൾ ഒന്നുകൂടി നീട്ടി 'തീയതി' ആക്കി എന്നേ ഉള്ളു.

എന്നാൽ ഇവിടെ വിവരിച്ച ഈ കാലഗണനാക്രമം മലയാളത്തു മാത്രമേ നടപ്പുള്ളോ എന്നാണു് ഇനി ആലോചിപ്പാനുള്ളതു്. തമിഴ്ദേശങ്ങളിലും ഈ സൗരസമ്പ്രദായംതന്നെയാണു നടപ്പു്. ഇതു തമിഴരിൽനിന്നു

മലയാളികൾ ഗ്രഹിച്ചോ; അതോ മറിച്ചോ; അല്ലെങ്കിൽ ഈ സമ്പ്രദായം ദ്രാവിഡർക്ക് പൊതുവേ ഉണ്ടായിരുന്നതോ—എന്നാണ് ഇനിയത്തെ ചോദ്യം. കേരളത്തിൽനിന്ന് അടുത്ത പാണ്ഡ്യദേശത്തേയ്ക്കു വ്യാപിച്ചതാണെന്നാണ് എന്റെ താഴ്മയായ അഭിപ്രായം. എന്തുകൊണ്ടെന്നാൽ, തമിഴിലേ മാസനാമങ്ങൾ എല്ലാം, മററുള്ളവരുടെ ചാന്ദ്രമാനപ്രകാരമുള്ള മാസനാമങ്ങളിൽനിന്ന് ഉദ്ഭവിച്ച തദ്ഭവങ്ങളാണെന്നു സ്പഷ്ടമാകുന്നു. ചാന്ദ്രമാനപ്രകാരമുള്ള മാസങ്ങൾ അതാതു മാസങ്ങളിലേ വെളുത്തവാവ് ഏതു നക്ഷത്രത്തിൽ പ്രായേണ വരുന്നുവോ, ആ നക്ഷത്രത്തിന്റെ പേരിൽനിന്നു വ്യുത്പാദിപ്പിച്ച തദ്ധിതനാമങ്ങളാകുന്നു. ചിത്തിരയിൽ പൗർണ്ണമാസി വരുന്ന മാസം ചൈത്രം; വിശാഖത്തിൽ വരുന്നതു വൈശാഖം; അനുരാധ എന്ന അനുഷത്തിൽ വരുന്നതു് ആനുരാധം;—ഇങ്ങനെ ചൈത്രം, വൈശാഖം, ജ്യൈഷ്ഠം അല്ലെങ്കിൽ ആനുരാധം, ആഷാഢം, ശ്രാവണം, പ്രൌഷ്ഠപദം, ആശ്വിനം, കാർത്തികം, മാർഗ്ഗശീർഷം, പൗഷം അല്ലെങ്കിൽ തൈഷം, മാഘം, ഫാല്ഗുനം—എന്ന ചാന്ദ്രമാസങ്ങൾ തന്നെയാണു തമിഴിൽ, ചിത്തിര, വൈകാശി, ആനി മുതലായവയായിത്തീൎന്നതെന്നു് ഒരു നോട്ടത്തിൽത്തന്നെ വെളിപ്പെടുന്നു. മലയാളത്തിലാകട്ടെ, മേടം, ഇടവം മുതലായവ തത്കാലം സൂര്യാധിഷ്ഠിതരാശികളുടെ പേരുകളാകയാൽ ചാന്ദ്രമാസത്തിന്റെ സ്പർശംപോലുമില്ല. അതിനാൽ, ഈ സൗരമാനരീതി കേരളത്തിൽനിന്നു് അടുത്ത തമിഴദേശങ്ങളേ വ്യാപിച്ചു എന്നു കല്പിയ്ക്കുന്നതിനാണ് അധികം സംഭാവ്യത. തെലുങ്ക്, കർണ്ണാടകം മുതലായ ശേഷം ദ്രാവിഡഭാഷകൾ സംസാരിയ്ക്കുന്നവർ, ഇന്നും

ഉത്തരദേശത്തുകാരേപ്പോലെ ചാന്ദ്രമാനത്തേത്തന്നെ ഉപയോഗിച്ചുവരുന്നതിനാൽ, ഈ സമ്പ്രദായം ദ്രാവിഡരുടെ പൊതുസ്വത്തായിരുന്നു എന്നു കല്പിയ്ക്കുന്നതിനും അവകാശമില്ലാതെ പോയി. ഇൻഡ്യയ്ക്കു വെളിയിലുള്ള യൂറോപ്പുരാജ്യങ്ങളിലേ കാലഗണനാസമ്പ്രദായം, സൗരമാനാനുസൃതമാണെങ്കിലും, അവരുടെ മാസങ്ങൾക്കുള്ള തീയതിവ്യവസ്ഥ ജ്യോതിശ്ശാസ്ത്രസിദ്ധാന്തങ്ങളേ അനുസരിച്ചല്ല. ഉള്ളതിലും തീയതി കുറയുന്ന മകരം ധനുമാസങ്ങളുടെ പൂർവ്വോത്തരാർദ്ധം ചേൎന്ന ജനുവരിമാസത്തിനു ൩൧ തീയതി കല്പിച്ചതും, അതുപോലെ തന്നെ, ദീർഘതമമായ ഇടവം മിഥുനം ചേൎന്ന ജൂൺമാസത്തിനു ൩൦ തീയതി നിശ്ചയിച്ചതും ജ്യോതിശ്ശാസ്ത്രത്തിനു നേരേ വിരുദ്ധമായിരിയ്ക്കുന്നു. അതിനാൽ കേരളീയരുടെ കാലമാനരീതിയാണു സർവ്വോത്തമം എന്നു നാം പറയുന്നതായാൽ, അതിൽ സ്വദേശാഭിമാനം നമ്മേ വ്യാമോഹിപ്പിയ്ക്കുന്നതാണെന്നു മഹാന്മാർ ആക്ഷേപിയ്ക്കാൻ ഇടയാവുകയില്ലെന്നു വിശ്വസിയ്ക്കുന്നു.

കേരളീയൎക്കു ജ്യൗതിഷവിഷയത്തിൽ വേറേ അംശങ്ങളിലും ഉത്കൎഷമുണ്ട്. ഗണിതത്തിന് ഇങ്ക്ളീഷിൽ (Formula) എന്നു പറയുന്ന പല കരണസൂത്രങ്ങളുടേയും അപേക്ഷയുണ്ട്. അതുപോലെ ഭുജജ്യാ (Sine) കോടിജ്യാ (Cosine) മുതലായതുകളുടെ തുക കാണിയ്ക്കുന്ന പല പട്ടികകളും ആവശ്യപ്പെടുന്നു. ഇതിനെ ഒക്കെയും തിട്ടപ്പെടുത്തുന്നതിൽ ലക്കങ്ങളേ പലവിധത്തിലും ഉപയോഗിയ്ക്കേണ്ടി വരുന്നു. ലക്കങ്ങളേ വളരെ ലഘുവായി ശ്ലോകങ്ങളിലും മററും ചേൎത്തുകവെണ്ണം ഒരു സമ്പ്രദായം കേരളത്തിൽ നടപ്പുണ്ട്. ഇതിന് അക്ഷര

സംഖ്യ അല്ലെങ്കിൽ കടപയാദിസംഖ്യ, അല്ലെങ്കിൽ 'പരൽ' എന്നു പേർ. ഇതിന്റെ സ്വഭാവം വളരെ ലഘുവും, സൌകൎയ്യസമ്പാദകവും ആകുന്നു. വ്യഞ്ജനാക്ഷരങ്ങൾ അക്ഷരമാലയിലെ ക്രമപ്രകാരം, ൧, ൨, ൩— എന്ന സംഖ്യകളെ കുറിക്കുന്നു; കേവലസ്വരങ്ങൾ ശൂന്യത്തെ കാണിക്കുന്നു. അപ്പോൾ വർഗ്ഗാക്ഷരങ്ങൾ ൨൫ ഉള്ളതു പതിപ്പത്തായി ഭാഗിക്കുമ്പോൾ രണ്ടര 'സ്സെറ്റ്'; ശേഷം, യ—മുതൽ, ള—വരെ ഉള്ളവ ഒൻപതു്; കൂട്ടക്ഷരത്തിൽ ഒടുവിലെ വ്യഞ്ജനം പ്രധാനം— ഇത്രയേ ഉള്ളു പരല്പേരിന്റെ നിബന്ധന. ഈ ഏൎപ്പാടിൻപ്രകാരം, ൧—മുതൽ ൯—വരെ ഉള്ള അക്കങ്ങളെ കുറിപ്പാൻ നന്നാലക്ഷരങ്ങളും, ൰—മുതൽ ൱—വരെ ഉള്ളവയെ കാണിപ്പാൻ മുൻമൂന്നക്ഷരങ്ങളും, ശൂന്യത്തിനെ പ്രദൎശിപ്പിക്കുവാൻ രണ്ടു വ്യഞ്ജനങ്ങളും ൧൰ കേവലസ്വരങ്ങളും ഉണ്ടു്. ഇങ്ങനെ തിരിഞ്ഞെടുക്കാൻ സൌകൎയ്യമുള്ളതിനാൽ, ഏതു വലിയ സംഖ്യയേ കാണിക്കുന്നതിനും നല്ല അൎത്ഥമുള്ള ഒരു വാക്യം എളുപ്പത്തിൽ നിൎമ്മിക്കാമെന്നു സ്പഷ്ടമാകുന്നു. ഇന്ന അക്ഷരത്തിന്നു് ഇന്ന ലക്കമെന്നു് ഉറപ്പുവരുന്നതിനും സ്വല്പപരിചയം മതിയാകും. ഇങ്ക്ളീഷുപഠിച്ചിട്ടുള്ള നമ്മൾക്കു പട്ടികകളും മററും ചമയ്ക്കുന്നതിൽ ഉൾപ്പിരിവുകളുടെ സംഖ്യ കുറിപ്പാൻ, A. B. C. D. മുതലായ അക്ഷരങ്ങൾ ഉപയോഗിക്കുമ്പോൾ അതു് എത്രാമത്തേതാണെന്നു ഗ്രഹിപ്പാൻ എണ്ണിനോക്കേണ്ടിവരുന്നില്ലല്ലോ. വക്കീലന്മാരുടെ ഗ്രന്ഥസ്ഥന്മാൎക്കും മററും പ്രമാണം 'കൃ'പ്രമാണം എന്നും മററും പറയുമ്പോൾ അവയ്ക്കു് എതിരായ സംഖ്യയുടെ ഉപസ്ഥിതി ഉടൻതന്നെ ഉണ്ടാകുമെന്നാണു് എന്റെ വിശ്വാസം. അതിൽ സന്ദേഹമുണ്ടാ

യിരുന്നാലും, C, L, I, X എന്നും മററും ഉള്ള റോമൻ അക്കത്തെ സങ്കലനവ്യവകലനക്രിയകളെല്ലാം ചെയ്തു സങ്ഖ്യയാക്കിക്കൊണ്ടുവരുന്നിടത്തോളം ശ്രമം പരല്പേരിൻെറ സങ്ഖ്യ അറിയുന്നതിൽ ഇല്ലെന്നു് എനിയ്ക്കു തന്നെ നല്ല അനുഭവമുണ്ടു്.

ഗ്രഹിപ്പാനും ഓൎമ്മിപ്പാനും ഉള്ള സൗകര്യത്തിൽ മലയാളജ്യൌതിഷികന്മാർ സകല സങ്ഖ്യകളേയും പരല്പേർകൊണ്ടാണു വ്യവഹരിയ്ക്കു പതിവു്. ഇന്നു മദ്ധ്യാഹ്നസമയത്തു ചന്ദ്രൻെറ 'രാശിഭോഗം' (Longitude) എത്രയാണെന്നു് ഒരു കേരളീയജ്യോത്സ്യരോടു ചോദിച്ചാൽ, അയാൾ 'ചന്ദ്രോ മാനദഃ' എന്നാണെന്നു് ഉത്തരം പറയും. ൬ രാശി (Sign) ൫ ഭാഗ (Degree) ൨൬ കല (Minutes) എന്നു സങ്ഖ്യയാക്കിക്കൊണ്ടു പറയുന്നതിലെളുപ്പം കേരളീയൎക്കു് ഈ വാക്യം ആയിത്തീൎന്നിട്ടുണ്ടു്. മലയാളപഞ്ചാങ്ഗങ്ങളിൽ ഗ്രഹസ്ഫുടങ്ങളേയും മററും, ഇങ്ങനെ പേരിട്ടല്ലാതെ, അക്കങ്ങളായിട്ടു് ആരും എഴുതാറില്ല. സങ്ഖ്യകളേ പരല്പേരുകൊണ്ടു നിൎദ്ദേശിയ്ക്കുന്ന ക്രിയയ്ക്കു 'പേരിടുക' എന്നാണു സാധാരണ വ്യവഹാരം. സങ്ഖ്യകളേവെച്ചു പേരിടുക എന്നുള്ളതു മലയാളികൾക്കു് ഒരു നിഷ്പ്രയാസമായ ജോലിയാണെന്നു മാത്രമല്ല, അതിനെ അവർ ഒരു വിനോദത്തിൻെറ കൂട്ടത്തിൽകൂടി ഗണിച്ചിരിയ്ക്കുന്നു. ഈ തിരുവനന്തപുരത്തു്, മുറജപകാലത്തു്, 'പാദം' വയ്ക്കുന്നതിനു പ്രത്യേകം ഒരു നെടുംപുരയും കവിടിസഞ്ചിയും കൊടുക്കുക എന്നൊരേൎപ്പാടു് ഇപ്പോഴും ഉണ്ടു്. പാദംവയ്ക്കുക എന്നാൽ വേദത്തിലേയോ, സുപ്രസിദ്ധമായ മഹാകാവ്യങ്ങളിലേയോ ഒരു ശ്ലോകത്തിൻെറ ഒരു പാദം പരല്പേർസംഖ്യ അനുസ

രിച്ചു കവിടികൊണ്ടു വയ്ക്കുക ആകുന്നു. ആ സംഖ്യ നോക്കി അടുത്തു നില്ക്കുന്നവർ, വെച്ചവൻ ഉദ്ദേശിച്ച ശ്ലോകപാദത്തെ നിഷ്പ്രയാസമായി പറഞ്ഞുകളയും. ഈ കലയിൽ വളരെ പാണ്ഡിത്യമുള്ളവർ, പാദം വയ്ക്കുന്നവൻ ഓരോ അക്ഷരത്തിനും കവിടിവെച്ചു തീരും മുൻപു തന്നെ, ലാഘവാതിശയത്താൽ പറഞ്ഞുകളയും. ഇങ്ങനെ ചെയ്യുന്നതിനു 'മുഖത്തിടുക' എന്നൊരു വചനവും ഉണ്ടായിട്ടുണ്ട്. ഇന്നും മുഖത്തിടത്തക്ക പാണ്ഡിത്യമുള്ളവർ നമ്പൂരിമാരുടെ കൂട്ടത്തിൽ ചിലർ കാണും. നാരായണീയകർത്താവായ മേല്പുത്തൂർ നാരായണഭട്ടതിരി ഈ വിദ്യയിൽ അതിനിപുണനായിരുന്നു. അദ്ദേഹം ബാല്യകാലത്തിൽ ഒരു മന്ദൻ അല്ലെങ്കിൽ വിടൻ ആയി നടന്നിരുന്നു എന്നും, ഒരു ദിവസം പ്രസിദ്ധജ്യൗതിഷിയായ അച്യുതപ്പിഷാരോടി ഒരു കലിസങ്ഖ്യ വച്ച് അതിനു പേരിടാൻ തന്റെ ശിഷ്യരോടു പറഞ്ഞ സമയം, യദൃച്ഛയാ ഭട്ടതിരി അവിടെ ചെല്ലാൻ ഇടയായതിൽ ശിഷ്യന്മാർ പേരിടാൻ താമസിയ്ക്കയാൽ, 'എന്നാൽ, ഉണ്ണിനമ്പൂരിശ്ശൻ ഇതിന് ഒരു പേരിടാൻ നോക്കു' എന്നു പിഷാരോടി പറഞ്ഞ ക്ഷണത്തിൽ ത്തന്നെ, ഭട്ടതിരി 'ബാലകളത്രം സൌഖ്യം' എന്നു പേരിടുകയും, അതു പിഷാരോടിയ്ക്കു കയ്ക്കയാൽ കാലതാമസം സ്വല്പവും കൂടാതെ ഭട്ടതിരി 'ലിംഗവ്യാധിരസഹ്യഃ' എന്ന വേറൊരു പേർ പറകയും ചെയ്തതിൽ പിഷാരോടി സന്തോഷിച്ച് അദ്ദേഹത്തെ തന്റെ ശിഷ്യനായി സ്വീകരിയ്ക്കാനിടയായി എന്നുമൊരു ഐതിഹ്യമുണ്ട്. ഭട്ടതിരിയ്ക്ക് ഈ വിഷയത്തിൽ ഉണ്ടായിരുന്ന വാസന അന്യാദൃശംതന്നെ ആയിരുന്നുതാനും. ഒരവസരത്തിൽ അദ്ദേഹം ചെമ്പകശ്ശേരി (അമ്പലപ്പുഴ) രാജാ

വിൻെറ രാജധാനിയിൽ താമസിയ്ക്കുമ്പോഠം ഒരു അതിവൃഷ്ടികഷ്ടമുണ്ടായി. താഴ്ന്ന ഭൂമിയായ അമ്പലപ്പുഴ മുഴുവൻ ജലത്തിൽ മുഴുകിപ്പോയി. ആ സംഭവത്തെപ്പററി ഭട്ടതിരി ഒരു ശ്ലോകം നിമ്മിച്ചിട്ടുണ്ടു്.

"നദീപുഷ്ടിരസഹ്യാ ന
നാഹ്യസാരം പയോഽജനി
നിജാത് കുടീരാത് സായാഹ്നേ
നഷ്ടാൎത്ഥാഃ പ്രയയുൎജ്ജനാഃ"

വളരെ അലങ്കാരങ്ങളാലൊന്നും അലംകൃതമല്ലെങ്കിലും, ഈ ശ്ലോകം പ്രകൃതസംഭവത്തെ സരസമായ മട്ടിൽ വൎണ്ണിയ്ക്കുന്നു. "നദികഠം അസഹ്യമായ മട്ടിൽ പെരുകി, കുറച്ചെങ്ങുമല്ല വെള്ളപ്പൊക്കമുണ്ടായതു്. കുടികഠം സന്ധ്യാകാലത്തിൽ സകലസ്വത്തുക്കളും ഉപേക്ഷിച്ചിട്ട വീടുവിട്ടു് ഓടുകയുണ്ടായി" * എന്നാണു ശ്ലോകത്തിൻെറ സാരം. ഇതിൻെറ ഓരോ പാദവും പ്രത്യേകം ആ സംഭവം നടന്ന ദിവസത്തെ കലിദിനസങ്ഖ്യയെ പരല്പേരുകൊണ്ടു കാണിയ്ക്കുന്നു. വിഷമപാദങ്ങളിൽ അനുലോമരീതിയിലും, സമപാദങ്ങളിൽ പ്രതിലോമരീതിയിലും ആ ഒരേ സങ്ഖ്യയെത്തന്നെ ഇതിൽ നിബന്ധിച്ചിരിയ്ക്കുന്നു. അപ്പോഠം, ഈ ശ്ലോകം മുഴുവനും അന്നത്തെ ദിവസത്തെ—൧൮൨൦൭൧൦—എന്നുള്ള കലിസങ്ഖ്യയെത്തന്നെ കാണിയ്ക്കുന്നു. അൎത്ഥത്തിനു യാതൊരു

* ഇതു തിരുനാവായെ വെച്ചു നടന്ന മാമാങ്കാഘോഷാവസരത്തിൽ പേരാറ്റിൽ വെള്ളം പെരുകിയതു കണ്ടു് ഉണ്ടാക്കപ്പെട്ട പദ്യമാണെന്നും ഒരുപക്ഷമുണ്ടു്. (പ്രസാധകൻ)

കുറവും വന്നിട്ടില്ലതാനും. ഈ മാതിരി കവിത എങ്ങനെ ആശ്ചൎയ്യത്തെ ജനിപ്പിയ്ക്കാതിരിയ്ക്കും? ഇങ്ങനെ ഉള്ള ഒരു റിക്കാൎട്ടിനെ വിലമതിയ്ക്കുന്നതെങ്ങനെ? ചരിത്ര കാരൻെറ ദൃഷ്ട്യാ ഇതു് ഒരു ഗ്രന്ഥവരിയും, കവിയുടെ ദൃഷ്ട്യാ ഒരു സരസപദ്യവും ആയിരിയ്ക്കുന്നു.

ചരിത്രകാരനു പരല്പേരുകൊണ്ടു പല സംഭവങ്ങളുടേയും തീയതി നിശ്ചയിപ്പാൻ മലയാളത്തിൽ മാൎഗ്ഗമുണ്ടു്. ബ്രഹ്മസൂത്രകാരനായ ശ്രീമച്ഛങ്കരാചാൎയ്യസ്വാമികളുടെ സ്വൎഗ്ഗാരോഹണദിവസത്തെ കലിദിനസങ്ഖ്യ, 'ആചാൎയ്യവാഗഭേദ്യാ' എന്നാണെന്നു കേട്ടിട്ടുണ്ടു്. ആചാൎയ്യന്മാരുടെ വാക്കിന്നു് ഒരിയ്ക്കലും ഭേദം വരുകയില്ലെന്നുള്ള അൎത്ഥസാങ്ഗത്യം നോക്കുമ്പോൾ ഇതു വാസ്തവമായിരിപ്പാനിടയുണ്ടെന്നു് ഊഹിയ്ക്കേണ്ടിയിരിയ്ക്കുന്നു. എന്നാൽ, ഈ ദിനസങ്ഖ്യയെ വൎഷമാക്കി നോക്കിയതിൽ കൊല്ലവൎഷത്തിൻെറ ആരംഭവത്സരമായ കല്യബ്ദം ന്ദൻവന്നു വന്നതു്, വേറെ സങ്ഗതികളോടു യോജിയ്ക്കുന്നില്ലെന്നു്, എൻെറ ചരിത്രപണ്ഡിതനായ സ്നേഹിതൻ എന്നോടു പറകയുണ്ടായി. ആ സ്ഥിതിയ്ക്കു് ഈ വാക്യം കൊല്ലവൎഷാരംഭദിനത്തെ ഓൎമ്മിയ്ക്കാൻവേണ്ടി ചെയ്തതായിരിയ്ക്കാം എന്നു സമാധാനപ്പെട്ടു്, ആ വിഷയത്തിൽ ഞാൻ പിന്നീടു നിഷ്കൎഷയൊന്നും ചെയ്തില്ല. പല ഗ്രന്ഥകാരന്മാരും കവികളും അവരവരുടെ ഗ്രന്ഥാരംഭത്തിലോ അവസാനത്തിലോ രണ്ടു ദിക്കിലുമോ കലിദിനസങ്ഖ്യയെ മുദ്രാലങ്കാരരീത്യാ അക്ഷരസങ്ഖ്യകൊണ്ടു നിബന്ധിച്ചിട്ടുള്ളതായി അറിവുണ്ടു്. ഈവക വിലയേറിയ റിക്കാൎട്ടുകളെക്കുറിച്ചു് ആലോചിയ്ക്കുമ്പോൾ, ഓരോരോ കാലത്തു നടക്കുന്ന മുഖ്യസംഭവങ്ങ

ളുടെ തീയതി കുറിച്ചുവയ്ക്കുന്നതിൽ ഹിന്ദുക്കൾ ഉദാസീനന്മാരാണെന്നു പൊതുവേയുള്ള അപവാദത്തിൽനിന്നു കേരളീയരെ ഒരുവിധത്തിൽ ഒഴിയ്ക്കുന്നതിൽ, ഈ അക്ഷരസങ്ഖ്യാസമ്പ്രദായം അവക്ക് അത്യന്തം ഉപകരിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിയ്ക്കുന്നു. ഉത്തരഇൻഡ്യ എന്നല്ല, കേരളമൊഴികെയുള്ള മററു ഭാരതരാജ്യങ്ങളിലൊക്കെയും നടപ്പായ ഭൂതസങ്ഖ്യയെക്കാൾ ഈ അക്ഷരസങ്ഖ്യ വളരെ വൃത്തിയുള്ളതും സൌകര്യമുള്ളതും തെററുകൾക്ക് ഇട കുറയുന്നതുമാണെന്നു നിർവിവാദമാകുന്നു. മലയാളികളുടെ പരല്പേരിൻെറ സ്വഭാവം മനസ്സിലാക്കിയിരുന്നെങ്കിൽ ആര്യഭടാചാര്യർ സ്വഗ്രന്ഥത്തിൽ 'യുഗഭഗണാഃ ഖ്യു. ഘൃ. ശശി. ചയഗിയിങുശു ഛൃ. ക്ല. ങിശി. ബു. ണ്ണു. ഷ്ഖൃ. പ്രാക്' എന്നു് ഉച്ചരിയ്ക്കുവഹിയാത്തവിധം 'കുനഷ്ഠായ' ഒരു നൂതന അക്ഷരസങ്ഖ്യയെ സൃഷ്ടിച്ചു വ്യാഖ്യാതൃശ്രോതാക്കളെ ശ്രമപ്പെടുത്തുകയില്ലായിരുന്നു.

ജ്യൌതിഷത്തിൽ കേരളീയർ ചെയ്തിട്ടുള്ള വേറെ ഒരു പരിഷ്കാരം, ഗണിതസമ്പ്രദായത്തെ രണ്ടുവിധമായി വിഭജിച്ചതാകുന്നു. ക്രമേണ ജ്ഞാനത്തിനു് അഭിവൃദ്ധി വന്നുതുടങ്ങിയപ്പോൾ, പൂർവാചാര്യന്മാരുടെ സിദ്ധാന്തങ്ങൾ സൂക്ഷ്മങ്ങളല്ലെന്നു വെളിപ്പെട്ടു. ഗ്രഹണാദിപ്രത്യക്ഷസംഭവങ്ങൾ അനുഭവത്തിനു യോജിയ്ക്കാതെ വന്നപ്പോൾ, അതിനുള്ള കാരണം ആരാഞ്ഞറിഞ്ഞു്, ഗണിതപദ്ധതിയിലും, സിദ്ധാന്തങ്ങളിൽതന്നെയും പല ഭേദഗതികളും ചെയ്യേണ്ടതായി വന്നുകൂടി. എന്നാൽ പൂർവാചാരങ്ങളെ ഉല്ലങ്ഘിയ്ക്കുന്നതിനു ജനസാമാന്യത്തിനു സമ്മതവുമില്ല. ഈ പൂർവാചാരപരിപാലനാതിവ്യസനംകൊണ്ടു്, മററു ദേശക്കാൎക്കു വന്നിട്ടുള്ളിടത്തോളം ഹാനി കേരളീ

യക്ക് വരാൻ ഇടയായില്ല. അവർ (കേരളീയർ) ഗണിതരീതിയെ രണ്ടുതരമാക്കി. പൂർവ്വാചാരപരമ്പരയാ വന്നിട്ടുള്ള കരണങ്ങളെക്കൊണ്ടു ഗണിയ്ക്കുന്ന സമ്പ്രദായം പരഹിതം; ദൃക്കിന് (ദൃഷ്ടിയ്ക്കു്, അനുഭവത്തിന്) ചേൎന്നുവരുന്ന പ്രകാരം ഉള്ള ഗണിതം ദൃഗ്ഗണിതം. ശ്രാദ്ധാദിവൈദികകൎമ്മാനുഷ്ഠാനത്തിന്നു വേണ്ടി തിഥിനക്ഷത്രാദികളെ ഗണിയ്ക്കുന്നതെല്ലാം പഴയ പരഹിതരീതിയിൽ, ഗ്രഹണാദിപ്രത്യക്ഷസംഭവങ്ങളെ ഗണിയ്ക്കുന്നതു്, പുതിയ ദൃഗ്ഗണനരീതിയിൽ—എന്നു് ഒരു വ്യവസ്ഥ ചെയ്തു. ഈവിധം, ലോകവേദോഭയോപയോഗിയായ ഗണിതത്തിന്റെ വിഷയവിവേചനം ചെയ്കയാൽ, ജ്യോതിശ്ശാസ്ത്രസിദ്ധാന്തങ്ങളെ പരിഷ്കരിയ്ക്കുന്നതിൽ കേരളീയൎക്ക് ശ്രുതിസ്മൃതിവിരോധം വന്നുപോയെങ്കിലോ എന്നുള്ള ശങ്കയ്ക്കു് അവകാശം കുറഞ്ഞു. വൈദികാനുഷ്ഠാനങ്ങളുടെ ആവശ്യത്തിനായി, പൂജിച്ച് ഒരു കോണിൽ ഒതുക്കിവച്ചിരുന്ന പരഹിതസിദ്ധാന്തങ്ങളേയും കരണങ്ങളേയും മൌഹൂൎത്തികന്മാരല്ലാതെ ആരും തൊടാറില്ല. ദൃക്സിദ്ധാന്തങ്ങളിൽ പലരും പല പല പരിഷ്കാരങ്ങളെ ഇടക്കാലംവരെ ചെയ്തുവന്നു. കേരളത്തിലെ ദൃക്സിദ്ധകരണപ്രകാരവും, ഉത്തരദേശത്തുകാരുടെ ഗ്രഹലാഘവത്തിൽ ഉള്ള കരണപ്രകാരവും, ഞാൻ എല്ലാ ഗ്രഹങ്ങളേയും ഗണിച്ചുവരുത്തി Nautical Almanac–ൽ കൊടുത്തിട്ടുള്ള സ്ഫുടങ്ങളോടു താരതമ്യപ്പെടുത്തി. കേരളീയഗണിതസിദ്ധഗ്രഹങ്ങൾക്ക് അര ഡിഗ്രിയിൽ അധികം വ്യത്യാസം ഒരിടത്തും കണ്ടിട്ടില്ല; ചില ഗ്രഹങ്ങൾ മൂന്നോ നാലോ കല മാത്രമേ ഭേദിച്ചിട്ടുള്ളൂ. ഗ്രഹലാഘവപ്രകാരമുള്ളതിലാകട്ടേ, നാലഞ്ചു ഡിഗ്രിയോളം വ്യത്യാസം

വന്നിട്ടുണ്ട്. ചന്ദ്രഗ്രഹണത്തിൽ ഗ്രഹണത്തിന്റെ പരിണാമം Nautical Almanac-ലും മലയാളപഞ്ചാങ്ഗത്തിലും കൃത്യമായിരിയ്ക്കുന്നു. ആദ്യന്തങ്ങൾക്കു മാത്രം മൂന്നു മിന്നിട്ടോളം നീക്കം വന്നുപോയിട്ടുണ്ട്. ഗ്രഹലാഘവ ഗണിതം അനുഭവത്തിനടുത്ത് എങ്ങുമേ വരുന്നില്ല. നമ്മുടെ ഗണിതത്തിന് ഇത്രയും സൂക്ഷ്മത സിദ്ധിപ്പാനുള്ള കാരണം പൂർവ്വികന്മാർ ഗ്രഹവേധംചെയ്തു ഗണിതത്തിനു ദൃഗൈക്യം വരുത്തുകയും, ഭേദത്തിനുള്ള കാരണങ്ങളെ ഊഹിച്ചറിഞ്ഞ്, യുക്തികൊണ്ടു പരിഹരിയ്ക്കുയും ചെയ്തുവന്നതാണ്. അതിനാൽ മേലാലും ഉത്കർഷത്തെ നിലനിത്തുന്നതിനു നാം യത്നിയ്ക്കേണ്ടതാണെന്നു സ്വദേശാഭിമാനികളെ അനുസ്മരിപ്പിച്ചുകൊണ്ടു തത്കാലം വിരമിയ്ക്കുന്നു.

XV

ഒരു ചിലന്തിയുടെ ചരിത്രം

ഉദ്ദേശം നാലുസംവത്സരത്തിനു മുൻപ്, ഒരിയ്ക്കൽ എൻെറ പുരമുറിയുടെ ഒരു മൂലയിൽ, ഒരു ചിലന്തി വല കെട്ടുന്നതു ഞാൻ നോക്കുകയുണ്ടായി. വീട്ടിലേ അടിച്ചുതളിക്കാരി അവളുടെ കാലദണ്ഡതുല്യയായ സമാജ്ജനിയേ കൂടെക്കൂടെ ആ ചെറിയ പ്രാണിയുടെ വ്യവസായഫലത്തിൻെറ നേരേ ഓങ്ങാറുണ്ടായിരുന്നെങ്കിലും, ഭാഗ്യവശാൽ, ഞാൻ അതിനേ ധ്വംസിയ്ക്കുന്നതിനു സമ്മതി

ച്ചില്ല; അങ്ങനെ ചെയ്യതിന് എനിയ്ക്കു വിചാരിച്ചതിലധികം വിനോദരൂപേണ പ്രതിഫലവും ലഭിച്ചു.

കേട്ടാൽ വിശ്വസിയ്ക്കുവയ്യാത്തതായ വ്യവസായത്താൽ, ആ വലയുടെ പണി മൂന്നുദിവസംകൊണ്ടു പൂർത്തിയായി; അനന്തരം ആ കീടം അതിന്റെ പുതിയ വാസഗൃഹത്തിൽ ഉല്ലാസത്തോടുകൂടി രമിയ്ക്കുന്നതായി എനിയ്ക്കു വിചാരിയ്ക്കാതിരിപ്പാനും കഴിഞ്ഞില്ല. അതു കൂടെക്കൂടെ ആ വലയിൽ ചുററിസ്സഞ്ചരിയ്ക്കുകയും, വലയുടെ ഓരോ ഭാഗത്തേയും ബലം ശരിയായിരിയ്ക്കുന്നോ എന്നു പരിശോധിയ്ക്കയും, തിരികെ വാസസ്ഥാനമായ രന്ധ്രത്തിലേയ്ക്കു മടങ്ങുകയും, ഇടയ്ക്കിടെ വെളിയിൽ ഇറങ്ങിപ്പോകയും ചെയ്തുവന്നു. അതിന് ആദ്യമായി എതിർക്കേണ്ടിവന്ന ശത്രു, അതിനേക്കാൾ വലുതായ മറെറാരു ചിലന്തിയായിരുന്നു. ഈ പുതിയ ചിലന്തി തൻെറ അയല്ക്കാരൻെറ സ്വത്തിനേ ആക്രമിയ്ക്കാൻ വന്നതു്, തനിയ്ക്കു സ്വന്തമായ ഒരു വല ഇല്ലാഞ്ഞതുകൊണ്ടും, അങ്ങനെ ഇല്ലാതെ വന്നതു് ഈമാതിരിപ്പണികളിൽ തനിയ്ക്കുണ്ടായിരുന്ന ചരക്കെല്ലാം ക്ഷയിച്ചുപോയിരുന്നതുകൊണ്ടും ആയിരിയ്ക്കാം. ഉടൻതന്നെ അവർ തമ്മിൽ ഭയങ്കരമായ ഒരു യുദ്ധം നടന്നു; ഇതിൽ വിജിഗീഷുവായി വന്നതിനാണു ജയം ലഭിച്ചതു്; പരിശ്രമിയായ മറേറതിനു തൻെറ രന്ധ്രദുൎഗ്ഗത്തിൽ പ്രവേശിച്ചു രക്ഷപ്പെടേണ്ടതായിട്ടും വന്നുകൂടി. ഇത്രയും കഴിഞ്ഞതിൻെറ ശേഷം, ജേതാവു ദുൎഗ്ഗഗതനായ ശത്രുവിനേ അവിടെനിന്നു് അപകർഷിയ്ക്കുന്നതിനു പല പോരുകളും പണിഞ്ഞതു ഞാൻ സൂക്ഷിച്ചു. അവൻ, വിട്ടുപോകുന്ന ഭാവം നടിച്ചു; എന്നാൽ ഉടൻതന്നെ മടങ്ങി

വന്നു. പിന്നീടു പോരുകളൊന്നും ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ, അവൻ ആ പുത്തൻവലയേ നിർദ്ദയം നശിപ്പിയ്ക്കാനാരംഭിച്ചു. ഇതു്, വേറേ ഒരു യുദ്ധത്തിനു സങ്ഗതിയാക്കുകയും, ഞാൻ വിചാരിച്ചിരുന്നതിനു വിപരീതമായിട്ടു് ആ പരിശ്രമിയായ ചിലന്തി ജയിയ്ക്കുകയും, അതിൻെറ ശത്രു ഹതപ്രാണനാകയും ചെയ്തു.

ന്യായമായ തൻെറ സ്വത്തു തനിയ്ക്കുതന്നെ കൈവശപ്പെട്ടുവെന്നു കണ്ടപ്പോൾ, ആ ചിലന്തി പരമക്ഷമയോടുകൂടി വലയ്ക്കുണ്ടായ 'അററകുററ'ങ്ങളേ തീൎത്തുകൊണ്ടും, എൻെറ അറിവിൽ ആഹാരം ഒന്നുംകൂടാതേയും മൂന്നുദിവസം ഇരുന്നു. എന്നാൽ, ഒടുവിൽ നീലനിറത്തിലുള്ള ഒരു വലിയ ഈച്ച അവൻെറ വലയിൽ അകപ്പെടുകയും, മോചനം പ്രാപിയ്ക്കുന്നതിനു കഠിനമായി ശ്രമിയ്ക്കയും ഉണ്ടായി. അതിനു്, വലയിൽ കഴിയുന്നിടത്തോളം കുടുങ്ങാൻ, ചിലന്തി അവസരംകൊടുത്തു. എന്നാൽ, വലയുടെ സ്ഥിതിയ്ക്കു് ഈച്ച കുറേ അധികം ബലവാനായിരുന്നതുപോലെ തോന്നി. ചിലന്തി ഉടൻതന്നെ പുറപ്പെട്ടു വന്നു്, ഒരു 'മിന്നട്ടി'നകം, പാറാപ്പുള്ളിയുടെ ചുററും ഒരു പുതിയ വല കെട്ടിയതു കണ്ടപ്പോൾ, ഞാൻ അത്യാശ്ചര്യപ്പെട്ടുപോയി എന്നു സമ്മതിച്ചേ തീരൂ. ഈ വലകൊണ്ടു്, ഈച്ചയുടെ ചിറകുകൾക്കുണ്ടായിരുന്ന ചലനം നിലച്ചു. ഈ മട്ടിൽ ഈച്ച ഒരുവിധം പ്രതിരുദ്ധഗതി ആയപ്പോൾ, ചിലന്തി അതിനേ പിടിച്ചിഴച്ചു്, തൻെറ രന്ധ്രത്തിലേയ്ക്കു കൊണ്ടുപോകയും ചെയ്തു.

ഈവിധം ഒരു അരിഷ്ടസ്ഥിതിയിൽ അതു കാലക്ഷേപം ചെയ്തു; ഈശ്വരൻ അതിനേ ഈ മാതിരി

ജീവയാത്രയ്ക്കു ചേൎന്നാണു സൃഷ്ടിച്ചിട്ടുള്ളതും; എന്തു കൊണ്ടെന്നാൽ, അതു് ഒരു ഒററ ഈച്ചയേക്കൊണ്ടു് ഒരുവാരത്തിലധികം ആഹാരം നിവ്വത്തിച്ചു. ഒരിയ്ക്കൽ ഞാൻ ഒരു 'കടുന്നലി'നേ അതിൻെറ വലയിൽ പിടിച്ചിട്ടു; എന്നാൽ, പതിവുപോലെ ചിലന്തി അതിനേ പിടിയ്ക്കാൻ വന്നപ്പോൾ, ഏതുവിധം ശത്രുവിനോടാണു തനിയ്ക്കു പെരുമാറാനുള്ളതു് എന്നു മനസ്സിലായതിൽ, ഉടൻതന്നെ അതിനേ ബന്ധിച്ചിരുന്ന നൂലുകളേ അറുക്കുകയും, അത്ര ബലവാനായ ശത്രുവിനേ അഴിച്ചുവിടുന്നതിനു തനിയ്ക്കു കഴിയുന്നതൊക്കെ പ്രവൎത്തിയ്ക്കുകയും ചെയ്തു. കടുന്നൽ വിമുക്തനായപ്പോൾ, ചിലന്തി, വലയ്ക്കുണ്ടായ കേടുകൾ തീൎപ്പാൻ ആരംഭിയ്ക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു; എന്നാൽ ആ കേടുകൾ തീൎക്കവയ്യാത്തതായിരുന്നു എന്നു തോന്നുന്നു; അതിനാൽ ആ വല നിശ്ശേഷമുപേക്ഷിയ്ക്കപ്പെടുകയും, പുതുതായൊന്നു് ആരംഭിയ്ക്കപ്പെടുകയും ഉണ്ടായി. അതും പതിവുള്ള സമയം കൊണ്ടു പൂൎത്തിയായി.

ഇത്രയുമായപ്പോൾ, ഒരു ചിലന്തിയ്ക്കു് എത്ര വല കെട്ടാൻ കഴിയുമെന്നു പരീക്ഷിയ്ക്കണമെന്നു്, എനിയ്ക്കു് ഒരു ബുദ്ധി തോന്നി. അതിൻപ്രകാരം, ഞാൻ ഈ വലയേ നശിപ്പിയ്ക്കുകയും, ആ കീടം വേറേ ഒന്നു് ആരംഭിയ്ക്കുകയും ചെയ്തു. ആ വലയും ഞാൻ നശിപ്പിച്ചപ്പോൾ, അതിൻെറ ചരക്കെല്ലാം അവസാനിച്ചതായി തോന്നി; ഇനിമേൽ, അതിനു നൂൽ നൂല്ക്കാൻ കഴിവില്ലായിരുന്നു. പ്രധാന ജീവനോപായമില്ലാതായി. ഈ സ്ഥിതിയിൽ, പ്രാണധാരണത്തിനുവേണ്ടി അതു പ്രയോഗിച്ച കൌശലങ്ങൾ, വാസ്തവമായിട്ടു് ആശ്ചര്യകരങ്ങളാ

യിരുന്നു. അതു്, കാലുകളേ ഒരു പന്തിന്റെ ആകൃതിയിൽ ചുരുക്കി, വളരെനേരം ഒന്നിച്ചു് അനങ്ങാതെ കിടക്കുകയും, എന്നാൽ എപ്പോഴും തരംനോക്കിക്കൊണ്ടു തന്നെ ഇരിയ്ക്കുകയും ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ടു്; വല്ല ഈച്ചയും വേണ്ടുവോളം അടുത്തുചെല്ലുന്നതായാൽ, അതു ഝടിതിയായി പായുകയും, ആ ഇരയേ മിയ്ക്കപ്പോഴും ഉറപ്പായി പിടിയ്ക്കുകയും ചെയ്യും.

എന്നാലും ഈ മാതിരി കാലക്ഷേപത്തിൽ വൈരസ്യം തോന്നിത്തുടങ്ങീട്ടു്, അതു തനിയ്ക്കു വേറേ ഒരു വല ചമയ്ക്കാൻ കഴിയാഞ്ഞതിനാൽ, മറെറാരു ചിലന്തിയുടെ സ്വത്തിനേ ആക്രമിയ്ക്കാൻ നിശ്ചയിച്ചു. അവൻ വളരെ പൌരുഷത്തോടുക്രുടെ അയൽവക്കത്തുള്ള ഒരു കോട്ടയേ ആസ്കന്ദനംചെയ്കയും, ആദ്യത്തിൽ തുല്യമായ പൌരുഷത്തോടുക്രുടിത്തന്നെ എതിരാളിയാൽ നിരാകരിയ്ക്കപ്പെടുകയും ചെയ്തു. ഈ ഒരു പരാജയം കൊണ്ടു് അധൈര്യപ്പെടാതെ, അതു വേറേ ഒന്നിന്റെ വലയേ ഉപരോധിച്ചു്, മൂന്നുദിവസം യുദ്ധംചെയ്തു്, ഒടുവിൽ എതിൎത്തുനിന്നു് ഉടമസ്ഥനേക്കൊന്നു്, ആ വല കൈവശപ്പെടുത്തി.

ചെറുതരം ഈച്ചകൾ വലയിൽ വീഴുമ്പോൾ, ഉടൻ പുറപ്പെട്ടുചെല്ലാതെ, ആ ചിലന്തി, അവ കുടുക്കിൽ നല്ലവണ്ണം അകപ്പെട്ടു എന്നു തീൎച്ചപ്പെടുന്നതുവരെ, ക്ഷമിച്ചു കാത്തിരിയ്ക്കും; എന്തുകൊണ്ടെന്നാൽ, അവൻ ഉടൻ അടുത്തുചെല്ലുന്നതായാൽ, അവന്റെ ദൎശനത്താലുണ്ടാകുന്ന ഭയം ബന്ദികൾക്കു ബന്ധനത്തിൽനിന്നു വഴുകുന്നതിനു വേണ്ടുന്ന ശേഷി ഉണ്ടാക്കി

ക്കൊട്ടത്തേയ്ക്കാം; അതിനാൽ അവന്റെ മട്ട്, നിഷ്പൗരുഷവും നിഷ്ഫലവും ആയ ആയാസംകൊണ്ടു ബദ്ധന്റെ ശക്തി മുഴുവൻ ക്ഷയിയ്ക്കുന്നതുവരെ, ക്ഷമയോടു കാത്തിരിയ്ക്കയാകുന്നു; അനന്തരം, ആ ബന്ദിയേ ഉറപ്പായി ജയിയ്ക്കയുമാകാമല്ലോ.

ഞാൻ ഇപ്പോൾ വിവരിച്ച പ്രാണി മൂന്നുവർഷം ജീവിച്ചിരുന്നു. ആണ്ടുതോറും അതിനു തൊലി മാറിവരുകയും, കാലുകൾ പുതുക്കുകയും ചെയ്തു. ഞാൻ ചിലപ്പോൾ അതിൻെറ ഓരോ കാൽ പിടുങ്ങുക ഉണ്ടായിട്ടുണ്ട്; എന്നാൽ, അതു പിന്നെയും രണ്ടുമൂന്നുദിവസം കൊണ്ടു വളൎന്നുവരും. ആദ്യത്തിൽ ഞാൻ വലയ്ക്കടുത്തു ചെല്ലുമ്പോൾ, അതു ഭയപ്പെട്ടിരുന്നു; എന്നാൽ ഒടുവിൽ അതു് എൻെറ കൈയിൽനിന്നു് ഈച്ചകളേ വന്നു പിടിയ്ക്കത്തക്കവണ്ണം ഇണങ്ങി. ഞാൻ വലയുടെ ഏതു ഭാഗമെങ്കിലും തൊടുന്നതായാൽ, ആത്മരക്ഷയ്ക്കോ എതിൎപ്പാനോ സന്നദ്ധനായിട്ടു്, അതു സ്വരന്ധ്രത്തിൽനിന്നു് ഉടൻ പുറപ്പെട്ടുവരുകയും ചെയ്യും.

XVI

ജീവിതസ്നേഹം

പ്രായാധിക്യം, ജീവിതത്തിലുള്ള ഭോഗങ്ങളെ ചുരുക്കുന്നെങ്കിലും, ജീവിച്ചിരിപ്പാനുള്ള ആഗ്രഹത്തെ വൎദ്ധിപ്പിയ്ക്കുന്നു. യൌവനത്തിലെ ചോരത്തിളപ്പിൽ, നാം അവജ്ഞയോടുകൂടി ലക്ഷ്യമാക്കാതെ പോന്നിരുന്ന അപായങ്ങളെല്ലാം, നമുക്കു പ്രായം ചെല്ലുമ്പോൾ ഭയാവഹ

ങ്ങളായി ചമയുന്നു. നമുക്കു പ്രായം കൂടുന്തോറും കരുതലും കൂടി വന്നു് ഒടുവിൽ ഭയമൊന്നുതന്നെ മനസ്സിൻെറ പ്രധാന വികാരമായിത്തീരുന്നു; പിന്നീടു ജീവിതത്തിന്റെ സ്വല്പമായുള്ള അവശേഷം, അവസാനകാലത്തേ നീക്കിവയ്ക്കാനോ, ചിരജീവിതയേ സമ്പാദിയ്ക്കാനോ ഉള്ള നിഷ്ഫലയത്നങ്ങളാൽ ആക്രാന്തമായി ഭവിയ്ക്കുന്നു.

മനുഷ്യസ്വഭാവത്തിലെ ഈ വിപ്രതിഷേധം ചിത്രം തന്നെ; എന്നാൽ, ഇതു പണ്ഡിതന്മാരെപ്പോലും ബാധിയ്ക്കുന്നല്ലോ. ജീവിതത്തിന്റെ കഴിഞ്ഞ ഭാഗംകൊണ്ടു്, വരാനിരിയ്ക്കുന്നതിൻെറ ഗുണദോഷങ്ങൾ നിരൂപിയ്ക്കുന്നതായാൽ, ആയതു് ഉഗ്രരൂപമായിരിയ്ക്കുന്നു. ഞാൻ ഇതേവരെ ഭുജിച്ച ഭോഗങ്ങൾ ഒന്നും എനിയ്ക്കു പരമാത്ഥകമായ ആനന്ദത്തെ നല്കീട്ടില്ലെന്നു് അനുഭവം എന്നോടു പറയുന്നു. ഇനി ഭോക്ഷ്യമാണങ്ങളെക്കാൾ ഭുക്തങ്ങളാണു പ്രബലങ്ങൾ എന്നു് ഇന്ദ്രിയങ്ങളും അവധാരണം ചെയ്യുന്നു. എന്നാൽ അനുഭവങ്ങളും ഇന്ദ്രിയങ്ങളും ചെയ്യുന്ന പ്രവൃത്തി വ്യത്ഥംതന്നെ; അതു രണ്ടിനെക്കാളും ബലവത്തരയായ ആശ, ദൂരമായ ഉദക്കത്തെ, സങ്കല്പകല്പിതമായ സൌന്ദര്യത്തോടുകൂടെ, പുരോഭാഗത്തിൽ സജ്ജീകരിയ്ക്കുന്നു; ഏതോ ഒരു ആനന്ദം ഇനിയും അതിദൂരത്തിൽ നിന്നു് അങ്ങോട്ടു ചെല്ലാൻ എന്നെ സംജ്ഞാപനം ചെയ്യുന്നു. ഒരു തോല്ക്കുന്ന ചൂതുകളിക്കാരനെപ്പോലെ ഓരോ തോൽവിയും എനിക്കു ദ്യൂതാസക്തിയെ വദ്ധിപ്പിയ്ക്കുകയും ചെയ്യുന്നു.

നിരൂപിച്ചു നോക്കുവിൻ, മഹാജനങ്ങളേ! വയസ്സിനോടുകൂടി വളൎന്നുവരുന്ന ഈ ജീവിതസ്നേഹത്തിൻെറ ഉദ്ഭവമെന്തു്? എന്തിനാലാണു്, കിട്ടിയാലും ഫലമി

ല്ലാത്ത ഒരു ഘട്ടത്തിൽ, നാം ആയുസ്സിനെ രക്ഷിക്കുന്ന തിന് ഈവിധം അധികതരമായി യത്നിയ്ക്കുന്നതു്? നിയതി മനുഷ്യജാതിയെ നിലനിൎത്തുന്നതിനുള്ള ജാഗ്രത കൊണ്ടു്, നമ്മുടെ ഭോഗങ്ങളെ ക്ഷയിപ്പിയ്ക്കുന്തോറും നമുക്കു ജീവിതതൃഷ്ണയെ വൎദ്ധിപ്പിയ്ക്കുകയും, ആനന്ദ ങ്ങളെ എല്ലാം ഇന്ദ്രിയങ്ങളിൽ നിന്നും അപഹരിച്ചു സങ്ക ല്പത്തിനു കൊടുത്തു ബലപ്പെടുത്തുകയും ആണെന്നു വരുമോ? ജരാവൈക്ലബ്യഭാരത്താൽ ആക്രാന്തനാകു മ്പോഴും, യൌവനത്തിലെ സത്വപൗഷ്കല്യത്തിൽ ഉണ്ടായിരുന്നതിലധികം മൃത്യുഭയം ഇല്ലാതിരുന്നെങ്കിൽ, വൃദ്ധനു ജീവിതധാരണം അശക്യമായിരുന്നു; ക്ഷയിച്ചു കൊണ്ടുപോരുന്ന ഭൌതികപിണ്ഡത്തെ ബാധിയ്ക്കുന്ന അസംഖ്യകളായ ആപത്തുകളും, ജീവിച്ചിരുന്നാലും സുഖാനുഭവം ഒന്നും മേലാൽ ഇല്ലെന്നുള്ള ബോധവും ക്ലേശാസ്പദമായ പ്രാണനെ സ്വഹസ്തംകൊണ്ടുതന്നെ അവസാനിപ്പിയ്ക്കാൻ അവനെ പ്രോത്സാഹിപ്പിയ്ക്കുമാ യിരുന്നു. എന്നാൽ, മരണത്തെക്കുറിച്ചുള്ള അവജ്ഞ ഏതുകാലത്തു് അവനു് ഹാനിയ്ക്കായിത്തീരുമോ, ആ ഘട്ടത്തിൽ അവനെ അതു് ഉപേക്ഷിയ്ക്കുന്നു. ജീവിത ത്തിനു വാസ്തവമായ വില കുറയുന്ന മുറയ്ക്കു്, മനഃകല്പിത മായ ഒരു വില കൂട്ടുകയും ചെയ്യുന്നു.

ചുററുമുള്ള വസ്തുക്കളിൽ നമുക്കുള്ള സക്തി സാമാ ന്യേന അവയുമായുള്ള പരിചയത്തിന്റെ ദൈൎഘ്യ ത്താൽ വൎദ്ധിയ്ക്കുന്നു. 'ഞാൻ വളരെ നാൾ കണ്ടുപരി ചയിച്ചിട്ടുള്ള ഒരു പഴയ തൂൺ പിഴുതുകളയുന്നതു് എനിയ്ക്കു സമ്മതമായി വരുകയില്ലെ'ന്നു് ഒരു പരന്ത്രീ സുകാരൻ വേദാന്തി പറയുന്നു. ചിരപരിചയത്താൽ

ഒരുകൂട്ടം പദാത്ഥങ്ങളുമായിട്ടിണങ്ങിയ മനസ്സ്, താൻ അറിയാതെതന്നെ ആ പദാത്ഥങ്ങളെ കണ്ടുകൊണ്ടിരിപ്പാൻ പ്രിയപ്പെടുന്നു. കേവലം അഭ്യാസബലത്താൽ അതുകളേ ചെന്നു സന്ദർശിയ്ക്കുകയും, പണിപ്പെട്ടു് അതുകളോടു വേർപിരിയുകയും ചെയ്യുന്നു. ഇതിനാലാണ്, വൃദ്ധന്മാൎക്കു് എല്ലാമാതിരി വസ്തുക്കളിലും അത്യാഗ്രഹമുണ്ടാകുന്നതു്. അവർ, ലോകത്തേയും, അതിലുള്ള സകലവസ്തുക്കളേയും സ്നേഹിയ്ക്കുന്നു; അവർ, ആയുസ്സിനേയും അതിനാലുള്ള പ്രയോജനങ്ങളേയും സ്നേഹിയ്ക്കുന്നു. എന്നാൽ അവക്കിതുകൾ സുഖപ്രദങ്ങളാണെന്നതിനാലല്ല. പിന്നെയോ, ഇതുകളുമായി അവർ ചിരം പരിചയിച്ചിട്ടുണ്ടെന്നുള്ളതിനാലാകുന്നു.

ചരിത്രശാലി എന്നു കീൎത്തിപ്പെട്ട ചീനരാജാവു സിംഹാസനാരോഹണം ചെയ്തപ്പോൾ, പൂൎവ്വരാജാക്കന്മാരുടെ രാജ്യഭാരകാലത്തു ന്യായരഹിതമായി കാരാഗൃഹത്തിൽ നിരോധിയ്ക്കപ്പെട്ടിട്ടുള്ളവരെ എല്ലാം വിട്ടുതൽ ചെയ്വാൻ കല്പന കൊടുക്കുകയുണ്ടായി. ഈ അവസരത്തിൽ, തങ്ങളുടെ സ്വാതന്ത്ര്യദാതാവിനോടു കൃതജ്ഞത പറവാൻ വന്നവരുടെ കൂട്ടത്തിൽ, ഒരു തേജസ്വിയായ വൃദ്ധൻ കാണപ്പെടുകയുണ്ടായി. അയാൾ ചക്രവൎത്തിയുടെ കാൽക്കൽ വീണുംകൊണ്ടു് ഇപ്രകാരം വിജ്ഞാപനം ചെയ്തു: 'ചീനരാജ്യത്തിൻെറ പിതാവായ മഹാത്മാവേ! ൨൨-ാംവയസ്സു മുതൽ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു് ഇപ്പോൾ വൃദ്ധവയസ്സായ ഒരു മഹാപാപിയെ നോക്കണേ! അപരാധഗന്ധാസ്പൃഷ്ടനെങ്കിലും, ഞാൻ എന്നെ കുററപ്പെടുത്തിയവരെ നേരിട്ടു കാണുന്നതിനുപോലും ഇടതരാതെ ബന്ധീകരിയ്ക്കപ്പെട്ടു. ഞാൻ ഏകാ

ന്നത്തിലും അന്ധകാരത്തിലും വസിച്ചുതുടങ്ങീട്ട് ഇപ്പോൾ ൧൦-വഷമായിരിയ്ക്കുന്നു. കഷ്ടസ്ഥിതി എനിയ്ക്കു പരിചയ്യമായി. ഭവാന്റെ കൃപയാൽ എനിയ്ക്കു വീണ്ടും കാണുന്നതിനു സങ്കതിയായ പകൽ, വെളിച്ചത്തിന്റെ ഔജ്ജ്വല്യത്താൽ മഞ്ചുന്ന കണ്ണുകളോടുകൂടിത്തന്നെ, എന്നെ ആശ്വസിപ്പിയ്ക്കുകയോ സഹായിയ്ക്കുകയോ ചെയ്യുന്ന വല്ല സ്നേഹിതരേയും കണ്ടുപിടിയ്ക്കുന്നതിനായി ഈ തെരുവുകളൊക്കെയും ഞാൻ ചുററിനടന്നിരിയ്ക്കുന്നു; എന്നാൽ എന്റെ സ്നേഹിതരും കുടുംബവും സംബന്ധികളും എല്ലാം മരിച്ചുകഴിഞ്ഞു. എന്നെ ആരും ഓമ്മിയ്ക്കുന്നില്ല. അതിനാൽ, അല്ലേ ഷിവാങ്! അധന്യമായ എന്റെ ആയുശ്ശേഷത്തെ എന്റെ പഴയ കാരാഗൃഹത്തിൽ കഴിച്ചുകൂട്ടുന്നതിന് എനിയ്ക്ക് അനുവാദമരുളണം. എന്റെ കാരാഗൃഹത്തിന്റെ ഭിത്തികൾ, ഏററം വിളങ്ങിക്കൊണ്ടിരിയ്ക്കുന്ന അരമനയേക്കാൾ എനിയ്ക്കു സന്തോഷകരങ്ങളാകുന്നു. ഇനി ഏറേനാൾ ഞാൻ ജീവിച്ചിരിയ്ക്കുന്നതല്ല. അത്രയുംകാലം എന്റെ യൌവ്വനം കഴിച്ചുകൂട്ടിയ ഇടത്തിൽ (അങ്ങു കൃപചെയ്ത് എന്നെ വിടുതൽചെയ്ത ആ കാരാഗൃഹത്തിൽ) അല്ലാതെ നയിയ്ക്കുന്നതു് എനിയ്ക്കു സങ്കടവുമായിരിയ്ക്കും'.

ഈ വൃദ്ധനു കാരാഗൃഹാവാസത്തിലുള്ള സംരംഭം, നമുക്കെല്ലാവർക്കും ജീവിതത്തിലുള്ളതിനോടു സമമാകുന്നു. നിത്യപരിചയത്താൽ കാരാഗൃഹത്തോടു നാം ഇണങ്ങിപ്പോയി. ചുററുമുള്ള വസ്തുക്കളിൽ നമുക്ക് അതൃപ്തിയുണ്ടു്. നമ്മുടെ വാസസ്ഥലം നമുക്കു രസിയ്ക്കുന്നില്ല. എന്നാലും ബന്ദീഭാവത്തിന്റെ ദൈർഘ്യം നമുക്കു ബന്ധനകുടീരത്തോടുള്ള വാത്സല്യത്തെ വർദ്ധിപ്പിയ്ക്കുന്ന

തേയുള്ളൂ. നാം നട്ടിട്ടുള്ള മരങ്ങൾ, നാം പണിചെയ്യിച്ചിട്ടുള്ള വീടുകൾ, നാം ഉത്പാദിപ്പിച്ചിട്ടുള്ള പുത്രപൌത്രാദികൾ ഇതെല്ലാം നമുക്ക് ഇഹത്തിൽ ഉള്ള ബന്ധത്തെ ദൃഢീകരിയ്ക്കുയും, വേർപാടിനെ തിക്തീകരിയ്ക്കുയും ചെയ്യുന്നു. ജീവിതത്തെ ചെറുപ്പക്കാർ ഒരു പുതിയ തോഴനെപ്പോലെ ഗണിയ്ക്കുന്നു. ഉപഭുക്തശിഷ്ടയല്ലാത്ത മൈത്രി അറിവിനേയും വിനോദത്തേയും ഒന്നുപോലെ ജനിപ്പിയ്ക്കുന്നു. മൈത്രീപാത്രമായ വസ്തുവിൻെറ സന്നിധാനം പ്രീതിയെ ഉളവാക്കുന്നു. എന്നാൽ ഇതൊക്കെ ഇരുന്നാലും, നാം അതിനെ അത്ര വളരെ ആദരിയ്ക്കുന്നില്ല. കിഴവരായ നമ്മുടെ ദൃഷ്ടിയിലാകട്ടേ, ജീവിതം ഒരു പഴയസ്നേഹിതൻെറ മട്ടിലാണ്. അതിലെ പരിഹാസകഥകളെല്ലാം പലതരം പ്രയോഗിച്ചു പഴകിപ്പോയിരിയ്ക്കുന്നു. നമ്മെ സ്മേരമുഖന്മാരാക്കത്തക്ക ഒരു പുതിയ ഉപാഖ്യാനവും ഇനി ശേഷിച്ചിട്ടില്ല. വിസ്മയം ജനിപ്പിയ്ക്കുത്തക്കതായ ഒരു പുതുമോടിയാകട്ടേ ഇനി കാണുകയുമില്ല. ഇങ്ങനെ ഒക്കെ ആയാലും നാം ജീവിതത്തെ സ്നേഹിയ്ക്കുന്നു. ഇനി ഇതിൽ യാതൊരു ഭോഗവും അവശേഷിച്ചുകിടക്കുന്നില്ല. എന്നാലും നാം അതിനെ പിന്നെയും സ്നേഹിയ്ക്കുന്നു. കുറഞ്ഞുവരുന്ന ആ മുതലിനെ കൈമുറുക്കി ചെലവുചെയ്യുന്നതിന്നു നാം കരുതുന്നു. ഒടുവിലെ വേവ്വാടിൽ വ്യഥയുടെ തീക്ഷ്ണതയെ മുഴുവൻ അനുഭവിയ്ക്കുകയും ചെയ്യുന്നു.

10597

ശുഭം ഭൂയാത്.

9752

പ്രബന്ധസങ്ഗ്രഹം

10597

ഗ്രന്ഥകൎത്താ:
ഏ. ആർ. രാജരാജവൎമ്മ
M. A., M. R. A. S.
കോയിത്തമ്പുരാൻ

9752

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

പ്രസാധകൻ:
പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി

പ്രകാശിക:
മിസ്സിസ് പി. എൻ. നായർ
കമലാലയാബുക്ക്ഡിപ്പോ,
തിരുവനന്തപുരം.

(പകൎപ്പവകാശം)

൧-ാംപതിപ്പു കാപ്പി ൧൦൦൦

[വില ൧ ക.